പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 54

# 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021
കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 54

# 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

<u>പതിനഞ്ചാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 54</u>

# 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

<u>പീഠിക</u>.—1974-ലെ കേരള സർവ്വകലാശാല ആക്റ്റും (1974-ലെ 17) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും (2005-ലെ 27) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.— (1) ഈ ആക്റ്റിന് 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ,—

(എ) 2-ാം വകുപ്പിന്റെ (സി) ഖണ്ഡം, 3-ാം വകുപ്പിന്റെ (സി) ഖണ്ഡം, 4-ാം വകുപ്പിന്റെ (സി) ഖണ്ഡം, 6-ാം വകുപ്പിന്റെ (സി) ഖണ്ഡം എന്നിവ 2020 ഒക്ടോബർ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(ബി) 5-ാം വകുപ്പിലെ (എ) ഖണ്ഡത്തിലെ (ii)-ാം ഇനവും (ഡി) ഖണ്ഡവും 2021 ഫെബ്രുവരി 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(സി) ശേഷിക്കുന്ന വ്യവസ്ഥകൾ 2021 മാർച്ച് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 1974-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) ,—

(എ) 2-ാം വകുപ്പിൽ,—

(i) (1) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (4എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(4എ) "സ്വയംഭരണ കോളേജ്" എന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയതും സർവ്വകലാശാല, വിജ്ഞാപനം വഴി അപ്രകാരം പ്രഖ്യാപിച്ചതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;";

(iii) (4ബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(4ബി) "സ്വയംഭരണം" എന്നാൽ ആക്റ്റിലെ അദ്ധ്യായം VIII ബി-യിലെ വ്യവസ്ഥകൾക്കനുസൃതമായി പഠന പ്രോഗ്രാമുകൾ നടത്തുക, അതിന്റെ സിലബസും പാഠ്യപദ്ധതിയും വികസിപ്പിക്കുക, അദ്ധ്യയനം, പഠനവും വിലയിരുത്തലും, മൂല്യനിർണ്ണയം എന്നിവയ്ക്കുള്ള രീതികൾ ആസൂത്രണം ചെയ്യുക, ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും സർവ്വകലാശാല നൽകുന്നതിലേയ്ക്കുള്ള പരീക്ഷകൾ നടത്തുന്നതിനും, ബന്ധപ്പെട്ട പഠന പ്രോഗ്രാമുകളുടെ ഫലങ്ങൾ പ്രസിദ്ധീകരിക്കൽ എന്നിവയ്ക്കായി ഒരു കോളേജിന് നൽകിയിട്ടുള്ള ഒരു വിശേഷാധികാരം എന്നർത്ഥമാകുന്നു;";

(iv) (5എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(5എ) "ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 69ജി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഒരു പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ വേണ്ടിയുള്ള പഠന ബോർഡ് എന്നർത്ഥമാകുന്നു;";

(v) (7)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(7എ) "ഒരു സ്വയംഭരണ കോളേജിന്റെ തർക്ക പരിഹാര സമിതി" എന്നാൽ 69എൽബി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ തർക്കപരിഹാര സമിതി എന്നർത്ഥമാകുന്നു;

(7ബി) “കോഴ്സ്” എന്നാൽ ആക്റ്റിലെ അദ്ധ്യായം VIII ബി -യിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു പ്രോഗ്രാം ഉൾക്കൊള്ളുന്ന വിഷയങ്ങളിൽ ഒന്ന് എന്നർത്ഥമാകുന്നു;”;

(vi) (9)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“(9എ) “ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി” എന്നാൽ 69എൽസി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി എന്നർത്ഥമാകുന്നു;”;

(vii) (10എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“(10എ) “ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി" എന്നാൽ 69എൽഡി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി എന്നർത്ഥമാകുന്നു;

(10ബി) “ഗവേണിംഗ് ബോഡി” എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി എന്നർത്ഥമാകുന്നു;”;

(viii) (12)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“(12എ) “ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ” എന്നാൽ 69എൽഎ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(12ബി) “ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി” എന്നാൽ 65എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;”;

(ix) (17)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“(17എ) “പ്രോഗ്രാം” എന്നാൽ സർവ്വകലാശാല ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കായി, ആക്റ്റിലെ അദ്ധ്യായം VIIIബി-യിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു നിശ്ചിത കാലയളവിലേയ്ക്ക് ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഉന്നത വിദ്യാഭ്യാസ പ്രോഗ്രാം എന്നർത്ഥമാകുന്നു;”;

(x) (19)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(19എ) "പുന:ക്രമീകരിച്ച പ്രോഗ്രാം" എന്നാൽ ഇന്റർ ഡിസിപ്ലിനറി അല്ലെങ്കിൽ മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ പ്രോഗ്രാമിൽ ഉൾപ്പെടുത്തി അല്ലെങ്കിൽ പകരമാക്കിക്കൊണ്ട് സർവ്വകലാശാല അംഗീകരിച്ച ഒരു പ്രോഗ്രാം എന്നർത്ഥമാകുന്നു;";

(xi) (25)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(25എ) "ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി" എന്നാൽ 69എൽഇ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി എന്നർത്ഥമാകുന്നു;".

(ബി) 5-ാം വകുപ്പിൽ ,—

(i) (ഐഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഒരു കോളേജിന് നൽകിയതോ ദീർഘിപ്പിച്ചതോ ആയ സ്വയംഭരണ പദവിയുടെ, നൽകലോ ദീർഘിപ്പിക്കലോ വിജ്ഞാപനംമൂലം പ്രഖ്യാപിക്കുക;";

(ii) (ഐബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(സി) 56-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) സിൻഡിക്കേറ്റിന്, ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും എന്തുതന്നെ അടങ്ങിയിരുന്നാലും, 2020-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിന്റെ (2020-ലെ 72) പ്രാബല്യ തീയതി മുതൽ ഒരു മാസത്തിനകം അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു കോളേജിൽ 2020-2021 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒരു പുതിയ കോഴ്സിന്റെ അഫിലിയേഷന് വേണ്ടിയുള്ള അപേക്ഷ സ്വീകരിക്കുകയും പരിഗണിക്കുകയും ചെയ്യാവുന്നതാണ്.".

(ഡി) 65-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"65. അപ്പലേറ്റ് ട്രൈബ്യൂണൽ.—(1) സർക്കാർ വിജ്ഞാപനം ചെയ്യുന്ന അങ്ങനെയുള്ള സ്ഥലത്ത് ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ, ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി, സർക്കാർ രൂപീകരിക്കേണ്ടതാണ്.

(2) സർക്കാർ, ഹൈക്കോടതിയിലെ ഒരു ജഡ്ജിയായിരുന്നതോ ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ഓഫീസർ ആയിരുന്നതോ ആയ ഒരാളെ അപ്പലേറ്റ് ട്രൈബ്യൂണലായി നിയമിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഔദ്യോഗിക കാലാവധി അതിന്റെ നാമനിർദ്ദേശ തീയതി മുതൽ മൂന്ന് വർഷം ആയിരിക്കുന്നതാണ്.

(4) അപ്പലേറ്റ് ട്രൈബ്യൂണലിന്, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ അതിന്റെ നടപടിക്രമങ്ങൾ നിയന്ത്രിക്കുന്നതിനും കാര്യങ്ങളുടെ നടത്തിപ്പിനുമായി ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുയോജ്യമായി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം ഉണ്ടാക്കപ്പെട്ട റെഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(5) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(6) അവശ്യ തസ്തികകൾ സൃഷ്ടിക്കലും അതിലേയ്ക്കുള്ള നിയമനവും ഉൾപ്പെടെ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ സ്ഥാപിക്കലും ഓഫീസിന്റെ പ്രവർത്തനത്തിനുമായി അങ്ങനെയുള്ള സൗകര്യങ്ങൾ സർക്കാർ നൽകേണ്ടതാണ്.

(7) അപ്പലേറ്റ് ട്രൈബ്യൂണലിന്, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിന് അധികാരികത ഉണ്ടായിരിക്കുന്നതാണ്.

(8) ഒരു സംഗതി ഈ ആക്റ്റിന്റെ കീഴിൽ വരുന്നതാണോ അല്ലയോ എന്ന ഒരു ചോദ്യത്തിന്മേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(9) അപ്പലേറ്റ് ട്രൈബ്യൂണലിന് ഈ ആക്റ്റിലോ അതിൻ കീഴിലോ ഉള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന ആവശ്യത്തിലേയ്ക്ക് 1908-ലെ സിവിൽ നടപടി നിയമ സംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും ആളെ വിളിച്ചു വരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പു വരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനും അല്ലെങ്കിൽ സ്ഥലപരിശോധന നടത്തുന്നതിനും വേണ്ടി കമ്മീഷനെ വയ്ക്കുന്നതിനും;

(ഇ) ഏതെങ്കിലും തീരുമാനം എടുക്കേണ്ടതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വസ്തുവോ സാധനമോ പരിശോധിക്കുന്നതിനും;

(എഫ്) ഏതെങ്കിലും കോടതി, അധികാരസ്ഥാനം അല്ലെങ്കിൽ ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് ഏതെങ്കിലും പൊതു രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും ;

(ജി) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യവും.

(ഇ) 65-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"65എ. ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) പ്രോ-ചാൻസലർ - ചെയർമാൻ ;

(ബി) വൈസ്-ചാൻസലർ - അംഗം ;

(സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ - അംഗം;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി - അംഗം.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.

(എഫ്) 69എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

(ജി) 69 ബി വകുപ്പ് വിട്ടുകളയേണ്ടതാണ്.

(എച്ച്) 69സി വകുപ്പിൽ മാർജിനൽ ശീർഷകത്തിലും വകുപ്പിലും "അക്കാദമിക സ്വയംഭരണം" എന്നീ വാക്കുകൾക്കു പകരം "സ്വയംഭരണം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ഐ) 69ഡി വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (iii)-ാം ഇനത്തിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (iii)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(iv) ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(v) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി;

(vi) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി;

(vii) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി;

(viii) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി.".

(ജെ) 69 ഇ വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ,—

(എ) (സി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(സി) കോളേജിലെ വ്യത്യസ്ത വിഭാഗങ്ങളിലെ അദ്ധ്യാപക ജീവനക്കാരെ പ്രതിനിധീകരിക്കുന്ന നാല് അദ്ധ്യാപകർ, അവരിൽ രണ്ടു പേർ സീനിയോറിറ്റി, റൊട്ടേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യേണ്ടതും രണ്ടു പേർ കോളേജിലെ റഗുലർ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരും ആയിരിക്കേണ്ടതാണ്;";

(ബി) (ഡി) ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണനിർവ്വഹണം, ധനകാര്യം എന്നീ മേഖലകളിൽ നിന്നുള്ള നാല് വിദഗ്ദ്ധർ;";

(സി) (ഇ) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്ന അക്കാദമിക വിദഗ്ധരായ മൂന്ന് പ്രൊഫസർമാർ;";

(ഡി) (എഫ്) ഇനത്തിൽ "കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിലെ ഒരു അംഗം മൂന്ന് വർഷക്കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും മറ്റൊരു മൂന്ന് വർഷക്കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ ഔദ്യോഗിക സ്ഥാനം ഹേതുവായി ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ അംഗമായിട്ടുള്ള ഒരാൾ, അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം അവസാനിക്കുമ്പോഴോ അയാളുടെ നാമനിർദ്ദേശ കാലാവധി അവസാനിക്കുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അതോടെ അതിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ്.";

(iii) (4)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാല് പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(7) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും ഏഴ് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(8) യോഗത്തിൽ പങ്കെടുത്ത ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത്

പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്." .

(കെ) 69എഫ് വകുപ്പിൽ,—

(i) (ii)-ാം ഇനത്തിൽ "സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (v), (vi), (vii), (viii) എന്നീ ഇനങ്ങളിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം " ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എൽ) 69ജി വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"69ജി. ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്.—(1) ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഒരു പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ബന്ധപ്പെട്ട പ്രോഗ്രാം നൽകുന്ന വകുപ്പ് മേധാവി - ചെയർമാൻ;

(ബി) ബന്ധപ്പെട്ട പ്രോഗ്രാമിന്റെ കോഴ്സിന്റെ അദ്ധ്യാപനം നടത്തുന്ന ഫാക്കൽറ്റി അംഗം;

(സി) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയ്ക്ക് പുറത്തു നിന്നും ബന്ധപ്പെട്ട പ്രോഗ്രാമിലുള്ള രണ്ട് വിദഗ്ദ്ധർ;

(ഡി) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ ശിപാർശ ചെയ്യുന്ന, ബന്ധപ്പെട്ട പ്രോഗ്രാമിലെ ആറ് വിദഗ്ദ്ധരുടെ ഒരു പാനലിൽ നിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ;

(ഇ) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന വ്യവസായം അല്ലെങ്കിൽ കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖലയിൽ നിന്നുള്ള ഒരു പ്രതിനിധി;

(എഫ്) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു മികച്ച പൂർവ്വ വിദ്യാർത്ഥി;

(ജി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന, ബന്ധപ്പെട്ട അല്ലെങ്കിൽ അനുബന്ധ പ്രോഗ്രാമിൽ സർവ്വകലാശാലയുടെ പഠന ബോർഡിലെ, ഒരു പ്രതിനിധി;

(എച്ച്) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന്റെ അനുമതിയോടു കൂടി ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാൻ കോ-ഓപ്റ്റ് ചെയ്യുന്ന താഴെപ്പറയുന്ന വിഭാഗത്തിൽ നിന്നുമുള്ള പ്രത്യേക ക്ഷണിതാക്കൾ, അതായത്:—

(i) പ്രത്യേകമായ അല്ലെങ്കിൽ പുതിയ പ്രോഗ്രാം രൂപകൽപന ചെയ്യേണ്ടിവരുന്നിടത്ത് സ്വയംഭരണ കോളേജിന് പുറത്തു നിന്നുള്ള വിദഗ്ദ്ധർ;

(ii) സ്വയംഭരണ കോളേജിന്റെ മറ്റ് വകുപ്പുകളിൽ നിന്നുള്ള ബന്ധപ്പെട്ട പ്രോഗ്രാമിൽ വിദഗ്ദ്ധരായ അദ്ധ്യാപകർ.

(2) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി, ഒരു പഠന ബോർഡിനു കീഴിൽ കൊണ്ടുവരേണ്ട പ്രോഗ്രാം അല്ലെങ്കിൽ ഒരു കൂട്ടം പ്രോഗ്രാമുകൾ തീരുമാനിക്കേണ്ടതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിക്ക്, ബിരുദ തലത്തിലും ബിരുദാനന്തര ബിരുദ തലത്തിലും പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ പ്രത്യേക പഠന ബോർഡ് രൂപീകരിക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കാവുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗം മൂന്ന് അക്കാദമിക വർഷക്കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും മറ്റൊരു മൂന്ന് അക്കാദമിക വർഷക്കാലയളവിലേയ്ക്ക് പുനർനാമകരണത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗമായ ഒരു അദ്ധ്യാപകന്റെ സംഗതിയിൽ, വിരമിക്കൽ തീയതിയിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ്.

(5) വ്യത്യസ്ത വകുപ്പുകൾക്ക്, കോളേജിന്റെ പ്രിൻസിപ്പാൾ, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ യോഗത്തിനുള്ള സമയ പട്ടിക തയ്യാറാക്കേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്:

എന്നാൽ, ഒരു അക്കാദമിക വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(7) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാൻ, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാലു പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(8) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും ഏഴ് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(9) യോഗത്തിൽ പങ്കെടുത്ത ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(10) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.” .

(എം) 69എച്ച് വകുപ്പിൽ,—

(i) (i)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

“(i) സ്വയംഭരണ കോളേജിന്റെ വകുപ്പിൽ നടത്തുന്ന പ്രോഗ്രാമുകൾക്ക് വേണ്ടി, കോളേജിന്റെ ലക്ഷ്യങ്ങളും പ്രോഗ്രാമിന്റെ ഗുണഭോക്താക്കളുടെ താൽപ്പര്യവും പ്രത്യേകിച്ചും സംസ്ഥാനത്തിന്റെ ആവശ്യങ്ങളും കണക്കിലെടുത്തു കൊണ്ട് പാഠ്യപദ്ധതിയും സിലബസും തയ്യാറാക്കുകയും അത് ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്യുക:

എന്നാൽ, നിലവിലുള്ള എല്ലാ പ്രോഗ്രാമും നിലവിലുള്ള പ്രോഗ്രാമിന്റെ പരിഷ്കരണവും പുതിയ പ്രോഗ്രാമോ പുനഃക്രമീകരിച്ച പ്രോഗ്രാമോ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും, പ്രോഗ്രാമിന്റെ കാലയളവ്, പ്രോഗ്രാമിനുള്ള മൊത്തം ക്രെഡിറ്റ്, സെമസ്റ്ററിന്റെ എണ്ണം, ഓരോ സെമസ്റ്ററിനും ആവശ്യമായ ഏറ്റവും കുറഞ്ഞ ക്രെഡിറ്റ്, സർവ്വകലാശാല

അംഗീകരിച്ച സമാനമായതോ അനുബന്ധമായതോ കോർ പ്രോഗ്രാമിനോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ലെറ്റർ ഗ്രേഡിംഗ് സംവിധാനം എന്നിവയ്ക്ക് അനുയോജ്യമാണെന്ന് ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പു വരുത്തേണ്ടതാണ്:

എന്നുമാത്രമല്ല, പുതിയതോ പുനഃക്രമീകരിച്ചതോ ആയ പ്രോഗ്രാമിനുള്ള നിർദ്ദേശം സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരം താഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പു വരുത്തേണ്ടതാണ്:

എന്നുതന്നെയുമല്ല, തുടർവിലയിരുത്തലും അവസാന സെമസ്റ്റർ പരീക്ഷയും തമ്മിലുള്ള മാർക്കിന്റെ ശതമാനം വിഭജിച്ച് നൽകുവാൻ ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന് വിവേചനാധികാരം ഉണ്ടായിരിക്കുന്നതും എന്നിരുന്നാലും അവസാന സെമസ്റ്റർ പരീക്ഷയുടെ മാർക്കിന്റെ ശതമാനം മൊത്തം മാർക്കിന്റെ അറുപത് ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല.";

(ii) (iv)-ാം ഇനത്തിൽ "പരീക്ഷാ മേൽനോട്ടക്കാരുടെ നിയമനത്തിനുവേണ്ടിയുള്ള" എന്നീ വാക്കുകൾക്കു പകരം "പരീക്ഷാമേൽനോട്ടക്കാരുടെയും ചോദ്യപ്പേപ്പർ തയ്യാറാക്കുന്നവരുടെയും നിയമനത്തിന് വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii)(v)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vi) പ്രോഗ്രാമിലേക്ക് പ്രവേശിപ്പിക്കപ്പെട്ട ഓരോ ബാച്ച് വിദ്യാർത്ഥികളെയും സംബന്ധിച്ച് അങ്ങനെയുള്ള ബാച്ച് വിദ്യാർത്ഥികളുടെ പ്രോഗ്രാം പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ പ്രോഗ്രാമിനും വേണ്ടി സ്വീകരിച്ചിട്ടുള്ള വിലയിരുത്തലിന്റെ രീതികളുടെയോ സംവിധാനങ്ങളുടെയോ അക്കാദമിക ഫലം വിലയിരുത്തുക;

(vii) സ്വയംഭരണ കോളേജിലെ ഒരു പ്രോഗ്രാമിനെ സംബന്ധിച്ച് തുടർച്ചയായ വിലയിരുത്തലിന്റെ രീതികൾ അല്ലെങ്കിൽ സംവിധാനങ്ങൾ പ്രോഗ്രാം ആരംഭിക്കുന്നതിനു മുമ്പ് തയ്യാറാക്കുക;

(viii) അക്കാദമിക ഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പുന:പരിശോധനയും ഭേദഗതിയും നടത്തുകയും ആയത് കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്യുക." .

(എൻ) 69 ഐ വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിലും (1)-ാം ഉപവകുപ്പിലും "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;—

(ii) (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) സ്വയംഭരണ പദവി നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, അക്കാദമിക മികവ് തെളിയിച്ച വിദ്യാഭ്യാസ വിദഗ്ധൻ, വ്യവസായി, പ്രൊഫഷണൽ എന്നിവരായ മൂന്ന് വിശിഷ്ട ആളുകൾ, അവരിൽ ഒരാളെ ഗവേണിംഗ് ബോഡിയുടെ ചെയർമാനായി സർക്കാർ സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്;

(ബി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യുന്ന കോളേജിലെ ഒരു അദ്ധ്യാപകൻ ;

(സി) കോളേജിലെ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരാൾ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ധൻ അല്ലെങ്കിൽ വ്യവസായി;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഒരു പ്രതിനിധി ;

(ഐ) ചെയർമാൻ, കോളേജ് യൂണിയൻ ;

(ജെ) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് ബോഡിയുടെ എക്സ് - ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.";

(iii) (3)-ാം ഉപവകുപ്പിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) സ്വയംഭരണ പദവി നൽകപ്പെട്ട ഒരു സ്വകാര്യ കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) വിദ്യാഭ്യാസ ഏജൻസിയുടെ മാനേജർ, ചെയർമാൻ, ഡയറക്ടർ അല്ലെങ്കിൽ പ്രസിഡന്റ് - ചെയർമാൻ ;

(ബി) വിദ്യാഭ്യാസ ഏജൻസി നാമനിർദ്ദേശം ചെയ്യുന്ന, അക്കാദമിക താൽപ്പര്യം തെളിയിച്ച നാല് പേർ ;

(സി) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ റൊട്ടേഷൻ വഴി സ്വകാര്യ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന കോളേജിലെ ഒരു അദ്ധ്യാപകൻ;

(ഡി) സ്വകാര്യ കോളേജിലെ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരാൾ ;

(ഇ) വിദ്യാഭ്യാസ ഏജൻസി നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ധൻ അല്ലെങ്കിൽ വ്യവസായി ;

(എഫ്) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(ഐ) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഒരു പ്രതിനിധി ;

(ജെ) ചെയർമാൻ, കോളേജ് യൂണിയൻ ;

(കെ) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് ബോഡിയുടെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്." .

(ഒ) 69 ജെ വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"69ജെ. ഗവേണിംഗ് ബോഡിയുടെ ഔദ്യോഗിക കാലാവധി.— ഗവേണിംഗ് ബോഡിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി മൂന്ന് വർഷക്കാലയളവ് ആയിരിക്കുന്നതും ഒരു അധിക കാലയളവിലേയ്ക്ക് പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ് :

എന്നാൽ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഗവേണിംഗ് ബോഡിയിലെ അംഗം, നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ് :

എന്നുമാത്രമല്ല ഔദ്യോഗിക സ്ഥാനം ഹേതുവായി ഗവേണിംഗ് ബോഡിയിൽ അംഗമായിട്ടുള്ള ഒരാൾ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം അവസാനിക്കുമ്പോഴോ നാമനിർദ്ദേശ കാലാവധി പൂർത്തിയാക്കുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അതോടെ അതിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ് :

എന്നുതന്നെയുമല്ല ഗവേണിംഗ് ബോഡിയിൽ ഒരു അംഗം ആയ ഒരു വിദ്യാർത്ഥി, കോളേജ് യൂണിയന്റെ കാലാവധി അവസാനിക്കുമ്പോഴോ കോളേജിലെ ഒരു വിദ്യാർത്ഥി അല്ലാതായിത്തീരുമ്പോഴോ ഏതാണോ ആദ്യം വരുന്നത്, അതോടെ അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതാണ്." .

(പി) 69കെ വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"69കെ. ഗവേണിംഗ് ബോഡിയുടെ യോഗം.—(1) ഗവേണിംഗ് ബോഡി സാധാരണ ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്:

എന്നാൽ, ഗവേണിംഗ് ബോഡിയിലെ മൂന്നിലൊന്നിൽ കുറയാതെയുള്ള അംഗങ്ങളുടെ രേഖാമൂലമുള്ള ഒരു അപേക്ഷ ലഭിച്ച് പത്ത് പൂർണ്ണ ദിവസങ്ങൾക്കകം ചെയർമാൻ, ഗവേണിംഗ് ബോഡിയുടെ യോഗം വിളിച്ചു കൂട്ടേണ്ടതാണ്.

(2) ഗവേണിംഗ് ബോഡിയുടെ ഒരു യോഗത്തിന്റെ ക്വാറം അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(3) ഗവേണിംഗ് ബോഡിയുടെ മെമ്പർ സെക്രട്ടറി, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാല് പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(4) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും പത്ത് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ

ഇലക്ട്രോണിക് മാധ്യമം വഴിയോ ഗവേണിംഗ് ബോഡിയിലെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(5) യോഗത്തിൽ പങ്കെടുത്ത ഗവേണിംഗ് ബോഡിയിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.".

(ക്യൂ) 69<u>എൽ</u> വകുപ്പിൽ, (v)-ാം ഇനത്തിനും ക്ലിപ്തനിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

" (v) സർവ്വകലാശാലയുടെ അംഗീകാരത്തോടെയോ അനുമതിയോടെയോ മൈഗ്രേഷൻ സർട്ടിഫിക്കറ്റും പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റും നൽകുക." .

(ആർ) 69<u>എൽ</u> വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

" 69<u>എൽഎ</u>. <u>ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ</u>.— (1) നാഷണൽ അക്രഡിറ്റേഷൻ ആന്റ് അസ്സസ്മെന്റ് കൗൺസിലിന്റെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും റെഗുലേഷനുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി ഓരോ സ്വയംഭരണ കോളേജിനും ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കുന്നതാണ്.

(2) സർവ്വകലാശാലയുടെ അധികാരിതയിൻ കീഴിൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി രൂപീകരിച്ച ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു എക്സ്റ്റേണൽ പിയർ ടീം ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന, ഒരു വിശിഷ്ടനായ അക്കാദമിക അംഗം- ചെയർമാൻ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അക്കാദമിക വിദഗ്ധർ.

(3) എക്സ്റ്റേണൽ പിയർ ടീമിന്റെ കാലാവധി നാല് വർഷക്കാലമായിരിക്കുന്നതാണ്.

(4) എക്സ്റ്റേണൽ പിയർ ടീം അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിന്റെ കടമകൾ നിർവ്വഹിക്കുന്നതിനും അതിന്റേതായ നടപടിക്രമങ്ങൾ തയ്യാറാക്കേണ്ടതാണ്.

(5) എക്സ്റ്റേണൽ പിയർ ടീം, അക്കാദമിക പ്രവർത്തനങ്ങളായ അദ്ധ്യാപന-പഠന പ്രക്രിയ, പരീക്ഷാ നടത്തിപ്പ്, അക്കാദമിക ഫലങ്ങളുടെ നേട്ടം എന്നീ വിവിധ മേഖലകളിലെ സ്വയംഭരണ കോളേജിന്റെ സമഗ്രമായ പ്രകടനം അവലോകനം ചെയ്യേണ്ടതാണ്. എക്സ്റ്റേണൽ പിയർ ടീം അതിന്റെ റിപ്പോർട്ട് സർവ്വകലാശാലയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്. സർവ്വകലാശാല, റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം അതിന്റെ ശിപാർശ സഹിതം അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്. എക്സ്റ്റേണൽ പിയർ ടീം, അതിന്റെ അധികാരിതയിൻ കീഴിലുള്ള എല്ലാ സ്വയംഭരണ കോളേജിലും വർഷത്തിൽ ഒരിക്കലെങ്കിലും അവലോകനം നടത്തേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും കടമകളും പ്രവർത്തനങ്ങളും സർവ്വകലാശാല കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

69 എൽബി. ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി .—(1) സർവ്വകലാശാല, ആക്റ്റിന്റെ VIIIബി അദ്ധ്യായത്തിലെ ആവശ്യത്തിലേയ്ക്കായി, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു പരാതി പരിഹാര സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

(എ) വൈസ്-ചാൻസലർ - ചെയർമാൻ ;

(ബി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി - അംഗം;

(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതിയിലെ ഒരു അംഗം - അംഗം;

(ഡി) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന,

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള

ഒരു സ്വയംഭരണ കോളേജിന്റെ ഒരു മാനേജർ - അംഗം.

(2) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിയുടെ കാലാവധി അതിന്റെ രൂപീകരണ തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിക്ക്, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംഭരണ കോളേജുകളിലെ പ്രവേശനം, ഫീസ് എന്നിവ സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനും തീർപ്പാക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി അതിന്റെ കാര്യങ്ങൾ നടത്തുന്നതിനും പ്രവർത്തനങ്ങൾക്കും വേണ്ടി അതിന്റേതായ നടപടിക്രമങ്ങൾ തയ്യാറാക്കേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിയുടെ തീരുമാനങ്ങളും ഉത്തരവുകളും കക്ഷികൾക്ക് ബാധകമായിരിക്കുന്നതാണ്.

69 എൽസി. ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി.—(1) സർവ്വകലാശാല, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

(എ) പ്രോ-വൈസ്-ചാൻസലർ -ചെയർമാൻ ;

(ബി) സിൻഡിക്കേറ്റിലെ അംഗങ്ങൾ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത രണ്ടു പേർ ;

(സി) പ്രത്യേക ക്ഷണിതാവായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാല നടത്തുന്ന ബന്ധപ്പെട്ട അല്ലെങ്കിൽ അനുബന്ധ പ്രോഗ്രാമിന്റെ വകുപ്പ് തലവൻ ;

(ഡി) പ്രത്യേക ക്ഷണിതാവായി, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഫാക്കൽറ്റി ഡീൻ ;

(ഇ) പ്രത്യേക ക്ഷണിതാക്കളായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ

അനുബന്ധമായതോ ആയ, സർവ്വകലാശാലയുടെ പഠന ബോർഡിലെ രണ്ട് അംഗങ്ങൾ ;

(എഫ്) പ്രത്യേക ക്ഷണിതാക്കളായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ മൂന്ന് വിദഗ്ദ്ധർ ;

(ജി) സർവ്വകലാശാലയുടെ രജിസ്ട്രാർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ കാലാവധി അവരെ തെരഞ്ഞെടുത്ത സിൻഡിക്കേറ്റിന്റെ കാലാവധി അവസാനിക്കുന്നതോടെ തീരുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിലെ വിദഗ്ദ്ധ സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം പ്രത്യേക ക്ഷണിതാക്കൾ അല്ലാതെയുള്ള അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

69എൽഡി. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി.—(1) ഓരോ സ്വയംഭരണ കോളേജിനും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) കോളേജിന്റെ പ്രിൻസിപ്പാൾ - ചെയർമാൻ;

(ബി) ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത രണ്ടു പേർ ;

(സി) കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ;

(ഡി) സർവ്വകലാശാലയുടെ ഫൈനാൻസ് ഓഫീസർ.

(2) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്. എന്നാൽ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ ചെയർമാൻ, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാല് പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(3) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും

രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ പത്ത് പൂർണ്ണ ദിവസങ്ങൾക്കകം ധനകാര്യ സമിതിയിലെ എല്ലാ അംഗങ്ങളേയും അറിയിക്കേണ്ടതുമാണ്.

(4) യോഗത്തിൽ പങ്കെടുത്ത, ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അംഗങ്ങളെ അറിയിക്കേണ്ടതുമാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കടമകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) അതിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്ന അങ്ങനെയുള്ള കാര്യങ്ങളിന്മേൽ ഗവേണിംഗ് ബോഡിയെ ഉപദേശിക്കുക ;

(ബി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, സർവ്വകലാശാല, സർക്കാർ എന്നിവയിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും മറ്റ് തുകകളും സംബന്ധിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുക ;

(സി) കോളേജുമായി ബന്ധപ്പെട്ട ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും സൂക്ഷ്മ പരിശോധന നടത്തുകയും അംഗീകരിക്കുകയും ചെയ്യുക.

69<u>എൽഇ</u>. <u>ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി</u>.—

(1) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) കോളേജ് പ്രിൻസിപ്പാൾ - ചെയർമാൻ ;

(ബി) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിലെ മൂന്ന് സീനിയർ അദ്ധ്യാപകർ, അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ് ;

(സി) ചെയർമാൻ, കോളേജ് യൂണിയൻ ;

(ഡി) സ്വയംഭരണ കോളേജിന്റെ അദ്ധ്യാപക-രക്ഷാകർത്തൃ അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു രക്ഷകർത്താവ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ

കാലാവധി രണ്ട് വർഷം ആയിരിക്കുന്നതാണ്. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്, എന്നാൽ ഓരോ അക്കാദമിക വർഷത്തിന്റെയും ആദ്യ മാസത്തിൽ യോഗം ചേരേണ്ടതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി, വിദ്യാർത്ഥികളുടെ പരാതി പരിഹരിക്കുന്നതിനായി, സർവ്വകലാശാല അതിന്റെ റെഗുലേഷനുകൾ വഴി കാലാകാലങ്ങളിൽ നിശ്ചയിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ ശിപാർശ, കോളേജിന്റെ പ്രിൻസിപ്പാൾ പരിഗണിക്കേണ്ടതും ഉചിതമായ തീരുമാനമെടുക്കേണ്ടതും പരാതി കൈപ്പറ്റിയ തീയതി മുതൽ പതിനാല് ദിവസ കാലയളവിനകം, സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥിയെ അറിയിക്കേണ്ടതുമാണ്. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ റിപ്പോർട്ടും ശിപാർശയും അതിന്മേൽ പ്രിൻസിപ്പാൾ എടുത്ത തീരുമാനവും വൈസ്-ചാൻസലറെ അറിയിക്കേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ പതിനാല് ദിവസങ്ങൾക്കകം വൈസ്-ചാൻസലർക്ക് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്. സർവ്വകലാശാലയുടെ വൈസ്-ചാൻസലർ അങ്ങനെയുള്ള അപ്പീലിൽ ബന്ധപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം, അറുപത് ദിവസങ്ങൾക്കകം തീരുമാനമെടുക്കേണ്ടതാണ്.".

(എസ്) 69എം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" 69എം. ഒരു കോളേജിന് സ്വയംഭരണ പദവി നൽകുന്നതിനോ ദീർഘിപ്പിക്കുന്നതിനോ ഉള്ള നടപടിക്രമം.—(1) ഒരു കോളേജ് അതിന്റെ പദവി ഒരു സ്വയംഭരണം എന്നതിലേയ്ക്ക് മാറ്റാൻ ഉദ്ദേശിക്കുന്നിടത്ത്, അത്, വർഷത്തിൽ ഏതു സമയത്തും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിനിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ സർവ്വകലാശാലയ്ക്ക് ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) അപേക്ഷ സ്വീകരിക്കുന്നതിന്മേൽ, അപേക്ഷ കൈപ്പറ്റി ഏഴു ദിവസങ്ങൾക്കകം

സിൻഡിക്കേറ്റോ നിർവ്വാഹക സമിതിയോ ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതിയിലെ അഞ്ച് അംഗങ്ങൾ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ, അതിന്റെ അക്കാദമിക പ്രകടനം, അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത, രഹസ്യാത്മകതയോടെയും സുതാര്യതയോടെയും വിലയിരുത്തലും മൂല്യനിർണ്ണയവും നടത്തുന്നതിന് യോഗ്യതയുള്ള ഫാക്കൽറ്റി സൗകര്യങ്ങൾ, ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും പ്രകാരമുള്ള വിവിധ സ്റ്റാറ്റ്യൂട്ടറി സമിതികളുടെ പ്രവർത്തനങ്ങളുടെ നിലനിൽപ്പ് എന്നിവ കോളേജ് നിറവേറ്റുന്നുണ്ടോ എന്നത് സമിതി പരിശോധിക്കേണ്ടതും സമിതി അതിന്റെ റിപ്പോർട്ട് ഏഴു ദിവസങ്ങൾക്കകം വൈസ്-ചാൻസലർക്ക് സമർപ്പിക്കേണ്ടതുമാണ്.

(3) വൈസ്-ചാൻസലർ, സമിതിയുടെ റിപ്പോർട്ട് പരിഗണിക്കേണ്ടതും അപേക്ഷ കൈപ്പറ്റി മുപ്പത് ദിവസങ്ങൾക്കകം ആവശ്യമായ അങ്ങനെയുള്ള രേഖകൾ സഹിതം അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയയ്ക്കേണ്ടതുമാണ്. വൈസ്-ചാൻസലർ അപേക്ഷ നിരസിക്കുന്നിടത്ത്, അദ്ദേഹത്തിന്റെ തീരുമാനം കോളേജിനെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെയും അറിയിക്കേണ്ടതാണ്. സർവ്വകലാശാലയുടെ തീരുമാനം സർക്കാരിനും കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(4) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആവശ്യപ്പെടുമ്പോഴെല്ലാം ഒരു ഉടനടി സ്ഥല സന്ദർശനത്തിനായി സർവ്വകലാശാലയും സർക്കാരും അവരുടെ നോമിനികളെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിദഗ്ധ സമിതിക്ക് നൽകേണ്ടതാണ്.

(5) ഒരു കോളേജിന് സ്വയംഭരണ പദവി നൽകുന്നതിനോ ദീർഘിപ്പിക്കുന്നതിനോ ഉള്ള അപേക്ഷ ഏതൊരു കാരണത്താലും നിരസിക്കപ്പെടുന്നിടത്ത്, കോളേജിന്, അതിന്റെ മുൻ അപേക്ഷ അങ്ങനെയുള്ള നിരസിക്കൽ ചെയ്ത തീയതി മുതൽ ഒരു വർഷത്തിനകം വീണ്ടും അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജ്, സ്വയംഭരണ കാലാവധി അവസാനിക്കുന്നതിന് ആറു മാസങ്ങൾക്ക് മുൻപ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ സ്വയംഭരണ പദവി ദീർഘിപ്പിക്കലിനായി അപേക്ഷിക്കേണ്ടതാണ്.

(7) നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ അല്ലെങ്കിൽ നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ നിശ്ചയിച്ചിട്ടുള്ള അക്രഡിറ്റേഷൻ കാലാവധി അവസാനിക്കുന്ന സംഗതിയിൽ, സ്വയംഭരണ പദവി ദീർഘിപ്പിക്കാൻ ആവശ്യപ്പെടുന്ന കോളേജ്, സ്വയംഭരണ പദവി ദീർഘിപ്പിക്കലിന് അർഹത നേടുന്നതിനു വേണ്ടി നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെയോ നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെയോ അക്രഡിറ്റേഷനു വേണ്ടി അപേക്ഷിച്ചിട്ടുള്ളതാണെന്നതിന്റെ ഒരു തെളിവ് സമർപ്പിക്കേണ്ടതാണ്.

(8) ഒരു സ്വയംഭരണ കോളേജ് അതിന്റെ സ്വയംഭരണ പദവി തിരികെ നൽകാൻ ഉദ്ദേശിക്കുന്നിടത്ത്, ഗവേണിംഗ് ബോഡിയുടെ പ്രമേയം സർവ്വകലാശാല മുഖേന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അങ്ങനെയുള്ള പ്രമേയം പരിഗണിക്കുന്നതിനായി അയച്ചുകൊടുക്കുന്നതിനുള്ള കൃത്യമായ നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

(റ്റി) 69 എൻ വകുപ്പിൽ (1)-ാം ഉപവകുപ്പിനും ക്ലിപ്തനിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) കോളേജിന്റെ പ്രിൻസിപ്പാൾ, ഓരോ സ്വയംഭരണ കോളേജിനും, കോളേജിലെ ഒരു അദ്ധ്യാപകൻ തലവനായുള്ള ഒരു പരീക്ഷാ സെൽ രൂപീകരിക്കേണ്ടതാണ്." .

(യു) 69ഒ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 69ഒഎ. ഒരു സ്വയംഭരണ കോളേജിന്റെ അധികാരങ്ങളും കടമകളും.—(1) ഒരു സ്വയംഭരണ കോളേജ്, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ സർവ്വകലാശാല കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്റ്റാറ്റ്യൂട്ടറി മാർഗ്ഗനിർദ്ദേശങ്ങൾ, ഉത്തരവുകൾ, റെഗുലേഷനുകൾ എന്നിവകൾക്ക് അനുസൃതമായി അക്കാദമിക ഗുണനിലവാരവും മാനദണ്ഡവും തുടർച്ചയായി കാത്തുസൂക്ഷിക്കേണ്ടതാണ്.

(2) സ്വയംഭരണ കോളേജ്, നിലവിലുള്ള അക്രഡിറ്റേഷൻ പദവി, ദേശീയ റാങ്കിംഗ്, നൽകുന്ന പ്രോഗ്രാമുകൾ, പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്, ഫീസും പ്രോഗ്രാമുകൾക്കായി വിദ്യാർത്ഥികൾ അടയ്ക്കേണ്ട മറ്റ് എല്ലാ തുകകളും, ഫാക്കൽറ്റിയുടെ പ്രൊഫൈൽ, പ്രവേശന നടപടിക്രമങ്ങൾ, ഉചിതമായ അടിസ്ഥാനസൗകര്യങ്ങളുടെ വിശദാംശങ്ങൾ, കോളേജിന്റെ ഗവേഷണ പ്രവർത്തനങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച വിവരം വീഴ്ച കൂടാതെ അതിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(3) സ്വയംഭരണ കോളേജ്, 69ഡി വകുപ്പിൽ പരാമർശിച്ചിരിക്കുന്ന അധികാരസ്ഥാനങ്ങളുടെ ഘടനയും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിലെ അംഗങ്ങളുടെ പ്രൊഫൈലും അതിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. അധികാരസ്ഥാനങ്ങളുടെ അംഗീകരിച്ച നടപടിക്കുറിപ്പുകളും അതിന്മേൽ സ്വീകരിച്ച നടപടിയും കൂടി അതിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

(4) സ്വയംഭരണ കോളേജ്, അതിന്റെ വെബ്സൈറ്റിൽ അക്കൗണ്ടുകളുടെ വിശദമായ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും വാർഷിക ബഡ്ജറ്റും സ്ഥാപന വികസന പദ്ധതികളും ഉൾപ്പെടുത്തേണ്ടതാണ്.

(5) സ്വയംഭരണ കോളേജിന്, നിലവിലുള്ള കോഴ്സുകളോ പ്രോഗ്രാമുകളോ പുനഃപരിശോധിക്കാവുന്നതും ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അതിന്റെ കോഴ്സുകൾ, പഠന പ്രോഗ്രാമുകൾ, സിലബസ് എന്നിവ പുനഃക്രമീകരിക്കാവുന്നതും വീണ്ടും രൂപകൽപ്പന ചെയ്യാവുന്നതും നിശ്ചയിക്കാവുന്നതുമാണ്.

(6) സ്വയംഭരണ കോളേജിന്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 2014-ലെ സ്പെസിഫിക്കേഷൻ ഓഫ് ഡിഗ്രീസ് പ്രകാരം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിനിർദ്ദേശിച്ചിട്ടുള്ള നാമകരണത്തിൽ ഉൾപ്പെടുന്ന പുതിയ കോഴ്സുകൾ അല്ലെങ്കിൽ പ്രോഗ്രാമുകൾ ആവിഷ്കരിക്കാവുന്നതാണ്.

(7) സ്വയംഭരണ കോളേജിന്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, വിദ്യാർത്ഥികളുടെ പ്രകടനം വിലയിരുത്തൽ, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനങ്ങളുടെ വിജ്ഞാപനം എന്നിവയുള്ള രീതികൾ ആവിഷ്കരിക്കാവുന്നതാണ്.

(8) സ്വയംഭരണ കോളേജിന്, ഫലങ്ങൾ പ്രഖ്യാപിക്കാവുന്നതും മാർക്ക് ഷീറ്റുകളും മറ്റ് സർട്ടിഫിക്കറ്റുകളും നൽകാവുന്നതും, എന്നിരുന്നാലും, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, ബിരുദ സർട്ടിഫിക്കറ്റിൽ കോളേജിന്റെ പേരോടുകൂടിയ ബിരുദം സർവ്വകലാശാല നൽകേണ്ടതുമാണ്.

(9) സ്വയംഭരണ കോളേജ്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി, സ്വയംഭരണ പദവി നൽകുകയോ ദീർഘിപ്പിക്കുകയോ ചെയ്യുന്ന സമയത്ത് ഒറ്റത്തവണ അഫിലിയേഷൻ ഫീസും അങ്ങനെയുള്ള മറ്റ് തുകകളും സർവ്വകലാശാലയ്ക്ക് നൽകേണ്ടതാണ്.

(10) സ്വയംഭരണ കോളേജ്, ഈ അദ്ധ്യായത്തിൻ കീഴിൽ രൂപീകരിക്കേണ്ടത് ആവശ്യമായ ഗവേണിംഗ് ബോഡി, അക്കാദമിക കൗൺസിൽ, പഠന ബോർഡ്, ധനകാര്യ സമിതി, വിദ്യാർത്ഥി പരാതി പരിഹാര സമിതി, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നിവ രൂപീകരിക്കേണ്ടതാണ്.

(11) സ്വയംഭരണ കോളേജ്, 2009-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് ഓൺ കർബിംഗ് ദി മെനസ് ഓഫ് റാഗിംഗ് ഇൻ ഹയർ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് പ്രകാരം ആവശ്യമായ ഒരു ആന്റി റാഗിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(12) സ്വയംഭരണ കോളേജ്, 2015-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (പ്രിവൻഷൻ, പ്രോഹിബിഷൻ ആന്റ് റിഡ്രസൽ ഓഫ് സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വിമൺ എംപ്ലോയീസ് ആന്റ് സ്റ്റുഡന്റ്സ് ഇൻ ഹയർ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റെഗുലേഷൻസ് പ്രകാരം ആവശ്യമായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(13) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്വയംഭരണ കോളേജ്, അദ്ധ്യാപകരെയും മറ്റ് അക്കാദമിക ജീവനക്കാരെയും, 2018-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (മിനിമം ക്വാളിഫിക്കേഷൻസ് ഫോർ അപ്പോയിന്റ്മെന്റ് ഓഫ് ടീച്ചേഴ്സ് ആന്റ് അദർ അക്കാദമിക് സ്റ്റാഫ് ഇൻ യൂണിവേഴ്സിറ്റീസ് ആന്റ് കോളേജസ് ആന്റ് മെഷേഴ്സ് ഫോർ ദി മെയിന്റനൻസ് ഓഫ് സ്റ്റാൻഡേർഡ്സ് ഇൻ ഹയർ എഡ്യുക്കേഷൻ) റെഗുലേഷൻസ് പ്രകാരം നിയമിക്കേണ്ടതാണ്.

(14) സ്വയംഭരണ കോളേജ്, ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കും സർക്കാരുമായോ സർവ്വകലാശാലയുമായോ ഏർപ്പെട്ട കരാറുകൾക്കും വിധേയമായി, സ്വയംഭരണ പദവി നൽകുന്നതിനു മുമ്പായി ഫണ്ട് സ്വീകരിച്ച പ്രകാരം തുടർന്നും സ്വീകരിക്കേണ്ടതാണ്.

(15) കോളേജിന് നൽകിയിട്ടുള്ള സ്വയംഭരണാധികാരം സ്ഥാപന തലത്തിലുള്ളതും ഭാഗികമല്ലാത്തതും കോളേജ് നൽകുന്ന ബിരുദം, ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി. എന്നിങ്ങനെയുള്ള എല്ലാ തലങ്ങളിലുമുള്ള പ്രോഗ്രാമുകൾ ഉൾപ്പെടുന്നതും സ്വയംഭരണ പദവി നൽകിയതിനു ശേഷം കോളേജ് ആരംഭിക്കുന്ന പ്രോഗ്രാമുകളും ഉൾപ്പെടുന്നതുമാണ്.

(16) സ്വയംഭരണ പദവി നൽകൽ അല്ലെങ്കിൽ ദീർഘിപ്പിക്കൽ സമയത്തുള്ള സ്വയംഭരണ കോളേജിൽ പേരു ചേർത്തിട്ടുള്ള വിദ്യാർത്ഥികളെ കൂടി സ്വയംഭരണ പദവിയിൽ ഉൾപ്പെടുത്തേണ്ടതാണ്.”.

(vi) 69 പി വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ “അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ” എന്നീ വാക്കുകൾക്കു പകരം “ഈ അദ്ധ്യായത്തിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2) മുതൽ (17) വരെയുള്ള ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“(2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകിയ സ്വയംഭരണ പദവിയുടെ കാലയളവിലേക്കോ സ്വയംഭരണ പദവിയുടെ ദീർഘിപ്പിക്കപ്പെട്ട കാലയളവിലേക്കോ, അതതുസംഗതിപോലെ, ഒരു സ്വയംഭരണ കോളേജിൽ നിന്നുള്ള ഒറ്റത്തവണ അഫിലിയേഷൻ ഫീസും ഒരു സ്വയംഭരണ കോളേജ് നൽകേണ്ടതായ നിശ്ചിത ശീർഷകം അല്ലെങ്കിൽ ഇനത്തിൻ കീഴിലുള്ള മറ്റ് ഫീസുകളും നിശ്ചയിക്കുകയും ആവശ്യപ്പെടുകയും ചെയ്യുക.

(3) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി, കോളേജിൽ ഒരു പുതിയ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം അംഗീകരിക്കുകയും സർവ്വകലാശാലക്ക് സമർപ്പിക്കുകയും ചെയ്യുന്നിടത്ത്, നിർദ്ദേശം പരിഗണിക്കുന്നതിനും ഉചിതമായ തീരുമാനത്തിനുമായി വൈസ്-ചാൻസലർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി മുമ്പാകെ നിർദ്ദേശം വയ്പ്പിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ഓരോ നിർദ്ദേശവും ഓരോ വർഷവും ഒക്ടോബർ 31-ാം തീയതിയോ അതിനു മുൻപോ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി, സർവ്വകലാശാലയുടെ നിർദ്ദേശം കൈപ്പറ്റി തൊണ്ണൂറ് ദിവസങ്ങൾക്കകം നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ വൈസ്-ചാൻസലർക്ക് പുനഃസമർപ്പണത്തിനായി തിരിച്ചയച്ച് കൊടുത്തു കൊണ്ടോ ഒരു തീരുമാനമെടുക്കേണ്ടതും, വൈസ്-ചാൻസലർ ഒരു സർവ്വകലാശാലയുടെ തീരുമാനമായി ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അങ്ങനെയുള്ള തീരുമാനം അറിയിക്കേണ്ടതുമാണ്:

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി, പ്രോഗ്രാമിന്റെ കാലയളവ്, സെമസ്റ്ററുകളുടെ എണ്ണം, ഓരോ സെമസ്റ്ററിനും ആവശ്യമായ ഏറ്റവും കുറഞ്ഞ ക്രഡിറ്റുകൾ, പ്രോഗ്രാമിനു വേണ്ടിയുള്ള മൊത്തം ക്രഡിറ്റുകൾ, സർവ്വകലാശാല നടത്തുന്ന സമാനമായ പ്രോഗ്രാമിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള ലെറ്റർ ഗ്രേഡിംഗ് സംവിധാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദേശം പരിഗണിക്കേണ്ടതും നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അറിയിക്കുന്നതിനായി വൈസ്-ചാൻസലർക്ക് പുനഃസമർപ്പണത്തിനായി നിർദ്ദേശം തിരികെ നൽകുന്നതിനോ മുൻപായി നിർദ്ദേശം അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതോ രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ താൽപര്യത്തിന് എതിരാകുന്നതോ ആയ ഫലം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്:

എന്നുമാത്രമല്ല, നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ സർവ്വകലാശാലയ്ക്ക് നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്കകം സർവ്വകലാശാലയുടെ തീരുമാനം അറിയിക്കാത്തിടത്ത്, നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി, വൈസ്-ചാൻസലർക്ക് നിർദ്ദേശം പുനഃസമർപ്പണത്തിനായി തിരികെ നൽകുന്നിടത്ത്, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ചതിന്

ശേഷം നാൽപത്തിയഞ്ച് ദിവസങ്ങൾക്കകം നിർദ്ദേശം പുനഃസമർപ്പിക്കുന്നതിനായി, വൈസ്-ചാൻസലർ സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിക്ക് തിരികെ നൽകുവാൻ ഇടയാക്കേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി, പുനഃസമർപ്പിച്ച നിർദ്ദേശം കൈപ്പറ്റി, മുപ്പത് ദിവസങ്ങൾക്കകം നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ് :

എന്നാൽ, സർവ്വകലാശാലയ്ക്ക് നിർദ്ദേശം പുന:സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം വൈസ്-ചാൻസലർ സർവ്വകലാശാലയുടെ തീരുമാനം, നിർദ്ദേശം പുനഃസമർപ്പിച്ച ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അറിയിക്കാതിരിക്കുന്നിടത്ത്, നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(7) വൈസ്-ചാൻസലർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതിയുടെ റിപ്പോർട്ടും അതിന്മേലെടുത്ത തീരുമാനവും സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(8) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും നിബന്ധനകൾ സ്വയംഭരണ പദവി ലഭിച്ച ഒരു കോളേജ് ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനും സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(9) സിൻഡിക്കേറ്റിന്, (8)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, കോളേജ് പരിശോധിക്കാനും അതിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കാനും പരിശോധനയുടെ ആവശ്യത്തിന് പ്രസക്തമായ തെളിവ് ശേഖരിക്കുന്നതിനുമായി, അതിന് യുക്തമെന്നു കരുതുന്ന, അങ്ങനെയുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കാവുന്നതും, അതിലേയ്ക്കായി സമിതി ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും രേഖകളും സമിതി നിശ്ചയിച്ചിട്ടുള്ള തീയതിയിലും സമയത്തും സ്വയംഭരണ കോളേജ് നൽകേണ്ടതാണ്:

എന്നാൽ, സ്വയംഭരണ പദവി ലഭിച്ച കോളേജ് സ്വീകരിച്ച സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യത്തിലുള്ള അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച രേഖാമൂലമുള്ള പരാതിയിലോ വിവരത്തിലോ മാത്രമായിരിക്കും അങ്ങനെയുള്ള അന്വേഷണത്തിന്റെ വ്യാപ്തി.

(10) (9)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സമിതി, ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം മാത്രം അതിന്റെ റിപ്പോർട്ട് അന്തിമമാക്കേണ്ടതാണ്.

(11) സിൻഡിക്കേറ്റ്, പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷം, കോളേജിന് നൽകപ്പെട്ടിട്ടുള്ള സ്വയംഭരണ പദവി താൽക്കാലികമായി നിർത്തലാക്കേണ്ടതാണെന്നോ റദ്ദാക്കേണ്ടതാണെന്നോ അഭിപ്രായമുള്ള പക്ഷം, ആയത് സർവ്വകലാശാലയുടെ ശിപാർശയായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ അറിയിക്കേണ്ടതാണ്.

(12) ഒരു സ്വയംഭരണ കോളേജുമായി ബന്ധപ്പെട്ട് സർക്കാരിന് രേഖാമൂലമുള്ള എന്തെങ്കിലും പരാതിയോ വിവരമോ ലഭിക്കുന്ന പക്ഷം, സർക്കാരിന്, പരാതിയുടെയും വിവരത്തിന്റെയും ഉള്ളടക്കം കൃത്യമായി പരിഗണിച്ചതിനു ശേഷം, അത് അപ്രകാരം കരുതുന്ന പക്ഷം, ആവശ്യമായ നടപടിക്കായി സർവ്വകലാശാലയ്ക്ക് റഫർ ചെയ്യേണ്ടതാണ്:

എന്നാൽ, സ്വയംഭരണ പദവി ലഭിച്ച കോളേജ് സ്വീകരിച്ച സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യത്തിലുള്ള അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച രേഖാമൂലമുള്ള പരാതിയിലോ വിവരത്തിലോ മാത്രമായിരിക്കും അങ്ങനെയുള്ള പരാമർശത്തിന്റെ വ്യാപ്തി.

(13) (12)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നടത്തിയ ഒരു റഫറൻസ് സംബന്ധിച്ച് (8), (9), (10) എന്നീ ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമവും നടപടിയും പാലിക്കേണ്ടതാണ്.

(14) ഓരോ സ്വയംഭരണ കോളേജും അത് കോളേജിൽ നടത്താൻ ഉദ്ദേശിക്കുന്ന, നിശ്ചയിച്ചിട്ടുള്ള ആദ്യ പരീക്ഷകളുടെ തീയതിക്ക് മുമ്പുള്ള ആറ് മാസങ്ങൾക്കകം ഒരു പരീക്ഷാ മാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള സമർപ്പണത്തിന്റെ അറുപത് ദിവസങ്ങൾക്കകം സർവ്വകലാശാലാ പരീക്ഷാ മാന്വലിന്മേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. സ്വയംഭരണ കോളേജ്, അതിന്റെ പരീക്ഷാ മാന്വലിൽ സർവ്വകലാശാല ഉൾപ്പെടുത്താൻ ആവശ്യപ്പെട്ട ഭേദഗതികൾ ഉൾപ്പെടുത്തേണ്ടതും ആയത് സർവ്വകലാശാലയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.".

(ഡബ്ല്യൂ) <u>69ക്യൂ</u> വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എക്സ്) 69ആർ വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"69 ആർ. സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം.—സർക്കാരും സർവ്വകലാശാലയും സ്വയംഭരണ കോളേജ് അല്ലെങ്കിൽ സ്വയംഭരണ പദവിക്ക് അപേക്ഷിക്കുന്ന ഒരു കോളേജുമായുള്ള എല്ലാ കത്തിടപാടുകളും പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.".

(വൈ) 69എസ് വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"69എസ്. ഈ അദ്ധ്യായത്തിനുകീഴിലുള്ള ഒരു സ്വയംഭരണ കോളേജിന്റെ അധികാരസ്ഥാനങ്ങളിലുള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.—ഈ അദ്ധ്യായത്തിൻ കീഴിൽ, ഒരു സ്വയംഭരണ കോളേജിന്റെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ യാതൊരു തീരുമാനവും അങ്ങനെയുള്ള അധികാരസ്ഥാനത്തുള്ള ഒരു ഒഴിവ് നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.".

3. 1975-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) ,—

(എ) 2-ാം വകുപ്പിൽ,—

(i) (1) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (4എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(4എ) "സ്വയംഭരണ കോളേജ്" എന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയതും സർവ്വകലാശാല, വിജ്ഞാപനം വഴി അപ്രകാരം പ്രഖ്യാപിച്ചതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;";

(iii) (4ബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(4ബി) "സ്വയംഭരണം" എന്നാൽ ആക്റ്റിലെ അദ്ധ്യായം VIII ബി -യിലെ വ്യവസ്ഥകൾക്കനുസൃതമായി പഠന പ്രോഗ്രാമുകൾ നടത്തുക, അതിന്റെ സിലബസും പാഠ്യപദ്ധതിയും വികസിപ്പിക്കുക, അദ്ധ്യയനം, പഠനവും വിലയിരുത്തലും, മൂല്യനിർണ്ണയം എന്നിവയ്ക്കുള്ള രീതികൾ ആസൂത്രണം ചെയ്യുക, ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും സർവ്വകലാശാല നൽകുന്നതിലേയ്ക്കുള്ള

പരീക്ഷകൾ നടത്തുന്നതിനും, ബന്ധപ്പെട്ട പഠന പ്രോഗ്രാമുകളുടെ ഫലങ്ങൾ പ്രസിദ്ധീകരിക്കൽ എന്നിവയ്ക്കായി ഒരു കോളേജിന് നൽകിയിട്ടുള്ള ഒരു വിശേഷാധികാരം എന്നർത്ഥമാകുന്നു;";

(iv) (5എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(5എ) "ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 68 എച്ച് വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഒരു പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ വേണ്ടിയുള്ള പഠന ബോർഡ് എന്നർത്ഥമാകുന്നു;";

(v) (7)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(7എ) "ഒരു സ്വയംഭരണ കോളേജിന്റെ തർക്ക പരിഹാര സമിതി" എന്നാൽ 68 എംബി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ തർക്ക പരിഹാര സമിതി എന്നർത്ഥമാകുന്നു;

(7ബി) "കോഴ്സ്" എന്നാൽ ആക്റ്റിലെ അദ്ധ്യായം VIII ബി -യിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു പ്രോഗ്രാം ഉൾക്കൊള്ളുന്ന വിഷയങ്ങളിൽ ഒന്ന് എന്നർത്ഥമാകുന്നു;";

(vi) (9)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(9എ) "ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി" എന്നാൽ 68 എംസി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി എന്നർത്ഥമാകുന്നു;";

(vii) (10എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(10എ) "ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി" എന്നാൽ 68 എംഡി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി എന്നർത്ഥമാകുന്നു;

(10ബി) "ഗവേണിംഗ് ബോഡി" എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി എന്നർത്ഥമാകുന്നു;";

(viii) (12)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(12എ) "ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ 68എംഎ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(12ബി) "ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 65എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;";

(ix) (17)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(17എ) "പ്രോഗ്രാം" എന്നാൽ സർവ്വകലാശാല ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കായി, ആക്റ്റിലെ അദ്ധ്യായം VIIIബി-യിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു നിശ്ചിത കാലയളവിലേയ്ക്ക് ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഉന്നത വിദ്യാഭ്യാസ പ്രോഗ്രാം എന്നർത്ഥമാകുന്നു;";

(x) (19)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(19എ) "പുനഃക്രമീകരിച്ച പ്രോഗ്രാം" എന്നാൽ ഇന്റർ ഡിസിപ്ലിനറി അല്ലെങ്കിൽ മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ പ്രോഗ്രാമിൽ ഉൾപ്പെടുത്തി അല്ലെങ്കിൽ പകരമാക്കിക്കൊണ്ട് സർവ്വകലാശാല അംഗീകരിച്ച ഒരു പ്രോഗ്രാം എന്നർത്ഥമാകുന്നു;";

(xi) (25)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(25എ)" ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി" എന്നാൽ 68എംഇ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി എന്നർത്ഥമാകുന്നു;".

(ബി) 5-ാം വകുപ്പിൽ ,—

(i) (ഐഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഒരു കോളേജിന് നൽകിയതോ ദീർഘിപ്പിച്ചതോ ആയ സ്വയംഭരണ പദവിയുടെ, നൽകലോ ദീർഘിപ്പിക്കലോ വിജ്ഞാപനംമൂലം പ്രഖ്യാപിക്കുക;";

(ii) (ഐബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(സി) 56-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) സിൻഡിക്കേറ്റിന്, ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും എന്തുതന്നെ അടങ്ങിയിരുന്നാലും, 2020-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിന്റെ (2020-ലെ 72) പ്രാബല്യ തീയതി മുതൽ ഒരു മാസത്തിനകം അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു കോളേജിൽ 2020-2021 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒരു പുതിയ കോഴ്സിന്റെ അഫിലിയേഷന് വേണ്ടിയുള്ള അപേക്ഷ സ്വീകരിക്കുകയും പരിഗണിക്കുകയും ചെയ്യാവുന്നതാണ്." .

(ഡി) 65-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"65. <u>അപ്പലേറ്റ് ട്രൈബ്യൂണൽ</u>.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്." .

(ഇ) 65-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"65എ. <u>ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി</u>.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) പ്രോ-ചാൻസലർ - ചെയർമാൻ ;

(ബി) വൈസ്-ചാൻസലർ - അംഗം ;

(സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ - അംഗം;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി - അംഗം.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.

(എഫ്) 68 ബി വകുപ്പ് വിട്ടുകളയേണ്ടതാണ്.

(ജി) 68 സി വകുപ്പ് വിട്ടുകളയേണ്ടതാണ്.

(എച്ച്) 68 ഡി വകുപ്പിൽ മാർജിനൽ ശീർഷകത്തിലും വകുപ്പിലും "അക്കാദമിക സ്വയംഭരണം" എന്നീ വാക്കുകൾക്കു പകരം"സ്വയംഭരണം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ഐ) 68 ഇ വകുപ്പ് (1)-ാം ഉപവകുപ്പിൽ,

(i) (iii)-ാം ഇനത്തിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം " ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (iii)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(iv) ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(v) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി;

(vi) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി;

(vii) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി;

(viii) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി.".

(ജെ) 68 എഫ് വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ,—

(എ) (സി) ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(സി) കോളേജിലെ വ്യത്യസ്ത വിഭാഗങ്ങളിലെ അദ്ധ്യാപക ജീവനക്കാരെ പ്രതിനിധീകരിക്കുന്ന നാല് അദ്ധ്യാപകർ, അവരിൽ രണ്ടു പേർ സീനിയോറിറ്റി, റൊട്ടേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യേണ്ടതും രണ്ടു പേർ കോളേജിലെ റെഗുലർ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരും ആയിരിക്കേണ്ടതാണ്;";

(ബി) (ഡി) ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണനിർവ്വഹണം, ധനകാര്യം എന്നീ മേഖലകളിൽ നിന്നുള്ള നാല് വിദഗ്ദ്ധർ;" ;

(സി) (ഇ) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്ന അക്കാദമിക വിദഗ്ദ്ധരായ മൂന്ന് പ്രൊഫസർമാർ;";

(ഡി) (എഫ്) ഇനത്തിൽ " കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിലെ ഒരു അംഗം മൂന്ന് വർഷക്കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും മറ്റൊരു മൂന്ന് വർഷക്കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ ഔദ്യോഗിക സ്ഥാനം ഹേതുവായി ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ അംഗമായിട്ടുള്ള ഒരാൾ, അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം അവസാനിക്കുമ്പോഴോ അയാളുടെ നാമനിർദ്ദേശ കാലാവധി അവസാനിക്കുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അതോടെ അതിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ്.";

(iii) (4)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാല് പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(7) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും ഏഴ് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(8) യോഗത്തിൽ പങ്കെടുത്ത ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.” .

(കെ) 68ജി വകുപ്പിൽ,—

(i) (ii)-ാം ഇനത്തിൽ “സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി” എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (v), (vi), (vii), (viii) എന്നീ ഇനങ്ങളിൽ “ഗവേണിംഗ് കൗൺസിൽ” എന്നീ വാക്കുകൾക്കു പകരം “ ഗവേണിംഗ് ബോഡി” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എൽ) 68എച്ച് വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“68എച്ച്. ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്.—(1) ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഒരു പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ബന്ധപ്പെട്ട പ്രോഗ്രാം നൽകുന്ന വകുപ്പ് മേധാവി - ചെയർമാൻ;

(ബി) ബന്ധപ്പെട്ട പ്രോഗ്രാമിന്റെ കോഴ്സിന്റെ അദ്ധ്യാപനം നടത്തുന്ന ഫാക്കൽറ്റി അംഗം;

(സി) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയ്ക്ക് പുറത്തു നിന്നും ബന്ധപ്പെട്ട പ്രോഗ്രാമിലുള്ള രണ്ട് വിദഗ്ദ്ധർ;

(ഡി) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ ശിപാർശ ചെയ്യുന്ന, ബന്ധപ്പെട്ട പ്രോഗ്രാമിലെ ആറ് വിദഗ്ദ്ധരുടെ ഒരു പാനലിൽ നിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ;

(ഇ) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന വ്യവസായം അല്ലെങ്കിൽ കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖലയിൽ നിന്നുള്ള ഒരു പ്രതിനിധി;

(എഫ്) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു മികച്ച പൂർവ്വ വിദ്യാർത്ഥി;

(ജി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന, ബന്ധപ്പെട്ട അല്ലെങ്കിൽ അനുബന്ധ പ്രോഗ്രാമിൽ സർവ്വകലാശാലയുടെ പഠന ബോർഡിലെ, ഒരു പ്രതിനിധി;

(എച്ച്) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന്റെ അനുമതിയോടു കൂടി ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാൻ കോ-ഓപ്റ്റ് ചെയ്യുന്ന താഴെപ്പറയുന്ന വിഭാഗത്തിൽ നിന്നുമുള്ള പ്രത്യേക ക്ഷണിതാക്കൾ, അതായത്:—

(i) പ്രത്യേകമായ അല്ലെങ്കിൽ പുതിയ പ്രോഗ്രാം രൂപകൽപ്പന ചെയ്യേണ്ടിവരുന്നിടത്ത് സ്വയംഭരണ കോളേജിന് പുറത്തു നിന്നുള്ള വിദഗ്ദ്ധർ;

(ii) സ്വയംഭരണ കോളേജിന്റെ മറ്റ് വകുപ്പുകളിൽ നിന്നുള്ള ബന്ധപ്പെട്ട പ്രോഗ്രാമിൽ വിദഗ്ദ്ധരായ അദ്ധ്യാപകർ.

(2) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി, ഒരു പഠന ബോർഡിനു കീഴിൽ കൊണ്ടുവരേണ്ട പ്രോഗ്രാം അല്ലെങ്കിൽ ഒരു കൂട്ടം പ്രോഗ്രാമുകൾ തീരുമാനിക്കേണ്ടതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിക്ക്, ബിരുദ തലത്തിലും ബിരുദാനന്തര ബിരുദ തലത്തിലും പ്രോഗ്രാമിനോ ഒരു കൂട്ടം

പ്രോഗ്രാമുകൾക്കോ പ്രത്യേക പഠന ബോർഡ് രൂപീകരിക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കാവുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗം മൂന്ന് അക്കാദമിക വർഷക്കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും മറ്റൊരു മൂന്ന് അക്കാദമിക വർഷക്കാലയളവിലേയ്ക്ക് പുനർനാമകരണത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗമായ ഒരു അദ്ധ്യാപകന്റെ സംഗതിയിൽ, വിരമിക്കൽ തീയതിയിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ്.

(5) വ്യത്യസ്ത വകുപ്പുകൾക്ക്, കോളേജിന്റെ പ്രിൻസിപ്പാൾ, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ യോഗത്തിനുള്ള സമയ പട്ടിക തയ്യാറാക്കേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്:

എന്നാൽ, ഒരു അക്കാദമിക വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(7) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാൻ, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാലു പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(8) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും ഏഴ് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(9) യോഗത്തിൽ പങ്കെടുത്ത ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(10) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.".

(എം) 68 ഐ വകുപ്പിൽ,—

(i) (i)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(i) സ്വയംഭരണ കോളേജിന്റെ വകുപ്പിൽ നടത്തുന്ന പ്രോഗ്രാമുകൾക്ക് വേണ്ടി, കോളേജിന്റെ ലക്ഷ്യങ്ങളും പ്രോഗ്രാമിന്റെ ഗുണഭോക്താക്കളുടെ താൽപ്പര്യവും പ്രത്യേകിച്ചും സംസ്ഥാനത്തിന്റെ ആവശ്യങ്ങളും കണക്കിലെടുത്തു കൊണ്ട് പാഠ്യപദ്ധതിയും സിലബസും തയ്യാറാക്കുകയും അത് ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്യുക:

എന്നാൽ, നിലവിലുള്ള എല്ലാ പ്രോഗ്രാമും നിലവിലുള്ള പ്രോഗ്രാമിന്റെ പരിഷ്കരണവും പുതിയ പ്രോഗ്രാമോ പുനഃക്രമീകരിച്ച പ്രോഗ്രാമോ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും, പ്രോഗ്രാമിന്റെ കാലയളവ്, പ്രോഗ്രാമിനുള്ള മൊത്തം ക്രഡിറ്റ്, സെമസ്റ്ററിന്റെ എണ്ണം, ഓരോ സെമസ്റ്ററിനും ആവശ്യമായ ഏറ്റവും കുറഞ്ഞ ക്രഡിറ്റ്, സർവ്വകലാശാല അംഗീകരിച്ച സമാനമായതോ അനുബന്ധമായതോ കോർ പ്രോഗ്രാമിനോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ലെറ്റർ ഗ്രേഡിംഗ് സംവിധാനം എന്നിവയ്ക്ക് അനുയോജ്യമാണെന്ന് ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പു വരുത്തേണ്ടതാണ്:

എന്നുമാത്രമല്ല, പുതിയതോ പുനഃക്രമീകരിച്ചതോ ആയ പ്രോഗ്രാമിനുള്ള നിർദ്ദേശം സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരം താഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പു വരുത്തേണ്ടതാണ്:

എന്നുതന്നെയുമല്ല, തുടർവിലയിരുത്തലും അവസാന സെമസ്റ്റർ പരീക്ഷയും തമ്മിലുള്ള മാർക്കിന്റെ ശതമാനം വിഭജിച്ച് നൽകുവാൻ ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന് വിവേചനാധികാരം ഉണ്ടായിരിക്കുന്നതും എന്നിരുന്നാലും അവസാന സെമസ്റ്റർ പരീക്ഷയുടെ മാർക്കിന്റെ ശതമാനം മൊത്തം മാർക്കിന്റെ അറുപത് ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല.";

(ii) (iv)-ാം ഇനത്തിൽ "പരീക്ഷാ മേൽനോട്ടക്കാരുടെ നിയമനത്തിനു വേണ്ടിയുള്ള" എന്നീ വാക്കുകൾക്കു പകരം "പരീക്ഷാമേൽനോട്ടക്കാരുടെയും ചോദ്യപ്പേപ്പർ

തയ്യാറാക്കുന്നവരുടെയും നിയമനത്തിന് വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (v)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vi) പ്രോഗ്രാമിലേക്ക് പ്രവേശിപ്പിക്കപ്പെട്ട ഓരോ ബാച്ച് വിദ്യാർത്ഥികളെയും സംബന്ധിച്ച് അങ്ങനെയുള്ള ബാച്ച് വിദ്യാർത്ഥികളുടെ പ്രോഗ്രാം പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ പ്രോഗ്രാമിനും വേണ്ടി സ്വീകരിച്ചിട്ടുള്ള വിലയിരുത്തലിന്റെ രീതികളുടെയോ സംവിധാനങ്ങളുടെയോ അക്കാദമിക ഫലം വിലയിരുത്തുക;

(vii) സ്വയംഭരണ കോളേജിലെ ഒരു പ്രോഗ്രാമിനെ സംബന്ധിച്ച് തുടർച്ചയായ വിലയിരുത്തലിന്റെ രീതികൾ അല്ലെങ്കിൽ സംവിധാനങ്ങൾ പ്രോഗ്രാം ആരംഭിക്കുന്നതിനു മുമ്പ് തയ്യാറാക്കുക;

(viii) അക്കാദമിക ഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പുനഃപരിശോധനയും ഭേദഗതിയും നടത്തുകയും ആയത് കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്യുക.".

(എൻ) 68 ജെ വകുപ്പിൽ ,—

(i) മാർജിനൽ ശീർഷകത്തിലും (1)-ാം ഉപവകുപ്പിലും "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) സ്വയംഭരണ പദവി നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, അക്കാദമിക മികവ് തെളിയിച്ച വിദ്യാഭ്യാസ വിദഗ്ധൻ, വ്യവസായി, പ്രൊഫഷണൽ എന്നിവരായ മൂന്ന് വിശിഷ്ട ആളുകൾ, അവരിൽ ഒരാളെ ഗവേണിംഗ് ബോഡിയുടെ ചെയർമാനായി സർക്കാർ സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്;

(ബി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യുന്ന കോളേജിലെ ഒരു അദ്ധ്യാപകൻ ;

(സി) കോളേജിലെ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരാൾ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ധൻ അല്ലെങ്കിൽ വ്യവസായി;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഒരു പ്രതിനിധി ;

(ഐ) ചെയർമാൻ, കോളേജ് യൂണിയൻ ;

(ജെ) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് ബോഡിയുടെ എക്സ് -ഒഫിഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.";

(iii) (3)-ാം ഉപവകുപ്പിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്ക പകരം " ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) സ്വയംഭരണ പദവി നൽകപ്പെട്ട ഒരു സ്വകാര്യ കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) വിദ്യാഭ്യാസ ഏജൻസിയുടെ മാനേജർ, ചെയർമാൻ, ഡയറക്ടർ അല്ലെങ്കിൽ പ്രസിഡന്റ് - ചെയർമാൻ ;

(ബി) വിദ്യാഭ്യാസ ഏജൻസി നാമനിർദ്ദേശം ചെയ്യുന്ന, അക്കാദമിക താൽപ്പര്യം തെളിയിച്ച നാല് പേർ ;

(സി) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ റൊട്ടേഷൻ വഴി സ്വകാര്യ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന കോളേജിലെ ഒരു അദ്ധ്യാപകൻ;

(ഡി) സ്വകാര്യ കോളേജിലെ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരാൾ ;

(ഇ) വിദ്യാഭ്യാസ ഏജൻസി നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ധൻ അല്ലെങ്കിൽ വ്യവസായി ;

(എഫ്) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(ഐ) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഒരു പ്രതിനിധി ;

(ജെ) ചെയർമാൻ, കോളേജ് യൂണിയൻ ;

(കെ) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് ബോഡിയുടെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.".

(ഒ) 68 <u>കെ</u> വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"68<u>കെ</u>. <u>ഗവേണിംഗ് ബോഡിയുടെ ഔദ്യോഗിക കാലാവധി</u>.— ഗവേണിംഗ് ബോഡിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി മൂന്ന് വർഷക്കാലയളവ് ആയിരിക്കുന്നതും ഒരു അധിക കാലയളവിലേയ്ക്ക് പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ് :

എന്നാൽ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഗവേണിംഗ് ബോഡിയിലെ അംഗം, നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ് :

എന്നുമാത്രമല്ല ഔദ്യോഗിക സ്ഥാനം ഹേതുവായി ഗവേണിംഗ് ബോഡിയിൽ അംഗമായിട്ടുള്ള ഒരാൾ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം അവസാനിക്കുമ്പോഴോ നാമനിർദ്ദേശ കാലാവധി പൂർത്തിയാക്കുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അതോടെ അതിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ് :

എന്നുതന്നെയുമല്ല ഗവേണിംഗ് ബോഡിയിൽ ഒരു അംഗം ആയ ഒരു വിദ്യാർത്ഥി, കോളേജ് യൂണിയന്റെ കാലാവധി അവസാനിക്കുമ്പോഴോ കോളേജിലെ ഒരു വിദ്യാർത്ഥി അല്ലാതായിത്തീരുമ്പോഴോ ഏതാണോ ആദ്യം വരുന്നത്, അതോടെ അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതാണ്.”.

(പി) 68എൽ വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“68എൽ. ഗവേണിംഗ് ബോഡിയുടെ യോഗം.—(1) ഗവേണിംഗ് ബോഡി സാധാരണ ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്:

എന്നാൽ, ഗവേണിംഗ് ബോഡിയിലെ മൂന്നിലൊന്നിൽ കുറയാതെയുള്ള അംഗങ്ങളുടെ രേഖാമൂലമുള്ള ഒരു അപേക്ഷ ലഭിച്ച് പത്ത് പൂർണ്ണ ദിവസങ്ങൾക്കകം ചെയർമാൻ, ഗവേണിംഗ് ബോഡിയുടെ യോഗം വിളിച്ചു കൂട്ടേണ്ടതാണ്.

(2) ഗവേണിംഗ് ബോഡിയുടെ ഒരു യോഗത്തിന്റെ ക്വാറം അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(3) ഗവേണിംഗ് ബോഡിയുടെ മെമ്പർ സെക്രട്ടറി, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാല് പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(4) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും പത്ത് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഗവേണിംഗ് ബോഡിയിലെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(5) യോഗത്തിൽ പങ്കെടുത്ത ഗവേണിംഗ് ബോഡിയിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കാൻ

അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.".

(ക്യൂ) 68എം വകുപ്പിൽ, (v) -ാം ഇനത്തിനും ക്ലിപ്തനിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(v) സർവ്വകലാശാലയുടെ അംഗീകാരത്തോടെയോ അനുമതിയോടെയോ മൈഗ്രേഷൻ സർട്ടിഫിക്കറ്റും പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റും നൽകുക.".

(ആർ) 68എം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"68എംഎ. ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) നാഷണൽ അക്രഡിറ്റേഷൻ ആന്റ് അസ്സസ്സ്മെന്റ് കൗൺസിലിന്റെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും റെഗുലേഷനുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി ഓരോ സ്വയംഭരണ കോളേജിനും ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കുന്നതാണ്.

(2) സർവ്വകലാശാലയുടെ അധികാരിതയിൻ കീഴിൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി രൂപീകരിച്ച ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു എക്സ്റ്റേണൽ പിയർ ടീം ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന, ഒരു വിശിഷ്ടനായ അക്കാദമിക അംഗം- ചെയർമാൻ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അക്കാദമിക വിദഗ്ധർ.

(3) എക്സ്റ്റേണൽ പിയർ ടീമിന്റെ കാലാവധി നാല് വർഷക്കാലമായിരിക്കുന്നതാണ്.

(4) എക്സ്റ്റേണൽ പിയർ ടീം അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിന്റെ കടമകൾ നിർവ്വഹിക്കുന്നതിനും അതിന്റേതായ നടപടിക്രമങ്ങൾ തയ്യാറാക്കേണ്ടതാണ്.

(5) എക്സ്റ്റേണൽ പിയർ ടീം, അക്കാദമിക പ്രവർത്തനങ്ങളായ അദ്ധ്യാപന-പഠന പ്രക്രിയ, പരീക്ഷാ നടത്തിപ്പ്, അക്കാദമിക ഫലങ്ങളുടെ നേട്ടം എന്നീ

വിവിധ മേഖലകളിലെ സ്വയംഭരണ കോളേജിന്റെ സമഗ്രമായ പ്രകടനം അവലോകനം ചെയ്യേണ്ടതാണ്. എക്സ്റ്റേണൽ പിയർ ടീം അതിന്റെ റിപ്പോർട്ട് സർവ്വകലാശാലയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്. സർവ്വകലാശാല, റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം അതിന്റെ ശിപാർശ സഹിതം അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്. എക്സ്റ്റേണൽ പിയർ ടീം, അതിന്റെ അധികാരിതയിൻ കീഴിലുള്ള എല്ലാ സ്വയംഭരണ കോളേജിലും വർഷത്തിൽ ഒരിക്കലെങ്കിലും അവലോകനം നടത്തേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും കടമകളും പ്രവർത്തനങ്ങളും സർവ്വകലാശാല കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

68 <u>എംബി</u>. <u>ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി</u> .—(1) സർവ്വകലാശാല, ആക്റ്റിന്റെ VIII<u>ബി</u> അദ്ധ്യായത്തിലെ ആവശ്യത്തിലേയ്ക്കായി, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു പരാതി പരിഹാര സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

(എ) വൈസ്-ചാൻസലർ - ചെയർമാൻ ;

(ബി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി - അംഗം;

(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതിയിലെ ഒരു അംഗം - അംഗം;

(ഡി) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു സ്വയംഭരണ കോളേജിന്റെ ഒരു മാനേജർ - അംഗം.

(2) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിയുടെ കാലാവധി അതിന്റെ രൂപീകരണ തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിക്ക്, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംഭരണ കോളേജുകളിലെ പ്രവേശനം, ഫീസ് എന്നിവ സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനും തീർപ്പാക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി അതിന്റെ കാര്യങ്ങൾ നടത്തുന്നതിനും പ്രവർത്തനങ്ങൾക്കും വേണ്ടി അതിന്റേതായ നടപടിക്രമങ്ങൾ തയ്യാറാക്കേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിയുടെ തീരുമാനങ്ങളും ഉത്തരവുകളും കക്ഷികൾക്ക് ബാധകമായിരിക്കുന്നതാണ്.

68എംസി. ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി.—(1) സർവ്വകലാശാല, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

(എ) പ്രോ-വൈസ്-ചാൻസലർ - ചെയർമാൻ ;

(ബി) സിൻഡിക്കേറ്റിലെ അംഗങ്ങൾ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത രണ്ടു പേർ ;

(സി) പ്രത്യേക ക്ഷണിതാവായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാല നടത്തുന്ന ബന്ധപ്പെട്ട അല്ലെങ്കിൽ അനുബന്ധ പ്രോഗ്രാമിന്റെ വകുപ്പ് തലവൻ ;

(ഡി) പ്രത്യേക ക്ഷണിതാവായി, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഫാക്കൽറ്റി ഡീൻ ;

(ഇ) പ്രത്യേക ക്ഷണിതാക്കളായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ, സർവ്വകലാശാലയുടെ പഠന ബോർഡിലെ രണ്ട് അംഗങ്ങൾ ;

(എഫ്) പ്രത്യേക ക്ഷണിതാക്കളായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ മൂന്ന് വിദഗ്ദ്ധർ ;

(ജി) സർവ്വകലാശാലയുടെ രജിസ്ട്രാർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ കാലാവധി അവരെ തെരഞ്ഞെടുത്ത സിൻഡിക്കേറ്റിന്റെ കാലാവധി അവസാനിക്കുന്നതോടെ തീരുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിലെ വിദഗ്ദ്ധ സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം പ്രത്യേക ക്ഷണിതാക്കൾ അല്ലാതെയുള്ള അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

68 എംഡി. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി.—(1) ഓരോ സ്വയംഭരണ കോളേജിനും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) കോളേജിന്റെ പ്രിൻസിപ്പാൾ - ചെയർമാൻ;

(ബി) ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത രണ്ടു പേർ ;

(സി) കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ;

(ഡി) സർവ്വകലാശാലയുടെ ഫൈനാൻസ് ഓഫീസർ.

(2) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്. എന്നാൽ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ ചെയർമാൻ, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാലു പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(3) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ പത്ത് പൂർണ്ണ ദിവസങ്ങൾക്കകം ധനകാര്യ സമിതിയിലെ എല്ലാ അംഗങ്ങളേയും അറിയിക്കേണ്ടതുമാണ്.

(4) യോഗത്തിൽ പങ്കെടുത്ത, ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കാൻ അർഹത യുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അംഗങ്ങളെ അറിയിക്കേണ്ടതുമാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കടമകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) അതിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന അങ്ങനെയുള്ള കാര്യങ്ങളിന്മേൽ ഗവേണിംഗ് ബോഡിയെ ഉപദേശിക്കുക ;

(ബി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, സർവ്വകലാശാല, സർക്കാർ എന്നിവയിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും മറ്റ് തുകകളും സംബന്ധിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുക ;

(സി) കോളേജുമായി ബന്ധപ്പെട്ട ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും സൂക്ഷ്മ പരിശോധന നടത്തുകയും അംഗീകരിക്കുകയും ചെയ്യുക.

68എംഇ. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി.— (1) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) കോളേജ് പ്രിൻസിപ്പാൾ - ചെയർമാൻ ;

(ബി) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിലെ മൂന്ന് സീനിയർ അദ്ധ്യാപകർ, അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ് ;

(സി) ചെയർമാൻ, കോളേജ് യൂണിയൻ ;

(ഡി) സ്വയംഭരണ കോളേജിന്റെ അദ്ധ്യാപക-രക്ഷാകർത്തൃ അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു രക്ഷകർത്താവ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ കാലാവധി രണ്ട് വർഷം ആയിരിക്കുന്നതാണ്. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്, എന്നാൽ ഓരോ അക്കാദമിക വർഷത്തിന്റെയും ആദ്യ മാസത്തിൽ യോഗം ചേരേണ്ടതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി, വിദ്യാർത്ഥികളുടെ പരാതി പരിഹരിക്കുന്നതിനായി, സർവ്വകലാശാല അതിന്റെ റെഗുലേഷനുകൾ വഴി കാലാകാലങ്ങളിൽ നിശ്ചയിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ ശിപാർശ, കോളേജിന്റെ പ്രിൻസിപ്പാൾ പരിഗണിക്കേണ്ടതും ഉചിതമായ

തീരുമാനമെടുക്കേണ്ടതും പരാതി കൈപ്പറ്റിയ തീയതി മുതൽ പതിനാല് ദിവസ കാലയളവിനകം, സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥിയെ അറിയിക്കേണ്ടതുമാണ്. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ റിപ്പോർട്ടും ശിപാർശയും അതിന്മേൽ പ്രിൻസിപ്പാൾ എടുത്ത തീരുമാനവും വൈസ്-ചാൻസലറെ അറിയിക്കേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ പതിനാല് ദിവസങ്ങൾക്കകം വൈസ്-ചാൻസലർക്ക് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്. സർവ്വകലാശാലയുടെ വൈസ്-ചാൻസലർ അങ്ങനെയുള്ള അപ്പീലിൽ ബന്ധപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം, അറുപത് ദിവസങ്ങൾക്കകം തീരുമാനമെടുക്കേണ്ടതാണ്.".

(എസ്) 68എൻ വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"68എൻ. ഒരു കോളേജിന് സ്വയംഭരണ പദവി നൽകുന്നതിനോ ദീർഘിപ്പിക്കുന്നതിനോ ഉള്ള നടപടിക്രമം.— (1) ഒരു കോളേജ് അതിന്റെ പദവി ഒരു സ്വയംഭരണം എന്നതിലേയ്ക്ക് മാറ്റാൻ ഉദ്ദേശിക്കുന്നിടത്ത്, അത്, വർഷത്തിൽ ഏതു സമയത്തും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിനിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ സർവ്വകലാശാലയ്ക്ക് ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) അപേക്ഷ സ്വീകരിക്കുന്നതിന്മേൽ, അപേക്ഷ കൈപ്പറ്റി ഏഴു ദിവസങ്ങൾക്കകം സിൻഡിക്കേറ്റോ നിർവ്വാഹക സമിതിയോ ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയിലെ അഞ്ച് അംഗങ്ങൾ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ, അതിന്റെ അക്കാദമിക പ്രകടനം, അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത, രഹസ്യാത്മകതയോടെയും സുതാര്യതയോടെയും വിലയിരുത്തലും മൂല്യനിർണ്ണയവും നടത്തുന്നതിന് യോഗ്യതയുള്ള ഫാക്കൽറ്റി സൗകര്യങ്ങൾ, ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും പ്രകാരമുള്ള വിവിധ സ്റ്റാറ്റ്യൂട്ടറി സമിതികളുടെ പ്രവർത്തനങ്ങളുടെ നിലനിൽപ്പ് എന്നിവ കോളേജ് നിറവേറ്റുന്നുണ്ടോ എന്നത് സമിതി പരിശോധിക്കേണ്ടതും സമിതി അതിന്റെ റിപ്പോർട്ട് ഏഴു ദിവസങ്ങൾക്കകം വൈസ്-ചാൻസലർക്ക് സമർപ്പിക്കേണ്ടതുമാണ്.

(3) വൈസ്-ചാൻസലർ, സമിതിയുടെ റിപ്പോർട്ട് പരിഗണിക്കേണ്ടതും അപേക്ഷ കൈപ്പറ്റി മുപ്പത് ദിവസങ്ങൾക്കകം ആവശ്യമായ അങ്ങനെയുള്ള രേഖകൾ സഹിതം അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്

അയയ്ക്കേണ്ടതുമാണ്. വൈസ്-ചാൻസലർ അപേക്ഷ നിരസിക്കുന്നിടത്ത്, അദ്ദേഹത്തിന്റെ തീരുമാനം കോളേജിനെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെയും അറിയിക്കേണ്ടതുമാണ്. സർവ്വകലാശാലയുടെ തീരുമാനം സർക്കാരിനും കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(4) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആവശ്യപ്പെടുമ്പോഴെല്ലാം ഒരു ഉടനടി സ്ഥല സന്ദർശനത്തിനായി സർവ്വകലാശാലയും സർക്കാരും അവരുടെ നോമിനികളെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിദഗ്ദ്ധ സമിതിക്ക് നൽകേണ്ടതാണ്.

(5) ഒരു കോളേജിന് സ്വയംഭരണ പദവി നൽകുന്നതിനോ ദീർഘിപ്പിക്കുന്നതിനോ ഉള്ള അപേക്ഷ ഏതൊരു കാരണത്താലും നിരസിക്കപ്പെടുന്നിടത്ത്, കോളേജിന്, അതിന്റെ മുൻ അപേക്ഷ അങ്ങനെയുള്ള നിരസിക്കൽ ചെയ്ത തീയതി മുതൽ ഒരു വർഷത്തിനകം വീണ്ടും അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജ്, സ്വയംഭരണ കാലാവധി അവസാനിക്കുന്നതിന് ആറു മാസങ്ങൾക്ക് മുൻപ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ സ്വയംഭരണ പദവി ദീർഘിപ്പിക്കലിനായി അപേക്ഷിക്കേണ്ടതാണ്.

(7) നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ അല്ലെങ്കിൽ നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ നിശ്ചയിച്ചിട്ടുള്ള അക്രഡിറ്റേഷൻ കാലാവധി അവസാനിക്കുന്ന സംഗതിയിൽ, സ്വയംഭരണ പദവി ദീർഘിപ്പിക്കാൻ ആവശ്യപ്പെടുന്ന കോളേജ്, സ്വയംഭരണ പദവി ദീർഘിപ്പിക്കലിന് അർഹത നേടുന്നതിനു വേണ്ടി നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെയോ നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെയോ അക്രഡിറ്റേഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ള താണെന്നതിന്റെ ഒരു തെളിവ് സമർപ്പിക്കേണ്ടതാണ്.

(8) ഒരു സ്വയംഭരണ കോളേജ് അതിന്റെ സ്വയംഭരണ പദവി തിരികെ നൽകാൻ ഉദ്ദേശിക്കുന്നിടത്ത്, ഗവേണിംഗ് ബോഡിയുടെ പ്രമേയം സർവ്വകലാശാല മുഖേന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അങ്ങനെയുള്ള പ്രമേയം പരിഗണിക്കുന്നതിനായി അയച്ചുകൊടുക്കുന്നതിനുള്ള കൃത്യമായ നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

(റ്റി) 68ഒ വകുപ്പിൽ (1)-ാം ഉപവകുപ്പിനും ക്ലിപ്തനിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) കോളേജിന്റെ പ്രിൻസിപ്പാൾ, ഓരോ സ്വയംഭരണ കോളേജിനും, കോളേജിലെ ഒരു അദ്ധ്യാപകൻ തലവനായുള്ള ഒരു പരീക്ഷാ സെൽ രൂപീകരിക്കേണ്ടതാണ്." .

(യു) 68പി വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"68പിഎ. ഒരു സ്വയംഭരണ കോളേജിന്റെ അധികാരങ്ങളും കടമകളും.—(1) ഒരു സ്വയംഭരണ കോളേജ്, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ സർവ്വകലാശാല കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്റ്റാറ്റ്യൂട്ടറി മാർഗ്ഗനിർദ്ദേശങ്ങൾ, ഉത്തരവുകൾ, റെഗുലേഷനുകൾ എന്നിവകൾക്ക് അനുസൃതമായി അക്കാദമിക ഗുണനിലവാരവും മാനദണ്ഡവും തുടർച്ചയായി കാത്തുസൂക്ഷിക്കേണ്ടതാണ്.

(2) സ്വയംഭരണ കോളേജ്, നിലവിലുള്ള അക്രഡിറ്റേഷൻ പദവി, ദേശീയ റാങ്കിംഗ്, നൽകുന്ന പ്രോഗ്രാമുകൾ, പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്, ഫീസും പ്രോഗ്രാമുകൾക്കായി വിദ്യാർത്ഥികൾ അടയ്ക്കേണ്ട മറ്റ് എല്ലാ തുകകളും, ഫാക്കൽറ്റിയുടെ പ്രൊഫൈൽ, പ്രവേശന നടപടിക്രമങ്ങൾ, ഉചിതമായ അടിസ്ഥാനസൗകര്യങ്ങളുടെ വിശദാംശങ്ങൾ, കോളേജിന്റെ ഗവേഷണ പ്രവർത്തനങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച വിവരം വീഴ്ച കൂടാതെ അതിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

(3) സ്വയംഭരണ കോളേജ്, 68ഇ വകുപ്പിൽ പരാമർശിച്ചിരിക്കുന്ന അധികാരസ്ഥാനങ്ങളുടെ ഘടനയും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിലെ അംഗങ്ങളുടെ പ്രൊഫൈലും അതിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. അധികാരസ്ഥാനങ്ങളുടെ അംഗീകരിച്ച നടപടിക്കുറിപ്പുകളും അതിന്മേൽ സ്വീകരിച്ച നടപടിയും കൂടി അതിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

(4) സ്വയംഭരണ കോളേജ്, അതിന്റെ വെബ്സൈറ്റിൽ അക്കൗണ്ടുകളുടെ വിശദമായ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും വാർഷിക ബഡ്ജറ്റും സ്ഥാപന വികസന പദ്ധതികളും ഉൾപ്പെടുത്തേണ്ടതാണ്.

(5) സ്വയംഭരണ കോളേജിന്, നിലവിലുള്ള കോഴ്സുകളോ പ്രോഗ്രാമുകളോ പുനഃപരിശോധിക്കാവുന്നതും ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അതിന്റെ കോഴ്സുകൾ, പഠന പ്രോഗ്രാമുകൾ, സിലബസ് എന്നിവ പുന:ക്രമീകരിക്കാവുന്നതും വീണ്ടും രൂപകൽപന ചെയ്യാവുന്നതും നിശ്ചയിക്കാവുന്നതുമാണ്.

(6) സ്വയംഭരണ കോളേജിന്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 2014-ലെ സ്പെസിഫിക്കേഷൻ ഓഫ് ഡിഗ്രീസ് പ്രകാരം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിനിർദ്ദേശിച്ചിട്ടുള്ള നാമകരണത്തിൽ ഉൾപ്പെടുന്ന പുതിയ കോഴ്സുകൾ അല്ലെങ്കിൽ പ്രോഗ്രാമുകൾ ആവിഷ്കരിക്കാവുന്നതാണ്.

(7) സ്വയംഭരണ കോളേജിന്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, വിദ്യാർത്ഥികളുടെ പ്രകടനം വിലയിരുത്തൽ, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനങ്ങളുടെ വിജ്ഞാപനം എന്നിവയ്ക്കുള്ള രീതികൾ ആവിഷ്കരിക്കാവുന്നതാണ്.

(8) സ്വയംഭരണ കോളേജിന്, ഫലങ്ങൾ പ്രഖ്യാപിക്കാവുന്നതും മാർക്ക് ഷീറ്റുകളും മറ്റ് സർട്ടിഫിക്കറ്റുകളും നൽകാവുന്നതും, എന്നിരുന്നാലും, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, ബിരുദ സർട്ടിഫിക്കറ്റിൽ കോളേജിന്റെ പേരോടുകൂടിയ ബിരുദം സർവ്വകലാശാല നൽകേണ്ടതുമാണ്.

(9) സ്വയംഭരണ കോളേജ്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി, സ്വയംഭരണ പദവി നൽകുകയോ ദീർഘിപ്പിക്കുകയോ ചെയ്യുന്ന സമയത്ത് ഒറ്റത്തവണ അഫിലിയേഷൻ ഫീസും അങ്ങനെയുള്ള മറ്റ് തുകകളും സർവ്വകലാശാലയ്ക്ക് നൽകേണ്ടതാണ്.

(10) സ്വയംഭരണ കോളേജ്, ഈ അദ്ധ്യായത്തിൻ കീഴിൽ രൂപീകരിക്കേണ്ടത് ആവശ്യമായ ഗവേണിംഗ് ബോഡി, അക്കാദമിക കൗൺസിൽ, പഠന ബോർഡ്, ധനകാര്യ സമിതി, വിദ്യാർത്ഥി പരാതി പരിഹാര സമിതി, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നിവ രൂപീകരിക്കേണ്ടതാണ്.

(11) സ്വയംഭരണ കോളേജ്, 2009-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് ഓൺ കർബിംഗ് ദി മെനസ് ഓഫ് റാഗിംഗ് ഇൻ ഹയർ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് പ്രകാരം ആവശ്യമായ ഒരു ആന്റി റാഗിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(12) സ്വയംഭരണ കോളേജ്, 2015-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (പ്രിവൻഷൻ, പ്രോഹിബിഷൻ ആന്റ് റിഡ്രസൽ ഓഫ് സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വിമൺ എംപ്ലോയീസ് ആന്റ് സ്റ്റുഡന്റ്സ് ഇൻ ഹയർ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റെഗുലേഷൻസ് പ്രകാരം ആവശ്യമായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(13) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്വയംഭരണ കോളേജ്, അദ്ധ്യാപകരെയും മറ്റ് അക്കാദമിക ജീവനക്കാരെയും, 2018-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (മിനിമം ക്വാളിഫിക്കേഷൻസ് ഫോർ അപ്പോയിന്റ്മെന്റ് ഓഫ് ടീച്ചേഴ്സ് ആന്റ് അദർ അക്കാദമിക് സ്റ്റാഫ് ഇൻ യൂണിവേഴ്സിറ്റീസ് ആന്റ് കോളേജസ് ആന്റ് മെഷേഴ്സ് ഫോർ ദി മെയിന്റനൻസ് ഓഫ് സ്റ്റാൻഡേർഡ്സ് ഇൻ ഹയർ എഡ്യുക്കേഷൻ) റെഗുലേഷൻസ് പ്രകാരം നിയമിക്കേണ്ടതാണ്.

(14) സ്വയംഭരണ കോളേജ്, ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കും സർക്കാരുമായോ സർവ്വകലാശാലയുമായോ ഏർപ്പെട്ട കരാറുകൾക്കും വിധേയമായി, സ്വയംഭരണ പദവി നൽകുന്നതിനു മുമ്പായി ഫണ്ട് സ്വീകരിച്ച പ്രകാരം തുടർന്നും സ്വീകരിക്കേണ്ടതാണ്.

(15) കോളേജിന് നൽകിയിട്ടുള്ള സ്വയംഭരണാധികാരം സ്ഥാപന തലത്തിലുള്ളതും ഭാഗികമല്ലാത്തതും കോളേജ് നൽകുന്ന ബിരുദം, ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി. എന്നിങ്ങനെയുള്ള എല്ലാ തലങ്ങളിലുമുള്ള പ്രോഗ്രാമുകൾ ഉൾപ്പെടുന്നതും സ്വയംഭരണ പദവി നൽകിയതിനു ശേഷം കോളേജ് ആരംഭിക്കുന്ന പ്രോഗ്രാമുകളും ഉൾപ്പെടുന്നതുമാണ്.

(16) സ്വയംഭരണ പദവി നൽകൽ അല്ലെങ്കിൽ ദീർഘിപ്പിക്കൽ സമയത്തുള്ള സ്വയംഭരണ കോളേജിൽ പേരു ചേർത്തിട്ടുള്ള വിദ്യാർത്ഥികളെ കൂടി സ്വയംഭരണ പദവിയിൽ ഉൾപ്പെടുത്തേണ്ടതാണ്.” .

(vi) 68 ക്യൂ വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ “ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ” എന്നീ വാക്കുകൾക്കു പകരം “ ഈ അദ്ധ്യായത്തിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2) മുതൽ (17) വരെയുള്ള ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“(2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകിയ സ്വയംഭരണ പദവിയുടെ കാലയളവിലേക്കോ സ്വയംഭരണ പദവിയുടെ ദീർഘിപ്പിക്കപ്പെട്ട കാലയളവിലേക്കോ, അതതുസംഗതിപോലെ, ഒരു സ്വയംഭരണ കോളേജിൽ നിന്നുള്ള ഒറ്റത്തവണ അഫിലിയേഷൻ ഫീസും ഒരു സ്വയംഭരണ കോളേജ് നൽകേണ്ടതായ നിശ്ചിത ശീർഷകം അല്ലെങ്കിൽ ഇനത്തിൻ കീഴിലുള്ള മറ്റ് ഫീസുകളും നിശ്ചയിക്കുകയും ആവശ്യപ്പെടുകയും ചെയ്യുക.

(3) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി, കോളേജിൽ ഒരു പുതിയ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം അംഗീകരിക്കുകയും സർവ്വകലാശാലക്ക് സമർപ്പിക്കുകയും ചെയ്യുന്നിടത്ത്, നിർദ്ദേശം പരിഗണിക്കുന്നതിനും ഉചിതമായ തീരുമാനത്തിനുമായി വൈസ്-ചാൻസലർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി മുമ്പാകെ നിർദ്ദേശം വയ്പ്പിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ഓരോ നിർദ്ദേശവും ഓരോ വർഷവും ഒക്ടോബർ 31-ാം തീയതിയോ അതിനു മുൻപോ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി, സർവ്വകലാശാലയുടെ നിർദ്ദേശം കൈപ്പറ്റി തൊണ്ണൂറ് ദിവസങ്ങൾക്കകം നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ വൈസ്-ചാൻസലർക്ക് പുന:സമർപ്പണത്തിനായി തിരിച്ചയച്ച് കൊടുത്തു കൊണ്ടോ ഒരു തീരുമാനമെടുക്കേണ്ടതും, വൈസ്-ചാൻസലർ ഒരു സർവ്വകലാശാലയുടെ തീരുമാനമായി ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അങ്ങനെയുള്ള തീരുമാനം അറിയിക്കേണ്ടതുമാണ്:

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി, പ്രോഗ്രാമിന്റെ കാലയളവ്, സെമസ്റ്ററുകളുടെ എണ്ണം, ഓരോ സെമസ്റ്ററിനും ആവശ്യമായ ഏറ്റവും കുറഞ്ഞ ക്രഡിറ്റുകൾ, പ്രോഗ്രാമിനു വേണ്ടിയുള്ള മൊത്തം ക്രഡിറ്റുകൾ, സർവ്വകലാശാല നടത്തുന്ന സമാനമായ പ്രോഗ്രാമിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള ലെറ്റർ ഗ്രേഡിംഗ് സംവിധാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദേശം പരിഗണിക്കേണ്ടതും നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അറിയിക്കുന്നതിനായി വൈസ്-ചാൻസലർക്ക് പുനഃസമർപ്പണത്തിനായി നിർദ്ദേശം തിരികെ നൽകുന്നതിനോ മുൻപായി നിർദ്ദേശം അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതോ രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ താൽപര്യത്തിന് എതിരാകുന്നതോ ആയ ഫലം ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്:

എന്നുമാത്രമല്ല, നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ സർവ്വകലാശാലയ്ക്ക് നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്കകം സർവ്വകലാശാലയുടെ തീരുമാനം അറിയിക്കാത്തിടത്ത്, നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി, വൈസ്-ചാൻസലർക്ക് നിർദ്ദേശം പുനഃസമർപ്പണത്തിനായി തിരികെ നൽകുന്നിടത്ത്, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ചതിനു ശേഷം നാൽപത്തിയഞ്ച് ദിവസങ്ങൾക്കകം നിർദ്ദേശം പുന:സമർപ്പിക്കുന്നതിനായി, വൈസ്-ചാൻസലർ സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിക്ക് തിരികെ നൽകുവാൻ ഇടയാക്കേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി, പുനഃസമർപ്പിച്ച നിർദ്ദേശം കൈപ്പറ്റി, മുപ്പത് ദിവസങ്ങൾക്കകം നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ് :

എന്നാൽ, സർവ്വകലാശാലയ്ക്ക് നിർദ്ദേശം പുന:സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം വൈസ്-ചാൻസലർ സർവ്വകലാശാലയുടെ തീരുമാനം, നിർദ്ദേശം പുനഃസമർപ്പിച്ച ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അറിയിക്കാതിരിക്കുന്നിടത്ത്, നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(7) വൈസ്-ചാൻസലർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടും അതിന്മേലെടുത്ത തീരുമാനവും സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(8) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും നിബന്ധനകൾ സ്വയംഭരണ പദവി ലഭിച്ച ഒരു കോളേജ് ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനും സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(9) സിൻഡിക്കേറ്റിന്, (8)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, കോളേജ് പരിശോധിക്കാനും അതിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കാനും പരിശോധനയുടെ ആവശ്യത്തിന് പ്രസക്തമായ തെളിവ് ശേഖരിക്കുന്നതിനുമായി, അതിന് യുക്തമെന്നു കരുതുന്ന, അങ്ങനെയുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കാവുന്നതും, അതിലേയ്ക്കായി സമിതി ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും രേഖകളും സമിതി നിശ്ചയിച്ചിട്ടുള്ള തീയതിയിലും സമയത്തും സ്വയംഭരണ കോളേജ് നൽകേണ്ടതാണ്:

എന്നാൽ, സ്വയംഭരണ പദവി ലഭിച്ച കോളേജ് സ്വീകരിച്ച സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യത്തിലുള്ള അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച രേഖാമൂലമുള്ള പരാതിയിലോ വിവരത്തിലോ മാത്രമായിരിക്കും അങ്ങനെയുള്ള അന്വേഷണത്തിന്റെ വ്യാപ്തി.

(10) (9)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സമിതി, ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം മാത്രം അതിന്റെ റിപ്പോർട്ട് അന്തിമമാക്കേണ്ടതാണ്.

(11) സിൻഡിക്കേറ്റ്, പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷം, കോളേജിന് നൽകപ്പെട്ടിട്ടുള്ള സ്വയംഭരണ പദവി താൽക്കാലികമായി നിർത്തലാക്കേണ്ടതാണെന്നോ റദ്ദാക്കേണ്ടതാണെന്നോ അഭിപ്രായമുള്ള പക്ഷം, ആയത് സർവ്വകലാശാലയുടെ ശിപാർശയായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ അറിയിക്കേണ്ടതാണ്.

(12) ഒരു സ്വയംഭരണ കോളേജുമായി ബന്ധപ്പെട്ട് സർക്കാരിന് രേഖാമൂലമുള്ള എന്തെങ്കിലും പരാതിയോ വിവരമോ ലഭിക്കുന്ന പക്ഷം, സർക്കാരിന്, പരാതിയുടെയും വിവരത്തിന്റെയും ഉള്ളടക്കം കൃത്യമായി പരിഗണിച്ചതിനു ശേഷം, അത് അപ്രകാരം കരുതുന്ന പക്ഷം, ആവശ്യമായ നടപടിക്കായി സർവ്വകലാശാലയ്ക്ക് റഫർ ചെയ്യേണ്ടതാണ്:

എന്നാൽ, സ്വയംഭരണ പദവി ലഭിച്ച കോളേജ് സ്വീകരിച്ച സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യത്തിലുള്ള അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച രേഖാമൂലമുള്ള പരാതിയിലോ വിവരത്തിലോ മാത്രമായിരിക്കും അങ്ങനെയുള്ള പരാമർശത്തിന്റെ വ്യാപ്തി.

(13) (12)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നടത്തിയ ഒരു റഫറൻസ് സംബന്ധിച്ച് (8), (9), (10) എന്നീ ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമവും നടപടിയും പാലിക്കേണ്ടതാണ്.

(14) ഓരോ സ്വയംഭരണ കോളേജും അത് കോളേജിൽ നടത്താൻ ഉദ്ദേശിക്കുന്ന, നിശ്ചയിച്ചിട്ടുള്ള ആദ്യ പരീക്ഷകളുടെ തീയതിക്ക് മുമ്പുള്ള ആറ് മാസങ്ങൾക്കകം ഒരു പരീക്ഷാ മാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള സമർപ്പണത്തിന്റെ അറുപത് ദിവസങ്ങൾക്കകം സർവ്വകലാശാലാ പരീക്ഷാ മാന്വലിന്മേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. സ്വയംഭരണ കോളേജ്, അതിന്റെ പരീക്ഷാ മാന്വലിൽ സർവ്വകലാശാല ഉൾപ്പെടുത്താൻ ആവശ്യപ്പെട്ട ഭേദഗതികൾ ഉൾപ്പെടുത്തേണ്ടതും ആയത് സർവ്വകലാശാലയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.".

(ഡബ്ല്യൂ) 68 <u>ആർ</u> വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എക്സ്) 68<u>എസ്</u> വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"68<u>എസ്. സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം</u>.— സർക്കാരും സർവ്വകലാശാലയും സ്വയംഭരണ കോളേജ് അല്ലെങ്കിൽ സ്വയംഭരണ പദവിക്ക് അപേക്ഷിക്കുന്ന ഒരു കോളേജുമായുള്ള എല്ലാ കത്തിടപാടുകളും പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.".

(വൈ) 68റ്റി വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"68റ്റി. ഈ അദ്ധ്യായത്തിനുകീഴിലുള്ള ഒരു സ്വയംഭരണ കോളേജിന്റെ അധികാരസ്ഥാനങ്ങളിലുള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.— ഈ അദ്ധ്യായത്തിൻ കീഴിൽ, ഒരു സ്വയംഭരണ കോളേജിന്റെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ യാതൊരു തീരുമാനവും അങ്ങനെയുള്ള അധികാരസ്ഥാനത്തുള്ള ഒരു ഒഴിവ് നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.".

4. 1985-ലെ 12-ാം ആക്റ്റിനുള്ള ഭേദഗതി.— 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) ,—

(എ) 2-ാം വകുപ്പിൽ,—

(i) (1) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (4എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(4എ) " സ്വയംഭരണ കോളേജ്" എന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയതും സർവ്വകലാശാല, വിജ്ഞാപനം വഴി അപ്രകാരം പ്രഖ്യാപിച്ചതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;";

(iii) (4ബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(4ബി) "സ്വയംഭരണം" എന്നാൽ ആക്റ്റിലെ അദ്ധ്യായം IX-ലെ വ്യവസ്ഥകൾക്കനുസൃതമായി പഠന പ്രോഗ്രാമുകൾ നടത്തുക, അതിന്റെ സിലബസും പാഠ്യപദ്ധതിയും വികസിപ്പിക്കുക, അദ്ധ്യയനം, പഠനവും വിലയിരുത്തലും, മൂല്യനിർണ്ണയം എന്നിവയ്ക്കുള്ള രീതികൾ ആസൂത്രണം ചെയ്യുക, ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും സർവ്വകലാശാല നൽകുന്നതിലേയ്ക്കുള്ള പരീക്ഷകൾ നടത്തുന്നതിനും, ബന്ധപ്പെട്ട പഠന പ്രോഗ്രാമുകളുടെ ഫലങ്ങൾ പ്രസിദ്ധീകരിക്കൽ എന്നിവയ്ക്കായി ഒരു കോളേജിന് നൽകിയിട്ടുള്ള ഒരു വിശേഷാധികാരം എന്നർത്ഥമാകുന്നു;";

(iv) (5എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(5എ) " ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 109-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഒരു പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ വേണ്ടിയുള്ള പഠന ബോർഡ് എന്നർത്ഥമാകുന്നു;";

(v) (7)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(7എ) "ഒരു സ്വയംഭരണ കോളേജിന്റെ തർക്ക പരിഹാര സമിതി" എന്നാൽ 114ബി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ തർക്ക പരിഹാര സമിതി എന്നർത്ഥമാകുന്നു;

(7ബി) " കോഴ്സ്" എന്നാൽ ആക്റ്റിലെ അദ്ധ്യായം IX-ലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു പ്രോഗ്രാം ഉൾക്കൊള്ളുന്ന വിഷയങ്ങളിൽ ഒന്ന് എന്നർത്ഥമാകുന്നു;" ;

(vi) (9)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(9എ) " ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി" എന്നാൽ 114സി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി എന്നർത്ഥമാകുന്നു;";

(vii) (10എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(10എ) "ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി" എന്നാൽ 114 ഡി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി എന്നർത്ഥമാകുന്നു;

(10ബി) " ഗവേണിംഗ് ബോഡി" എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി എന്നർത്ഥമാകുന്നു;" ;

(viii) (12)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(12എ) "ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ 114എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(12ബി) "ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 69എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;";

(ix) (19എ)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(19ബി) "പ്രോഗ്രാം" എന്നാൽ സർവ്വകലാശാല ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കായി, ആക്റ്റിലെ അദ്ധ്യായം IX-ലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു നിശ്ചിത കാലയളവിലേയ്ക്ക് ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഉന്നത വിദ്യാഭ്യാസ പ്രോഗ്രാം എന്നർത്ഥമാകുന്നു;";

(x) (21)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(21എ) "പുനഃക്രമീകരിച്ച പ്രോഗ്രാം" എന്നാൽ ഇന്റർ ഡിസിപ്ലിനറി അല്ലെങ്കിൽ മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ പ്രോഗ്രാമിൽ ഉൾപ്പെടുത്തി അല്ലെങ്കിൽ പകരമാക്കിക്കൊണ്ട് സർവ്വകലാശാല അംഗീകരിച്ച ഒരു പ്രോഗ്രാം എന്നർത്ഥമാകുന്നു;";

(xi) (27)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(27 എ) " ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി" എന്നാൽ 114 ഇ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി എന്നർത്ഥമാകുന്നു;".

(ബി) 5-ാം വകുപ്പിൽ ,—

(i) (ഐഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഒരു കോളേജിന് നൽകിയതോ ദീർഘിപ്പിച്ചതോ ആയ സ്വയംഭരണ പദവിയുടെ, നൽകലോ ദീർഘിപ്പിക്കലോ വിജ്ഞാപനംമൂലം പ്രഖ്യാപിക്കുക;";

(ii) (ഐബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(സി) 58-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ രണ്ടാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2 എ) സിൻഡിക്കേറ്റിന്, ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും എന്തുതന്നെ അടങ്ങിയിരുന്നാലും, 2020-ലെ

സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിന്റെ (2020-ലെ 72) പ്രാബല്യ തീയതി മുതൽ ഒരു മാസത്തിനകം അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു കോളേജിൽ 2020-2021 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒരു പുതിയ കോഴ്സിന്റെ അഫിലിയേഷന് വേണ്ടിയുള്ള അപേക്ഷ സ്വീകരിക്കുകയും പരിഗണിക്കുകയും ചെയ്യാവുന്നതാണ്.” .

(ഡി) 69-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“69. <u>അപ്പലേറ്റ് ട്രൈബ്യൂണൽ</u>.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.”.

(ഇ) 69-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“69 <u>എ. ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി</u>.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) പ്രോ-ചാൻസലർ -ചെയർമാൻ ;

(ബി) വൈസ്-ചാൻസലർ - അംഗം ;

(സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ - അംഗം;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി - അംഗം.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.

(എഫ്) 103-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

(ജി) 104-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

(എച്ച്) 105-ാം വകുപ്പിൽ മാർജിനൽ ശീർഷകത്തിലും വകുപ്പിലും "അക്കാദമിക സ്വയംഭരണം" എന്നീ വാക്കുകൾക്കു പകരം "സ്വയംഭരണം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ഐ) 106-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (iii)-ം ഇനത്തിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (iii)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(iv) ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(v) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി;

(vi) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി;

(vii) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി;

(viii) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി.".

(ജെ) 107-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ,—

(എ) (സി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(സി) കോളേജിലെ വ്യത്യസ്ത വിഭാഗങ്ങളിലെ അദ്ധ്യാപക ജീവനക്കാരെ പ്രതിനിധീകരിക്കുന്ന നാല് അദ്ധ്യാപകർ, അവരിൽ രണ്ടു പേർ സീനിയോറിറ്റി, റൊട്ടേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യേണ്ടതും രണ്ടു പേർ കോളേജിലെ റെഗുലർ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരും ആയിരിക്കേണ്ടതാണ്;";

(ബി) (ഡി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണനിർവ്വഹണം, ധനകാര്യം എന്നീ മേഖലകളിൽ നിന്നുള്ള നാല് വിദഗ്ദ്ധർ;";

(സി) (ഇ) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്ന അക്കാദമിക വിദഗ്ദ്ധരായ മൂന്ന് പ്രൊഫസർമാർ;";

(ഡി) (എഫ്) ഇനത്തിൽ "കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിലെ ഒരു അംഗം മൂന്ന് വർഷക്കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും മറ്റൊരു മൂന്ന് വർഷക്കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ ഔദ്യോഗിക സ്ഥാനം ഹേതുവായി ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ അംഗമായിട്ടുള്ള ഒരാൾ, അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം അവസാനിക്കുമ്പോഴോ അയാളുടെ നാമനിർദ്ദേശ കാലാവധി അവസാനിക്കുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അതോടെ അതിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ്." ;

(iii) (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാല് പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(7) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും ഏഴ് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(8) യോഗത്തിൽ പങ്കെടുത്ത ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.” .

(കെ) 108-ാം വകുപ്പിൽ,—

(i) (ii)-ാം ഇനത്തിൽ “സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി” എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (v), (vi), (vii), (viii) എന്നീ ഇനങ്ങളിൽ “ഗവേണിംഗ് കൗൺസിൽ” എന്നീ വാക്കുകൾക്കുപകരം “ഗവേണിംഗ് ബോഡി” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എൽ) 109-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“109. <u>ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്</u>.—(1) ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഒരു പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ബന്ധപ്പെട്ട പ്രോഗ്രാം നൽകുന്ന വകുപ്പ് മേധാവി - ചെയർമാൻ;

(ബി) ബന്ധപ്പെട്ട പ്രോഗ്രാമിന്റെ കോഴ്സിന്റെ അദ്ധ്യാപനം നടത്തുന്ന ഫാക്കൽറ്റി അംഗം;

(സി) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയ്ക്ക് പുറത്തു നിന്നും ബന്ധപ്പെട്ട പ്രോഗ്രാമിലുള്ള രണ്ട് വിദഗ്ദ്ധർ;

(ഡി) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ ശിപാർശ ചെയ്യുന്ന, ബന്ധപ്പെട്ട പ്രോഗ്രാമിലെ ആറ് വിദഗ്ദ്ധരുടെ ഒരു പാനലിൽ നിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ;

(ഇ) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന വ്യവസായം അല്ലെങ്കിൽ കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖലയിൽ നിന്നുള്ള ഒരു പ്രതിനിധി;

(എഫ്) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു മികച്ച പൂർവ്വ വിദ്യാർത്ഥി;

(ജി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന, ബന്ധപ്പെട്ട അല്ലെങ്കിൽ അനുബന്ധ പ്രോഗ്രാമിൽ സർവ്വകലാശാലയുടെ പഠന ബോർഡിലെ, ഒരു പ്രതിനിധി;

(എച്ച്) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന്റെ അനുമതിയോടു കൂടി ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാൻ കോ-ഓപ്റ്റ് ചെയ്യുന്ന താഴെപ്പറയുന്ന വിഭാഗത്തിൽ നിന്നുമുള്ള പ്രത്യേക ക്ഷണിതാക്കൾ, അതായത്:—

(i) പ്രത്യേകമായ അല്ലെങ്കിൽ പുതിയ പ്രോഗ്രാം രൂപകൽപന ചെയ്യേണ്ടിവരുന്നിടത്ത് സ്വയംഭരണ കോളേജിന് പുറത്തു നിന്നുള്ള വിദഗ്ധർ;

(ii) സ്വയംഭരണ കോളേജിന്റെ മറ്റ് വകുപ്പുകളിൽ നിന്നുള്ള ബന്ധപ്പെട്ട പ്രോഗ്രാമിൽ വിദഗ്ധരായ അദ്ധ്യാപകർ.

(2) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി, ഒരു പഠന ബോർഡിനു കീഴിൽ കൊണ്ടുവരേണ്ട പ്രോഗ്രാം അല്ലെങ്കിൽ ഒരു കൂട്ടം പ്രോഗ്രാമുകൾ തീരുമാനിക്കേണ്ടതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിക്ക്, ബിരുദ തലത്തിലും ബിരുദാനന്തര ബിരുദ തലത്തിലും പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ പ്രത്യേക പഠന ബോർഡ് രൂപീകരിക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കാവുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗം മൂന്ന് അക്കാദമിക വർഷക്കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും മറ്റൊരു മൂന്ന് അക്കാദമിക വർഷക്കാലയളവിലേയ്ക്ക് പുനർനാമകരണത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗമായ ഒരു അദ്ധ്യാപകന്റെ സംഗതിയിൽ, വിരമിക്കൽ തീയതിയിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ്.

(5) വ്യത്യസ്ത വകുപ്പുകൾക്ക്, കോളേജിന്റെ പ്രിൻസിപ്പാൾ, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ യോഗത്തിനുള്ള സമയ പട്ടിക തയ്യാറാക്കേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്:

എന്നാൽ, ഒരു അക്കാദമിക വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(7) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാൻ, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാലു പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(8) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും ഏഴ് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(9) യോഗത്തിൽ പങ്കെടുത്ത ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(10) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.".

(എം) 110-ാം വകുപ്പിൽ,—

(i) (i)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

" (i) സ്വയംഭരണ കോളേജിന്റെ വകുപ്പിൽ നടത്തുന്ന പ്രോഗ്രാമുകൾക്ക് വേണ്ടി, കോളേജിന്റെ ലക്ഷ്യങ്ങളും പ്രോഗ്രാമിന്റെ ഗുണഭോക്താക്കളുടെ താൽപ്പര്യവും പ്രത്യേകിച്ചും സംസ്ഥാനത്തിന്റെ ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ട് പാഠ്യപദ്ധതിയും സിലബസും തയ്യാറാക്കുകയും അത് ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്യുക:

എന്നാൽ, നിലവിലുള്ള എല്ലാ പ്രോഗ്രാമും നിലവിലുള്ള പ്രോഗ്രാമിന്റെ പരിഷ്കരണവും പുതിയ പ്രോഗ്രാമോ പുനഃക്രമീകരിച്ച പ്രോഗ്രാമോ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും, പ്രോഗ്രാമിന്റെ കാലയളവ്, പ്രോഗ്രാമിനുള്ള മൊത്തം ക്രെഡിറ്റ്, സെമസ്റ്ററിന്റെ എണ്ണം, ഓരോ സെമസ്റ്ററിനും ആവശ്യമായ ഏറ്റവും കുറഞ്ഞ ക്രെഡിറ്റ്, സർവ്വകലാശാല

അംഗീകരിച്ച സമാനമായതോ അനുബന്ധമായതോ കോർ പ്രോഗ്രാമിനോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ലെറ്റർ ഗ്രേഡിംഗ് സംവിധാനം എന്നിവയ്ക്ക് അനുയോജ്യമാണെന്ന് ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പുവരുത്തേണ്ടതാണ്:

എന്നുമാത്രമല്ല, പുതിയതോ പുനഃക്രമീകരിച്ചതോ ആയ പ്രോഗ്രാമിനുള്ള നിർദ്ദേശം സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരംതാഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പു വരുത്തേണ്ടതാണ്:

എന്നുതന്നെയുമല്ല, തുടർവിലയിരുത്തലും അവസാന സെമസ്റ്റർ പരീക്ഷയും തമ്മിലുള്ള മാർക്കിന്റെ ശതമാനം വിഭജിച്ച് നൽകുവാൻ ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന് വിവേചനാധികാരം ഉണ്ടായിരിക്കുന്നതും എന്നിരുന്നാലും അവസാന സെമസ്റ്റർ പരീക്ഷയുടെ മാർക്കിന്റെ ശതമാനം മൊത്തം മാർക്കിന്റെ അറുപത് ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല.";

(ii) (iv)-ാം ഇനത്തിൽ "പരീക്ഷാ മേൽനോട്ടക്കാരുടെ നിയമനത്തിനു വേണ്ടിയുള്ള" എന്നീ വാക്കുകൾക്കു പകരം "പരീക്ഷാമേൽനോട്ടക്കാരുടെയും ചോദ്യപേപ്പർ തയ്യാറാക്കുന്നവരുടെയും നിയമനത്തിന് വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (v)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (vi) പ്രോഗ്രാമിലേക്ക് പ്രവേശിപ്പിക്കപ്പെട്ട ഓരോ ബാച്ച് വിദ്യാർത്ഥികളെയും സംബന്ധിച്ച് അങ്ങനെയുള്ള ബാച്ച് വിദ്യാർത്ഥികളുടെ പ്രോഗ്രാം പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ പ്രോഗ്രാമിനും വേണ്ടി സ്വീകരിച്ചിട്ടുള്ള വിലയിരുത്തലിന്റെ രീതികളുടെയോ സംവിധാനങ്ങളുടെയോ അക്കാദമിക ഫലം വിലയിരുത്തുക;

(vii) സ്വയംഭരണ കോളേജിലെ ഒരു പ്രോഗ്രാമിനെ സംബന്ധിച്ച് തുടർച്ചയായ വിലയിരുത്തലിന്റെ രീതികൾ അല്ലെങ്കിൽ സംവിധാനങ്ങൾ പ്രോഗ്രാം ആരംഭിക്കുന്നതിനു മുമ്പ് തയ്യാറാക്കുക;

(viii) അക്കാദമിക ഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പുന:പരിശോധനയും ഭേദഗതിയും നടത്തുകയും ആയത് കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്യുക." .

(എൻ) 111-ാം വകുപ്പിൽ ,—

(i) മാർജിനൽ ശീർഷകത്തിലും (1)-ാം ഉപവകുപ്പിലും "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(2) സ്വയംഭരണ പദവി നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, അക്കാദമിക മികവ് തെളിയിച്ച വിദ്യാഭ്യാസ വിദഗ്ധൻ, വ്യവസായി, പ്രൊഫഷണൽ എന്നിവരായ മൂന്ന് വിശിഷ്ട ആളുകൾ, അവരിൽ ഒരാളെ ഗവേണിംഗ് ബോഡിയുടെ ചെയർമാനായി സർക്കാർ സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്;

(ബി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യുന്ന കോളേജിലെ ഒരു അദ്ധ്യാപകൻ ;

(സി) കോളേജിലെ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരാൾ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ധൻ അല്ലെങ്കിൽ വ്യവസായി;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഒരു പ്രതിനിധി ;

(ഐ) ചെയർമാൻ, കോളേജ് യൂണിയൻ ;

(ജെ) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് ബോഡിയുടെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.”;

(iii) (3)-ാം ഉപവകുപ്പിൽ “ഗവേണിംഗ് കൗൺസിൽ” എന്നീ വാക്കുകൾക്കു പകരം “ഗവേണിംഗ് ബോഡി” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) സ്വയംഭരണ പദവി നൽകപ്പെട്ട ഒരു സ്വകാര്യ കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) വിദ്യാഭ്യാസ ഏജൻസിയുടെ മാനേജർ, ചെയർമാൻ, ഡയറക്ടർ അല്ലെങ്കിൽ പ്രസിഡന്റ് - ചെയർമാൻ ;

(ബി) വിദ്യാഭ്യാസ ഏജൻസി നാമനിർദ്ദേശം ചെയ്യുന്ന, അക്കാദമിക താൽപ്പര്യം തെളിയിച്ച നാല് പേർ ;

(സി) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ റൊട്ടേഷൻ വഴി സ്വകാര്യ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന കോളേജിലെ ഒരു അദ്ധ്യാപകൻ;

(ഡി) സ്വകാര്യ കോളേജിലെ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരാൾ ;

(ഇ) വിദ്യാഭ്യാസ ഏജൻസി നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ദ്ധൻ അല്ലെങ്കിൽ വ്യവസായി ;

(എഫ്) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(ഐ) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഒരു പ്രതിനിധി ;

(ജെ) ചെയർമാൻ, കോളേജ് യൂണിയൻ ;

(കെ) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് ബോഡിയുടെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്." .

(ഒ) 112-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"112. ഗവേണിംഗ് ബോഡിയുടെ ഔദ്യോഗിക കാലാവധി.— ഗവേണിംഗ് ബോഡിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക

കാലാവധി മൂന്ന് വർഷക്കാലയളവ് ആയിരിക്കുന്നതും ഒരു അധിക കാലയളവിലേയ്ക്ക് പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ് :

എന്നാൽ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഗവേണിംഗ് ബോഡിയിലെ അംഗം, നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ് :

എന്നുമാത്രമല്ല ഔദ്യോഗിക സ്ഥാനം ഹേതുവായി ഗവേണിംഗ് ബോഡിയിൽ അംഗമായിട്ടുള്ള ഒരാൾ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം അവസാനിക്കുമ്പോഴോ നാമനിർദ്ദേശ കാലാവധി പൂർത്തിയാക്കുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അതോടെ അതിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ് :

എന്നുതന്നെയുമല്ല ഗവേണിംഗ് ബോഡിയിൽ ഒരു അംഗം ആയ ഒരു വിദ്യാർത്ഥി, കോളേജ് യൂണിയന്റെ കാലാവധി അവസാനിക്കുമ്പോഴോ കോളേജിലെ ഒരു വിദ്യാർത്ഥി അല്ലാതായിത്തീരുമ്പോഴോ ഏതാണോ ആദ്യം വരുന്നത്, അതോടെ അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതാണ്.".

(പി) 113-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"113. ഗവേണിംഗ് ബോഡിയുടെ യോഗം.—(1) ഗവേണിംഗ് ബോഡി സാധാരണ ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്:

എന്നാൽ, ഗവേണിംഗ് ബോഡിയിലെ മൂന്നിലൊന്നിൽ കുറയാതെയുള്ള അംഗങ്ങളുടെ രേഖാമൂലമുള്ള ഒരു അപേക്ഷ ലഭിച്ച് പത്ത് പൂർണ്ണ ദിവസങ്ങൾക്കകം ചെയർമാൻ, ഗവേണിംഗ് ബോഡിയുടെ യോഗം വിളിച്ചു കൂട്ടേണ്ടതാണ്.

(2) ഗവേണിംഗ് ബോഡിയുടെ ഒരു യോഗത്തിന്റെ ക്വാറം അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(3) ഗവേണിംഗ് ബോഡിയുടെ മെമ്പർ സെക്രട്ടറി, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാല് പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(4) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും പത്ത് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഗവേണിംഗ് ബോഡിയിലെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(5) യോഗത്തിൽ പങ്കെടുത്ത ഗവേണിംഗ് ബോഡിയിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്." .

(ക്യൂ) 114-ാം വകുപ്പിൽ, (v)-ാം ഇനത്തിനും ക്ലിപ്തനിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(v) സർവ്വകലാശാലയുടെ അംഗീകാരത്തോടെയോ അനുമതിയോടെയോ മൈഗ്രേഷൻ സർട്ടിഫിക്കറ്റും പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റും നൽകുക .".

(ആർ) 114-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"114 എ. ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) നാഷണൽ അക്രെഡിറ്റേഷൻ ആന്റ് അസ്സസ്സ്മെന്റ് കൗൺസിലിന്റെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും റെഗുലേഷനുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി ഓരോ സ്വയംഭരണ കോളേജിനും ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കുന്നതാണ്.

(2) സർവ്വകലാശാലയുടെ അധികാരിതയിൻ കീഴിൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി രൂപീകരിച്ച ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു എക്സ്റ്റേണൽ പിയർ ടീം ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന, ഒരു വിശിഷ്ടനായ അക്കാദമിക അംഗം- ചെയർമാൻ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അക്കാദമിക വിദഗ്ദ്ധർ.

(3) എക്സ്റ്റേണൽ പിയർ ടീമിന്റെ കാലാവധി നാല് വർഷക്കാലമായിരിക്കുന്നതാണ്.

(4) എക്സ്റ്റേണൽ പിയർ ടീം അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിന്റെ കടമകൾ നിർവ്വഹിക്കുന്നതിനും അതിന്റേതായ നടപടിക്രമങ്ങൾ തയ്യാറാക്കേണ്ടതാണ്.

(5) എക്സ്റ്റേണൽ പിയർ ടീം, അക്കാദമിക പ്രവർത്തനങ്ങളായ അദ്ധ്യാപന-പഠന പ്രക്രിയ, പരീക്ഷാ നടത്തിപ്പ്, അക്കാദമിക ഫലങ്ങളുടെ നേട്ടം എന്നീ വിവിധ മേഖലകളിലെ സ്വയംഭരണ കോളേജിന്റെ സമഗ്രമായ പ്രകടനം അവലോകനം ചെയ്യേണ്ടതാണ്. എക്സ്റ്റേണൽ പിയർ ടീം അതിന്റെ റിപ്പോർട്ട് സർവ്വകലാശാലയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്. സർവ്വകലാശാല, റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം അതിന്റെ ശിപാർശ സഹിതം അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്. എക്സ്റ്റേണൽ പിയർ ടീം, അതിന്റെ അധികാരിതയിൻ കീഴിലുള്ള എല്ലാ സ്വയംഭരണ കോളേജിലും വർഷത്തിൽ ഒരിക്കലെങ്കിലും അവലോകനം നടത്തേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും കടമകളും പ്രവർത്തനങ്ങളും സർവ്വകലാശാല കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

114 ബി. ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി.—(1) സർവ്വകലാശാല, ആക്റ്റിന്റെ IX-ാം അദ്ധ്യായത്തിലെ ആവശ്യത്തിലേയ്ക്കായി, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു പരാതി പരിഹാര സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

(എ) വൈസ്-ചാൻസലർ - ചെയർമാൻ ;

(ബി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി - അംഗം;

(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതിയിലെ ഒരു അംഗം - അംഗം;

(ഡി) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു സ്വയംഭരണ കോളേജിന്റെ ഒരു മാനേജർ - അംഗം.

(2) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിയുടെ കാലാവധി അതിന്റെ രൂപീകരണ തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിക്ക്, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംഭരണ കോളേജുകളിലെ

പ്രവേശനം, ഫീസ് എന്നിവ സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനും തീർപ്പാക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി അതിന്റെ കാര്യങ്ങൾ നടത്തുന്നതിനും പ്രവർത്തനങ്ങൾക്കും വേണ്ടി അതിന്റേതായ നടപടിക്രമങ്ങൾ തയ്യാറാക്കേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിയുടെ തീരുമാനങ്ങളും ഉത്തരവുകളും കക്ഷികൾക്ക് ബാധകമായിരിക്കുന്നതാണ്.

114 സി. ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി.—(1) സർവ്വകലാശാല, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

(എ) പ്രോ-വൈസ്-ചാൻസലർ - ചെയർമാൻ ;

(ബി) സിൻഡിക്കേറ്റിലെ അംഗങ്ങൾ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത രണ്ടു പേർ ;

(സി) പ്രത്യേക ക്ഷണിതാവായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാല നടത്തുന്ന ബന്ധപ്പെട്ട അല്ലെങ്കിൽ അനുബന്ധ പ്രോഗ്രാമിന്റെ വകുപ്പ് തലവൻ ;

(ഡി) പ്രത്യേക ക്ഷണിതാവായി, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഫാക്കൽറ്റി ഡീൻ ;

(ഇ) പ്രത്യേക ക്ഷണിതാക്കളായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ, സർവ്വകലാശാലയുടെ പഠന ബോർഡിലെ രണ്ട് അംഗങ്ങൾ ;

(എഫ്) പ്രത്യേക ക്ഷണിതാക്കളായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ മൂന്ന് വിദഗ്ദ്ധർ ;

(ജി) സർവ്വകലാശാലയുടെ രജിസ്ട്രാർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ കാലാവധി അവരെ തെരഞ്ഞെടുത്ത സിൻഡിക്കേറ്റിന്റെ കാലാവധി അവസാനിക്കുന്നതോടെ തീരുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിലെ വിദഗ്ദ്ധ സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം പ്രത്യേക ക്ഷണിതാക്കൾ അല്ലാതെയുള്ള അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

114 ഡി. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി.—(1) ഓരോ സ്വയംഭരണ കോളേജിനും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) കോളേജിന്റെ പ്രിൻസിപ്പാൾ - ചെയർമാൻ;

(ബി) ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ, അവർക്കിടയിൽനിന്നും തെരഞ്ഞെടുത്ത രണ്ടു പേർ ;

(സി) കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ;

(ഡി) സർവ്വകലാശാലയുടെ ഫൈനാൻസ് ഓഫീസർ.

(2) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്. എന്നാൽ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ ചെയർമാൻ, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാലു പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(3) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ പത്ത് പൂർണ്ണ ദിവസങ്ങൾക്കകം ധനകാര്യ സമിതിയിലെ എല്ലാ അംഗങ്ങളേയും അറിയിക്കേണ്ടതുമാണ്.

(4) യോഗത്തിൽ പങ്കെടുത്ത, ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അംഗങ്ങളെ അറിയിക്കേണ്ടതുമാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കടമകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) അതിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്ന അങ്ങനെയുള്ള കാര്യങ്ങളിന്മേൽ ഗവേണിംഗ് ബോഡിയെ ഉപദേശിക്കുക ;

(ബി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, സർവ്വകലാശാല, സർക്കാർ എന്നിവയിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും മറ്റ് തുകകളും സംബന്ധിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുക ;

(സി) കോളേജുമായി ബന്ധപ്പെട്ട ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും സൂക്ഷ്മ പരിശോധന നടത്തുകയും അംഗീകരിക്കുകയും ചെയ്യുക.

114 ഇ. <u>ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി</u>.—(1) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) കോളേജ് പ്രിൻസിപ്പാൾ - ചെയർമാൻ ;

(ബി) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിലെ മൂന്ന് സീനിയർ അദ്ധ്യാപകർ, അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ് ;

(സി) ചെയർമാൻ, കോളേജ് യൂണിയൻ ;

(ഡി) സ്വയംഭരണ കോളേജിന്റെ അദ്ധ്യാപക-രക്ഷാകർത്തൃ അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു രക്ഷകർത്താവ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ കാലാവധി രണ്ട് വർഷം ആയിരിക്കുന്നതാണ്. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്, എന്നാൽ ഓരോ അക്കാദമിക വർഷത്തിന്റെയും ആദ്യ മാസത്തിൽ യോഗം ചേരേണ്ടതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി, വിദ്യാർത്ഥികളുടെ പരാതി പരിഹരിക്കുന്നതിനായി, സർവ്വകലാശാല അതിന്റെ റെഗുലേഷനുകൾ വഴി കാലാകാലങ്ങളിൽ നിശ്ചയിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ ശിപാർശ, കോളേജിന്റെ പ്രിൻസിപ്പാൾ പരിഗണിക്കേണ്ടതും ഉചിതമായ

തീരുമാനമെടുക്കേണ്ടതും പരാതി കൈപ്പറ്റിയ തീയതി മുതൽ പതിനാല് ദിവസ കാലയളവിനകം, സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥിയെ അറിയിക്കേണ്ടതുമാണ്. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ റിപ്പോർട്ടും ശിപാർശയും അതിന്മേൽ പ്രിൻസിപ്പാൾ എടുത്ത തീരുമാനവും വൈസ്-ചാൻസലറെ അറിയിക്കേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ പതിനാല് ദിവസങ്ങൾക്കകം വൈസ്-ചാൻസലർക്ക് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്. സർവ്വകലാശാലയുടെ വൈസ്-ചാൻസലർ അങ്ങനെയുള്ള അപ്പീലിൽ ബന്ധപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം, അറുപത് ദിവസങ്ങൾക്കകം തീരുമാനമെടുക്കേണ്ടതാണ്.".

(എസ്) 115-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"115. ഒരു കോളേജിന് സ്വയംഭരണ പദവി നൽകുന്നതിനോ ദീർഘിപ്പിക്കുന്നതിനോ ഉള്ള നടപടിക്രമം.—(1) ഒരു കോളേജ് അതിന്റെ പദവി ഒരു സ്വയംഭരണം എന്നതിലേയ്ക്ക് മാറ്റാൻ ഉദ്ദേശിക്കുന്നിടത്ത്, അത്, വർഷത്തിൽ ഏതു സമയത്തും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിനിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ സർവ്വകലാശാലയ്ക്ക് ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) അപേക്ഷ സ്വീകരിക്കുന്നതിന്മേൽ, അപേക്ഷ കൈപ്പറ്റി ഏഴ് ദിവസങ്ങൾക്കകം സിൻഡിക്കേറ്റോ നിർവ്വാഹക സമിതിയോ ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയിലെ അഞ്ച് അംഗങ്ങൾ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ, അതിന്റെ അക്കാദമിക പ്രകടനം, അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത, രഹസ്യാത്മകതയോടെയും സുതാര്യതയോടെയും വിലയിരുത്തലും മൂല്യനിർണ്ണയവും നടത്തുന്നതിന് യോഗ്യതയുള്ള ഫാക്കൽറ്റി സൗകര്യങ്ങൾ, ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും പ്രകാരമുള്ള വിവിധ സ്റ്റാറ്റ്യൂട്ടറി സമിതികളുടെ പ്രവർത്തനങ്ങളുടെ നിലനിൽപ്പ് എന്നിവ കോളേജ് നിറവേറ്റുന്നുണ്ടോ എന്നത് സമിതി പരിശോധിക്കേണ്ടതും സമിതി അതിന്റെ റിപ്പോർട്ട് ഏഴു ദിവസങ്ങൾക്കകം വൈസ്-ചാൻസലർക്ക് സമർപ്പിക്കേണ്ടതുമാണ്.

(3) വൈസ്-ചാൻസലർ, സമിതിയുടെ റിപ്പോർട്ട് പരിഗണിക്കേണ്ടതും അപേക്ഷ കൈപ്പറ്റി മുപ്പത് ദിവസങ്ങൾക്കകം ആവശ്യമായ അങ്ങനെയുള്ള രേഖകൾ സഹിതം

അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയയ്ക്കേണ്ടതുമാണ്. വൈസ്-ചാൻസലർ അപേക്ഷ നിരസിക്കുന്നിടത്ത്, അദ്ദേഹത്തിന്റെ തീരുമാനം കോളേജിനെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെയും അറിയിക്കേണ്ടതാണ്. സർവ്വകലാശാലയുടെ തീരുമാനം സർക്കാരിനും കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(4) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആവശ്യപ്പെടുമ്പോഴെല്ലാം ഒരു ഉടനടി സ്ഥല സന്ദർശനത്തിനായി സർവ്വകലാശാലയും സർക്കാരും അവരുടെ നോമിനികളെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിദഗ്ദ്ധ സമിതിക്ക് നൽകേണ്ടതാണ്.

(5) ഒരു കോളേജിന് സ്വയംഭരണ പദവി നൽകുന്നതിനോ ദീർഘിപ്പിക്കുന്നതിനോ ഉള്ള അപേക്ഷ ഏതൊരു കാരണത്താലും നിരസിക്കപ്പെടുന്നിടത്ത്, കോളേജിന്, അതിന്റെ മുൻ അപേക്ഷ അങ്ങനെയുള്ള നിരസിക്കൽ ചെയ്ത തീയതി മുതൽ ഒരു വർഷത്തിനകം വീണ്ടും അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജ്, സ്വയംഭരണ കാലാവധി അവസാനിക്കുന്നതിന് ആറു മാസങ്ങൾക്ക് മുൻപ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ സ്വയംഭരണ പദവി ദീർഘിപ്പിക്കലിനായി അപേക്ഷിക്കേണ്ടതാണ്.

(7) നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ അല്ലെങ്കിൽ നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ നിശ്ചയിച്ചിട്ടുള്ള അക്രെഡിറ്റേഷൻ കാലാവധി അവസാനിക്കുന്ന സംഗതിയിൽ, സ്വയംഭരണ പദവി ദീർഘിപ്പിക്കാൻ ആവശ്യപ്പെടുന്ന കോളേജ്, സ്വയംഭരണ പദവി ദീർഘിപ്പിക്കലിന് അർഹത നേടുന്നതിനുവേണ്ടി നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെയോ നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷന്റെയോ അക്രഡിറ്റേഷനു വേണ്ടി അപേക്ഷിച്ചിട്ടുള്ള താണെന്നതിന്റെ ഒരു തെളിവ് സമർപ്പിക്കേണ്ടതാണ്.

(8) ഒരു സ്വയംഭരണ കോളേജ് അതിന്റെ സ്വയംഭരണ പദവി തിരികെ നൽകാൻ ഉദ്ദേശിക്കുന്നിടത്ത്, ഗവേണിംഗ് ബോഡിയുടെ പ്രമേയം സർവ്വകലാശാല മുഖേന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അങ്ങനെയുള്ള പ്രമേയം പരിഗണിക്കുന്നതിനായി അയച്ചുകൊടുക്കുന്നതിനുള്ള കൃത്യമായ നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

(റ്റി) 116-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനും ക്ലിപ്തനിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) കോളേജിന്റെ പ്രിൻസിപ്പാൾ, ഓരോ സ്വയംഭരണ കോളേജിനും, കോളേജിലെ ഒരു അദ്ധ്യാപകൻ തലവനായുള്ള ഒരു പരീക്ഷാ സെൽ രൂപീകരിക്കേണ്ടതാണ്.".

(യു) 117-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"117 എ. ഒരു സ്വയംഭരണ കോളേജിന്റെ അധികാരങ്ങളും കടമകളും.—(1) ഒരു സ്വയംഭരണ കോളേജ്, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ സർവ്വകലാശാല കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്റ്റാറ്റ്യൂട്ടറി മാർഗ്ഗനിർദ്ദേശങ്ങൾ, ഉത്തരവുകൾ, റെഗുലേഷനുകൾ എന്നിവകൾക്ക് അനുസൃതമായി അക്കാദമിക ഗുണനിലവാരവും മാനദണ്ഡവും തുടർച്ചയായി കാത്തുസൂക്ഷിക്കേണ്ടതാണ്.

(2) സ്വയംഭരണ കോളേജ്, നിലവിലുള്ള അക്രെഡിറ്റേഷൻ പദവി, ദേശീയ റാങ്കിംഗ്, നൽകുന്ന പ്രോഗ്രാമുകൾ, പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്, ഫീസും പ്രോഗ്രാമുകൾക്കായി വിദ്യാർത്ഥികൾ അടയ്ക്കേണ്ട മറ്റ് എല്ലാ തുകകളും, ഫാക്കൽറ്റിയുടെ പ്രൊഫൈൽ, പ്രവേശന നടപടിക്രമങ്ങൾ, ഉചിതമായ അടിസ്ഥാനസൗകര്യങ്ങളുടെ വിശദാംശങ്ങൾ, കോളേജിന്റെ ഗവേഷണ പ്രവർത്തനങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച വിവരം വീഴ്ച കൂടാതെ അതിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(3) സ്വയംഭരണ കോളേജ്, 106-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന അധികാരസ്ഥാനങ്ങളുടെ ഘടനയും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിലെ അംഗങ്ങളുടെ പ്രൊഫൈലും അതിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. അധികാരസ്ഥാനങ്ങളുടെ അംഗീകരിച്ച നടപടിക്കുറിപ്പുകളും അതിന്മേൽ സ്വീകരിച്ച നടപടിയും കൂടി അതിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

(4) സ്വയംഭരണ കോളേജ്, അതിന്റെ വെബ്സൈറ്റിൽ അക്കൗണ്ടുകളുടെ വിശദമായ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും വാർഷിക ബഡ്ജറ്റും സ്ഥാപന വികസന പദ്ധതികളും ഉൾപ്പെടുത്തേണ്ടതാണ്.

(5) സ്വയംഭരണ കോളേജിന്, നിലവിലുള്ള കോഴ്സുകളോ പ്രോഗ്രാമുകളോ പുനഃപരിശോധിക്കാവുന്നതും ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അതിന്റെ കോഴ്സുകൾ, പഠന പ്രോഗ്രാമുകൾ, സിലബസ് എന്നിവ പുനഃക്രമീകരിക്കാവുന്നതും വീണ്ടും രൂപകൽപ്പന ചെയ്യാവുന്നതും നിശ്ചയിക്കാവുന്നതുമാണ്.

(6) സ്വയംഭരണ കോളേജിന്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 2014-ലെ സ്പെസിഫിക്കേഷൻ ഓഫ് ഡിഗ്രീസ് പ്രകാരം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിനിർദ്ദേശിച്ചിട്ടുള്ള നാമകരണത്തിൽ ഉൾപ്പെടുന്ന പുതിയ കോഴ്സുകൾ അല്ലെങ്കിൽ പ്രോഗ്രാമുകൾ ആവിഷ്കരിക്കാവുന്നതാണ്.

(7) സ്വയംഭരണ കോളേജിന്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന

വ്യവസ്ഥകൾക്ക് വിധേയമായി, വിദ്യാർത്ഥികളുടെ പ്രകടനം വിലയിരുത്തൽ, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനങ്ങളുടെ വിജ്ഞാപനം എന്നിവയുള്ള രീതികൾ ആവിഷ്കരിക്കാവുന്നതാണ്.

(8) സ്വയംഭരണ കോളേജിന്, ഫലങ്ങൾ പ്രഖ്യാപിക്കാവുന്നതും മാർക്ക് ഷീറ്റുകളും മറ്റ് സർട്ടിഫിക്കറ്റുകളും നൽകാവുന്നതും, എന്നിരുന്നാലും, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, ബിരുദ സർട്ടിഫിക്കറ്റിൽ കോളേജിന്റെ പേരോടുകൂടിയ ബിരുദം സർവ്വകലാശാല നൽകേണ്ടതുമാണ്.

(9) സ്വയംഭരണ കോളേജ്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി, സ്വയംഭരണ പദവി നൽകുകയോ ദീർഘിപ്പിക്കുകയോ ചെയ്യുന്ന സമയത്ത് ഒറ്റത്തവണ അഫിലിയേഷൻ ഫീസും അങ്ങനെയുള്ള മറ്റ് തുകകളും സർവ്വകലാശാലയ്ക്ക് നൽകേണ്ടതാണ്.

(10) സ്വയംഭരണ കോളേജ്, ഈ അദ്ധ്യായത്തിൻ കീഴിൽ രൂപീകരിക്കേണ്ടത് ആവശ്യമായ ഗവേണിംഗ് ബോഡി, അക്കാദമിക കൗൺസിൽ, പഠന ബോർഡ്, ധനകാര്യ സമിതി, വിദ്യാർത്ഥി പരാതി പരിഹാര സമിതി, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നിവ രൂപീകരിക്കേണ്ടതാണ്.

(11) സ്വയംഭരണ കോളേജ്, 2009-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് ഓൺ കർബിംഗ് ദി മെനസ് ഓഫ് റാഗിംഗ് ഇൻ ഹയർ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് പ്രകാരം ആവശ്യമായ ഒരു ആന്റി റാഗിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(12) സ്വയംഭരണ കോളേജ്, 2015-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (പ്രിവൻഷൻ, പ്രോഹിബിഷൻ ആന്റ് റിഡ്രസൽ ഓഫ് സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വിമൺ എംപ്ലോയീസ് ആന്റ് സ്റ്റുഡന്റ്സ് ഇൻ ഹയർ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റെഗുലേഷൻസ് പ്രകാരം ആവശ്യമായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(13) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്വയംഭരണ കോളേജ്, അദ്ധ്യാപകരെയും മറ്റ് അക്കാദമിക ജീവനക്കാരെയും, 2018-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (മിനിമം ക്വാളിഫിക്കേഷൻസ് ഫോർ അപ്പോയിന്റ്മെന്റ് ഓഫ് ടീച്ചേഴ്സ് ആന്റ് അദർ അക്കാദമിക് സ്റ്റാഫ് ഇൻ യൂണിവേഴ്സിറ്റീസ് ആന്റ് കോളേജസ് ആന്റ് മെഷേഴ്സ് ഫോർ ദി മെയിന്റനൻസ് ഓഫ് സ്റ്റാൻഡേർഡ്സ് ഇൻ ഹയർ എഡ്യുക്കേഷൻ) റെഗുലേഷൻസ് പ്രകാരം നിയമിക്കേണ്ടതാണ്.

(14) സ്വയംഭരണ കോളേജ്, ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കും സർക്കാരുമായോ സർവ്വകലാശാലയുമായോ ഏർപ്പെട്ട കരാറുകൾക്കും വിധേയമായി, സ്വയംഭരണ പദവി നൽകുന്നതിനു മുമ്പായി ഫണ്ട് സ്വീകരിച്ച പ്രകാരം തുടർന്നും സ്വീകരിക്കേണ്ടതാണ്.

(15) കോളേജിന് നൽകിയിട്ടുള്ള സ്വയംഭരണാധികാരം സ്ഥാപന തലത്തിലുള്ളതും ഭാഗികമല്ലാത്തതും കോളേജ് നൽകുന്ന ബിരുദം, ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി. എന്നിങ്ങനെയുള്ള എല്ലാ തലങ്ങളിലുമുള്ള പ്രോഗ്രാമുകൾ ഉൾപ്പെടുന്നതും സ്വയംഭരണ പദവി നൽകിയതിനു ശേഷം കോളേജ് ആരംഭിക്കുന്ന പ്രോഗ്രാമുകളും ഉൾപ്പെടുന്നതുമാണ്.

(16) സ്വയംഭരണ പദവി നൽകൽ അല്ലെങ്കിൽ ദീർഘിപ്പിക്കൽ സമയത്തുള്ള സ്വയംഭരണ കോളേജിൽ പേര് ചേർത്തിട്ടുള്ള വിദ്യാർത്ഥികളെ കൂടി സ്വയംഭരണ പദവിയിൽ ഉൾപ്പെടുത്തേണ്ടതാണ്." .

(vi) 118-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ " അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ" എന്നീ വാക്കുകൾക്കു പകരം " ഈ അദ്ധ്യായത്തിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2) മുതൽ (17) വരെയുള്ള ഉപവകുപ്പുകൾക്കു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകിയ സ്വയംഭരണ പദവിയുടെ കാലയളവിലേക്കോ സ്വയംഭരണ പദവിയുടെ ദീർഘിപ്പിക്കപ്പെട്ട കാലയളവിലേക്കോ, അതതുസംഗതിപോലെ, ഒരു സ്വയംഭരണ കോളേജിൽ നിന്നുള്ള ഒറ്റത്തവണ അഫിലിയേഷൻ ഫീസും ഒരു സ്വയംഭരണ കോളേജ് നൽകേണ്ടതായ നിശ്ചിത ശീർഷകം അല്ലെങ്കിൽ ഇനത്തിൻ കീഴിലുള്ള മറ്റ് ഫീസുകളും നിശ്ചയിക്കുകയും ആവശ്യപ്പെടുകയും ചെയ്യുക.

(3) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി, കോളേജിൽ ഒരു പുതിയ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം അംഗീകരിക്കുകയും സർവ്വകലാശാലക്ക് സമർപ്പിക്കുകയും ചെയ്യുന്നിടത്ത്, നിർദ്ദേശം പരിഗണിക്കുന്നതിനും ഉചിതമായ തീരുമാനത്തിനുമായി വൈസ്-ചാൻസലർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി മുമ്പാകെ നിർദ്ദേശം വയ്പ്പിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ഓരോ നിർദ്ദേശവും ഓരോ വർഷവും ഒക്ടോബർ 31-ാം തീയതിയോ അതിനു മുൻപോ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി, സർവ്വകലാശാലയുടെ നിർദ്ദേശം കൈപ്പറ്റി തൊണ്ണൂറ് ദിവസങ്ങൾക്കകം നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ വൈസ്-ചാൻസലർക്ക് പുന:സമർപ്പണത്തിനായി തിരിച്ചയച്ച് കൊടുത്തു കൊണ്ടോ ഒരു തീരുമാനമെടുക്കേണ്ടതും, വൈസ്-ചാൻസലർ ഒരു സർവ്വകലാശാലയുടെ തീരുമാനമായി ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അങ്ങനെയുള്ള തീരുമാനം അറിയിക്കേണ്ടതുമാണ് :

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി, പ്രോഗ്രാമിന്റെ കാലയളവ്, സെമസ്റ്ററുകളുടെ എണ്ണം, ഓരോ സെമസ്റ്ററിനും ആവശ്യമായ ഏറ്റവും കുറഞ്ഞ ക്രെഡിറ്റുകൾ, പ്രോഗ്രാമിനു വേണ്ടിയുള്ള മൊത്തം ക്രെഡിറ്റുകൾ, സർവ്വകലാശാല നടത്തുന്ന സമാനമായ പ്രോഗ്രാമിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള ലെറ്റർ ഗ്രേഡിംഗ് സംവിധാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദേശം പരിഗണിക്കേണ്ടതും നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അറിയിക്കുന്നതിനായി വൈസ്-ചാൻസലർക്ക് പുനഃസമർപ്പണത്തിനായി നിർദ്ദേശം തിരികെ നൽകുന്നതിനോ മുൻപായി നിർദ്ദേശം അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതോ രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ താൽപ്പര്യത്തിന് എതിരാകുന്നതോ ആയ ഫലം ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്:

എന്നുമാത്രമല്ല, നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ സർവ്വകലാശാലയ്ക്ക് നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്കകം സർവ്വകലാശാലയുടെ തീരുമാനം അറിയിക്കാത്തിടത്ത്, നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി, വൈസ്-ചാൻസലർക്ക് നിർദ്ദേശം പുനഃസമർപ്പണത്തിനായി തിരികെ നൽകുന്നിടത്ത്, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ചതിനു ശേഷം നാൽപത്തിയഞ്ച് ദിവസങ്ങൾക്കകം നിർദ്ദേശം പുനഃസമർപ്പിക്കുന്നതിനായി, വൈസ്-ചാൻസലർ സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിക്ക് തിരികെ നൽകുവാൻ ഇടയാക്കേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി, പുനഃസമർപ്പിച്ച നിർദ്ദേശം കൈപ്പറ്റി, മുപ്പത് ദിവസങ്ങൾക്കകം നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ് :

എന്നാൽ, സർവ്വകലാശാലയ്ക്ക് നിർദ്ദേശം പുനഃസമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം വൈസ്-ചാൻസലർ സർവ്വകലാശാലയുടെ തീരുമാനം, നിർദ്ദേശം പുന:സമർപ്പിച്ച ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അറിയിക്കാതിരിക്കുന്നിടത്ത്, നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(7) വൈസ്-ചാൻസലർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടും അതിന്മേലെടുത്ത തീരുമാനവും സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(8) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും നിബന്ധനകൾ സ്വയംഭരണ പദവി ലഭിച്ച ഒരു കോളേജ് ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനും സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(9) സിൻഡിക്കേറ്റിന്, (8)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, കോളേജ് പരിശോധിക്കാനും അതിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കാനും പരിശോധനയുടെ ആവശ്യത്തിന് പ്രസക്തമായ തെളിവ് ശേഖരിക്കുന്നതിനുമായി, അതിന് യുക്തമെന്നു കരുതുന്ന, അങ്ങനെയുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കാവുന്നതും, അതിലേയ്ക്കായി സമിതി ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും രേഖകളും സമിതി നിശ്ചയിച്ചിട്ടുള്ള തീയതിയിലും സമയത്തും സ്വയംഭരണ കോളേജ് നൽകേണ്ടതാണ്:

എന്നാൽ, പദവി ലഭിച്ച കോളേജ് സ്വീകരിച്ച സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യത്തിലുള്ള അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച രേഖാമൂലമുള്ള പരാതിയിലോ വിവരത്തിലോ മാത്രമായിരിക്കും അങ്ങനെയുള്ള അന്വേഷണത്തിന്റെ വ്യാപ്തി.

(10) (9)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സമിതി, ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം മാത്രം അതിന്റെ റിപ്പോർട്ട് അന്തിമമാക്കേണ്ടതാണ്.

(11) സിൻഡിക്കേറ്റ്, പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷം, കോളേജിന് നൽകപ്പെട്ടിട്ടുള്ള സ്വയംഭരണ പദവി താൽക്കാലികമായി നിർത്തലാക്കേണ്ടതാണെന്നോ റദ്ദാക്കേണ്ടതാണെന്നോ അഭിപ്രായമുള്ള പക്ഷം, ആയത് സർവ്വകലാശാലയുടെ ശിപാർശയായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ അറിയിക്കേണ്ടതാണ്.

(12) ഒരു സ്വയംഭരണ കോളേജുമായി ബന്ധപ്പെട്ട് സർക്കാരിന് രേഖാമൂലമുള്ള എന്തെങ്കിലും പരാതിയോ വിവരമോ ലഭിക്കുന്നപക്ഷം, സർക്കാരിന്, പരാതിയുടെയും വിവരത്തിന്റെയും ഉള്ളടക്കം കൃത്യമായി പരിഗണിച്ചതിനു ശേഷം, അത് അപ്രകാരം കരുതുന്ന പക്ഷം, ആവശ്യമായ നടപടിക്കായി സർവ്വകലാശാലയ്ക്ക് റഫർ ചെയ്യേണ്ടതാണ്:

എന്നാൽ, സ്വയംഭരണ പദവി ലഭിച്ച കോളേജ് സ്വീകരിച്ച സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യത്തിലുള്ള അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച രേഖാമൂലമുള്ള പരാതിയിലോ വിവരത്തിലോ മാത്രമായിരിക്കും അങ്ങനെയുള്ള പരാമർശത്തിന്റെ വ്യാപ്തി.

(13) (12)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നടത്തിയ ഒരു റഫറൻസ് സംബന്ധിച്ച് (8), (9), (10) എന്നീ ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമവും നടപടിയും പാലിക്കേണ്ടതാണ്.

(14) ഓരോ സ്വയംഭരണ കോളേജും അത് കോളേജിൽ നടത്താൻ ഉദ്ദേശിക്കുന്ന, നിശ്ചയിച്ചിട്ടുള്ള ആദ്യ പരീക്ഷകളുടെ തീയതിക്ക് മുമ്പുള്ള ആറ് മാസങ്ങൾക്കകം ഒരു പരീക്ഷാ മാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള സമർപ്പണത്തിന്റെ അറുപത് ദിവസങ്ങൾക്കകം സർവ്വകലാശാലാ പരീക്ഷാ മാന്വലിന്മേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. സ്വയംഭരണ കോളേജ്, അതിന്റെ പരീക്ഷാ മാന്വലിൽ സർവ്വകലാശാല ഉൾപ്പെടുത്താൻ ആവശ്യപ്പെട്ട ഭേദഗതികൾ ഉൾപ്പെടുത്തേണ്ടതും ആയത് സർവ്വകലാശാലയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.".

(ഡബ്ല്യൂ) 119-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ " ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം " ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എക്സ്) 120-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"120. <u>സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം</u>.—സർക്കാരും സർവ്വകലാശാലയും സ്വയംഭരണ കോളേജ് അല്ലെങ്കിൽ സ്വയംഭരണ പദവിക്ക് അപേക്ഷിക്കുന്ന ഒരു കോളേജുമായുള്ള എല്ലാ കത്തിടപാടുകളും പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.".

(വൈ) 121-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"121. ഈ അദ്ധ്യായത്തിനുകീഴിലുള്ള ഒരു സ്വയംഭരണ കോളേജിന്റെ അധികാരസ്ഥാനങ്ങളിലുള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.—ഈ അദ്ധ്യായത്തിൻ കീഴിൽ, ഒരു സ്വയംഭരണ കോളേജിന്റെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ യാതൊരു തീരുമാനവും അങ്ങനെയുള്ള അധികാരസ്ഥാനത്തുള്ള ഒരു ഒഴിവ് നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.".

5. 1994-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5),—

(എ) 2-ാം വകുപ്പിൽ,—

(i) (ജെ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ജെഎ) "അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 15 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;";

(ii) (റ്റി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(റ്റി) "അദ്ധ്യാപകൻ" എന്നാൽ ബോധനം നൽകുന്ന ആവശ്യത്തിനായി അല്ലെങ്കിൽ സർവ്വകലാശാലയിൽ ഗവേഷണം നടത്തുന്നതിനും അതിനു മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി സർവ്വകലാശാല ധനസഹായ കമ്മീഷന്റെ മാനദണ്ഡങ്ങൾ പ്രകാരം നിയമിക്കപ്പെട്ട ഒരു പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റേതെങ്കിലും ആൾ എന്നർത്ഥമാകുന്നു;" .

(ബി) 11-ാം വകുപ്പിൽ, (i)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(i എ) അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി;";

(സി) 15-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"15 എ. അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രോ-ചാൻസലർ - ചെയർമാൻ;

(ബി) സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന വൈസ്-ചാൻസലർമാർ - അംഗം;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി- അംഗം.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.".

(ഡി) 19-ാം വകുപ്പ് (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (4) ഒരു പ്രൊഫസറോ ഒരു പ്രൊഫസ്സറുടെ അസാന്നിദ്ധ്യത്തിൽ ആ വകുപ്പിലെ ഒരു അസോസിയേറ്റ് പ്രൊഫസറോ മൂന്നു വർഷക്കാലയളവിലേക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ തലവനായുള്ള സർവ്വകലാശാലയുടെ അക്കാദമിക് പഠനങ്ങളുടെ അടിസ്ഥാന ഘടകങ്ങൾ അക്കാദമിക് വകുപ്പുകൾ ആയിരിക്കുന്നതാണ്. രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ, ഏറ്റവും സീനിയറായ അദ്ധ്യാപകന്, 'ടീച്ചർ-ഇൻ-ചാർജ് ' ആയി കടമകൾ നിർവ്വഹിക്കാവുന്നതാണ്.".

(ഇ) 22 എ വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"22 എ. <u>അപ്പലേറ്റ് ട്രൈബ്യൂണൽ</u>.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട അപ്പലേറ്റ് ട്രൈബ്യൂണൽ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.".

6. <u>1996-ലെ 22-ാം ആക്റ്റിനുള്ള ഭേദഗതി</u>.—1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) ,—

(എ) 2-ാം വകുപ്പിൽ,—

(i) (i) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (iv എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(iv എ) " സ്വയംഭരണ കോളേജ്" എന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയതും സർവ്വകലാശാല, വിജ്ഞാപനം വഴി അപ്രകാരം പ്രഖ്യാപിച്ചതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;";

(iii) (iv ബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

" (iv ബി) "സ്വയംഭരണം" എന്നാൽ ആക്റ്റിലെ അദ്ധ്യായം VIII എ-യിലെ വ്യവസ്ഥകൾക്കനുസൃതമായി പഠന പ്രോഗ്രാമുകൾ നടത്തുക, അതിന്റെ സിലബസും പാഠ്യപദ്ധതിയും വികസിപ്പിക്കുക, അദ്ധ്യയനം, പഠനവും വിലയിരുത്തലും, മൂല്യനിർണ്ണയം എന്നിവയ്ക്കുള്ള രീതികൾ ആസൂത്രണം ചെയ്യുക, ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും സർവ്വകലാശാല നൽകുന്നതിലേയ്ക്കുള്ള പരീക്ഷകൾ നടത്തുന്നതിനും, ബന്ധപ്പെട്ട പഠന പ്രോഗ്രാമുകളുടെ ഫലങ്ങൾ പ്രസിദ്ധീകരിക്കൽ എന്നിവയ്ക്കായി ഒരു കോളേജിന് നൽകിയിട്ടുള്ള ഒരു വിശേഷാധികാരം എന്നർത്ഥമാകുന്നു;";

(iv) (v എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (v എ) "ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് " എന്നാൽ 74 ജി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഒരു പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ വേണ്ടിയുള്ള പഠന ബോർഡ് എന്നർത്ഥമാകുന്നു;";

(v) (vii)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vii എ) "ഒരു സ്വയംഭരണ കോളേജിന്റെ തർക്ക പരിഹാര സമിതി" എന്നാൽ 74 എൽബി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ തർക്ക പരിഹാര സമിതി എന്നർത്ഥമാകുന്നു;

(vii ബി) " കോഴ്സ് " എന്നാൽ ആക്റ്റിലെ അദ്ധ്യായം VIII എ-യിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു പ്രോഗ്രാം ഉൾക്കൊള്ളുന്ന വിഷയങ്ങളിൽ ഒന്ന് എന്നർത്ഥമാകുന്നു;";

(vi) (ix)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ix എ) "ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി" എന്നാൽ 74 എൽസി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി എന്നർത്ഥമാകുന്നു;";

(vii) (x എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(x എ) "ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി" എന്നാൽ 74 എൽഡി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി എന്നർത്ഥമാകുന്നു;

(x ബി) "ഗവേണിംഗ് ബോഡി" എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി എന്നർത്ഥമാകുന്നു;";

(viii) (xii)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xii എ) "ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ 74 എൽഎ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(xii ബി) "ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 72 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;";

(ix) (xvii)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xvii എ) "പ്രോഗ്രാം" എന്നാൽ സർവ്വകലാശാല ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കായി, ആക്റ്റിലെ അദ്ധ്യായം VIII എ-യിലെ

വ്യവസ്ഥകൾക്കനുസൃതമായി ഒരു നിശ്ചിത കാലയളവിലേയ്ക്ക് ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഉന്നത വിദ്യാഭ്യാസ പ്രോഗ്രാം എന്നർത്ഥമാകുന്നു;";

(x) (xx)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(xx എ) "പുനഃക്രമീകരിച്ച പ്രോഗ്രാം" എന്നാൽ ഇന്റർ ഡിസിപ്ലിനറി അല്ലെങ്കിൽ മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ പ്രോഗ്രാമിൽ ഉൾപ്പെടുത്തി അല്ലെങ്കിൽ പകരമാക്കിക്കൊണ്ട് സർവ്വകലാശാല അംഗീകരിച്ച ഒരു പ്രോഗ്രാം എന്നർത്ഥമാകുന്നു;";

(xi) (xxvi)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(xxvi എ)" ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി" എന്നാൽ 74 എൽഇ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി എന്നർത്ഥമാകുന്നു;".

(ബി) 5-ാം വകുപ്പിൽ ,—

(i) (ഐഎ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഒരു കോളേജിന് നൽകിയതോ ദീർഘിപ്പിച്ചതോ ആയ സ്വയംഭരണ പദവിയുടെ, നൽകലോ ദീർഘിപ്പിക്കലോ വിജ്ഞാപനംമൂലം പ്രഖ്യാപിക്കുക;";

(ii) (ഐബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(സി) 61-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2 എ) സിൻഡിക്കേറ്റിന്, ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും എന്തുതന്നെ അടങ്ങിയിരുന്നാലും, 2020-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിന്റെ (2020-ലെ 72) പ്രാബല്യ തീയതി മുതൽ ഒരു മാസത്തിനകം അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു കോളേജിൽ 2020-2021 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒരു പുതിയ കോഴ്സിന്റെ അഫിലിയേഷന് വേണ്ടിയുള്ള അപേക്ഷ സ്വീകരിക്കുകയും പരിഗണിക്കുകയും ചെയ്യാവുന്നതാണ്.".

(ഡി) 72-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"72. അപ്പലേറ്റ് ട്രൈബ്യൂണൽ.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.".

(ഇ) 72-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"72 എ. ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

| | |
|---|---|
| (എ) പ്രോ-ചാൻസലർ | -ചെയർമാൻ ; |
| (ബി) വൈസ്-ചാൻസലർ | - അംഗം ; |
| (സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ | - അംഗം; |
| (ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി | - അംഗം. |

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ ഒരു സ്വയംഭരണ കോളേജിന്റെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.

(എഫ്) 74 എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

(ജി) 74 ബി വകുപ്പ് വിട്ടുകളയേണ്ടതാണ്.

(എച്ച്) 74 സി വകുപ്പിൽ മാർജിനൽ ശീർഷകത്തിലും വകുപ്പിലും

"അക്കാദമിക സ്വയംഭരണം" എന്നീ വാക്കുകൾക്കു പകരം "സ്വയംഭരണം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ഐ) 74 ഡി വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (iii)-ാം ഇനത്തിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (iii)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (iv) ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(v) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി;

(vi) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി;

(vii) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി;

(viii) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി.".

(ജെ) 74 ഇ വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ,—

(എ) (സി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(സി) കോളേജിലെ വ്യത്യസ്ത വിഭാഗങ്ങളിലെ അദ്ധ്യാപക ജീവനക്കാരെ പ്രതിനിധീകരിക്കുന്ന നാല് അദ്ധ്യാപകർ, അവരിൽ രണ്ടു പേർ സീനിയോറിറ്റി, റൊട്ടേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യേണ്ടതും രണ്ടു പേർ കോളേജിലെ റെഗുലർ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരും ആയിരിക്കേണ്ടതാണ്;";

(ബി) (ഡി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണനിർവ്വഹണം, ധനകാര്യം എന്നീ മേഖലകളിൽ നിന്നുള്ള നാല് വിദഗ്ദ്ധർ;";

(സി) (ഇ) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്ന അക്കാദമിക വിദഗ്ധരായ മൂന്ന് പ്രൊഫസർമാർ;";

(ഡി) (എഫ്) ഇനത്തിൽ "കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(ii) (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിലെ ഒരു അംഗം മൂന്ന് വർഷക്കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും മറ്റൊരു മൂന്ന് വർഷക്കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ ഔദ്യോഗിക സ്ഥാനം ഹേതുവായി ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ അംഗമായിട്ടുള്ള ഒരാൾ, അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം അവസാനിക്കുമ്പോഴോ അയാളുടെ നാമനിർദ്ദേശ കാലാവധി അവസാനിക്കുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അതോടെ അതിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ്." ;

(iii) (4)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാല് പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(7) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും ഏഴ് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(8) യോഗത്തിൽ പങ്കെടുത്ത ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക

കൗൺസിലിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.” .

(കെ) 74 എഫ് വകുപ്പിൽ,—

(i) (ii)-ാം ഇനത്തിൽ “സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി” എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (v), (vi), (vii), (viii) എന്നീ ഇനങ്ങളിൽ “ഗവേണിംഗ് കൗൺസിൽ” എന്നീ വാക്കുകൾക്കു പകരം “ഗവേണിംഗ് ബോഡി” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എൽ) 74 ജി വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“74 ജി. ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്.—(1) ഒരു സ്വയംഭരണ കോളേജ് നടത്തുന്ന ഒരു പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ബന്ധപ്പെട്ട പ്രോഗ്രാം നൽകുന്ന വകുപ്പ് മേധാവി - ചെയർമാൻ;

(ബി) ബന്ധപ്പെട്ട പ്രോഗ്രാമിന്റെ കോഴ്സിന്റെ അദ്ധ്യാപനം നടത്തുന്ന ഫാക്കൽറ്റി അംഗം;

(സി) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയ്ക്ക് പുറത്തു നിന്നും ബന്ധപ്പെട്ട പ്രോഗ്രാമിലുള്ള രണ്ട് വിദഗ്ദ്ധർ;

(ഡി) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ ശിപാർശ ചെയ്യുന്ന, ബന്ധപ്പെട്ട പ്രോഗ്രാമിലെ ആറ് വിദഗ്ദ്ധരുടെ ഒരു പാനലിൽ നിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ;

(ഇ) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന വ്യവസായം അല്ലെങ്കിൽ കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖലയിൽ നിന്നുള്ള ഒരു പ്രതിനിധി;

(എഫ്) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു മികച്ച പൂർവ്വ വിദ്യാർത്ഥി;

(ജി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന, ബന്ധപ്പെട്ട അല്ലെങ്കിൽ അനുബന്ധ പ്രോഗ്രാമിൽ സർവ്വകലാശാലയുടെ പഠന ബോർഡിലെ, ഒരു പ്രതിനിധി;

(എച്ച്) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന്റെ അനുമതിയോടുകൂടി ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാൻ കോ-ഓപ്റ്റ് ചെയ്യുന്ന താഴെപ്പറയുന്ന വിഭാഗത്തിൽ നിന്നുമുള്ള പ്രത്യേക ക്ഷണിതാക്കൾ, അതായത്:—

(i) പ്രത്യേകമായ അല്ലെങ്കിൽ പുതിയ പ്രോഗ്രാം രൂപകൽപ്പന ചെയ്യേണ്ടിവരുന്നിടത്ത് സ്വയംഭരണ കോളേജിന് പുറത്തു നിന്നുള്ള വിദഗ്ദ്ധർ;

(ii) സ്വയംഭരണ കോളേജിന്റെ മറ്റ് വകുപ്പുകളിൽ നിന്നുള്ള ബന്ധപ്പെട്ട പ്രോഗ്രാമിൽ വിദഗ്ദ്ധരായ അദ്ധ്യാപകർ.

(2) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി, ഒരു പഠന ബോർഡിനു കീഴിൽ കൊണ്ടുവരേണ്ട പ്രോഗ്രാം അല്ലെങ്കിൽ ഒരു കൂട്ടം പ്രോഗ്രാമുകൾ തീരുമാനിക്കേണ്ടതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിക്ക്, ബിരുദ തലത്തിലും ബിരുദാനന്തര ബിരുദ തലത്തിലും പ്രോഗ്രാമിനോ ഒരു കൂട്ടം പ്രോഗ്രാമുകൾക്കോ പ്രത്യേക പഠന ബോർഡ് രൂപീകരിക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കാവുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗം മൂന്ന് അക്കാദമിക വർഷക്കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും മറ്റൊരു മൂന്ന് അക്കാദമിക വർഷക്കാലയളവിലേയ്ക്ക് പുനർനാമകരണത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗമായ ഒരു അദ്ധ്യാപകന്റെ സംഗതിയിൽ, വിരമിക്കൽ തീയതിയിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ്.

(5) വ്യത്യസ്ത വകുപ്പുകൾക്ക്, കോളേജിന്റെ പ്രിൻസിപ്പാൾ, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ യോഗത്തിനുള്ള സമയ പട്ടിക തയ്യാറാക്കേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്:

എന്നാൽ, ഒരു അക്കാദമിക വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(7) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാൻ, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാലു പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(8) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും ഏഴ് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(9) യോഗത്തിൽ പങ്കെടുത്ത ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കുവാൻ അർഹത യുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(10) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.” .

(എം) 74 എച്ച് വകുപ്പിൽ,—

(i) (i)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

“ (i) സ്വയംഭരണ കോളേജിന്റെ വകുപ്പിൽ നടത്തുന്ന പ്രോഗ്രാമുകൾക്ക് വേണ്ടി, കോളേജിന്റെ ലക്ഷ്യങ്ങളും പ്രോഗ്രാമിന്റെ ഗുണഭോക്താക്കളുടെ താൽപ്പര്യവും പ്രത്യേകിച്ചും സംസ്ഥാനത്തിന്റെ ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ട് പാഠ്യപദ്ധതിയും സിലബസും തയ്യാറാക്കുകയും അത് ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്യുക:

എന്നാൽ, നിലവിലുള്ള എല്ലാ പ്രോഗ്രാമും നിലവിലുള്ള പ്രോഗ്രാമിന്റെ പരിഷ്കരണവും പുതിയ പ്രോഗ്രാമോ പുനഃക്രമീകരിച്ച പ്രോഗ്രാമോ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും, പ്രോഗ്രാമിന്റെ കാലയളവ്, പ്രോഗ്രാമിനുള്ള മൊത്തം ക്രെഡിറ്റ്, സെമസ്റ്ററിന്റെ എണ്ണം, ഓരോ സെമസ്റ്ററിനും ആവശ്യമായ ഏറ്റവും കുറഞ്ഞ ക്രെഡിറ്റ്, സർവ്വകലാശാല

അംഗീകരിച്ച സമാനമായതോ അനുബന്ധമായതോ കോർ പ്രോഗ്രാമിനോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ലെറ്റർ ഗ്രേഡിംഗ് സംവിധാനം എന്നിവയ്ക്ക് അനുയോജ്യമാണെന്ന് ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പുവരുത്തേണ്ടതാണ്:

എന്നുമാത്രമല്ല, പുതിയതോ പുനഃക്രമീകരിച്ചതോ ആയ പ്രോഗ്രാമിനുള്ള നിർദ്ദേശം സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരം താഴ്ന്ന വിധത്തിൽ ആകുകയില്ലെന്ന് ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പു വരുത്തേണ്ടതാണ്:

എന്നുതന്നെയുമല്ല, തുടർവിലയിരുത്തലും അവസാന സെമസ്റ്റർ പരീക്ഷയും തമ്മിലുള്ള മാർക്കിന്റെ ശതമാനം വിഭജിച്ച് നൽകുവാൻ ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന് വിവേചനാധികാരം ഉണ്ടായിരിക്കുന്നതും എന്നിരുന്നാലും അവസാന സെമസ്റ്റർ പരീക്ഷയുടെ മാർക്കിന്റെ ശതമാനം മൊത്തം മാർക്കിന്റെ അറുപത് ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല.";

(ii) (iv)-ാം ഇനത്തിൽ "പരീക്ഷാ മേൽനോട്ടക്കാരുടെ നിയമനത്തിനു വേണ്ടിയുള്ള" എന്നീ വാക്കുകൾക്കുപകരം "പരീക്ഷാമേൽനോട്ടക്കാരുടെയും ചോദ്യപേപ്പർ തയ്യാറാക്കുന്നവരുടെയും നിയമനത്തിന് വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (v)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vi) പ്രോഗ്രാമിലേക്ക് പ്രവേശിപ്പിക്കപ്പെട്ട ഓരോ ബാച്ച് വിദ്യാർത്ഥികളെയും സംബന്ധിച്ച് അങ്ങനെയുള്ള ബാച്ച് വിദ്യാർത്ഥികളുടെ പ്രോഗ്രാം പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ പ്രോഗ്രാമിനും വേണ്ടി സ്വീകരിച്ചിട്ടുള്ള വിലയിരുത്തലിന്റെ രീതികളുടെയോ സംവിധാനങ്ങളുടെയോ അക്കാദമിക ഫലം വിലയിരുത്തുക;

(vii) സ്വയംഭരണ കോളേജിലെ ഒരു പ്രോഗ്രാമിനെ സംബന്ധിച്ച് തുടർച്ചയായ വിലയിരുത്തലിന്റെ രീതികൾ അല്ലെങ്കിൽ സംവിധാനങ്ങൾ പ്രോഗ്രാം ആരംഭിക്കുന്നതിനു മുമ്പ് തയ്യാറാക്കുക;

(viii) അക്കാദമിക ഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പുനഃപരിശോധനയും ഭേദഗതിയും നടത്തുകയും ആയത് കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്യുക." .

(എൻ) 74 ഐ വകുപ്പിൽ ,—

(i) മാർജിനൽ ശീർഷകത്തിലും (1)-ാം ഉപവകുപ്പിലും "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) സ്വയംഭരണ പദവി നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, അക്കാദമിക മികവ് തെളിയിച്ച വിദ്യാഭ്യാസ വിദഗ്ദ്ധൻ, വ്യവസായി, പ്രൊഫഷണൽ എന്നിവരായ മൂന്ന് വിശിഷ്ട ആളുകൾ, അവരിൽ ഒരാളെ ഗവേണിംഗ് ബോഡിയുടെ ചെയർമാനായി സർക്കാർ സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്;

(ബി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യുന്ന കോളേജിലെ ഒരു അദ്ധ്യാപകൻ ;

(സി) കോളേജിലെ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരാൾ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ദ്ധൻ അല്ലെങ്കിൽ വ്യവസായി;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഒരു പ്രതിനിധി ;

(ഐ) ചെയർമാൻ, കോളേജ് യൂണിയൻ ;

(ജെ) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് ബോഡിയുടെ എക്സ്- ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.";

(iii) (3)-ാം ഉപവകുപ്പിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം " ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) സ്വയംഭരണ പദവി നൽകപ്പെട്ട ഒരു സ്വകാര്യ കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) വിദ്യാഭ്യാസ ഏജൻസിയുടെ മാനേജർ, ചെയർമാൻ, ഡയറക്ടർ അല്ലെങ്കിൽ പ്രസിഡന്റ് - ചെയർമാൻ ;

(ബി) വിദ്യാഭ്യാസ ഏജൻസി നാമനിർദ്ദേശം ചെയ്യുന്ന, അക്കാദമിക താൽപ്പര്യം തെളിയിച്ച നാല് പേർ ;

(സി) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ റൊട്ടേഷൻ വഴി സ്വകാര്യ കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന കോളേജിലെ ഒരു അദ്ധ്യാപകൻ;

(ഡി) സ്വകാര്യ കോളേജിലെ അദ്ധ്യാപകർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരാൾ ;

(ഇ) വിദ്യാഭ്യാസ ഏജൻസി നാമനിർദ്ദേശം ചെയ്യുന്ന, ഒരു വിദ്യാഭ്യാസ വിദഗ്ധൻ അല്ലെങ്കിൽ വ്യവസായി ;

(എഫ്) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(ഐ) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഒരു പ്രതിനിധി ;

(ജെ) ചെയർമാൻ, കോളേജ് യൂണിയൻ ;

(കെ) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് ബോഡിയുടെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.".

(ഒ) 74 ജെ വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"74 ജെ. ഗവേണിംഗ് ബോഡിയുടെ ഔദ്യോഗിക കാലാവധി.—ഗവേണിംഗ് ബോഡിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി മൂന്ന് വർഷക്കാലയളവ് ആയിരിക്കുന്നതും ഒരു അധിക കാലയളവിലേയ്ക്ക് പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ് :

എന്നാൽ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഗവേണിംഗ് ബോഡിയിലെ അംഗം, നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ് :

എന്നുമാത്രമല്ല ഔദ്യോഗിക സ്ഥാനം ഹേതുവായി ഗവേണിംഗ് ബോഡിയിൽ അംഗമായിട്ടുള്ള ഒരാൾ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം അവസാനിക്കുമ്പോഴോ നാമനിർദ്ദേശ കാലാവധി പൂർത്തിയാക്കുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അതോടെ അതിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ് :

എന്നുതന്നെയുമല്ല ഗവേണിംഗ് ബോഡിയിൽ ഒരു അംഗം ആയ ഒരു വിദ്യാർത്ഥി, കോളേജ് യൂണിയന്റെ കാലാവധി അവസാനിക്കുമ്പോഴോ കോളേജിലെ ഒരു വിദ്യാർത്ഥി അല്ലാതായിത്തീരുമ്പോഴോ ഏതാണോ ആദ്യം വരുന്നത്, അതോടെ അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതാണ്." .

(പി) 74 കെ വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"74 കെ. ഗവേണിംഗ് ബോഡിയുടെ യോഗം.—(1) ഗവേണിംഗ് ബോഡി സാധാരണ ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് രണ്ടുപ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്:

എന്നാൽ, ഗവേണിംഗ് ബോഡിയിലെ മൂന്നിലൊന്നിൽ കുറയാതെയുള്ള അംഗങ്ങളുടെ രേഖാമൂലമുള്ള ഒരു അപേക്ഷ ലഭിച്ച് പത്ത് പൂർണ്ണ ദിവസങ്ങൾക്കകം ചെയർമാൻ, ഗവേണിംഗ് ബോഡിയുടെ യോഗം വിളിച്ചു കൂട്ടേണ്ടതാണ്.

(2) ഗവേണിംഗ് ബോഡിയുടെ ഒരു യോഗത്തിന്റെ ക്വാറം അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(3) ഗവേണിംഗ് ബോഡിയുടെ മെമ്പർ സെക്രട്ടറി, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാല് പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(4) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും പത്ത് പൂർണ്ണ ദിവസങ്ങൾക്കകം രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഗവേണിംഗ് ബോഡിയിലെ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(5) യോഗത്തിൽ പങ്കെടുത്ത ഗവേണിംഗ് ബോഡിയിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.".

(ക്യൂ) 74 എൽ വകുപ്പിൽ, (v)-ാം ഇനത്തിനും ക്ലിപ്തനിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(v) സർവ്വകലാശാലയുടെ അംഗീകാരത്തോടെയോ അനുമതിയോടെയോ മൈഗ്രേഷൻ സർട്ടിഫിക്കറ്റും പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റും നൽകുക.".

(ആർ) 74 എൽ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"74 എൽഎ. ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) നാഷണൽ അക്രെഡിറ്റേഷൻ ആന്റ് അസ്സസ്മെന്റ് കൗൺസിലിന്റെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും റെഗുലേഷനുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി ഓരോ സ്വയംഭരണ കോളേജിനും ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കുന്നതാണ്.

(2) സർവ്വകലാശാലയുടെ അധികാരിതയിൻ കീഴിൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി രൂപീകരിച്ച ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസെല്ലിന് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു എക്സ്റ്റേണൽ പിയർ ടീം ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി നാമനിർദ്ദേശം ചെയ്യുന്ന, ഒരു വിശിഷ്ടനായ അക്കാദമിക അംഗം- ചെയർമാൻ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അക്കാദമിക വിദഗ്ധർ.

(3) എക്സ്റ്റേണൽ പിയർ ടീമിന്റെ കാലാവധി നാല് വർഷക്കാല മായിരിക്കുന്നതാണ്.

(4) എക്സ്റ്റേണൽ പിയർ ടീം അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിന്റെ കടമകൾ നിർവ്വഹിക്കുന്നതിനും അതിന്റേതായ നടപടിക്രമങ്ങൾ തയ്യാറാക്കേണ്ടതാണ്.

(5) എക്സ്റ്റേണൽ പിയർ ടീം, അക്കാദമിക പ്രവർത്തനങ്ങളായ അദ്ധ്യാപന-പഠന പ്രക്രിയ, പരീക്ഷാ നടത്തിപ്പ്, അക്കാദമിക ഫലങ്ങളുടെ നേട്ടം എന്നീ വിവിധ മേഖലകളിലെ സ്വയംഭരണ കോളേജിന്റെ സമഗ്രമായ പ്രകടനം അവലോകനം ചെയ്യേണ്ടതാണ്. എക്സ്റ്റേണൽ പിയർ ടീം അതിന്റെ റിപ്പോർട്ട് സർവ്വകലാശാലയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്. സർവ്വകലാശാല, റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം അതിന്റെ ശിപാർശ സഹിതം അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്. എക്സ്റ്റേണൽ പിയർ ടീം, അതിന്റെ അധികാരിതയിൻ കീഴിലുള്ള എല്ലാ സ്വയംഭരണ കോളേജിലും വർഷത്തിൽ ഒരിക്കലെങ്കിലും അവലോകനം നടത്തേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും കടമകളും പ്രവർത്തനങ്ങളും സർവ്വകലാശാല കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

74 <u>എൽബി</u>. <u>ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി</u>.—(1) സർവ്വകലാശാല, ആക്റ്റിന്റെ VIII <u>എ</u> അദ്ധ്യായത്തിലെ ആവശ്യത്തിലേയ്ക്കായി, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു പരാതി പരിഹാര സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

(എ) വൈസ്-ചാൻസലർ - ചെയർമാൻ ;

(ബി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നോമിനി - അംഗം;

(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതിയിലെ ഒരു അംഗം - അംഗം;

(ഡി) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു സ്വയംഭരണ കോളേജിന്റെ ഒരു മാനേജർ - അംഗം.

(2) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിയുടെ കാലാവധി അതിന്റെ രൂപീകരണ തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിക്ക്, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംഭരണ കോളേജുകളിലെ പ്രവേശനം, ഫീസ് എന്നിവ സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനും തീർപ്പാക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതി അതിന്റെ കാര്യങ്ങൾ നടത്തുന്നതിനും പ്രവർത്തനങ്ങൾക്കും വേണ്ടി അതിന്റേതായ നടപടിക്രമങ്ങൾ തയ്യാറാക്കേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ പരാതി പരിഹാര സമിതിയുടെ തീരുമാനങ്ങളും ഉത്തരവുകളും കക്ഷികൾക്ക് ബാധകമായിരിക്കുന്നതാണ്.

74 എൽസി. ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതി.—(1) സർവ്വകലാശാല, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ഒരു വിദഗ്ധ സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

(എ) പ്രോ-വൈസ്-ചാൻസലർ - ചെയർമാൻ ;

(ബി) സിൻഡിക്കേറ്റിലെ അംഗങ്ങൾ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത രണ്ടു പേർ ;

(സി) പ്രത്യേക ക്ഷണിതാവായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാല നടത്തുന്ന ബന്ധപ്പെട്ട അല്ലെങ്കിൽ അനുബന്ധ പ്രോഗ്രാമിന്റെ വകുപ്പ് തലവൻ ;

(ഡി) പ്രത്യേക ക്ഷണിതാവായി, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഫാക്കൽറ്റി ഡീൻ ;

(ഇ) പ്രത്യേക ക്ഷണിതാക്കളായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ, സർവ്വകലാശാലയുടെ പഠന ബോർഡിലെ രണ്ട് അംഗങ്ങൾ ;

(എഫ്) പ്രത്യേക ക്ഷണിതാക്കളായി വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സ്വയംഭരണ കോളേജ് നിർദ്ദേശിച്ച പുതിയ പ്രോഗ്രാമുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ ആയ മൂന്ന് വിദഗ്ധർ ;

(ജി) സർവ്വകലാശാലയുടെ രജിസ്ട്രാർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതിയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ കാലാവധി അവരെ തെരഞ്ഞെടുത്ത സിൻഡിക്കേറ്റിന്റെ കാലാവധി അവസാനിക്കുന്നതോടെ തീരുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിലെ വിദഗ്ധ സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം പ്രത്യേക ക്ഷണിതാക്കൾ അല്ലാതെയുള്ള അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

74 എൽഡി. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി.—(1) ഓരോ സ്വയംഭരണ കോളേജിനും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) കോളേജിന്റെ പ്രിൻസിപ്പാൾ - ചെയർമാൻ;

(ബി) ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത രണ്ടു പേർ ;

(സി) കോളേജിന്റെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ;

(ഡി) സർവ്വകലാശാലയുടെ ഫൈനാൻസ് ഓഫീസർ.

(2) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്. എന്നാൽ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്. ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ ചെയർമാൻ, വിശദമായ അജണ്ട കുറിപ്പുകൾ സഹിതം യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പതിനാലു പൂർണ്ണ ദിവസങ്ങൾക്ക് മുൻപ് രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(3) ചെയർമാൻ, യോഗത്തിന്റെ കരട് നടപടിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതും രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ പത്ത് പൂർണ്ണ ദിവസങ്ങൾക്കകം ധനകാര്യ സമിതിയിലെ എല്ലാ അംഗങ്ങളേയും അറിയിക്കേണ്ടതുമാണ്.

(4) യോഗത്തിൽ പങ്കെടുത്ത, ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയിലെ ഒരു അംഗത്തിന്, കരട് നടപടിക്കുറിപ്പുകൾ, ആയത് കൈപ്പറ്റി പത്ത് പൂർണ്ണ ദിവസങ്ങൾക്കകം അങ്ങനെയുള്ള ഭേദഗതി നിർദ്ദേശിക്കാൻ അർഹതയുണ്ടായിരിക്കുന്നതും അതിന്മേൽ ചെയർമാൻ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അന്തിമ നടപടിക്കുറിപ്പുകൾ രജിസ്റ്റേർഡ് തപാൽ വഴിയോ ഇലക്ട്രോണിക് മാധ്യമം വഴിയോ എല്ലാ അംഗങ്ങളെയും അറിയിക്കേണ്ടതുമാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ ധനകാര്യ സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കടമകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) അതിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന അങ്ങനെയുള്ള കാര്യങ്ങളിന്മേൽ ഗവേണിംഗ് ബോഡിയെ ഉപദേശിക്കുക ;

(ബി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, സർവ്വകലാശാല, സർക്കാർ എന്നിവയിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും മറ്റ് തുകകളും സംബന്ധിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുക ;

(സി) കോളേജുമായി ബന്ധപ്പെട്ട ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും സൂക്ഷ്മ പരിശോധന നടത്തുകയും അംഗീകരിക്കുകയും ചെയ്യുക.

74 എൽഇ. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി.—(1) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) കോളേജ് പ്രിൻസിപ്പാൾ - ചെയർമാൻ ;

(ബി) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിലെ മൂന്ന് സീനിയർ അദ്ധ്യാപകർ, അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ് ;

(സി) ചെയർമാൻ, കോളേജ് യൂണിയൻ ;

(ഡി) സ്വയംഭരണ കോളേജിന്റെ അദ്ധ്യാപക-രക്ഷാകർത്തൃ അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു രക്ഷകർത്താവ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ കാലാവധി രണ്ട് വർഷം ആയിരിക്കുന്നതാണ്. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതാണ്, എന്നാൽ ഓരോ അക്കാദമിക വർഷത്തിന്റെയും ആദ്യ മാസത്തിൽ യോഗം ചേരേണ്ടതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതി, വിദ്യാർത്ഥികളുടെ പരാതി പരിഹരിക്കുന്നതിനായി, സർവ്വകലാശാല അതിന്റെ റെഗുലേഷനുകൾ വഴി കാലാകാലങ്ങളിൽ നിശ്ചയിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ ശിപാർശ, കോളേജിന്റെ പ്രിൻസിപ്പാൾ പരിഗണിക്കേണ്ടതും ഉചിതമായ തീരുമാനമെടുക്കേണ്ടതും പരാതി കൈപ്പറ്റിയ തീയതി മുതൽ പതിനാല് ദിവസ കാലയളവിനകം, സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥിയെ അറിയിക്കേണ്ടതുമാണ്. ഒരു സ്വയംഭരണ കോളേജിന്റെ വിദ്യാർത്ഥി പരാതി പരിഹാര സമിതിയുടെ റിപ്പോർട്ടും ശിപാർശയും അതിന്മേൽ പ്രിൻസിപ്പാൾ എടുത്ത തീരുമാനവും വൈസ്-ചാൻസലറെ അറിയിക്കേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ പതിനാല് ദിവസങ്ങൾക്കകം വൈസ്-ചാൻസലർക്ക് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്. സർവ്വകലാശാലയുടെ വൈസ്-ചാൻസലർ അങ്ങനെയുള്ള അപ്പീലിൽ ബന്ധപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം, അറുപത് ദിവസങ്ങൾക്കകം തീരുമാനമെടുക്കേണ്ടതാണ്.” .

(എസ്) 74 എം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“74 എം. ഒരു കോളേജിന് സ്വയംഭരണ പദവി നൽകുന്നതിനോ ദീർഘിപ്പിക്കുന്നതിനോ ഉള്ള നടപടിക്രമം.—(1) ഒരു കോളേജ് അതിന്റെ പദവി ഒരു സ്വയംഭരണം എന്നതിലേയ്ക്ക് മാറ്റാൻ ഉദ്ദേശിക്കുന്നിടത്ത്, അത്, വർഷത്തിൽ ഏതു സമയത്തും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിനിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ സർവ്വകലാശാലയ്ക്ക് ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) അപേക്ഷ സ്വീകരിക്കുന്നതിന്മേൽ, അപേക്ഷ കൈപ്പറ്റി ഏഴു ദിവസങ്ങൾക്കകം സിൻഡിക്കേറ്റോ നിർവ്വാഹക സമിതിയോ ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതിയിലെ അഞ്ച് അംഗങ്ങൾ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ, അതിന്റെ അക്കാദമിക പ്രകടനം, അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത, രഹസ്യാത്മകതയോടെയും സുതാര്യതയോടെയും വിലയിരുത്തലും മൂല്യനിർണ്ണയവും നടത്തുന്നതിന് യോഗ്യതയുള്ള ഫാക്കൽറ്റി സൗകര്യങ്ങൾ, ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും പ്രകാരമുള്ള വിവിധ സ്റ്റാറ്റ്യൂട്ടറി സമിതികളുടെ പ്രവർത്തനങ്ങളുടെ നിലനിൽപ്പ് എന്നിവ കോളേജ് നിറവേറ്റുന്നുണ്ടോ എന്നത് സമിതി പരിശോധിക്കേണ്ടതും സമിതി അതിന്റെ റിപ്പോർട്ട് ഏഴു ദിവസങ്ങൾക്കകം വൈസ്-ചാൻസലർക്ക് സമർപ്പിക്കേണ്ടതുമാണ്.

(3) വൈസ്-ചാൻസലർ, സമിതിയുടെ റിപ്പോർട്ട് പരിഗണിക്കേണ്ടതും അപേക്ഷ കൈപ്പറ്റി മുപ്പത് ദിവസങ്ങൾക്കകം ആവശ്യമായ അങ്ങനെയുള്ള രേഖകൾ സഹിതം അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയയ്ക്കേണ്ടതുമാണ്. വൈസ്-ചാൻസലർ അപേക്ഷ നിരസിക്കുന്നിടത്ത്, അദ്ദേഹത്തിന്റെ തീരുമാനം കോളേജിനെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെയും അറിയിക്കേണ്ടതാണ്. സർവ്വകലാശാലയുടെ തീരുമാനം സർക്കാരിനും കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(4) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആവശ്യപ്പെടുമ്പോഴെല്ലാം ഒരു ഉടനടി സ്ഥല സന്ദർശനത്തിനായി സർവ്വകലാശാലയും സർക്കാരും അവരുടെ നോമിനികളെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിദഗ്ദ്ധ സമിതിക്ക് നൽകേണ്ടതാണ്.

(5) ഒരു കോളേജിന് സ്വയംഭരണ പദവി നൽകുന്നതിനോ ദീർഘിപ്പിക്കുന്നതിനോ ഉള്ള അപേക്ഷ ഏതൊരു കാരണത്താലും നിരസിക്കപ്പെടുന്നിടത്ത്, കോളേജിന്, അതിന്റെ മുൻ അപേക്ഷ അങ്ങനെയുള്ള നിരസിക്കൽ ചെയ്ത തീയതി മുതൽ ഒരു വർഷത്തിനകം വീണ്ടും അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(6) ഒരു സ്വയംഭരണ കോളേജ്, സ്വയംഭരണ കാലാവധി അവസാനിക്കുന്നതിന് ആറു മാസങ്ങൾക്ക് മുൻപ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ സ്വയംഭരണ പദവി ദീർഘിപ്പിക്കലിനായി അപേക്ഷിക്കേണ്ടതാണ്.

(7) നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ അല്ലെങ്കിൽ നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ നിശ്ചയിച്ചിട്ടുള്ള അക്രെഡിറ്റേഷൻ കാലാവധി അവസാനിക്കുന്ന സംഗതിയിൽ, സ്വയംഭരണ പദവി ദീർഘിപ്പിക്കാൻ ആവശ്യപ്പെടുന്ന കോളേജ്, സ്വയംഭരണ പദവി ദീർഘിപ്പിക്കലിന് അർഹത നേടുന്നതിനു വേണ്ടി നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെയോ നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷന്റെയോ അക്രെഡിറ്റേഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ള താണെന്നതിന്റെ ഒരു തെളിവ് സമർപ്പിക്കേണ്ടതാണ്.

(8) ഒരു സ്വയംഭരണ കോളേജ് അതിന്റെ സ്വയംഭരണ പദവി തിരികെ നൽകാൻ ഉദ്ദേശിക്കുന്നിടത്ത്, ഗവേണിംഗ് ബോഡിയുടെ പ്രമേയം സർവ്വകലാശാല മുഖേന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അങ്ങനെയുള്ള പ്രമേയം പരിഗണിക്കുന്നതിനായി അയച്ചുകൊടുക്കുന്നതിനുള്ള കൃത്യമായ നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

(റ്റി) 74 എൻ വകുപ്പിൽ (1)-ാം ഉപവകുപ്പിനും ക്ലിപ്തനിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) കോളേജിന്റെ പ്രിൻസിപ്പാൾ, ഓരോ സ്വയംഭരണ കോളേജിനും, കോളേജിലെ ഒരു അദ്ധ്യാപകൻ തലവനായുള്ള ഒരു പരീക്ഷാ സെൽ രൂപീകരിക്കേണ്ടതാണ്.".

(യു) 74 ഒ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"74 ഒഎ. ഒരു സ്വയംഭരണ കോളേജിന്റെ അധികാരങ്ങളും കടമകളും.—(1) ഒരു സ്വയംഭരണ കോളേജ്, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ സർവ്വകലാശാല കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്റ്റാറ്റ്യൂട്ടറി മാർഗ്ഗനിർദ്ദേശങ്ങൾ, ഉത്തരവുകൾ, റെഗുലേഷനുകൾ എന്നിവകൾക്ക് അനുസൃതമായി അക്കാദമിക ഗുണനിലവാരവും മാനദണ്ഡവും തുടർച്ചയായി കാത്തുസൂക്ഷിക്കേണ്ടതാണ്.

(2) സ്വയംഭരണ കോളേജ്, നിലവിലുള്ള അക്രെഡിറ്റേഷൻ പദവി, ദേശീയ റാങ്കിംഗ്, നൽകുന്ന പ്രോഗ്രാമുകൾ, പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്, ഫീസും പ്രോഗ്രാമുകൾക്കായി വിദ്യാർത്ഥികൾ അടയ്ക്കേണ്ട മറ്റ് എല്ലാ തുകകളും, ഫാക്കൽറ്റിയുടെ പ്രൊഫൈൽ, പ്രവേശന നടപടിക്രമങ്ങൾ, ഉചിതമായ അടിസ്ഥാനസൗകര്യങ്ങളുടെ വിശദാംശങ്ങൾ, കോളേജിന്റെ ഗവേഷണ പ്രവർത്തനങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച വിവരം വീഴ്ച കൂടാതെ അതിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(3) സ്വയംഭരണ കോളേജ്, 74 ഡി വകുപ്പിൽ പരാമർശിച്ചിരിക്കുന്ന അധികാരസ്ഥാനങ്ങളുടെ ഘടനയും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിലെ അംഗങ്ങളുടെ പ്രൊഫൈലും അതിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. അധികാരസ്ഥാനങ്ങളുടെ അംഗീകരിച്ച നടപടിക്കുറിപ്പുകളും അതിന്മേൽ സ്വീകരിച്ച നടപടിയും കൂടി അതിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

(4) സ്വയംഭരണ കോളേജ്, അതിന്റെ വെബ്സൈറ്റിൽ അക്കൗണ്ടുകളുടെ വിശദമായ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും വാർഷിക ബഡ്ജറ്റും സ്ഥാപന വികസന പദ്ധതികളും ഉൾപ്പെടുത്തേണ്ടതാണ്.

(5) സ്വയംഭരണ കോളേജിന്, നിലവിലുള്ള കോഴ്സുകളോ പ്രോഗ്രാമുകളോ പുനഃപരിശോധിക്കാവുന്നതും ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അതിന്റെ കോഴ്സുകൾ, പഠന പ്രോഗ്രാമുകൾ, സിലബസ് എന്നിവ പുനഃക്രമീകരിക്കാവുന്നതും വീണ്ടും രൂപകൽപ്പന ചെയ്യാവുന്നതും നിശ്ചയിക്കാവുന്നതുമാണ്.

(6) സ്വയംഭരണ കോളേജിന്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 2014-ലെ സ്പെസിഫിക്കേഷൻ ഓഫ് ഡിഗ്രീസ് പ്രകാരം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിനിർദ്ദേശിച്ചിട്ടുള്ള നാമകരണത്തിൽ ഉൾപ്പെടുന്ന പുതിയ കോഴ്സുകൾ അല്ലെങ്കിൽ പ്രോഗ്രാമുകൾ ആവിഷ്കരിക്കാവുന്നതാണ്.

(7) സ്വയംഭരണ കോളേജിന്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, വിദ്യാർത്ഥികളുടെ പ്രകടനം വിലയിരുത്തൽ, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനങ്ങളുടെ വിജ്ഞാപനം എന്നിവയുള്ള രീതികൾ ആവിഷ്കരിക്കാവുന്നതാണ്.

(8) സ്വയംഭരണ കോളേജിന്, ഫലങ്ങൾ പ്രഖ്യാപിക്കാവുന്നതും മാർക്ക് ഷീറ്റുകളും മറ്റ് സർട്ടിഫിക്കറ്റുകളും നൽകാവുന്നതും, എന്നിരുന്നാലും, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, ബിരുദ സർട്ടിഫിക്കറ്റിൽ കോളേജിന്റെ പേരോടുകൂടിയ ബിരുദം സർവ്വകലാശാല നൽകേണ്ടതുമാണ്.

(9) സ്വയംഭരണ കോളേജ്, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി, സ്വയംഭരണ പദവി നൽകുകയോ ദീർഘിപ്പിക്കുകയോ ചെയ്യുന്ന സമയത്ത് ഒറ്റത്തവണ അഫിലിയേഷൻ ഫീസും അങ്ങനെയുള്ള മറ്റ് തുകകളും സർവ്വകലാശാലയ്ക്ക് നൽകേണ്ടതാണ്.

(10) സ്വയംഭരണ കോളേജ്, ഈ അദ്ധ്യായത്തിൻ കീഴിൽ രൂപീകരിക്കേണ്ടത് ആവശ്യമായ ഗവേണിംഗ് ബോഡി, അക്കാദമിക കൗൺസിൽ, പഠന ബോർഡ്, ധനകാര്യ സമിതി, വിദ്യാർത്ഥി പരാതി പരിഹാര സമിതി, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നിവ രൂപീകരിക്കേണ്ടതാണ്.

(11) സ്വയംഭരണ കോളേജ്, 2009-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് ഓൺ കർബിംഗ് ദി മെനസ് ഓഫ് റാഗിംഗ് ഇൻ ഹയർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് പ്രകാരം ആവശ്യമായ ഒരു ആന്റി റാഗിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(12) സ്വയംഭരണ കോളേജ്, 2015-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (പ്രിവൻഷൻ, പ്രോഹിബിഷൻ ആന്റ് റിഡ്രസൽ ഓഫ് സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വിമൺ എംപ്ലോയീസ് ആന്റ് സ്റ്റുഡന്റ്സ് ഇൻ ഹയർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റെഗുലേഷൻസ് പ്രകാരം ആവശ്യമായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(13) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്വയംഭരണ കോളേജ്, അദ്ധ്യാപകരെയും മറ്റ് അക്കാദമിക ജീവനക്കാരെയും, 2018-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (മിനിമം ക്വാളിഫിക്കേഷൻസ് ഫോർ അപ്പോയിന്റ്മെന്റ് ഓഫ് ടീച്ചേഴ്സ് ആന്റ് അദർ അക്കാദമിക് സ്റ്റാഫ് ഇൻ യൂണിവേഴ്സിറ്റീസ് ആന്റ് കോളേജസ് ആന്റ് മെഷേഴ്സ് ഫോർ ദി മെയിന്റനൻസ് ഓഫ് സ്റ്റാൻഡേർഡ്സ് ഇൻ ഹയർ എഡ്യൂക്കേഷൻ) റെഗുലേഷൻസ് പ്രകാരം നിയമിക്കേണ്ടതാണ്.

(14) സ്വയംഭരണ കോളേജ്, ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കും സർക്കാരുമായോ സർവ്വകലാശാലയുമായോ ഏർപ്പെട്ട കരാറുകൾക്കും വിധേയമായി, സ്വയംഭരണ പദവി നൽകുന്നതിനു മുമ്പായി ഫണ്ട് സ്വീകരിച്ച പ്രകാരം തുടർന്നും സ്വീകരിക്കേണ്ടതാണ്.

(15) കോളേജിന് നൽകിയിട്ടുള്ള സ്വയംഭരണാധികാരം സ്ഥാപന തലത്തിലുള്ളതും ഭാഗികമല്ലാത്തതും കോളേജ് നൽകുന്ന ബിരുദം, ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി. എന്നിങ്ങനെയുള്ള എല്ലാ തലങ്ങളിലുമുള്ള പ്രോഗ്രാമുകൾ ഉൾപ്പെടുന്നതും സ്വയംഭരണ പദവി നൽകിയതിനു ശേഷം കോളേജ് ആരംഭിക്കുന്ന പ്രോഗ്രാമുകളും ഉൾപ്പെടുന്നതുമാണ്.

(16) സ്വയംഭരണ പദവി നൽകൽ അല്ലെങ്കിൽ ദീർഘിപ്പിക്കൽ സമയത്തുള്ള സ്വയംഭരണ കോളേജിൽ പേരു ചേർത്തിട്ടുള്ള വിദ്യാർത്ഥികളെ കൂടി സ്വയംഭരണ പദവിയിൽ ഉൾപ്പെടുത്തേണ്ടതാണ്.” .

(വി) 74 പി വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ “അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ” എന്നീ വാക്കുകൾക്കു പകരം “ഈ അദ്ധ്യായത്തിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2) മുതൽ (17) വരെയുള്ള ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“(2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകിയ സ്വയംഭരണ പദവിയുടെ കാലയളവിലേക്കോ സ്വയംഭരണ പദവിയുടെ ദീർഘിപ്പിക്കപ്പെട്ട കാലയളവിലേക്കോ, അതതുസംഗതിപോലെ, ഒരു സ്വയംഭരണ കോളേജിൽ നിന്നുള്ള ഒറ്റത്തവണ അഫിലിയേഷൻ ഫീസും ഒരു സ്വയംഭരണ കോളേജ് നൽകേണ്ടതായ നിശ്ചിത ശീർഷകം അല്ലെങ്കിൽ ഇനത്തിൻ കീഴിലുള്ള മറ്റ് ഫീസുകളും നിശ്ചയിക്കുകയും ആവശ്യപ്പെടുകയും ചെയ്യുക.

(3) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡി, കോളേജിൽ ഒരു പുതിയ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം അംഗീകരിക്കുകയും സർവ്വകലാശാലക്ക് സമർപ്പിക്കുകയും ചെയ്യുന്നിടത്ത്, നിർദ്ദേശം പരിഗണിക്കുന്നതിനും ഉചിതമായ തീരുമാനത്തിനുമായി വൈസ്-ചാൻസലർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി മുമ്പാകെ നിർദ്ദേശം വയ്പ്പിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ഓരോ നിർദ്ദേശവും ഓരോ വർഷവും ഒക്ടോബർ 31-ാം തീയതിയോ അതിനു മുൻപോ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(4) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി, സർവ്വകലാശാലയുടെ നിർദ്ദേശം കൈപ്പറ്റി തൊണ്ണൂറ് ദിവസങ്ങൾക്കകം നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ വൈസ്-ചാൻസലർക്ക് പുനഃസമർപ്പണത്തിനായി തിരിച്ചയച്ച് കൊടുത്തു

കൊണ്ടോ ഒരു തീരുമാനമെടുക്കേണ്ടതും, വൈസ്-ചാൻസലർ ഒരു സർവ്വകലാശാലയുടെ തീരുമാനമായി ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അങ്ങനെയുള്ള തീരുമാനം അറിയിക്കേണ്ടതുമാണ്:

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി, പ്രോഗ്രാമിന്റെ കാലയളവ്, സെമസ്റ്ററുകളുടെ എണ്ണം, ഓരോ സെമസ്റ്ററിനും ആവശ്യമായ ഏറ്റവും കുറഞ്ഞ ക്രെഡിറ്റുകൾ, പ്രോഗ്രാമിനു വേണ്ടിയുള്ള മൊത്തം ക്രെഡിറ്റുകൾ, സർവ്വകലാശാല നടത്തുന്ന സമാനമായ പ്രോഗ്രാമിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള ലെറ്റർ ഗ്രേഡിംഗ് സംവിധാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദേശം പരിഗണിക്കേണ്ടതും നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അറിയിക്കുന്നതിനായി വൈസ്-ചാൻസലർക്ക് പുനഃസമർപ്പണത്തിനായി നിർദ്ദേശം തിരികെ നൽകുന്നതിനോ മുൻപായി നിർദ്ദേശം അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതോ രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ താൽപ്പര്യത്തിന് എതിരാകുന്നതോ ആയ ഫലം ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്:

എന്നുമാത്രമല്ല, നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ സർവ്വകലാശാലയ്ക്ക് നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്കകം സർവ്വകലാശാലയുടെ തീരുമാനം അറിയിക്കാത്തിടത്ത്, നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(5) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി, വൈസ്-ചാൻസലർക്ക് നിർദ്ദേശം പുനഃസമർപ്പണത്തിനായി തിരികെ നൽകുന്നിടത്ത്, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ചതിനു ശേഷം നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കകം നിർദ്ദേശം പുനഃസമർപ്പിക്കുന്നതിനായി, വൈസ്-ചാൻസലർ സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിക്ക് തിരികെ നൽകുവാൻ ഇടയാക്കേണ്ടതാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ദ്ധ സമിതി, പുനഃസമർപ്പിച്ച നിർദ്ദേശം കൈപ്പറ്റി, മുപ്പത് ദിവസങ്ങൾക്കകം നിർദ്ദേശം അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ് :

എന്നാൽ, സർവ്വകലാശാലയ്ക്ക് നിർദ്ദേശം പുനഃസമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം വൈസ്-ചാൻസലർ സർവ്വകലാശാലയുടെ തീരുമാനം, നിർദ്ദേശം പുനഃസമർപ്പിച്ച ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയെ അറിയിക്കാതിരിക്കുന്നിടത്ത്, നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(7) വൈസ്-ചാൻസലർ, ഒരു സ്വയംഭരണ കോളേജിന്റെ വിദഗ്ധ സമിതിയുടെ റിപ്പോർട്ടും അതിന്മേലെടുത്ത തീരുമാനവും സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(8) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും നിബന്ധനകൾ സ്വയംഭരണ പദവി ലഭിച്ച ഒരു കോളേജ് ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനും സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(9) സിൻഡിക്കേറ്റിന്, (8)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, കോളേജ് പരിശോധിക്കാനും അതിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കാനും പരിശോധനയുടെ ആവശ്യത്തിന് പ്രസക്തമായ തെളിവ് ശേഖരിക്കുന്നതിനുമായി, അതിന് യുക്തമെന്നു കരുതുന്ന, അങ്ങനെയുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കാവുന്നതും, അതിലേയ്ക്കായി സമിതി ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും രേഖകളും സമിതി നിശ്ചയിച്ചിട്ടുള്ള തീയതിയിലും സമയത്തും സ്വയംഭരണ കോളേജ് നൽകേണ്ടതാണ്:

എന്നാൽ, പദവി ലഭിച്ച കോളേജ് സ്വീകരിച്ച സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യത്തിലുള്ള അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച രേഖാമൂലമുള്ള പരാതിയിലോ വിവരത്തിലോ മാത്രമായിരിക്കും അങ്ങനെയുള്ള അന്വേഷണത്തിന്റെ വ്യാപ്തി.

(10) (9)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സമിതി, ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം മാത്രം അതിന്റെ റിപ്പോർട്ട് അന്തിമമാക്കേണ്ടതാണ്.

(11) സിൻഡിക്കേറ്റ്, പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷം, കോളേജിന് നൽകപ്പെട്ടിട്ടുള്ള സ്വയംഭരണ പദവി താൽക്കാലികമായി നിർത്തലാക്കേണ്ടതാണെന്നോ റദ്ദാക്കേണ്ടതാണെന്നോ അഭിപ്രായമുള്ളപക്ഷം, ആയത് സർവ്വകലാശാലയുടെ ശിപാർശയായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ അറിയിക്കേണ്ടതാണ്.

(12) ഒരു സ്വയംഭരണ കോളേജുമായി ബന്ധപ്പെട്ട് സർക്കാരിന് രേഖാമൂലമുള്ള എന്തെങ്കിലും പരാതിയോ വിവരമോ ലഭിക്കുന്നപക്ഷം, സർക്കാരിന്, പരാതിയുടെയും വിവരത്തിന്റെയും ഉള്ളടക്കം കൃത്യമായി പരിഗണിച്ചതിനു ശേഷം, അത് അപ്രകാരം കരുതുന്ന പക്ഷം, ആവശ്യമായ നടപടിക്കായി സർവ്വകലാശാലയ്ക്ക് റഫർ ചെയ്യേണ്ടതാണ്:

എന്നാൽ, സ്വയംഭരണ പദവി ലഭിച്ച കോളേജ് സ്വീകരിച്ച സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യത്തിലുള്ള അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച രേഖാമൂലമുള്ള പരാതിയിലോ വിവരത്തിലോ മാത്രമായിരിക്കും അങ്ങനെയുള്ള പരാമർശത്തിന്റെ വ്യാപ്തി.

(13) (12)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നടത്തിയ ഒരു റഫറൻസ് സംബന്ധിച്ച് (8), (9), (10) എന്നീ ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമവും നടപടിയും പാലിക്കേണ്ടതാണ്.

(14) ഓരോ സ്വയംഭരണ കോളേജും അത് കോളേജിൽ നടത്താൻ ഉദ്ദേശിക്കുന്ന, നിശ്ചയിച്ചിട്ടുള്ള ആദ്യ പരീക്ഷകളുടെ തീയതിക്ക് മുമ്പുള്ള ആറ് മാസങ്ങൾക്കകം ഒരു പരീക്ഷാ മാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള സമർപ്പണത്തിന്റെ അറുപത് ദിവസങ്ങൾക്കകം സർവ്വകലാശാലാ പരീക്ഷാ മാന്വലിന്മേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. സ്വയംഭരണ കോളേജ്, അതിന്റെ പരീക്ഷാ മാന്വലിൽ സർവ്വകലാശാല ഉൾപ്പെടുത്താൻ ആവശ്യപ്പെട്ട ഭേദഗതികൾ ഉൾപ്പെടുത്തേണ്ടതും ആയത് സർവ്വകലാശാലയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്." .

(ഡബ്ല്യൂ) 74 ക്യൂ വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്ക് പകരം "ഗവേണിംഗ് ബോഡി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എക്സ്) 74 ആർ വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"74 ആർ. സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം.—സർക്കാരും സർവ്വകലാശാലയും സ്വയംഭരണ കോളേജ് അല്ലെങ്കിൽ സ്വയംഭരണ പദവിക്ക് അപേക്ഷിക്കുന്ന ഒരു കോളേജുമായുള്ള എല്ലാ കത്തിടപാടുകളും പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.".

(വൈ) 74 എസ് വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"74 എസ്. ഈ അദ്ധ്യായത്തിനുകീഴിലുള്ള ഒരു സ്വയംഭരണ കോളേജിന്റെ അധികാരസ്ഥാനങ്ങളിലുള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.—ഈ അദ്ധ്യായത്തിൻ കീഴിൽ, ഒരു സ്വയംഭരണ കോളേജിന്റെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ യാതൊരു തീരുമാനവും അങ്ങനെയുള്ള അധികാരസ്ഥാനത്തുള്ള ഒരു ഒഴിവ് നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.".

7. <u>2005-ലെ 27-ാം ആക്റ്റിനുള്ള ഭേദഗതി</u>.—2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിൽ (2005-ലെ 27),—

(എ) 2-ാം വകുപ്പിൽ (9)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(9 എ) "അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 16 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;";

(ബി) 11-ാം വകുപ്പിൽ (i)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(i എ) അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ;";

(സി) 16-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"16 എ. <u>അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി</u>.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രോ-ചാൻസലർ - ചെയർമാൻ;

(ബി) സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന വൈസ്-ചാൻസലർമാർ - അംഗം;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി - അംഗം.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർവ്വകലാശാലയെയും സർക്കാരിനെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.".

(ഡി) 25-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"25 എ. <u>അപ്പലേറ്റ് ട്രൈബ്യൂണൽ</u>.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട അപ്പലേറ്റ് ട്രൈബ്യൂണൽ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—2021-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2021-ലെ 96), 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2021-ലെ 97), 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് (2021-ലെ 99) എന്നിവ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1974-ലെ കേരള സർവ്വകലാശാല ആക്റ്റും (1974-ലെ 17) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും (2005-ലെ 27) പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1974-ലെ കേരള സർവ്വകലാശാല ആക്റ്റും (1974-ലെ 17) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും (2005-ലെ 27) പ്രകാരം യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചു. നവംബർ 1-ാം തീയതിയാണ് കോളേജുകളിൽ ക്ലാസ്സുകൾ ആരംഭിക്കാനുള്ള അവസാന തീയതിയായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പ്രഖ്യാപിച്ചിരുന്നത്. 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെയും (1974-ലെ 17) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെയും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല

ആക്ടിന്റെയും (1985-ലെ 12) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ടിന്റെയും (1996-ലെ 22) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിയുകയില്ലായിരുന്നു. അതിനാൽ, 1974-ലെ കേരള സർവ്വകലാശാല ആക്ടിന്റെ 56-ാം വകുപ്പ്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്ടിന്റെ 56-ാം വകുപ്പ്, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ടിന്റെ 58-ാം വകുപ്പ്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ടിന്റെ 61-ാം വകുപ്പ് എന്നിവ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2020 ഒക്ടോബർ 4- ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 ഒക്ടോബർ 5 - ാം തീയതിയിലെ 2259-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 72-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2020 ഡിസംബർ 31-ാം തീയതി ആരംഭിച്ച് അന്നേ ദിവസം അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

4. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021- ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10 - ാം തീയതിയിലെ 672 - ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 31-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച പതിനഞ്ചാമത് കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2 -ാം തീയതിയിലെ 1916-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 68-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2454-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 97-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2010-ലെയും 2018-ലെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് സ്വീകരിച്ചിട്ടുള്ളതാണ്. ഇത് കണക്കിലെടുത്ത് 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) ചില ഭേദഗതികൾ അനിവാര്യമായി വന്നു. ആയതിനാൽ, പ്രസ്തുത ആക്റ്റിന്റെ 2-ാം വകുപ്പ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു. അക്കാദമിക വകുപ്പുകളെ, സർവ്വകലാശാലയുടെ അക്കാദമിക പഠനങ്ങളുടെ അടിസ്ഥാന ഘടകങ്ങളായി രൂപീകരിക്കുന്നതിന് 19-ാം വകുപ്പ് കൂടി ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

11. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2021 ഫെബ്രുവരി 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 24-ാം തീയതിയിലെ 943-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 45-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

12. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച പതിനഞ്ചാമത് കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

13. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1925-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 67-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

14. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

15. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2451-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 96-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

16. സർവ്വകലാശാല നിയമങ്ങൾ, 2018-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (കൺഫർമെന്റ് ഓഫ് ഓട്ടോണോമസ് സ്റ്റാറ്റസ് അപ്പോൺ കോളേജസ് ആന്റ് മെഷേഴ്സ് ഫോർ മെയിന്റനൻസ് ഓഫ് സ്റ്റാൻഡേഡ്സ് ഇൻ ഓട്ടോണോമസ് കോളേജസ്) റെഗുലേഷൻസിന് അനുസൃതമാക്കുന്നതിനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയിന്മേലും സർവ്വകലാശാല നിയമങ്ങളിൽ ചില ഭേദഗതികൾ ആവശ്യമാണ്. കൂടാതെ, അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയും അപ്പലേറ്റ് ട്രൈബ്യൂണൽ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥയിൽ ഭേദഗതി വരുത്തിക്കൊണ്ടും മാത്രം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും (2005-ലെ 27) ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു. ആയതിനാൽ, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 2, 5, 65, 69 എ, 69 ബി, 69 സി, 69 ഡി, 69 ഇ, 69 എഫ്, 69 ജി, 69 എച്ച്, 69 ഐ, 69 ജെ, 69 കെ, 69 എൽ, 69 എം, 69 എൻ, 69 ഒ, 69 പി, 69 ക്യൂ, 69 ആർ, 69 എസ് എന്നീ വകുപ്പുകളിലും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ (1975-ലെ 5) 2, 5, 65, 68 ബി, 68 സി, 68 ഡി, 68 ഇ, 68 എഫ്, 68 ജി, 68 എച്ച്, 68 ഐ, 68 ജെ, 68 കെ, 68 എൽ, 68 എം, 68 എൻ, 68 ഒ, 68 പി, 68 ക്യൂ, 68 ആർ, 68 എസ്, 68 റ്റി എന്നീ വകുപ്പുകളിലും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിലെ (1985-ലെ 12) 2, 5, 69, 103, 104, 105, 106, 107, 108, 109, 110, 111, 112, 113, 114, 115, 116, 117, 118, 119, 120, 121 എന്നീ വകുപ്പുകളിലും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലെ (1994-ലെ 5) 2, 11, 15, 22 എ എന്നീ വകുപ്പുകളിലും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലെ (1996-ലെ 22) 2, 5, 72, 74 എ, 74 ബി, 74 സി, 74 ഡി, 74 ഇ, 74 എഫ്, 74 ജി, 74 എച്ച്, 74 ഐ, 74 ജെ, 74 കെ, 74 എൽ, 74 എം, 74 എൻ, 74 ഒ, 74 പി, 74 ക്യൂ, 74 ആർ, 74 എസ് എന്നീ വകുപ്പുകളിലും 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിലെ (2005-ലെ 27) 2, 11, 16, 25 എന്നീ വകുപ്പുകളിലും ഭേദഗതി വരുത്താൻ തീരുമാനിച്ചു.

17. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ്, 2021 ഫെബ്രുവരി 26 – ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 മാർച്ച് 1 – ാം തീയതിയിലെ 1030-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 48-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

18. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച പതിനഞ്ചാമത് കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

19. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021- ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ്, 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 3 – ാം തീയതിയിലെ 1938 – ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 69-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

20. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

21. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ്, 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2461-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 99-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

22. 2021-ലെ 96-ാം നമ്പർ ഓർഡിനൻസ്, 2021-ലെ 97-ാം നമ്പർ ഓർഡിനൻസ്, 2021-ലെ 99-ാം നമ്പർ ഓർഡിനൻസ് എന്നിവയ്ക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 5-ാം വകുപ്പിന്റെ (i എ)-ാം ഖണ്ഡം, ബില്ലിലെ 3-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) പകരം ചേർക്കാനുദ്ദേശിക്കുന്ന 5-ാം വകുപ്പിന്റെ (i എ)-ാം ഖണ്ഡം, ബില്ലിലെ 4-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) പകരം ചേർക്കാനുദ്ദേശിക്കുന്ന 5-ാം വകുപ്പിന്റെ (i എ)-ാം ഖണ്ഡം, ബില്ലിലെ 6-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) പകരം ചേർക്കാനുദ്ദേശിക്കുന്ന 5-ാം വകുപ്പിന്റെ (i എ)-ാം ഖണ്ഡം എന്നിവ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഒരു കോളേജിന് നൽകിയതോ ദീർഘിപ്പിച്ചതോ ആയ സ്വയംഭരണാവകാശ പദവി നൽകിക്കൊണ്ടോ ദീർഘിപ്പിച്ചു കൊണ്ടോ വിജ്ഞാപനം വഴി പ്രഖ്യാപിക്കാൻ ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡം (ഡി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ട സ്ഥലം വിജ്ഞാപനം ചെയ്യാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 2-ാം ഖണ്ഡം (ഡി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 65-ാം വകുപ്പ് (9)-ാം ഉപവകുപ്പ് (ജി) ഖണ്ഡം അപ്പലേറ്റ് ട്രൈബ്യൂണൽ അധികാരം വിനിയോഗിക്കാവുന്ന മറ്റേതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ, ചട്ടങ്ങളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളും പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ആർ. ബിന്ദു.

(ശരിത്തർജ്ജമ)

# 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1974-ലെ 17)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റുവിധത്തിൽ ആവശ്യമില്ലാത്ത പക്ഷം,—

** ** ** **

(1) "അക്കാദമിക സ്വയംഭരണം" എന്നാൽ ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ ക്കനുസൃതമായി അക്കാദമിക പരിപാടികൾ നടത്തുക, ബന്ധപ്പെട്ട വിഷയങ്ങൾക്കു വേണ്ടിയുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, അദ്ധ്യയനം, പഠനം, മൂല്യനിർണ്ണയം എന്നിവയുടെ രീതികൾ ആസൂത്രണം ചെയ്യുക, സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കുള്ള പരീക്ഷകൾ നടത്തുക, ഫലം പ്രസിദ്ധീകരിക്കുക എന്നിവയ്ക്കായി ഒരു കോളേജിനോ സർവ്വകലാശാലാ വകുപ്പിനോ ഉള്ള വിശേഷാധികാരം എന്നർത്ഥമാകുന്നു;

** ** ** **

(4 എ) "സ്വയംഭരണ അംഗീകാര സമിതി" എന്നാൽ 69 എ വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട സ്വയംഭരണ അംഗീകാരസമിതി എന്നർത്ഥമാകുന്നു;

(4 ബി) "സ്വയംഭരണ കോളേജ്" എന്നാൽ ഈ ആക്റ്റിന്റെ VIII ബി അദ്ധ്യായത്തിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു;

** ** ** **

(5 എ) "ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 69 ജി വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് എന്നർത്ഥമാകുന്നു;

** ** ** **

(7) “കോളേജ്” എന്നതിന് സർവ്വകലാശാല നടത്തുന്നതോ അതിനോട്ടുകൂടി സംയോജിപ്പിക്കപ്പെട്ടിട്ടുള്ളതോ ആയതും, പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകളനുസരിച്ച് ബോധനം നൽകുന്നതുമായ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു ;

** ** ** **

(9) “വിദ്യാഭ്യാസ ഏജൻസി” എന്നതിന് ഒരു സ്വകാര്യ കോളേജോ ഒന്നിൽ കൂടുതൽ സ്വകാര്യ കോളേജുകളോ സ്ഥാപിച്ച് നടത്തുന്ന ഒരാളോ ആളുകളുടെ സംഘമോ എന്നർത്ഥമാകുന്നു;

** ** ** **

(10 എ) “ഗവേണിംഗ് കൗൺസിൽ” എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;

** ** ** **

(12) “ഹോസ്റ്റൽ” എന്നതിന് ഈ ആക്റ്റിലേയോ, പരിനിയമങ്ങളിലെയോ അല്ലെങ്കിൽ ഓർഡിനൻസുകളിലേയോ വ്യവസ്ഥകളനുസരിച്ച് സർവ്വകലാശാലയിലോ അല്ലെങ്കിൽ സർവ്വകലാശാല നടത്തുന്നതോ സർവ്വകലാശാലയോട് സംയോജിപ്പിക്കപ്പെട്ടിട്ടുള്ളതോ ആയ സ്ഥാപനങ്ങളിലോ കോളേജുകളിലോ ഉള്ള വിദ്യാർത്ഥികൾക്കുള്ള വാസസ്ഥലത്തിന്റെ ഒരു വിഭാഗം എന്നർത്ഥമാകുന്നു ;

** ** ** **

(17) “പ്രോ-ചാൻസലർ” എന്നതിന് സർവ്വകലാശാലയുടെ പ്രോ-ചാൻസലർ എന്നർത്ഥമാകുന്നു ;

** ** ** **

(19) “അംഗീകൃത സ്ഥാപനം” എന്നതിന് ഗവേഷണത്തിനോ, പ്രത്യേക പഠനത്തിനോ വേണ്ടിയുള്ളതും സംയോജിപ്പിക്കപ്പെട്ട കോളേജ് അല്ലാത്തതും സർവ്വകലാശാല അപ്രകാരം അംഗീകരിച്ചിട്ടുള്ളതുമായ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു ;

** ** ** **

(25) “വിദ്യാർത്ഥികളുടെ കൗൺസിൽ” എന്നതിന് സർവ്വകലാശാലയുടെ വിദ്യാർത്ഥികളുടെ കൗൺസിൽ എന്നർത്ഥമാകുന്നു ;

** ** ** **

5. സർവ്വകലാശാലയുടെ അധികാരങ്ങൾ.—സർവ്വകലാശാലയ്ക്ക് താഴെ പറയുന്ന

അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(i എ) ഒരു സർവ്വകലാശാലാ വകുപ്പിന് അക്കാദമിക സ്വയംഭരണം നൽകുക;

(i ബി) ഈ ആക്ടിന്റെ അദ്ധ്യായം VIII ബി-യിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിനോ ഒരു അഫിലിയേറ്റഡ് കോളേജിന്റെ വകുപ്പിനോ അക്കാദമിക സ്വയംഭരണം നൽകുക;

** ** ** **

56. കോളേജുകളുടെ സംയോജനം.—(1) ഏതെങ്കിലും കോളേജ് സർവ്വകലാശാലയോട് സംയോജിപ്പിക്കുന്നതിനുവേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും സംയോജിപ്പിക്കപ്പെട്ട കോളേജിലെ പുതിയ കോഴ്സുകളിലേക്ക് സംയോജിപ്പിക്കുന്നതിന് വേണ്ടിയോ ആ കോളേജിന്റെ വിദ്യാഭ്യാസ ഏജൻസി പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സമയത്തിനുള്ളിലും അപ്രകാരമുള്ള വിധത്തിലും ഒരു അപേക്ഷ രജിസ്ട്രാർക്ക് അയക്കേണ്ടതാണ്.

(2) ഒരു കോളേജിന്റെ സംയോജനത്തിന്റെയോ അല്ലെങ്കിൽ സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ പുതിയ കോഴ്സുകളിലേക്കുള്ള സംയോജനത്തിന്റേയോ നിബന്ധനകളും വ്യവസ്ഥകളും (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ഏത് കാലത്തിനുള്ളിൽ സിൻഡിക്കേറ്റ് പരിഗണിക്കണം എന്നതുൾപ്പെടെ അങ്ങനെയുള്ള സംയോജനം അനുവദിക്കുന്നതിന് സിൻഡിക്കേറ്റ് അനുവർത്തിക്കേണ്ടതായ നടപടിക്രമവും പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ് :

എന്നാൽ ചാൻസലർക്ക്, ഗസറ്റ് വിജ്ഞാപനംമൂലം, വിജ്ഞാപനത്തിൽ പ്രത്യേകം പറയേണ്ട കാരണങ്ങളാൽ, ഏത് കാലത്തിനുള്ളിലാണോ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ സിൻഡിക്കേറ്റ് പരിഗണിക്കേണ്ടത് ആ കാലാവധി അപ്രകാരമുള്ള കാലാവധി, അതിനകം കഴിഞ്ഞു പോയിരുന്നാലും ഇല്ലെങ്കിലും അപ്രകാരമുള്ള വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന, ഒരു വർഷത്തിൽ കവിയാത്ത കൂടുതൽ കാലം കണ്ട് നീട്ടാവുന്നതാണ്.

** ** ** **

65. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രൂപീകരണം.—(1) ഈ ആക്ടിന്റെ ആവശ്യാർത്ഥം സർക്കാർ ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണൽ, ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാതെയുള്ളതും, ചാൻസലർ, ഹൈക്കോടതിയുമായി കൂടിയാലോചിച്ച ശേഷം നാമനിർദ്ദേശം

ചെയ്യുന്നതുമായ ഒരു ജുഡീഷ്യൽ ആഫീസർ ആയിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഔദ്യോഗിക കാലാവധി അതിന്റെ നാമനിർദ്ദേശത്തീയതി മുതൽ മൂന്നു വർഷമായിരിക്കുന്നതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി, സർക്കാരിന്റെ മുൻ അനുമതിയോടുകൂടി, അപ്പലേറ്റ് ട്രൈബ്യൂണലിന്, അതിന്റെ നടപടിക്രമം ക്രമപ്പെടുത്തുന്നതിനും കാര്യനിർവ്വഹണത്തിനും വേണ്ടി റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(5) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വേതനവും മറ്റു സേവനവ്യവസ്ഥകളും ചട്ടങ്ങളിൽ നിർണ്ണയിക്കാവുന്ന പ്രകാരത്തിലായിരിക്കുന്നതാണ്.

** ** ** **

69 എ. സ്വയംഭരണ അംഗീകാര സമിതി.—(1) സർക്കാരിൽ, താഴെപ്പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ് ;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ്-ചാൻസലർമാർ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്

ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ് ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് :

എന്നാൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനം വഴി, പിൻവലിക്കാവുന്നതാണ്.

69 <u>ബി.</u> <u>സ്വയംഭരണ അംഗീകാര സമിതിയുടെ അധികാരങ്ങളും ചുമതലകളും</u>.—സ്വയംഭരണ അംഗീകാര സമിതിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അക്കാദമിക സ്വയംഭരണത്തിനുവേണ്ടി അപേക്ഷിക്കുന്നതിന്, 69 <u>എം</u> വകുപ്പിൻ കീഴിൽ അങ്ങനെ തരംതിരിക്കപ്പെട്ട യോഗ്യതയുള്ള കോളേജുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുക;

1477/2021.

(ii) ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന ഗുണനിലവാരം പരിരക്ഷിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും വേണ്ടി, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ കോളേജുകൾക്കായി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചും അതിനു പുറമെയും, വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ഉപാധികളും അതുമായി

ബന്ധപ്പെട്ട കാര്യങ്ങളും നിർണ്ണയിക്കുക;

(iii) സ്വയംഭരണ അംഗീകാര സമിതി ശിപാർശ ചെയ്ത ഒരു കോളേജിന്റെ അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചുകൊടുക്കുന്നതിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന്;

(iv) ഒരു കോളേജിന് സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളുടെയും ഉപാധികളുടെയും ലംഘനം സംബന്ധിച്ച ഏതെങ്കിലും പരാതിയിന്മേലോ ഹർജിയിന്മേലോ അന്വേഷണം നടത്തുന്നതിന് ;

(v) സ്വയംഭരണാധികാരത്തിനുവേണ്ടി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒരു കോളേജ് ലംഘിക്കുകയോ അല്ലെങ്കിൽ ദുരുപയോഗം ചെയ്യുകയോ ചെയ്തതായ ഏതെങ്കിലും വിഷയത്തിന്മേൽ സിൻഡിക്കേറ്റിന്റെയോ അക്കാദമിക കൗൺസിലിന്റെയോ റിപ്പോർട്ട് പരിഗണിക്കുക;

(vi) ഏതെങ്കിലും കോളേജിന് നൽകപ്പെട്ട അക്കാദമിക സ്വയംഭരണാധികാരത്തിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോചെയ്യുകയും അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും:

എന്നാൽ, സ്വയംഭരണാധികാരം നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പലിനും സർക്കാർ കോളേജ് അല്ലാത്ത സ്വയംഭരണ കോളേജിന്റെ കാര്യത്തിൽ കോളേജിന്റെ മാനേജരുടെ പ്രതിനിധിക്കും പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു തീരുമാനവും കൈക്കൊള്ളുവാൻ പാടുള്ളതല്ല ;

(vii) ഒരു സ്വയംഭരണകോളേജിന് അക്കാദമിക സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന്;

(viii) സ്വയംഭരണ കോളേജുകളുടെ അപ്പീലുകൾ കേൾക്കുന്നതിന്;

(ix) ഈ അദ്ധ്യായത്തിൻ കീഴിൽ പ്രസക്തമായ ഏതെങ്കിലും വിഷയം പരിശോധിച്ചറിയുന്നതിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ഏതെങ്കിലും സ്വയംഭരണ കോളേജിന്റെയോ അക്കാദമിക സ്വയംഭരണാധികാരം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും കോളേജിന്റെയോ റിക്കാർഡുകളും പരിസരങ്ങളും പരിശോധിക്കുന്നതിനും പരിശോധിപ്പിക്കുന്നതിനും ;

(x) ഒരു സ്വാശ്രയ കോളേജിലെ അക്കാദമിക കൗൺസിലിലേയ്ക്ക് കോളേജിനുപുറത്തുനിന്നുള്ള വിദഗ്ദ്ധ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക;

(xi) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി സർവ്വകലാശാലയ്ക്കും സ്വാശ്രയ കോളേജുകൾക്കും നിർദ്ദേശങ്ങൾ നൽകുക.

69 സി. അക്കാദമിക സ്വയംഭരണാധികാരം നൽകുന്ന തീയതി പ്രാബല്യത്തിൽ വരുന്ന ദിവസം.—ഈ അദ്ധ്യായത്തിൻ കീഴിൽ അക്കാദമിക സ്വയംഭരണാധികാരത്തിനു വേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അപേക്ഷ നൽകുന്നതിനായി അധികാരപ്പെടുത്തപ്പെട്ട ഒരു അഫിലിയേറ്റഡ് കോളേജ്, അതിന് ഏത് തീയതി മുതലാണോ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയത് ആ തീയതി മുതൽ സർവ്വകലാശാലയുടെ ഒരു സ്വയംഭരണ കോളേജായി കരുതപ്പെടേണ്ടതാണ്.

69 ഡി. ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ.—(1) ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ താഴെ പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(i) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസ്;

(iii) ഗവേണിംഗ് കൗൺസിൽ.

** ** ** **

69 ഇ. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ.— (1) ഓരോ സ്വയംഭരണ കോളേജിനും ഒരു അക്കാദമിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

** ** ** **

(സി) സർക്കാർ കോളേജുകളുടെ കാര്യത്തിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറും സർക്കാർ കോളേജല്ലാത്ത ഒരു കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന, അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിവിധ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിലെ നാല് അദ്ധ്യാപകർ;

(ഡി) ഈ ആവശ്യത്തിലേയ്ക്കായി സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആറു പേരടങ്ങിയ ഒരു പാനലിൽ നിന്നും

സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണ നിർവ്വഹണം, ധനകാര്യം തുടങ്ങിയ മേഖലകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിന് പുറത്തുനിന്നുള്ള നാലിൽ കുറയാത്ത വിദഗ്ദ്ധർ ;

(ഇ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിദ്യാഭ്യാസ വിചക്ഷണരായ, സർവ്വകലാശാല നിമനിർദ്ദേശം ചെയ്ത മൂന്ന് പേർ ;

(എഫ്) കോളേജിലെ അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത അദ്ധ്യാപകർക്കിടയിൽ നിന്നും കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരംഗം രണ്ട് വർഷക്കാലയളവിലേക്കോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമയത്ത് അദ്ദേഹം കോളേജിലെ ഒരു അദ്ധ്യാപകനാണെങ്കിൽ അദ്ദേഹത്തിന്റെ വിരമിക്കൽ തീയതിവരെയോ, ഏതാണോ ആദ്യം, അതുവരെ, ഉദ്യോഗം വഹിക്കേണ്ടതും പുനർനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതുമാണ്.

(4) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗം ആറു മാസത്തിൽ ഒരിക്കലെങ്കിലും സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ വിളിച്ചു കൂട്ടേണ്ടതാണ്.

69 എഫ്. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(ii) സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി കോളേജിലെ വിവിധ പഠന പദ്ധതികളിലേക്കുള്ള

വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച്, സർക്കാർ വിനിർദ്ദേശിച്ചതും അതതുസമയങ്ങളിൽ ഭേദഗതി വരുത്തിയ പ്രകാരമുള്ളതുമായ പ്രവേശനത്തിനുള്ള ചട്ടങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി, അക്കാദമിക റെഗുലേഷനുകൾ ഉണ്ടാക്കുക ;

** ** ** **

(v) പുതിയ പാഠ്യ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഏത് നിർദ്ദേശവും ഗവേണിംഗ് കൗൺസിലിന് ശിപാർശ ചെയ്യുക;

(vi) സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ഫെലോഷിപ്പുകൾ, പാരിതോഷികങ്ങൾ, മെഡലുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവേണിംഗ് കൗൺസിലിനോട് ശിപാർശ ചെയ്യുകയും ആയത് നൽകുന്നതിനുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും ചെയ്യുക;

(vii) അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട്, ഗവേണിംഗ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങളിന്മേൽ അതിനെ ഉപദേശിക്കുക;

(viii) ഗവേണിംഗ് കൗൺസിൽ അതിന് ഏൽപ്പിച്ചു കൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അക്കാദമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

69 ജി. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡ്.—(1) ഓരോ സ്വയംഭരണ കോളേജും ആ കോളേജ് നടത്തുന്ന കോഴ്സുകളിലെയോ അല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകളിലെയോ ഓരോ പഠന വിഷയത്തിനോ അല്ലെങ്കിൽ ഒരു കൂട്ടം വിഷയങ്ങൾക്കോ വേണ്ടി അതിന്റേതായ ഒരു പഠനബേർഡ് രൂപീകരിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ, ഈ ആവശ്യത്തിലേക്കായി, സ്വയംഭരണ കോളേജിന്റെ ഒരു പഠനബോർഡിന് കീഴിൽ കൊണ്ടുവരേണ്ട വിഷയങ്ങളും രൂപീകരിക്കേണ്ടതായ അത്തരം പഠനബോർഡുകളുടെ എണ്ണവും നിശ്ചയിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിലെ പഠനബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത വകുപ്പ് തലവൻ, അയാൾക്ക് പി. എച്ച്. ഡി. ഉണ്ടെങ്കിൽ, ആ ബോർഡ് ഓഫ് സ്റ്റഡീസിന്റെ

വിഷയങ്ങളിൽ ഉൾപ്പെട്ടുവരുന്ന വിഷയങ്ങളിലുള്ള വകുപ്പുതലവൻമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ്:

എന്നാൽ, അത്തരം ഒരു വകുപ്പ് തലവന്റെ അഭാവത്തിൽ ആ പഠനബോർഡിലുൾപ്പെടുന്ന വിഷയത്തിൽ പി.എച്ച്.ഡി.യുള്ള, അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും, സർക്കാർ കോളേജുകളുടെ കാര്യത്തിൽ സർക്കാരും മറ്റു കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാലും നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ, ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, സർക്കാരോ അല്ലെങ്കിൽ പ്രിൻസിപ്പാളോ, അതത് സംഗതിപോലെ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങളുടെ മികവിന് പ്രധാന പരിഗണന നൽകേണ്ടതാണ്.

(ബി) പഠനബോർഡിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ വിവിധ വൈദഗ്ദ്ധ്യ മേഖലകളിൽനിന്ന്, പ്രിൻസിപ്പാൾ കണ്ടെത്തുന്ന ആ പഠന ബോർഡിലുൾപ്പെട്ടു വരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ തലവനുമായി കൂടിയാലോചിച്ച്, പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന പി.എച്ച്.ഡി. ഉള്ള ആറിൽ കൂടാത്ത അദ്ധ്യാപകരും:

എന്നാൽ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ, അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളുമുൾപ്പെടെയുള്ള അക്കാദമിക മികവിന് പ്രിൻസിപ്പാൾ പ്രധാന പരിഗണന നൽകേണ്ടതാണ്.

(സി) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിന് പുറത്തുനിന്നുള്ള ആ വിഷയത്തിലെ രണ്ട് വിദഗ്ദ്ധർ;

(ഡി) പ്രിൻസിപ്പാൾ ശിപാർശ ചെയ്ത ആറ് വിദഗ്ദ്ധരുടെ പാനലിൽനിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ;

(ഇ) വ്യവസായം, കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖല എന്നിവയിൽ നിന്നുള്ള ഒരു പ്രതിനിധി വീതം;

(എഫ്) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു സ്തുത്യർഹനായ പൂർവ്വ വിദ്യാർത്ഥി;

(ജി) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാന്, കോളേജിലെ പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടുകൂടി, അതാതു സമയങ്ങളിൽ,

അക്കാദമിക കൂടിയാലോചനയുടെ ആവശ്യത്തിനുവേണ്ടി, സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ യോഗങ്ങളിലേക്ക് താഴെപ്പറയുന്ന വിഭാഗങ്ങളിൽനിന്നും, പ്രത്യേക ക്ഷണിതാക്കളായി തെരഞ്ഞെടുക്കാവുന്നതാണ്, അതായത് :—

(i) പ്രത്യേക പഠന കോഴ്സുകൾ ആസൂത്രണം ചെയ്യേണ്ടി വരുമ്പോഴെല്ലാം കോളേജിന് പുറത്തുനിന്നുള്ള വിദഗ്ദ്ധർ;

(ii) ബന്ധപ്പെട്ട വിജ്ഞാന ശാഖയിൽ വിദഗ്ദ്ധരായിട്ടുള്ള കോളേജിലെ മറ്റ് അദ്ധ്യാപകർ.

(3) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി രണ്ട് അക്കാദമിക വർഷമായിരിക്കുന്നതാണ്.

എന്നാൽ, ഒരേ ആൾ തന്നെ നാല് അക്കാദമിക വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

(4) സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ വ്യത്യസ്ത വകുപ്പുകളുടെ യോഗത്തിനുള്ള സമയവിവരപ്പട്ടിക കോളേജിന്റെ പ്രിൻസിപ്പാൾ തയ്യാറാക്കേണ്ടതാണ്.

(5) ആവശ്യമുള്ളപ്പോഴെല്ലാം യോഗം നടത്താവുന്നതും, എന്നാൽ, വർഷത്തിൽ കുറഞ്ഞത് അങ്ങനെയുള്ള രണ്ടു യോഗങ്ങളെങ്കിലും നടത്തേണ്ടതുമാണ്.

(6) ഒരു സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ ക്വാറം തികയുന്നതിനായി മൂന്നിലൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(7) ചെയർമാന്റെ താൽക്കാലിക അഭാവത്തിൽ സീനിയോറിറ്റിയിൽ. തൊട്ടടുത്ത അദ്ധ്യാപകൻ ചെയർമാനായി പ്രവർത്തിക്കേണ്ടതും പ്രിൻസിപ്പാളിന്റെ അഭ്യർത്ഥനയിൻമേൽ യോഗം വിളിച്ചുകൂട്ടേണ്ടതുമാണ്.

(8) ഒന്നിൽ കൂടുതൽ ബോർഡുകളെ ബാധിക്കുന്ന ഏതെങ്കിലും അക്കാദമിക കാര്യം കൈകാര്യം ചെയ്യേണ്ടുന്ന സംഗതിയിൽ, ആവശ്യമാണെന്ന് പ്രിൻസിപ്പാൾ കരുതുന്നപക്ഷം സ്വയംഭരണ കോളേജിന്റെ രണ്ടോ അതിലധികമോ പഠനബോർഡുകളുടെ ഒരു കൂട്ടായ യോഗം വിളിച്ചുകൂട്ടാവുന്നതും, അങ്ങനെയുള്ള കൂട്ടായയോഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ചെയർമാൻ അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

69 എച്ച്. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു

സ്വയംഭരണ കോളേജിന്റെ പഠനബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അംഗീകാരത്തോടുകൂടി, കോളേജിന്റെ ലക്ഷ്യങ്ങളും, ഗുണഭോക്താക്കളുടെ താൽപ്പര്യവും ദേശീയ ആവശ്യവും കണക്കിലെടുത്തുകൊണ്ട് വിവിധ അക്കാദമിക കാര്യങ്ങൾക്കുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കുക :

എന്നാൽ, അക്കാദമിക കാര്യങ്ങൾക്കുള്ള നിർദ്ദേശം, അക്കാദമിക കാര്യപരിപാടികൾക്കായി സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള കാലാവധി, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡ് സമ്പ്രദായം ഏതെങ്കിലുമുണ്ടെങ്കിൽ, അതുമായി വേണ്ടവിധത്തിൽ യോജിക്കുന്നുണ്ടെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, ആ നിർദ്ദേശം, സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരംതാഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ്:

എന്നതന്നെയുമല്ല, അങ്ങനെയുള്ള നിർദ്ദേശം രാജ്യതാത്പര്യത്തിന് എതിരാകാൻ പാടില്ലാത്തതാണ്.

** ** ** **

(iv) സ്വയംഭരണ കോളേജിന്റെ പരീക്ഷാമേൽനോട്ടക്കാരുടെ നിയമനത്തിനു വേണ്ടിയുള്ള പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക അക്കാദമിക കൗൺസിലിന് നിർദ്ദേശിക്കുകയും ; കൂടാതെ

(v) വകുപ്പിലോ കോളേജിലോ ഉള്ള ഗവേഷണം, അദ്ധ്യയനം, വിപുലീകരണം, മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

69 ഐ. ഗവേണിംഗ് കൗൺസിലിന്റെ രൂപീകരണം.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന് ഓരോ സർക്കാർ സ്വയംഭരണ കോളേജിനുവേണ്ടിയും സർക്കാർ ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സർക്കാർ സ്വയംഭരണ കോളേജിലെ ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ കാര്യമായ

അനുഭവജ്ഞാനമുള്ള പ്രശസ്തനായ ഒരു ശ്രേഷ്ഠ വ്യക്തി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്:

എന്നാൽ, ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്തപക്ഷം സർക്കാരിന് (ബി) ഇനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ ഗവേണിംഗ് കൗൺസിലിന്റെ ആ യോഗത്തിന്റെ ചെയർമാനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്;

(ബി) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെയോ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(സി) കോളേജിലെ വ്യത്യസ്ത വകുപ്പുകളിൽനിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് രണ്ടുവർഷക്കാലയളവിലേക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്. ഡി. ഉള്ള മൂന്ന് അദ്ധ്യാപകർ ;

(ഡി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്- ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന്, ഒരു സർക്കാർ കോളേജല്ലാത്ത സ്വയംഭരണ കോളേജിന്റെ മാനേജിംഗ് കൗൺസിൽ അതിന്റെ നിയന്ത്രണത്തിൻകീഴിലുള്ള ഓരോ സ്വയംഭരണ കോളേജിനുവേണ്ടിയും ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(4) സർക്കാർ കോളേജല്ലാത്ത ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) മാനേജരോ, മാനേജർ നാമനിർദ്ദേശം ചെയ്ത ഒരാളോ, അദ്ദേഹം സീനിയറും അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ പ്രസിദ്ധനും മതിയായ അനുഭവജ്ഞാനമുള്ളതുമായ ഒരാൾ ആയിരിക്കേണ്ടതാണ്, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) അസ്സോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും ഊഴമനുസരിച്ച് മാനേജർ നാമനിർദ്ദേശം ചെയ്യുന്നതുമായ ആ കോളേജിലെ വ്യത്യസ്ത വകുപ്പുകളിലെ സീനിയറായ മൂന്ന് അദ്ധ്യാപകർ ;

(സി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്നതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്ത്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

69 ജെ. ഗവേണിംഗ് കൗൺസിലിന്റെ ഉദ്യോഗ കാലാവധി.—ഗവേണിംഗ് കൗൺസിലിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി രണ്ട് അക്കാദമിക വർഷക്കാലയളവിലേയ്ക്ക് ആയിരിക്കുന്നതും മറ്റൊരു രണ്ട് അക്കാദമിക വർഷ കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹരായിരിക്കുന്നതുമാണ് :

എന്നാൽ, ഒരേ ആൾ നാല് വർഷത്തിലധികം കാലയളവിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനല്ലാത്തതാകുന്നു.

69 കെ. ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) ഗവേണിംഗ് കൗൺസിൽ വർഷത്തിൽ കുറഞ്ഞത് മൂന്ന് പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(2) തുടർന്നുവരുന്ന യോഗങ്ങൾ തമ്മിലുള്ള ഇടവേള യാതൊരു കാരണവശാലും നാലുമാസത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(3) മൂന്നിലൊന്ന് അംഗങ്ങളുടെ രേഖാമൂലമുള്ള അപേക്ഷയിന്മേലോ അല്ലെങ്കിൽ സ്വയംഭരണാധികാര അംഗീകാര സമിതിയുടെ നിർദ്ദേശത്തിന്മേലോ കുറഞ്ഞത് ഏഴ് ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഗവേണിംഗ് കൗൺസിലിന് അടിയന്തിര യോഗങ്ങൾ വിളിച്ചുചേർക്കാവുന്നതാണ്.

(4) യോഗത്തിന്റെ ക്വാറം അതത് സമയത്ത് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

69 എൽ. ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—അതതു സ്വയംഭരണ കോളേജുകളിലെ ബൈലോകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരും സർവ്വകലാശാലയും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഗവേണിംഗ് കൗൺസിലിന് താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(v) സ്വയംഭരണാധികാരമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ട ഫീസും മറ്റ് ചെലവുകളും സർക്കാരിന്റെ സമ്മതത്തോടെ നിശ്ചയിക്കുക:

എന്നാൽ, എയ്ഡഡ് കോഴ്സുകളുടെയും, എയ്ഡഡ് കോഴ്സുകളിൽനിന്നും പുനരാവിഷ്കരിച്ച കോഴ്സുകളുടെയും സംഗതിയിൽ ഫീസ് സർക്കാർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ് ;

** ** ** **

69 എം. സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള നടപടിക്രമം.—(1) സ്വയംഭരണ അംഗീകാര സമിതി (2)-ാം ഉപവകുപ്പിൻകീഴിൽ അർഹതയുള്ള കോളേജുകളെന്ന് അപ്രകാരം തരംതിരിക്കപ്പെട്ട കോളേജുകളിൽനിന്ന് എല്ലാവർഷവും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുവേണ്ടി അർഹതയുള്ള കോളേജുകളായി കോളേജുകളുടെ വിഭാഗങ്ങളെ സ്വയംഭരണ അംഗീകാരസമിതി വ്യക്തമാക്കേണ്ടതും, അവ സർക്കാർ കോളേജോ അൺഎയ്ഡഡ് അല്ലാത്ത സ്വകാര്യ കോളേജോ ആകാവുന്നതും, അങ്ങനെയുള്ള ഏത് വിഭാഗങ്ങളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അർഹതയുടെ മാനദണ്ഡം, ഏത് ഫാറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്, അപേക്ഷയുടെകൂടെ ആവശ്യമായ രേഖകൾ എന്നിവയും കൂടാതെ, സ്വയംഭരണ അംഗീകാര സമിതി അവശ്യമെന്ന് കരുതുന്ന മറ്റ് വിവരങ്ങളും സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു മാനദണ്ഡവും സ്വയംഭരണാധികാര പദവി നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള നിലവാരം കുറയ്ക്കുന്ന തരത്തിലുള്ളതാവാൻ പാടുള്ളതല്ല.

(3) സ്വയംഭരണ അംഗീകാര സമിതി അർഹതയുള്ള കോളേജുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിറവേറ്റുന്ന കോളേജുകളിൽ നിന്നുള്ളവ സ്വീകരിക്കേണ്ടതുമാണ്.

(4) കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് പ്രസക്തമായ, കോളേജിലെ രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി സ്വയംഭരണ അംഗീകാര സമിതിക്ക് അവർക്കിടയിൽനിന്നും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദഗ്ധരായിട്ടുള്ളവരുടെ ഒരു സമിതിയോ അല്ലെങ്കിൽ അതിന് യുക്തമെന്നു കരുതുന്ന വിദഗ്ധരുടെ ഒരു സമിതിയോ രൂപീകരിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സമിതിക്ക് കോളേജിന്റെ പരിസരത്തും അതിന്റെ കെട്ടിടത്തിലും പ്രവേശിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തുകൊടുക്കാൻ കോളേജ് ബാദ്ധ്യസ്ഥമായിരിക്കുന്നതും അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖകളും സമിതിക്ക് നൽകേണ്ടതുമാണ്.

(6) ഈ വകുപ്പിൻകീഴിൽ സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച സമിതിക്ക്, സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി കോളേജിന്റെ പ്രിൻസിപ്പാളിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(7) അപേക്ഷ സമർപ്പിച്ച ഒരു കോളേജ് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുണ്ടെന്ന് സ്വയംഭരണ അംഗീകാര സമിതിക്കുതന്നെ ബോധ്യപ്പെടുന്ന സംഗതിയിൽ അത് കോളേജിന് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അതിന്റെ ശിപാർശ വൈസ്-ചാൻസലർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ശിപാർശ ലഭിച്ചാൽ, വൈസ്-ചാൻസലർക്ക് വിവരം ലഭിച്ച് പതിനഞ്ച് പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ, കമ്മീഷൻ നിശ്ചയിച്ച പ്രകാരമുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്റെ മുദ്രയോടുകൂടി, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്.

69 എൻ. പരീക്ഷകളുടെ നടത്തിപ്പ്.—(1) സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളറായി, ഒരു സർക്കാർ കോളേജിലോ ഒരു അൺ എയ്ഡഡ് കോളേജ് അല്ലാത്ത ഒരു കോളേജിലോ ബിരുദാനന്തരപഠനം നൽകിവരുന്ന ഒരു വകുപ്പിൽ രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉള്ള ഒരാളെ, സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും, നിയമിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ഒരാൾ സർവ്വകലാശാലയോ മറ്റേതെങ്കിലും സർവ്വകലാശാലകളോ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ഏതെങ്കിലും നടത്തിപ്പിന്റെ ലംഘനത്തിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതിനോ അയോഗ്യനാക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാവാൻ പാടില്ലാത്തതാണ്.

** ** ** **

69 ഒ. ബിരുദങ്ങൾ നൽകൽ.— (1)

** ** ** **

69 പി. സ്വയംഭരണ കോളേജുകളിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ.—(1) ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയ്ക്ക്, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ എന്നിവ പ്രകാരം സർവ്വകലാശാലയിലെ ഏതെങ്കിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ബാധകമാകുന്ന മറ്റെല്ലാ അധികാരങ്ങളും സ്വയംഭരണ കോളേജുകളുടെമേലും ഉണ്ടായിരിക്കുന്നതാണ്.

(2) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും അക്കാദമിക പദ്ധതി അംഗീകരിക്കുകയും സർവ്വകലാശാലയിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്ന സംഗതിയിൽ, വൈസ്-ചാൻസലർ ആ നിർദ്ദേശം സർവ്വകലാശാലയുടെ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് :

എന്നാൽ, നിർദ്ദേശിച്ച അക്കാദമിക പദ്ധതി സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലാത്തപക്ഷം, ആ ആവശ്യത്തിലേക്കായി സർവ്വകലാശാല ഒരു ബോർഡ് ഓഫ് സ്റ്റഡീസോ ഒരു വിദഗ്ദ്ധസമിതിയോ രൂപീകരിക്കേണ്ടതാണ് :

എന്നുമാത്രമല്ല, അങ്ങനെ നിയമിക്കുന്ന വിദഗ്ദ്ധ സമിതിയിൽ സർവ്വകലാശാലയ്ക്ക് സമർപ്പിച്ച അക്കാദമിക പദ്ധതിയുടെ ന്യായവും വസ്തുനിഷ്ഠവുമായ വിലയിരുത്തൽ സാധ്യമാക്കാൻ വേണ്ടത്ര എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) നിർദ്ദേശം ലഭിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം, അതതു സംഗതി പോലെ, ബോർഡ് ഓഫ് സ്റ്റഡീസ് അല്ലെങ്കിൽ വിദഗ്ദ്ധ സമിതി, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കാദമിക പദ്ധതിക്കുവേണ്ടി അത് പരിഗണിക്കേണ്ടതും ആയത് അംഗീകരിക്കുകയോ നിരസിക്കുകയോ അഭിപ്രായ സഹിതം വൈസ്-ചാൻസലർക്ക് മടക്കി അയയ്ക്കുകയോ ചെയ്യേണ്ടതുമാണ് :

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽനിന്നും ലഭിച്ച നിർദ്ദേശം സർവ്വകലാശാല നേരത്തെതന്നെ നിർണ്ണയിച്ച അക്കാദമിക പദ്ധതിക്കുവേണ്ടിയുള്ള കാലയളവ്, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡിംഗ് സമ്പ്രദായം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല എന്നോ അല്ലെങ്കിൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശം അക്കാദമിക നിലവാരം കുറയാൻ

ഇടവരുത്തുന്നതാണെന്നോ അല്ലെങ്കിൽ അത് രാജ്യ താത്പര്യത്തിന് എതിരാണെന്നോ ഉള്ള എഴുതി രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ ബോർഡ് ഓഫ് സ്റ്റഡീസിനോ വിദഗ്ധ സമിതിക്കോ തോന്നുന്ന കാരണത്താൽ മാത്രമേ അങ്ങനെ നിരസിക്കാൻ പാടുള്ളു :

എന്നുമാത്രമല്ല, നിർദ്ദേശം സർവ്വകലാശാലയ്ക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ തീരുമാനം അറിയിക്കാത്തപക്ഷം, നിർദ്ദേശം രാജ്യതാത്പര്യത്തിന് എതിരാകുന്ന സംഗതിയിലൊഴികെ ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(4) ബോർഡ് ഓഫ് സ്റ്റഡീസോ വിദഗ്ധസമിതിയോ ആ നിർദ്ദേശം സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് അയയ്ക്കുന്നതിനുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അഭിപ്രായം സഹിതം ആയത് വൈസ്-ചാൻസലർക്ക് തിരിച്ചയയ്ക്കുന്ന സംഗതിയിൽ അങ്ങനെയുള്ള അഭിപ്രായം ലഭിച്ച് മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഗവേണിംഗ് കൗൺസിലിന് അതിന്റെ അഭിപ്രായം സഹിതം ആ നിർദ്ദേശം വീണ്ടും സർവ്വകലാശാലയ്ക്ക് സമർപ്പിക്കാവുന്നതാണ്.

(5) ബോർഡ് ഓഫ് സ്റ്റഡീസ്, അതിനുശേഷം മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും വൈസ്-ചാൻസലർ ആ കോളേജിന്റെ പ്രിൻസിപ്പാൾ വഴി ആയത് കോളേജിന്റെ ഗവേണിംഗ് കൗൺസിലിനെ അറിയിക്കേണ്ടതുമാണ്.

എന്നാൽ, സർവ്വകലാശാലയ്ക്ക് വീണ്ടും നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഇത് സംബന്ധിച്ച തീരുമാനം ആ നിർദ്ദേശം വീണ്ടും സമർപ്പിച്ച സ്വയംഭരണ കോളേജിനെ അറിയിച്ചിട്ടില്ലാത്തപക്ഷം, ആയത് രാജ്യതാത്പര്യത്തിന് എതിരാണ് എന്ന കാരണത്താൽ നിരസിച്ച സംഗതിയിൽ ഒഴികെ, ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(6) അങ്ങനെയുള്ള എല്ലാ അംഗീകാരത്തിന്റെയും അല്ലെങ്കിൽ നിരസിക്കലിന്റെയും ഒരു പകർപ്പ് സ്വയംഭരണഅംഗീകാര സമിതിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(7) നിർദ്ദേശം അംഗീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള എല്ലാ തീരുമാനങ്ങളും സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്, അത് ആ തീരുമാനത്തോട് വിയോജിക്കുകയാണെങ്കിൽ, ആയതിന്റെ പുനഃപരിശോധനയ്ക്കായി ചാൻസലർ മുമ്പാകെ ഹർജി സമർപ്പിക്കാവുന്നതാണ്.

(8) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്, നിരസിച്ചുകൊണ്ടുള്ള ഏതൊരു ഉത്തരവിനും എതിരെ സ്വയംഭരണ അംഗീകാര സമിതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും സ്വയംഭരണ അംഗീകാര സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ, അങ്ങനെ ഫയൽ ചെയ്യുന്ന അപ്പീലുകളിന്മേൽ ഒരു തീരുമാനത്തിലെത്തിച്ചേരുന്നതിനായി സ്വയംഭരണ അംഗീകാര സമിതിയെ ഉപദേശിക്കുന്നതിനുവേണ്ടി, അത് യുക്തമാണെന്ന് സ്വയംഭരണ അംഗീകാര സമിതിയ്ക്ക് തോന്നുന്നപക്ഷം അതിന് വിദഗ്ദ്ധരുടെ ഒരു പാനലിനെ നിയമിക്കാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ ഒരു കോളേജ് അങ്ങനെ സ്വയംഭരണാധികാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉപാധികൾ ലംഘിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുവാൻ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) (9)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും മുകളിൽപ്പറഞ്ഞ പരിശോധനയുടെ ആവശ്യത്തിന് കോളേജിലെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും സിൻഡിക്കേറ്റിന്, അവരുടെ ഇടയിൽനിന്നുതന്നെ ഈ മേഖലയിൽ വിദഗ്ദ്ധരായവരുടെയോ അല്ലെങ്കിൽ അതിനു യുക്തമെന്നു തോന്നുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയെയോ രൂപീകരിക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള വിദഗ്ദ്ധരെ വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ് :

എന്നുമാത്രമല്ല, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന, സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പരാതികളിലോ സ്വയംഭരണത്തിന്റെ നിബന്ധനകളുടെ ലംഘനത്തെക്കുറിച്ചുള്ള രേഖാമൂലമുള്ള വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള അന്വേഷണം നടത്തുവാൻ പാടുള്ളൂ.

(11) സ്വയംഭരണാധികാരം ലഭിച്ച കോളേജിന്റെ പ്രതിനിധിക്ക് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവും ആയ ഒരവസരം നൽകാതെ (10)-ാം ഉപവകുപ്പിൻകീഴിൽ രൂപീകരിച്ച സമിതി യാതൊരു റിപ്പോർട്ടും അന്തിമമാക്കുവാൻ പാടുള്ളതല്ല.

(12) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, കോളേജിനു നൽകിയ സ്വയംഭരണാധികാരം സസ്പെൻഡ് ചെയ്യുവാനോ റദ്ദാക്കുവാനോ വൈസ്-ചാൻസലർ മുഖേന സ്വയംഭരണ അംഗീകാര സമിതിയോട് സിൻഡിക്കേറ്റ് ശിപാർശ ചെയ്യേണ്ടതാണ്.

(13) ഒരു സ്വയംഭരണ കോളേജിനെ സംബന്ധിച്ച് രേഖാമൂലമുള്ള ഏതെങ്കിലും പരാതിയോ വിവരമോ സർക്കാരിന് ലഭിക്കുകയാണെങ്കിൽ, പരാതിയുടെ ഉള്ളടക്കവും അതിന്റെ പ്രാധാന്യവും യഥാവിധി പരിഗണിച്ചതിനുശേഷം സർക്കാരിന്, ആയത് സ്വയംഭരണ അംഗീകാര സമിതിക്ക് റഫർ ചെയ്യാവുന്നതാണ് :

എന്നാൽ, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് രേഖാമൂലമുള്ള പരാതികളിലോ വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള റഫറൻസ് നടത്തുവാൻ പാടുള്ളൂ.

(14) (12)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശകൾ അടങ്ങിയ സർവ്വകലാശാലയുടെ ഏതെങ്കിലും റിപ്പോർട്ട് ലഭിക്കുമ്പോഴോ അല്ലെങ്കിൽ (13)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽനിന്നും ഏതെങ്കിലും റഫറൻസ് ലഭിക്കുമ്പോഴോ, സ്വയംഭരണ അംഗീകാര സമിതി, അതതു സംഗതിപോലെ ആ റിപ്പോർട്ടോ റഫറൻസോ പരിഗണിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ അംഗീകാര സമിതിക്ക് ഒരു അന്വേഷണം നടത്താവുന്നതും, അതിലേക്കായി അതിനുയുക്തമെന്നു തോന്നുന്നപക്ഷം അവർക്കിടയിൽ നിന്നുതന്നെയോ അല്ലെങ്കിൽ ആ മേഖലയിലെ വിദഗ്ദ്ധരുടെ ഇടയിൽ നിന്നോ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതി രൂപീകരിക്കാവുന്നതുമാണ്.

(15) (10)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സമിതിക്ക് അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിന് കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും കോളേജിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(16) എല്ലാ സ്വയംഭരണ കോളേജുകളും അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി സമിതി ആവശ്യപ്പെടുന്ന രേഖകൾ എത്തിച്ചുകൊടുക്കേണ്ടതും വിവരങ്ങൾ നൽകേണ്ടതുമാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവുമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു അന്വേഷണവും പൂർത്തീകരിക്കുവാൻ പാടുള്ളതല്ല.

(17) ഓരോ സ്വയംഭരണ കോളേജും അത് നടത്താൻ ഉദ്ദേശിക്കുന്ന ആദ്യ തവണ പരീക്ഷാ തീയതിക്ക് ആറുമാസത്തിന് മുമ്പായി ഒരു പരീക്ഷാ മാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെ സമർപ്പിച്ച് അറുപതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, സർവ്വകലാശാല, മാന്വലിന്മേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. പരീക്ഷാ നടത്തിപ്പിന്റെ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുകയും സ്വയംഭരണ കോളേജുകൾ നടത്തുന്ന പരീക്ഷയുടെ സത്യസന്ധത ഉറപ്പുവരുത്തുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ സർവ്വകലാശാല അഭിപ്രായം നൽകേണ്ടതാണ്. സ്വയംഭരണ കോളേജ്, സർവ്വകലാശാലയുടെ അഭിപ്രായങ്ങൾക്ക് അനുസൃതമായി ആവശ്യമായ എല്ലാ പരിഷ്കാരങ്ങളും മാന്വലിൽ ചേർക്കേണ്ടതാണ്.

69 ക്യൂ. സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ മുതലായവ ഭേദഗതി ചെയ്യുന്നതിന് സർവ്വകലാശാലയ്ക്കുള്ള അധികാരം.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി സർവ്വകലാശാലയ്ക്ക് അതിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

** ** ** **

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിനും ഗവേണിംഗ് കൗൺസിലിനും സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ് :

** ** ** **

69 ആർ. സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം.—സർവ്വകലാശാലയുടെ അക്കാദമിക കൗൺസിലോ, ബോർഡ് ഓഫ് സ്റ്റഡീസോ, സ്വയംഭരണ അംഗീകാര സമിതിയോ, ഒരു സ്വയംഭരണ കോളേജുമായോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിനുകീഴിൽ സ്വയംഭരണാധികാരത്തിന് അപേക്ഷിച്ചിട്ടുള്ള കോളേജുമായോ നടത്തുന്ന എല്ലാ കത്തിടപാടുകളും അങ്ങനെയുള്ള കോളേജിന്റെ പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.

69 എസ്. ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.—ഈ അദ്ധ്യായത്തിൻകീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

** ** ** **

# 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1975-ലെ 5)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

** ** ** **

(1) "അക്കാദമിക സ്വയംഭരണം" എന്നാൽ ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി അക്കാദമിക പരിപാടികൾ നടത്തുക, ബന്ധപ്പെട്ട വിഷയങ്ങൾക്കു വേണ്ടിയുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, അദ്ധ്യയനം, പഠനം, മൂല്യനിർണ്ണയം എന്നിവയുടെ രീതികൾ ആസൂത്രണം ചെയ്യുക, സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കുള്ള പരീക്ഷകൾ നടത്തുക, ഫലം പ്രസിദ്ധീകരിക്കുക എന്നിവയ്ക്കായി ഒരു കോളേജിനോ സർവ്വകലാശാലാ വകുപ്പിനോ ഉള്ള വിശേഷാധികാരം എന്നർത്ഥമാകുന്നു;

** ** ** **

(4 എ) "സ്വയംഭരണ അംഗീകാര സമിതി" എന്നാൽ 68 ബി വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട സ്വയംഭരണ അംഗീകാര സമിതി എന്നർത്ഥമാകുന്നു;

(4 ബി) "സ്വയംഭരണ കോളേജ്" എന്നാൽ ഈ ആക്റ്റിന്റെ VIII ബി അദ്ധ്യായത്തിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു;

** ** ** **

(5 എ) "ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 68 എച്ച് വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് എന്നർത്ഥമാകുന്നു;

** ** ** **

(7) “കോളേജ്” എന്നതിന് സർവ്വകലാശാല നടത്തുന്നതോ അതിനോടു കൂടി സംയോജിപ്പിക്കപ്പെട്ടിട്ടുള്ളതോ ആയതും, പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകളനുസരിച്ച് ബോധനം നൽകുന്നതുമായ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

** ** ** **

(9) “വിദ്യാഭ്യാസ ഏജൻസി” എന്നതിന് ഒരു സ്വകാര്യ കോളേജോ ഒന്നിൽകൂടുതൽ സ്വകാര്യകോളേജുകളോ സ്ഥാപിച്ച് നടത്തുന്ന ഒരാളോ ആളുകളുടെ സംഘമോ എന്നർത്ഥമാകുന്നു ;

** ** ** **

(10 എ) “ഗവേണിംഗ് കൗൺസിൽ” എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;

** ** ** **

(12) “ഹോസ്റ്റൽ” എന്നതിന് ഈ ആക്റ്റിലേയോ, പരിനിയമങ്ങളിലേയോ അല്ലെങ്കിൽ ഓർഡിൻസുകളിലേയോ വ്യവസ്ഥകളനുസരിച്ച് സർവ്വകലാശാലയിലോ അല്ലെങ്കിൽ സർവ്വകലാശാല നടത്തുന്നതോ സർവ്വകലാശാലയോട് സംയോജിപ്പിക്കപ്പെട്ടിട്ടുള്ളതോ ആയ സ്ഥാപനങ്ങളിലോ കോളേജുകളിലോ ഉള്ള വിദ്യാർത്ഥികൾക്കുള്ള വാസസ്ഥലത്തിന്റെ ഒരു വിഭാഗം എന്നർത്ഥമാകുന്നു ;

** ** ** **

(17) “പ്രൊ-ചാൻസലർ” എന്നതിന് സർവ്വകലാശാലയുടെ പ്രൊ-ചാൻസലർ എന്നർത്ഥമാകുന്നു;

** ** ** **

(19) “അംഗീകൃതസ്ഥാപനം” എന്നതിന് ഗവേഷണത്തിനോ, പ്രത്യേക പഠനത്തിനോ വേണ്ടിയുള്ളതും, സംയോജിപ്പിക്കപ്പെട്ട കോളേജ് അല്ലാത്തതും, സർവ്വകലാശാല അപ്രകാരം അംഗീകരിച്ചിട്ടുള്ളതുമായ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

** ** ** **

(25) “വിദ്യാർത്ഥികളുടെ കൗൺസിൽ” എന്നതിന് സർവ്വകലാശാലയുടെ വിദ്യാർത്ഥികളുടെ കൗൺസിൽ എന്നർത്ഥമാകുന്നു;

** ** ** **

5. സർവ്വകലാശാലയുടെ അധികാരങ്ങൾ.— സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(i എ) ഒരു സർവ്വകലാശാലാ വകുപ്പിന് അക്കാദമിക സ്വയംഭരണം നൽകുക;

(i ബി) ഈ ആക്റ്റിന്റെ അദ്ധ്യായം VIII ബി-യിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിനോ ഒരു അഫിലിയേറ്റഡ് കോളേജിന്റെ വകുപ്പിനോ അക്കാദമിക സ്വയംഭരണം നൽകുക;

** ** ** **

56. കോളേജുകളുടെ സംയോജനം.—(1) ഏതെങ്കിലും കോളേജ് സർവ്വകലാശാലയോട് സംയോജിപ്പിക്കുന്നതിനുവേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും സംയോജിപ്പിക്കപ്പെട്ട കോളേജിലെ പുതിയ കോഴ്സുകളിലേക്ക് സംയോജിപ്പിക്കുന്നതിനു വേണ്ടിയോ പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സമയത്തിനുള്ളിലും അപ്രകാരമുള്ള വിധത്തിലും, ആ കോളേജിന്റെ വിദ്യാഭ്യാസ ഏജൻസി ഒരു അപേക്ഷ രജിസ്ട്രാർക്ക് അയക്കേണ്ടതാണ്.

(2) ഒരു കോളേജിന്റെ സംയോജനത്തിന്റെയോ അല്ലെങ്കിൽ സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ പുതിയ കോഴ്സിലേക്ക് ഉള്ള സംയോജനത്തിന്റേയോ നിബന്ധനകളും, വ്യവസ്ഥകളും (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ ഏത് കാലത്തിനുള്ളിൽ സിൻഡിക്കേറ്റ് പരിഗണിക്കണമെന്നുൾപ്പെടെ അങ്ങനെയുള്ള സംയോജനം അനുവദിക്കുന്നതിന് സിൻഡിക്കേറ്റ് അനുവർത്തിക്കേണ്ടതായ നടപടിക്രമവും പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ് :

എന്നാൽ ചാൻസലർക്ക് ഗസറ്റ് വിജ്ഞാപനംമൂലം, വിജ്ഞാപനത്തിൽ പ്രത്യേകം പറയേണ്ട കാരണങ്ങളാൽ ഏത് കാലത്തിനുള്ളിലാണോ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ സിൻഡിക്കേറ്റ് പരിഗണിക്കേണ്ടത് ആ കാലാവധി, അപ്രകാരമുള്ള കാലാവധി അതിനകം കഴിഞ്ഞുപോയിരുന്നാലും ഇല്ലെങ്കിലും, അപ്രകാരമുള്ള വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന ഒരു വർഷത്തിൽ കവിയാത്ത കൂടുതൽ കാലം കണ്ട് നീട്ടാവുന്നതാണ്.

** ** ** **

65. <u>അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രൂപീകരണം</u>.—(1) ഈ ആക്റ്റിന്റെ ആവശ്യാർത്ഥം ഗവൺമെന്റ് ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണൽ, ഹൈക്കോടതിയുമായി കൂടിയാലോചിച്ച ശേഷം ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത ഒരു നീതിന്യായ ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഉദ്യോഗ കാലാവധി അതിനെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്നുവർഷമായിരിക്കുന്നതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി, ഗവൺമെന്റിന്റെ മുൻ അനുമതിയോടുകൂടി, അപ്പലേറ്റ് ട്രൈബ്യൂണലിന്, അതിന്റെ നടപടിക്രമം ക്രമപ്പെടുത്തുന്നതിനും കാര്യനിർവ്വഹണത്തിനും വേണ്ടി റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(5) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വേതനവും മറ്റു സേവന വ്യവസ്ഥകളും ചട്ടങ്ങളാൽ നിർണ്ണയിക്കാവുന്ന പ്രകാരത്തിലായിരിക്കുന്നതാണ്.

** ** ** **

68 <u>ബി. സ്വയംഭരണ അംഗീകാര സമിതി</u>.—(1) സർക്കാരിൽ, താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ് ;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ്-ചാൻസലർമാർ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും, അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് :

എന്നാൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനം വഴി, പിൻവലിക്കാവുന്നതാണ്.

68 സി. സ്വയംഭരണ അംഗീകാര സമിതിയുടെ അധികാരങ്ങളും ചുമതലകളും.— സ്വയംഭരണ അംഗീകാര സമിതിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അക്കാദമിക സ്വയംഭരണത്തിനുവേണ്ടി അപേക്ഷിക്കുന്നതിന്, 68 എൻ വകുപ്പിൻ കീഴിൽ അങ്ങനെ തരംതിരിക്കപ്പെട്ട യോഗ്യതയുള്ള കോളേജുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുക ;

(ii) ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന ഗുണനിലവാരം പരിരക്ഷിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനും വേണ്ടി, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ കോളേജുകൾക്കായി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചും അതിനു പുറമെയും, വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ഉപാധികളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർണ്ണയിക്കുക ;

(iii) സ്വയംഭരണ അംഗീകാര സമിതി ശിപാർശ ചെയ്ത ഒരു കോളേജിന്റെ അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചുകൊടുക്കുന്നതിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(iv) ഒരു കോളേജിന് സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളുടെയും ഉപാധികളുടെയും ലംഘനം സംബന്ധിച്ച ഏതെങ്കിലും പരാതിയിന്മേലോ ഹർജിയിന്മേലോ അന്വേഷണം നടത്തുന്നതിന് ;

(v) സ്വയംഭരണാധികാരത്തിനുവേണ്ടി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒരു കോളേജ് ലംഘിക്കുകയോ അല്ലെങ്കിൽ ദുരുപയോഗം ചെയ്യുകയോ ചെയ്തതായ ഏതെങ്കിലും വിഷയത്തിന്മേൽ സിൻഡിക്കേറ്റിന്റെയോ അക്കാദമിക കൗൺസിലിന്റെയോ റിപ്പോർട്ട് പരിഗണിക്കുക ;

(vi) ഏതെങ്കിലും കോളേജിന് നൽകപ്പെട്ട അക്കാദമിക സ്വയംഭരണാധികാരത്തിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുകയും അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും :

എന്നാൽ, സ്വയംഭരണാധികാരം നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പലിനും സർക്കാർ കോളേജ് അല്ലാത്ത സ്വയംഭരണ കോളേജിന്റെ കാര്യത്തിൽ കോളേജിന്റെ മാനേജരുടെ പ്രതിനിധിക്കും പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു തീരുമാനവും കൈക്കൊള്ളുവാൻ പാടുള്ളതല്ല. ;

(vii) ഒരു സ്വയംഭരണ കോളേജിന് അക്കാദമിക സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(viii) സ്വയംഭരണ കോളേജുകളുടെ അപ്പീലുകൾ കേൾക്കുന്നതിന് ;

(ix) ഈ അദ്ധ്യായത്തിൻ കീഴിൽ പ്രസക്തമായ ഏതെങ്കിലും വിഷയം പരിശോധിച്ചറിയുന്നതിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ഏതെങ്കിലും സ്വയംഭരണ കോളേജിന്റെയോ അക്കാദമിക സ്വയംഭരണാധികാരം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും കോളേജിന്റെയോ റിക്കാർഡുകളും പരിസരങ്ങളും പരിശോധിക്കുന്നതിനും പരിശോധിപ്പിക്കുന്നതിനും ;

(x) ഒരു സ്വാശ്രയ കോളേജിലെ അക്കാദമിക കൗൺസിലിലേക്ക് കോളേജിനു പുറത്തുനിന്നുള്ള വിദഗ്ദ്ധ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക ;

(xi) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി സർവ്വകലാശാലയ്ക്കും സ്വാശ്രയ കോളേജുകൾക്കും നിർദ്ദേശങ്ങൾ നൽകുക.

68 ഡി. അക്കാദമിക സ്വയംഭരണാധികാരം നൽകുന്ന തീയതി പ്രാബല്യത്തിൽ വരുന്ന ദിവസം.—ഈ അദ്ധ്യായത്തിൻ കീഴിൽ അക്കാദമിക സ്വയംഭരണാധികാരത്തിനുവേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അപേക്ഷ നൽകുന്നതിനായി അധികാരപ്പെടുത്തപ്പെട്ട ഒരു അഫിലിയേറ്റഡ് കോളേജ്, അതിന് ഏത് തീയതി മുതലാണോ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയത് ആ തീയതി മുതൽ സർവ്വകലാശാലയുടെ ഒരു സ്വയംഭരണ കോളേജായി കരുതപ്പെടേണ്ടതാണ്.

68 ഇ. ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ.—(1) ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ താഴെ പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(i) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസ്;

(iii) ഗവേണിംഗ് കൗൺസിൽ.

**　　　**　　　**　　　**

68 എഫ്. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ.—(1) ഓരോ സ്വയംഭരണ കോളേജിനും ഒരു അക്കാദമിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

**　　　**　　　**　　　**

(സി) സർക്കാർ കോളേജുകളുടെ കാര്യത്തിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറും, സർക്കാർ കോളേജല്ലാത്ത ഒരു കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന, അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിവിധ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിലെ നാല് അദ്ധ്യാപകർ;

(ഡി) ഈ ആവശ്യത്തിലേക്കായി സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആറുപേരടങ്ങിയ ഒരു പാനലിൽ നിന്നും സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന,

വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണ നിർവ്വഹണം, ധനകാര്യം തുടങ്ങിയ മേഖലകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിനു പുറത്തുനിന്നുള്ള നാലിൽ കുറയാത്ത വിദഗ്ദ്ധർ ;

(ഇ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിദ്യാഭ്യാസ വിചക്ഷണരായ, സർവ്വകലാശാല നിമനിർദ്ദേശം ചെയ്ത മൂന്ന് പേർ ;

(എഫ്) കോളേജിലെ അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത അദ്ധ്യാപകർക്കിടയിൽ നിന്നും കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ് .

(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരംഗം രണ്ട് വർഷക്കാലയളവിലേക്കോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമയത്ത് അദ്ദേഹം കോളേജിലെ ഒരു അദ്ധ്യാപകനാണെങ്കിൽ അദ്ദേഹത്തിന്റെ വിരമിക്കൽ തീയതി വരെയോ, ഏതാണോ ആദ്യം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതും പുനർനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതുമാണ്.

(4) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗം ആറുമാസത്തിൽ ഒരിക്കലെങ്കിലും സ്വയംഭരണകോളേജിന്റെ പ്രിൻസിപ്പാൾ വിളിച്ചു കൂട്ടേണ്ടതാണ്.

68 ജി. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(ii) സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി കോളേജിലെ വിവിധ പഠന പദ്ധതികളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച്, സർക്കാർ വിനിർദ്ദേശിച്ചതും അതതുസമയങ്ങളിൽ ഭേദഗതി വരുത്തിയ പ്രകാരമുള്ളതുമായ പ്രവേശനത്തിനുള്ള ചട്ടങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി, അക്കാദമിക റെഗുലേഷനുകൾ ഉണ്ടാക്കുക;

** ** ** **

(v) പുതിയ പാഠ്യപദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഏത് നിർദ്ദേശവും ഗവേണിംഗ് കൗൺസിലിന് ശിപാർശ ചെയ്യുക;

(vi) സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ഫെലോഷിപ്പുകൾ, പാരിതോഷികങ്ങൾ, മെഡലുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവേണിംഗ് കൗൺസിലിനോട് ശിപാർശ ചെയ്യുകയും ആയത് നൽകുന്നതിനുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും ചെയ്യുക;

(vii) അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട്, ഗവേണിംഗ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങളിന്മേൽ. അതിനെ ഉപദേശിക്കുക;

(viii) ഗവേണിംഗ് കൗൺസിൽ അതിന് ഏൽപ്പിച്ചു കൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അക്കാദമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

68 എച്ച്. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡ്.—(1) ഓരോ സ്വയംഭരണ കോളേജും ആ കോളേജ് നടത്തുന്ന കോഴ്സുകളിലെയോ അല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകളിലെയോ ഓരോ പഠന വിഷയത്തിനോ അല്ലെങ്കിൽ ഒരു കൂട്ടം വിഷയങ്ങൾക്കോവേണ്ടി അതിന്റേതായ ഒരു പഠനബോർഡ് രൂപീകരിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ, ഈ ആവശ്യത്തിലേക്കായി, സ്വയംഭരണ കോളേജിന്റെ ഒരു പഠനബോർഡിന് കീഴിൽ കൊണ്ടുവരേണ്ട വിഷയങ്ങളും രൂപീകരിക്കേണ്ടതായ അത്തരം പഠനബോർഡുകളുടെ എണ്ണവും നിശ്ചയിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിലെ പഠനബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത വകുപ്പുതലവൻ, അയാൾക്ക് പി. എച്ച്. ഡി. ഉണ്ടെങ്കിൽ, ആ ബോർഡ് ഓഫ് സ്റ്റഡീസിന്റെ വിഷയങ്ങളിൽ ഉൾപ്പെട്ടുവരുന്ന വിഷയങ്ങളിലുള്ള വകുപ്പുതലവൻമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ്:

എന്നാൽ, അത്തരം ഒരു വകുപ്പുതലവന്റെ അഭാവത്തൽ ആ പഠനബോർഡിലുൾപ്പെടുന്ന വിഷയത്തൽ പി.എച്ച്.ഡി.യുള്ള, അസ്സോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും, സർക്കാർ കോളേജുകളുടെ കാര്യത്തിൽ സർക്കാരും മറ്റു കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ, ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് :

എന്നുമാത്രമല്ല, സർക്കാരോ അല്ലെങ്കിൽ പ്രിൻസിപ്പാളോ, അതത് സംഗതിപോലെ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങളുടെ മികവിന് പ്രധാന പരിഗണന നൽകേണ്ടതാണ്.

(ബി) പഠനബോർഡിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ വിവിധ വൈദഗ്ധ്യ മേഖലകളിൽനിന്ന്, പ്രിൻസിപ്പാൾ കണ്ടെത്തുന്ന ആ പഠന ബോർഡിലുൾപ്പെട്ടു വരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ തലവനുമായി കൂടിയാലോചിച്ച്, പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന പി.എച്ച്.ഡി.യുള്ള ആറിൽ കൂടാത്ത അദ്ധ്യാപകരും:

എന്നാൽ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ, അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളുമുൾപ്പെടെയുള്ള അക്കാദമിക മികവിന് പ്രിൻസിപ്പാൾ പ്രധാന പരിഗണന നൽകേണ്ടതാണ് ;

(സി) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിന് പുറത്തുനിന്നുമുള്ള ആ വിഷയത്തിലെ രണ്ട് വിദഗ്ദ്ധർ;

(ഡി) പ്രിൻസിപ്പാൾ ശിപാർശ ചെയ്ത ആറ് വിദഗ്ദ്ധരുടെ പാനലിൽനിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ ;

(ഇ) വ്യവസായം, കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖല എന്നിവയിൽ നിന്നുള്ള ഒരു പ്രതിനിധി വീതം ;

(എഫ്) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു സ്തുത്യർഹനായ പൂർവ്വ വിദ്യാർത്ഥി ;

(ജി) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാന്, കോളേജിലെ പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടുകൂടി, അതാതു സമയങ്ങളിൽ, അക്കാദമിക കൂടിയാലോചനയുടെ ആവശ്യത്തിനുവേണ്ടി, സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ യോഗങ്ങളിലേക്ക് താഴെപ്പറയുന്ന വിഭാഗങ്ങളിൽനിന്നും, പ്രത്യേക ക്ഷണിതാക്കളായി തെരഞ്ഞെടുക്കാവുന്നതാണ്, അതായത് :—

(i) പ്രത്യേക പഠനകോഴ്സുകൾ ആസൂത്രണം ചെയ്യേണ്ടി വരുമ്പോഴെല്ലാം കോളേജിന് പുറത്തുനിന്നുള്ള വിദഗ്ദ്ധർ ;

(ii) ബന്ധപ്പെട്ട വിജ്ഞാന ശാഖയിൽ വിദഗ്ദ്ധരായിട്ടുള്ള കോളേജിലെ മറ്റ് അദ്ധ്യാപകർ .

(3) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി രണ്ട് അക്കാദമിക വർഷമായിരിക്കുന്നതാണ്:

എന്നാൽ, ഒരേ ആൾ തന്നെ നാല് അക്കാദമിക വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

(4) സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ വ്യത്യസ്ത വകുപ്പുകളുടെ യോഗത്തിനുള്ള സമയവിവരപ്പട്ടിക കോളേജിന്റെ പ്രിൻസിപ്പാൾ തയ്യാറാക്കേണ്ടതാണ്.

(5) ആവശ്യമുള്ളപ്പോഴെല്ലാം യോഗം നടത്താവുന്നതും, എന്നാൽ, വർഷത്തിൽ കുറഞ്ഞത് അങ്ങനെയുള്ള രണ്ടു യോഗങ്ങളെങ്കിലും നടത്തേണ്ടതുമാണ്.

(6) ഒരു സ്വയംഭരണകോളേജിന്റെ പഠനബോർഡിന്റെ ക്വാറം തികയുന്നതിനായി മൂന്നിലൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(7) ചെയർമാന്റെ താൽക്കാലിക അഭാവത്തിൽ സീനിയോറിറ്റിയിൽ തൊട്ടടുത്ത അദ്ധ്യാപകൻ ചെയർമാനായി പ്രവർത്തിക്കേണ്ടതും പ്രിൻസിപ്പാളിന്റെ അഭ്യർത്ഥനയിൻമേൽ യോഗം വിളിച്ചുകൂട്ടേണ്ടതുമാണ്.

(8) ഒന്നിൽ കൂടുതൽ ബോർഡുകളെ ബാധിക്കുന്ന ഏതെങ്കിലും അക്കാദമിക കാര്യം കൈകാര്യം ചെയ്യേണ്ടുന്ന സംഗതിയിൽ, ആവശ്യമാണെന്ന് പ്രിൻസിപ്പാൾ കരുതുന്നപക്ഷം സ്വയംഭരണകോളേജിന്റെ രണ്ടോ അതിലധികമോ പഠന ബോർഡുകളുടെ ഒരു കൂട്ടായ യോഗം വിളിച്ചുകൂട്ടാവുന്നതും, അങ്ങനെയുള്ള കൂട്ടായ യോഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ചെയർമാൻ അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

68 <u>ഐ. ഒരു സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും</u>.— ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അംഗീകാരത്തോടുകൂടി, കോളേജിന്റെ ലക്ഷ്യങ്ങളും, ഗുണഭോക്താക്കളുടെ താൽപ്പര്യവും ദേശീയ ആവശ്യവും കണക്കിലെടുത്തുകൊണ്ട് വിവിധ അക്കാദമിക കാര്യങ്ങൾക്കുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കുക :

എന്നാൽ, അക്കാദമിക കാര്യങ്ങൾക്കുള്ള നിർദ്ദേശം അക്കാദമിക കാര്യപരിപാടികൾക്കായി സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള കാലാവധി, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡ് സമ്പ്രദായം ഏതെങ്കിലുമുണ്ടെങ്കിൽ, അതുമായി വേണ്ടവിധത്തിൽ യോജിക്കുന്നുണ്ടെന്ന് സ്വയംഭരണകോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, ആ നിർദ്ദേശം, സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരം താഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പുവരുത്തേണ്ടതാണ്:

എന്നുതന്നെയുമല്ല, അങ്ങനെയുള്ള നിർദ്ദേശം രാജ്യതാത്പര്യത്തിന് എതിരാകാൻ പാടില്ലാത്തതാണ്.

** ** ** **

(iv) സ്വയംഭരണ കോളേജിന്റെ പരീക്ഷാമേൽനോട്ടക്കാരുടെ നിയമനത്തിന് വേണ്ടിയുള്ള പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക അക്കാദമിക കൗൺസിലിന് നിർദ്ദേശിക്കുകയും ; കൂടാതെ

(v) വകുപ്പിലോ കോളേജിലോ ഉള്ള ഗവേഷണം, അദ്ധ്യയനം, വിപുലീകരണം, മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

68 ജെ. ഗവേണിംഗ് കൗൺസിലിന്റെ രൂപീകരണം.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന് ഓരോ സർക്കാർ സ്വയംഭരണ കോളേജിനുവേണ്ടിയും സർക്കാർ ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സർക്കാർ സ്വയംഭരണകോളേജിലെ ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ കാര്യമായ അനുഭവജ്ഞാനമുള്ള പ്രശസ്തനായ ഒരു ശ്രേഷ്ഠ വ്യക്തി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്:

എന്നാൽ, ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്തപക്ഷം സർക്കാരിന് (ബി) ഇനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ ഗവേണിംഗ് കൗൺസിലിന്റെ ആ യോഗത്തിന്റെ ചെയർമാനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്;

(ബി) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെയോ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(സി) കോളേജിലെ വ്യത്യസ്ത വകുപ്പുകളിൽനിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് രണ്ട് വർഷക്കാലയളവിലേക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്. ഡി. ഉള്ള മൂന്ന് അദ്ധ്യാപകർ ;

(ഡി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന്, ഒരു സർക്കാർ കോളേജല്ലാത്ത സ്വയംഭരണ കോളേജിന്റെ മാനേജിംഗ് കൗൺസിൽ അതിന്റെ നിയന്ത്രണത്തിൻകീഴിലുള്ള ഓരോ സ്വയംഭരണ കോളേജിന് വേണ്ടിയും ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(4) സർക്കാർ കോളേജല്ലാത്ത ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) മാനേജരോ, മാനേജർ നാമനിർദ്ദേശം ചെയ്ത ഒരാളോ, അദ്ദേഹം സീനിയറും അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ പ്രസിദ്ധനും മതിയായ അനുഭവജ്ഞാനമുള്ളതുമായ ഒരാൾ ആയിരിക്കേണ്ടതാണ്, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും ഊഴമനുസരിച്ച് മാനേജർ നാമനിർദ്ദേശം ചെയ്യുന്നതുമായ ആ കോളേജിലെ വ്യത്യസ്ത വകുപ്പുകളിലെ സീനിയറായ മൂന്ന് അദ്ധ്യാപകർ ;

(സി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്ത്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

68 കെ. ഗവേണിംഗ് കൗൺസിലിന്റെ ഉദ്യോഗ കാലാവധി.—ഗവേണിംഗ് കൗൺസിലിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി രണ്ട് അക്കാദമിക വർഷക്കാലയളവിലേയ്ക്ക് ആയിരിക്കുന്നതും മറ്റൊരു രണ്ട് അക്കാദമിക വർഷ കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹരായിരിക്കുന്നതുമാണ് :

എന്നാൽ, ഒരേ ആൾ നാല് വർഷത്തിലധികം കാലയളവിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനല്ലാത്തതാകുന്നു.

68 എൽ. ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) ഗവേണിംഗ് കൗൺസിൽ വർഷത്തിൽ കുറഞ്ഞത് മൂന്ന് പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(2) തുടർന്നുവരുന്ന യോഗങ്ങൾ തമ്മിലുള്ള ഇടവേള യാതൊരു കാരണവശാലും നാല് മാസത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(3) മൂന്നിലൊന്ന് അംഗങ്ങളുടെ രേഖാമൂലമുള്ള അപേക്ഷയിൻമേലോ അല്ലെങ്കിൽ സ്വയംഭരണാധികാര അംഗീകാര സമിതിയുടെ നിർദ്ദേശത്തിൻമേലോ കുറഞ്ഞത് ഏഴ് ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഗവേണിംഗ് കൗൺസിലിന് അടിയന്തിര യോഗങ്ങൾ വിളിച്ചുചേർക്കാവുന്നതാണ്.

(4) യോഗത്തിന്റെ ക്വാറം അതത് സമയത്ത് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

68 എം. ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—അതതു സ്വയംഭരണ കോളേജുകളിലെ ബൈലോകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരും സർവ്വകലാശാലയും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഗവേണിംഗ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(v) സ്വയംഭരണാധികാരമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ട ഫീസും മറ്റ് ചെലവുകളും സർക്കാരിന്റെ സമ്മതത്തോടെ നിശ്ചയിക്കുക:

എന്നാൽ, എയ്ഡഡ് കോഴ്സുകളുടെയും, എയ്ഡഡ് കോഴ്സുകളിൽനിന്നും പുനരാവിഷ്കരിച്ച കോഴ്സുകളുടെയും, സംഗതിയിൽ ഫീസ് സർക്കാർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ് ;

** ** ** **

68 എൻ. സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള നടപടിക്രമം.—(1) സ്വയംഭരണ അംഗീകാര സമിതി, (2)-ാം ഉപവകുപ്പിൻകീഴിൽ അർഹതയുള്ള കോളേജുകളെന്ന് അപ്രകാരം തരംതിരിക്കപ്പെട്ട കോളേജുകളിൽനിന്ന് എല്ലാവർഷവും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുവേണ്ടി അർഹതയുള്ള കോളേജുകളായി കോളേജുകളുടെ വിഭാഗങ്ങളെ സ്വയംഭരണ അംഗീകാരസമിതി വ്യക്തമാക്കേണ്ടതും, അവ സർക്കാർ കോളേജോ, അൺഎയ്ഡഡ് അല്ലാത്ത സ്വകാര്യ കോളേജോ ആകാവുന്നതും, അങ്ങനെയുള്ള ഏത് വിഭാഗങ്ങളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അർഹതയുടെ മാനദണ്ഡം, ഏത് ഫാറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്, അപേക്ഷയുടെ കൂടെ ആവശ്യമായ രേഖകൾ എന്നിവയും കൂടാതെ, സ്വയംഭരണ അംഗീകാര സമിതി അവശ്യമെന്ന് കരുതുന്ന മറ്റ് വിവരങ്ങളും സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു മാനദണ്ഡവും സ്വയംഭരണാധികാര പദവി നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള നിലവാരം കുറയ്ക്കുന്ന തരത്തിലുള്ളതാവാൻ പാടുള്ളതല്ല.

(3) സ്വയംഭരണ അംഗീകാര സമിതി അർഹതയുള്ള കോളേജുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിറവേറ്റുന്ന കോളേജുകളിൽ നിന്നുള്ളവ സ്വീകരിക്കേണ്ടതുമാണ്.

(4) കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് പ്രസക്തമായ, കോളേജിലെ രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി സ്വയംഭരണ അംഗീകാര സമിതിക്ക് അവർക്കിടയിൽ നിന്നും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദഗ്ദ്ധരായിട്ടുള്ളവരുടെ ഒരു സമിതിയോ അല്ലെങ്കിൽ അതിന് യുക്തമെന്നു കരുതുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയോ രൂപീകരിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സമിതിക്ക് കോളേജിന്റെ പരിസരത്തും അതിന്റെ കെട്ടിടത്തിലും പ്രവേശിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തുകൊടുക്കാൻ കോളേജ് ബാദ്ധ്യസ്ഥമായിരിക്കുന്നതും അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖകളും സമിതിക്ക് നൽകേണ്ടതുമാണ്.

(6) ഈ വകുപ്പിൻകീഴിൽ സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച സമിതിക്ക്, സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി കോളേജിന്റെ പ്രിൻസിപ്പാളിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(7) അപേക്ഷ സമർപ്പിച്ച ഒരു കോളേജ് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുണ്ടെന്ന് സ്വയംഭരണ അംഗീകാര സമിതിക്ക് തന്നെ ബോധ്യപ്പെടുന്ന സംഗതിയിൽ അത് കോളേജിന് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അതിന്റെ ശിപാർശ വൈസ്-ചാൻസലർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ശിപാർശ ലഭിച്ചാൽ, വൈസ്-ചാൻസലർക്ക് വിവരം ലഭിച്ച് പതിനഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, കമ്മീഷൻ നിശ്ചയിച്ച പ്രകാരമുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്റെ മുദ്രയോടുകൂടി, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്.

68 ഒ. പരീക്ഷകളുടെ നടത്തിപ്പ്.— (1) സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളറായി, ഒരു സർക്കാർ കോളേജിലോ ഒരു അൺ എയ്ഡഡ് കോളേജ് അല്ലാത്ത ഒരു കോളേജിലോ ബിരുദാനന്തര പഠനം നൽകിവരുന്ന ഒരു വകുപ്പിൽ രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉള്ള ഒരാളെ, സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും, സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും, നിയമിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ഒരാൾ സർവ്വകലാശാലയോ മറ്റേതെങ്കിലും സർവ്വകലാശാലകളോ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ഏതെങ്കിലും നടത്തിപ്പിന്റെ ലംഘനത്തിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതിനോ അയോഗ്യമാക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാവാൻ പാടില്ലാത്തതാണ്.

** ** ** **

68 പി. ബിരുദങ്ങൾ നൽകൽ.— (1)

** ** ** **

68 ക്യ. <u>സ്വയംഭരണ കോളേജുകളിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ.</u>—(1) ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും വിധേയമായി, സർവ്വകലാശാലയ്ക്ക്, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ എന്നിവ പ്രകാരം സർവ്വകലാശാലയിലെ ഏതെങ്കിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ബാധകമാകുന്ന മറ്റെല്ലാ അധികാരങ്ങളും സ്വയംഭരണ കോളേജുകളുടെ മേലും ഉണ്ടായിരിക്കുന്നതാണ്.

(2) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും അക്കാദമിക പദ്ധതി അംഗീകരിക്കുകയും സർവ്വകലാശാലയിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്ന സംഗതിയിൽ, വൈസ്-ചാൻസലർ ആ നിർദ്ദേശം സർവ്വകലാശാലയുടെ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് :

എന്നാൽ, നിർദ്ദേശിച്ച അക്കാദമിക പദ്ധതി സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലാത്തപക്ഷം, ആ ആവശ്യത്തിലേക്കായി സർവ്വകലാശാല ഒരു ബോർഡ് ഓഫ് സ്റ്റഡീസോ ഒരു വിദഗ്ദ്ധ സമിതിയോ രൂപീകരിക്കേണ്ടതാണ് :

എന്നുമാത്രമല്ല, അങ്ങനെ നിയമിക്കുന്ന വിദഗ്ദ്ധ സമിതിയിൽ സർവ്വകലാശാലയ്ക്ക് സമർപ്പിച്ച അക്കാദമിക പദ്ധതിയുടെ ന്യായവും വസ്തുനിഷ്ഠവുമായ വിലയിരുത്തൽ സാധ്യമാക്കാൻ വേണ്ടത്ര എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) നിർദ്ദേശം ലഭിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം, അതതു സംഗതിപോലെ, ബോർഡ് ഓഫ് സ്റ്റഡീസ് അല്ലെങ്കിൽ വിദഗ്ദ്ധ സമിതി, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കാദമിക പദ്ധതിക്കുവേണ്ടി അത് പരിഗണിക്കേണ്ടതും ആയത് അംഗീകരിക്കുകയോ നിരസിക്കുകയോ അഭിപ്രായ സഹിതം വൈസ്-ചാൻസലർക്ക് മടക്കി അയയ്ക്കുകയോ ചെയ്യേണ്ടതുമാണ് :

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽനിന്നും ലഭിച്ച നിർദ്ദേശം സർവ്വകലാശാല നേരത്തെതന്നെ നിർണ്ണയിച്ച അക്കാദമിക പദ്ധതിക്കു വേണ്ടിയുള്ള കാലയളവ്, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡിംഗ് സമ്പ്രദായം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല എന്നോ അല്ലെങ്കിൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശം അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതാണെന്നോ അല്ലെങ്കിൽ അത് രാജ്യ താത്പര്യത്തിന് എതിരാണെന്നോ ഉള്ള എഴുതി രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ ബോർഡ് ഓഫ് സ്റ്റഡീസിനോ വിദഗ്ദ്ധ സമിതിക്കോ തോന്നുന്ന കാരണത്താൽ മാത്രമേ അങ്ങനെ നിരസിക്കാൻ പാടുള്ളൂ :

എന്നുമാത്രമല്ല, നിർദ്ദേശം സർവ്വകലാശാലയ്ക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ തീരുമാനം അറിയിക്കാത്തപക്ഷം, നിർദ്ദേശം രാജ്യതാത്പര്യത്തിന് എതിരാകുന്ന സംഗതിയിലൊഴികെ ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(4) ബോർഡ് ഓഫ് സ്റ്റഡീസോ വിദഗ്ധസമിതിയോ ആ നിർദ്ദേശം സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് അയയ്ക്കുന്നതിനുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അഭിപ്രായം സഹിതം ആയത് വൈസ്-ചാൻസലർക്ക് തിരിച്ചയയ്ക്കുന്ന സംഗതിയിൽ അങ്ങനെയുള്ള അഭിപ്രായം ലഭിച്ച് മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഗവേണിംഗ് കൗൺസിലിന് അതിന്റെ അഭിപ്രായം സഹിതം ആ നിർദ്ദേശം വീണ്ടും സർവ്വകലാശാലയ്ക്ക് സമർപ്പിക്കാവുന്നതാണ്.

(5) ബോർഡ് ഓഫ് സ്റ്റഡീസ്, അതിനുശേഷം മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും വൈസ്-ചാൻസലർ ആ കോളേജിന്റെ പ്രിൻസിപ്പാൾ വഴി ആയത് ഗവേണിംഗ് കൗൺസിലിനെ അറിയിക്കേണ്ടതുമാണ്.

എന്നാൽ, സർവ്വകലാശാലയ്ക്ക് വീണ്ടും നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഇത് സംബന്ധിച്ച തീരുമാനം ആ നിർദ്ദേശം വീണ്ടും സമർപ്പിച്ച സ്വയംഭരണ കോളേജിനെ അറിയിച്ചിട്ടില്ലാത്തപക്ഷം, ആയത് രാജ്യതാത്പര്യത്തിന് എതിരാണ് എന്ന കാരണത്താൽ നിരസിച്ച സംഗതിയിൽ ഒഴികെ, ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(6) അങ്ങനെയുള്ള എല്ലാ അംഗീകാരത്തിന്റെയും അല്ലെങ്കിൽ നിരസിക്കലിന്റെയും ഒരു പകർപ്പ് സ്വയംഭരണ അംഗീകാര സമിതിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(7) നിർദ്ദേശം അംഗീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള എല്ലാ തീരുമാനങ്ങളും സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്, അത് ആ തീരുമാനത്തോട് വിയോജിക്കുകയാണെങ്കിൽ, ആയതിന്റെ പുനഃപരിശോധനയ്ക്കായി ചാൻസലർ മുമ്പാകെ ഹർജി സമർപ്പിക്കാവുന്നതാണ്.

(8) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്, നിരസിച്ചുകൊണ്ടുള്ള ഏതൊരു ഉത്തരവിനും എതിരെ സ്വയംഭരണ അംഗീകാര സമിതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും സ്വയംഭരണ അംഗീകാര സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ, അങ്ങനെ ഫയൽ ചെയ്യുന്ന അപ്പീലുകളിൻമേൽ ഒരു തീരുമാനത്തിലെത്തിച്ചേരുന്നതിനായി സ്വയംഭരണ അംഗീകാര സമിതിയെ ഉപദേശിക്കുന്നതിനുവേണ്ടി, അത് യുക്തമാണെന്ന് സ്വയംഭരണ അംഗീകാര സമിതിക്ക് തോന്നുന്നപക്ഷം അതിന് വിദഗ്ധരുടെ ഒരു പാനലിനെ നിയമിക്കാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ ഒരു കോളേജ് അങ്ങനെ സ്വയംഭരണാധികാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉപാധികൾ ലംഘിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുവാൻ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) (9)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും മുകളിൽപ്പറഞ്ഞ പരിശോധനയുടെ ആവശ്യത്തിന് കോളേജിലെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും സിൻഡിക്കേറ്റിന്, അവരുടെ ഇടയിൽനിന്നുതന്നെ ഈ മേഖലയിൽ വിദഗ്ധരായവരുടെയോ അല്ലെങ്കിൽ അതിനു യുക്തമെന്നു തോന്നുന്ന വിദഗ്ധരുടെ ഒരു സമിതിയെയോ രൂപീകരിക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള വിദഗ്ധരെ വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ് :

എന്നുമാത്രമല്ല, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന, സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പരാതികളിലോ സ്വയംഭരണത്തിന്റെ നിബന്ധനകളുടെ ലംഘനത്തെക്കുറിച്ചുള്ള രേഖാമൂലമുള്ള വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള അന്വേഷണം നടത്തുവാൻ പാടുള്ളൂ.

(11) സ്വയംഭരണാധികാരം ലഭിച്ച കോളേജിന്റെ പ്രതിനിധിക്ക് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവും ആയ ഒരവസരം നൽകാതെ (10)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിച്ച സമിതി യാതൊരു റിപ്പോർട്ടും അന്തിമമാക്കുവാൻ പാടുള്ളതല്ല.

(12) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, കോളേജിനു നൽകിയ സ്വയംഭരണാധികാരം സസ്പെൻഡ് ചെയ്യുവാനോ റദ്ദാക്കുവാനോ വൈസ് ചാൻസലർ മുഖേന സ്വയംഭരണ അംഗീകാര സമിതിയോട് സിൻഡിക്കേറ്റ് ശിപാർശ ചെയ്യേണ്ടതാണ്.

(13) ഒരു സ്വയംഭരണ കോളേജിനെ സംബന്ധിച്ച് രേഖാമൂലമുള്ള ഏതെങ്കിലും പരാതിയോ വിവരമോ സർക്കാരിന് ലഭിക്കുകയാണെങ്കിൽ, പരാതിയുടെ ഉള്ളടക്കവും അതിന്റെ പ്രാധാന്യവും യഥാവിധി പരിഗണിച്ചതിനുശേഷം സർക്കാരിന്, ആയത് സ്വയംഭരണ അംഗീകാര സമിതിക്ക് റഫർ ചെയ്യാവുന്നതാണ് :

എന്നാൽ, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് രേഖാമൂലമുള്ള പരാതികളിലോ വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള റഫറൻസ് നടത്തുവാൻ പാടുള്ളൂ.

(14) (12)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശകൾ അടങ്ങിയ സർവ്വകലാശാലയുടെ ഏതെങ്കിലും റിപ്പോർട്ട് ലഭിക്കുമ്പോഴോ അല്ലെങ്കിൽ (13)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽനിന്നും ഏതെങ്കിലും റഫറൻസ് ലഭിക്കുമ്പോഴോ, സ്വയംഭരണ അംഗീകാര സമിതി, അതതു സംഗതിപോലെ ആ റിപ്പോർട്ടോ റഫറൻസോ, പരിഗണിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ അംഗീകാര സമിതിക്ക് ഒരു അന്വേഷണം നടത്താവുന്നതും, അതിലേക്കായി അതിനുയുക്തമെന്നു തോന്നുന്നപക്ഷം അവർക്കിടയിൽനിന്നുതന്നെയോ അല്ലെങ്കിൽ ആ മേഖലയിലെ വിദഗ്ധരുടെ ഇടയിൽ നിന്നോ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതി രൂപീകരിക്കാവുന്നതുമാണ്.

(15) (10)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ച സമിതിക്ക് അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിന് കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും കോളേജിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(16) എല്ലാ സ്വയംഭരണ കോളേജുകളും അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി സമിതി ആവശ്യപ്പെടുന്ന രേഖകൾ എത്തിച്ചുകൊടുക്കേണ്ടതും വിവരങ്ങൾ നൽകേണ്ടതുമാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവുമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു അന്വേഷണവും പൂർത്തീകരിക്കുവാൻ പാടുള്ളതല്ല.

(17) ഓരോ സ്വയംഭരണ കോളേജും അത് നടത്താൻ ഉദ്ദേശിക്കുന്ന ആദ്യ തവണ പരീക്ഷാ തീയതിക്ക് ആറുമാസത്തിന് മുമ്പായി ഒരു പരീക്ഷാ മാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെ സമർപ്പിച്ച് അറുപതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, സർവ്വകലാശാല, മാന്വലിൻമേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. പരീക്ഷാ നടത്തിപ്പിന്റെ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുകയും സ്വയംഭരണ കോളേജുകൾ നടത്തുന്ന പരീക്ഷയുടെ സത്യസന്ധത ഉറപ്പുവരുത്തുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ സർവ്വകലാശാല അഭിപ്രായം നൽകേണ്ടതാണ്. സ്വയംഭരണ കോളേജ്, സർവ്വകലാശാലയുടെ അഭിപ്രായങ്ങൾക്ക് അനുസൃതമായി ആവശ്യമായ എല്ലാ പരിഷ്കാരങ്ങളും മാന്വലിൽ ചേർക്കേണ്ടതാണ്.

68 <u>ആർ. സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ മുതലായവ ഭേദഗതി ചെയ്യുന്നതിന് സർവ്വകലാശാലയ്ക്കുള്ള അധികാരം.</u>—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി സർവ്വകലാശാലയ്ക്ക് അതിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

** ** ** **

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിനും ഗവേണിംഗ് കൗൺസിലിനും സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ് :

** ** ** **

68 <u>എസ്. സ്വയംഭരണ കോളേജുകളുമായുള്ള ആശയ വിനിമയം.</u>—സർവ്വകലാശാലയുടെ അക്കാദമിക കൗൺസിലോ, ബോർഡ് ഓഫ് സ്റ്റഡീസോ, സ്വയംഭരണ അംഗീകാര സമിതിയോ, ഒരു സ്വയംഭരണ കോളേജുമായോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിനു കീഴിൽ സ്വയംഭരണാധികാരത്തിന് അപേക്ഷിച്ചിട്ടുള്ള കോളേജുമായോ നടത്തുന്ന എല്ലാ കത്തിടപാടുകളും അങ്ങനെയുള്ള കോളേജിന്റെ പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.

68 <u>റ്റി. ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.</u>—ഈ അദ്ധ്യായത്തിൻ കീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

** ** ** **

# 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1985-ലെ 12)

** ** ** **

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധം ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(1) " അക്കാദമിക് സ്വയംഭരണം" എന്നാൽ ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി അക്കാദമിക് പരിപാടികൾ നടത്തുക, ബന്ധപ്പെട്ട വിഷയങ്ങൾക്കു വേണ്ടിയുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, അദ്ധ്യയനം, പഠനം, മൂല്യനിർണ്ണയം എന്നിവയുടെ രീതികൾ ആസൂത്രണം ചെയ്യുക, സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കുള്ള പരീക്ഷകൾ നടത്തുക, ഫലം പ്രസിദ്ധീകരിക്കുക എന്നിവയ്ക്കായി ഒരു കോളേജിനോ സർവ്വകലാശാലാ വകുപ്പിനോ ഉള്ള വിശേഷാധികാരം എന്നർത്ഥമാകുന്നു;

** ** ** **

(4 എ) "സ്വയംഭരണ അംഗീകാര സമിതി" എന്നാൽ 103-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട സ്വയംഭരണ അംഗീകാര സമിതി എന്നർത്ഥമാകുന്നു;

(4 ബി) " സ്വയംഭരണ കോളേജ്" എന്നാൽ ഈ ആക്റ്റിന്റെ IX-ാം അദ്ധ്യായത്തിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു;

**        **        **        **

(5 എ) " ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 109-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് എന്നർത്ഥമാകുന്നു;

**        **        **        **

(7) " കോളേജ്" എന്നാൽ സർവ്വകലാശാല നടത്തുന്നതും അല്ലെങ്കിൽ അതുമായി സംയോജിപ്പിക്കപ്പെട്ടിട്ടുള്ളതും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ബോധനം നൽകുന്നതുമായ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു ;

**        **        **        **

(9) " വിദ്യാഭ്യാസ ഏജൻസി" എന്നാൽ ഒരു സ്വകാര്യ കോളേജോ അല്ലെങ്കിൽ ഒന്നിലധികം സ്വകാര്യ കോളേജുകളോ സ്ഥാപിച്ചു നടത്തുന്ന ഒരാളോ, അല്ലെങ്കിൽ ആളുകളുടെ നികായമോ എന്നർത്ഥമാകുന്നു ;

**        **        **        **

(10 എ) " ഗവേണിംഗ് കൗൺസിൽ" എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;

**        **        **        **

(12) " ഹോസ്റ്റൽ" എന്നാൽ ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ അല്ലെങ്കിൽ ഓർഡിനൻസുകളിലെയോ വ്യവസ്ഥകളനുസരിച്ച് സർവ്വകലാശാലയിലോ അല്ലെങ്കിൽ സർവ്വകലാശാല നടത്തുന്നതോ അല്ലെങ്കിൽ സർവ്വകലാശാലയുമായി സംയോജിപ്പിക്കപ്പെട്ടിട്ടുള്ളതോ ആയ കോളേജുകളിലോ സ്ഥാപനങ്ങളിലോ ഉള്ള

വിദ്യാർത്ഥികൾക്കുള്ള വാസസ്ഥലത്തിന്റെ ഒരു യൂണിറ്റ് എന്നർത്ഥമാകുന്നു ;

** ** ** **

1477/2021.

(19 എ) "പ്രോ-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ പ്രോ-ചാൻസലർ എന്നർത്ഥമാകുന്നു ;

** ** ** **

(21) " അംഗീകൃത സ്ഥാപനം" എന്നാൽ സംയോജിപ്പിക്കപ്പെട്ട കോളേജ് അല്ലാത്ത ഗവേഷണത്തിനോ, അല്ലെങ്കിൽ പ്രത്യേക പഠനത്തിനോ വേണ്ടിയുള്ളതും ആ നിലയിൽ സർവ്വകലാശാല അംഗീകരിച്ചിട്ടുള്ളതുമായ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു ;

** ** ** **

(27) " വിദ്യാർത്ഥികളുടെ കൗൺസിൽ" എന്നാൽ സർവ്വകലാശാല വിദ്യാർത്ഥികളുടെ കൗൺസിൽ എന്നർത്ഥമാകുന്നു ;

** ** ** **

5. സർവ്വകലാശാലയുടെ അധികാരങ്ങൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(i എ) ഒരു സർവ്വകലാശാല വകുപ്പിന് അക്കാഡമിക് സ്വയംഭരണം നൽകുക;

(i ബി) ഈ ആക്റ്റിന്റെ അദ്ധ്യായം IX-ൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിനോ ഒരു അഫിലിയേറ്റഡ് കോളേജിന്റെ വകുപ്പിനോ അക്കാദമിക് സ്വയംഭരണം നൽകുക;

** ** ** **

58. കോളേജുകളുടെ സംയോജനം.—(1) ഏതെങ്കിലും കോളേജ് സർവ്വകലാശാലയോട് സംയോജിപ്പിക്കുന്നതിനുവേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും സംയോജിപ്പിക്കപ്പെട്ട കോളേജിൽ പുതിയ കോഴ്സുകൾ സംയോജിപ്പിക്കുന്നതിനുവേണ്ടിയോ ഉള്ള ഒരപേക്ഷ വിദ്യാഭ്യാസ ഏജൻസി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള സമയത്തിനുള്ളിലും അപ്രകാരമുള്ള വിധത്തിലും രജിസ്ട്രാർക്ക് അയയ്ക്കേണ്ടതാണ്.

(2) ഒരു കോളേജിന്റെ സംയോജനത്തിനുവേണ്ടിയോ അല്ലെങ്കിൽ സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിൽ പുതിയ കോഴ്സുകൾ സംയോജിപ്പിക്കുന്നതിനുവേണ്ടിയോ ഉള്ള നിബന്ധനകളും ഉപാധികളും (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു അപേക്ഷ സിൻഡിക്കേറ്റ് ഏത് കാലാവധിക്കകം പരിഗണിക്കണമോ ആ കാലാവധിയും ഉൾപ്പെടെ അങ്ങനെയുള്ള സംയോജനം അനുവദിക്കുന്നതിൽ സിൻഡിക്കേറ്റ് അനുവർത്തിക്കേണ്ട നടപടിക്രമവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്:

എന്നാൽ, ചാൻസലർക്ക്, ഗസറ്റ് വിജ്ഞാപനംവഴി, ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കേണ്ട കാരണങ്ങളാൽ, (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും അപേക്ഷ സിൻഡിക്കേറ്റ് ഏത് കാലാവധിക്കുള്ളിൽ പരിഗണിക്കണമോ ആ കാലാവധി, അങ്ങനെയുള്ള കാലാവധി കഴിഞ്ഞാലും ഇല്ലെങ്കിലും അങ്ങനെയുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്നപ്രകാരം ഒരുവർഷത്തിൽ കവിയാത്ത കൂടുതൽ കാലത്തേക്ക് ദീർഘിപ്പിക്കാവുന്നതാണ്:

എന്നുമാത്രമല്ല, ഒരു സംയേജിപ്പിക്കപ്പെട്ട കോളേജിൽ ഒരു പുതിയ കോഴ്സ് അഫിലിയേറ്റ് ചെയ്യുന്നതിനുള്ള ഒരു അപേക്ഷ വിദ്യാഭ്യാസ ഏജൻസി സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെട്ട സമയത്തിനകം സമർപ്പിച്ചിട്ടില്ല എന്ന കാരണത്താലും മേൽപ്പറഞ്ഞ ക്ലിപ്ത നിബന്ധനപ്രകാരം ആ സമയം നീട്ടിക്കൊടുക്കാൻ കഴിയാത്തതുകൊണ്ടും സിൻഡിക്കേറ്റിന് അതു പരിഗണിക്കാൻ കഴിയാത്ത സംഗതിയിൽ, ചാൻസലർക്ക് പൊതു താൽപ്പര്യാർത്ഥം, ഗസറ്റിൽ വിജ്ഞാപനം ചെയ്തുകൊണ്ട് ആ വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്നതും 1989-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഒരു വർഷത്തിൽ കവിയാത്ത കാലത്തിനകം ആ അപേക്ഷ സിൻഡിക്കേറ്റ് പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

** ** ** **

69. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ സംവിധാനം.—(1) ഈ ആക്റ്റിന്റെ

ആവശ്യങ്ങൾക്കുവേണ്ടി ഗവൺമെന്റ് ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ സംവിധാനം ചെയ്യേണ്ടതാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണൽ, ഹൈക്കോടതിയുമായി ആലോചിച്ച് ചാൻസലർ നാമനിർദ്ദേശംചെയ്യുന്ന, ജില്ലാ ജഡ്ജിയുടെ പദവിക്ക് താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ആഫീസർ ആയിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഔദ്യോഗിക കാലാവധി, അതിനെ നാമനിർദ്ദേശംചെയ്യുന്ന തീയതി മുതൽ മൂന്നു വർഷമായിരിക്കുന്നതാണ്.

(4) അപ്പലേറ്റ് ട്രൈബ്യൂണലിന് അതിന്റെ നടപടികൾ ക്രമപ്പെടുത്തുന്നതിനും അതിന്റെ കൃത്യനിർവ്വഹണത്തിനുംവേണ്ടി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസരണമായി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(5) അപ്രകാരമുണ്ടാക്കുന്ന റെഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വേതനവും മറ്റ് സേവനവ്യവസ്ഥകളും ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

** ** ** **

103. <u>സ്വയംഭരണ അംഗീകാര സമിതി</u>.—(1) സർക്കാരിൽ, താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് ;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ്-

ചാൻസലർമാർ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും, അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് :

എന്നാൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനം വഴി, പിൻവലിക്കാവുന്നതാണ്.

104. <u>സ്വയംഭരണ അംഗീകാര സമിതിയുടെ അധികാരങ്ങളും ചുമതലകളും</u>.—സ്വയംഭരണ അംഗീകാര സമിതിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അക്കാദമിക സ്വയംഭരണത്തിനുവേണ്ടി അപേക്ഷിക്കുന്നതിന് 115-ാം വകുപ്പിൻ കീഴിൽ അങ്ങനെ തരംതിരിക്കപ്പെട്ട യോഗ്യതയുള്ള കോളേജുകളിൽ നിന്ന്

അപേക്ഷകൾ ക്ഷണിക്കുക ;

(ii) ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന ഗുണനിലവാരം പരിരക്ഷിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും വേണ്ടി, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ കോളേജുകൾക്കായി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചും അതിനു പുറമെയും, വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ഉപാധികളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർണ്ണയിക്കുക ;

(iii) സ്വയംഭരണ അംഗീകാര സമിതി ശിപാർശ ചെയ്ത ഒരു കോളേജിന്റെ അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചു കൊടുക്കുന്നതിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(iv) ഒരു കോളേജിന് സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളുടെയും ഉപാധികളുടെയും ലംഘനം സംബന്ധിച്ച ഏതെങ്കിലും പരാതിയിന്മേലോ ഹർജിയിന്മേലോ അന്വേഷണം നടത്തുന്നതിന് ;

(v) സ്വയംഭരണാധികാരത്തിനുവേണ്ടി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒരു കോളേജ് ലംഘിക്കുകയോ അല്ലെങ്കിൽ ദുരുപയോഗം ചെയ്യുകയോ ചെയ്തതായ ഏതെങ്കിലും വിഷയത്തിന്മേൽ സിൻഡിക്കേറ്റിന്റെയോ അക്കാദമിക കൗൺസിലിന്റെയോ റിപ്പോർട്ട് പരിഗണിക്കുക ;

(vi) ഏതെങ്കിലും കോളേജിന് നൽകപ്പെട്ട അക്കാദമിക സ്വയംഭരണാധികാരത്തിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുകയും അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും :

എന്നാൽ, സ്വയംഭരണാധികാരം നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളിനും സർക്കാർ കോളേജ് അല്ലാത്ത സ്വയംഭരണ കോളേജിന്റെ കാര്യത്തിൽ കോളേജിന്റെ മാനേജരുടെ പ്രതിനിധിക്കും പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു തീരുമാനവും കൈക്കൊള്ളുവാൻ പാടുള്ളതല്ല ;

(vii) ഒരു സ്വയംഭരണ കോളേജിന് അക്കാദമിക സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(viii) സ്വയംഭരണ കോളേജുകളുടെ അപ്പീലുകൾ കേൾക്കുന്നതിന് ;

(ix) ഈ അദ്ധ്യായത്തിൻ കീഴിൽ പ്രസക്തമായ ഏതെങ്കിലും വിഷയം പരിശോധിച്ചറിയുന്നതിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ഏതെങ്കിലും

സ്വയംഭരണ കോളേജിന്റെയോ അക്കാദമിക സ്വയംഭരണാധികാരം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും കോളേജിന്റെയോ റിക്കാർഡുകളും പരിസരങ്ങളും പരിശോധിക്കുന്നതിനും പരിശോധിപ്പിക്കുന്നതിനും ;

(x) ഒരു സ്വാശ്രയ കോളേജിലെ അക്കാദമിക കൗൺസിലിലേക്ക് കോളേജിനു പുറത്തുനിന്നുള്ള വിദഗ്ദ്ധ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക ;

(xi) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി സർവ്വകലാശാലയ്ക്കും സ്വാശ്രയ കോളേജുകൾക്കും നിർദ്ദേശങ്ങൾ നൽകുക.

105. <u>അക്കാദമിക സ്വയംഭരണാധികാരം നൽകുന്ന തീയതി പ്രാബല്യത്തിൽ വരുന്ന ദിവസം</u>.—ഈ അദ്ധ്യായത്തിൻ കീഴിൽ അക്കാദമിക സ്വയംഭരണാധികാരത്തിനുവേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അപേക്ഷ നൽകുന്നതിനായി അധികാരപ്പെടുത്തപ്പെട്ട ഒരു അഫിലിയേറ്റഡ് കോളേജ്, അതിന് ഏത് തീയതി മുതലാണോ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയത് ആ തീയതി മുതൽ സർവ്വകലാശാലയുടെ ഒരു സ്വയംഭരണ കോളേജായി കരുതപ്പെടേണ്ടതാണ്.

106. <u>ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ</u>.—(1) ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ താഴെ പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(i) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസ്;

(iii) ഗവേണിംഗ് കൗൺസിൽ.

**    **    **    **

107. <u>സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ</u>.—(1) ഓരോ സ്വയംഭരണ കോളേജിനും ഒരു അക്കാദമിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

**    **    **    **

(സി) സർക്കാർ കോളേജുകളുടെ കാര്യത്തിൽ കൊളീജിയേറ്റ് എഡ്യുക്കേഷൻ ഡയറക്ടറും, സർക്കാർ കോളേജല്ലാത്ത ഒരു കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന, അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിവിധ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിലെ നാല് അദ്ധ്യാപകർ;

(ഡി) ഈ ആവശ്യത്തിലേക്കായി സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആറു പേരടങ്ങിയ ഒരു പാനലിൽ നിന്നും സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണ നിർവ്വഹണം, ധനകാര്യം തുടങ്ങിയ മേഖലകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിനു പുറത്തുനിന്നുള്ള നാലിൽ കുറയാത്ത വിദഗ്ദ്ധർ ;

(ഇ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിദ്യാഭ്യാസ വിചക്ഷണരായ, സർവ്വകലാശാല നാമനിർദ്ദേശം ചെയ്ത മൂന്ന് പേർ ;

(എഫ്) കോളേജിലെ അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത അദ്ധ്യാപകർക്കിടയിൽ നിന്നും കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ് .

(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരംഗം രണ്ട് വർഷക്കാലയളവിലേക്കോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമയത്ത് അദ്ദേഹം കോളേജിലെ ഒരു അദ്ധ്യാപകനാണെങ്കിൽ അദ്ദേഹത്തിന്റെ വിരമിക്കൽ തീയതി വരെയോ, ഏതാണോ ആദ്യം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതും പുനർനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതുമാണ്.

(4) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗം ആറുമാസത്തിൽ ഒരിക്കലെങ്കിലും സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ വിളിച്ചു കൂട്ടേണ്ടതാണ്.

108. <u>സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും</u>.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

**　　**　　**　　**

(ii) സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി കോളേജിലെ വിവിധ പഠന പദ്ധതികളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച്, സർക്കാർ വിനിർദ്ദേശിച്ചതും അതതുസമയ ങ്ങളിൽ ഭേദഗതി വരുത്തിയ പ്രകാരമുള്ളതുമായ പ്രവേശനത്തിനുള്ള ചട്ടങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി, അക്കാദമിക റെഗുലേഷനുകൾ ഉണ്ടാക്കുക;

**　　**　　**　　**

(v) പുതിയ പാഠ്യ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഏത് നിർദ്ദേശവും ഗവേണിംഗ് കൗൺസിലിന് ശിപാർശ ചെയ്യുക;

(vi) സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ഫെലോഷിപ്പുകൾ, പാരിതോഷികങ്ങൾ, മെഡലുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവേണിംഗ് കൗൺസിലിനോട് ശിപാർശ ചെയ്യുകയും ആയത് നൽകുന്നതിനുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും ചെയ്യുക;

(vii) അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട, ഗവേണിംഗ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങളിന്മേൽ അതിനെ ഉപദേശിക്കുക;

(viii) ഗവേണിംഗ് കൗൺസിൽ അതിന് ഏൽപ്പിച്ചു കൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അക്കാദമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

109. <u>ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡ്</u>.—(1) ഓരോ സ്വയംഭരണ കോളേജും ആ കോളേജ് നടത്തുന്ന കോഴ്സുകളിലെയോ അല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകളിലെയോ ഓരോ പഠന വിഷയത്തിനോ അല്ലെങ്കിൽ ഒരു കൂട്ടം വിഷയങ്ങൾക്കോ വേണ്ടി അതിന്റേതായ ഒരു പഠനബോർഡ് രൂപീകരിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ, ഈ ആവശ്യത്തിലേക്കായി, സ്വയംഭരണ കോളേജിന്റെ ഒരു പഠനബോർഡിന് കീഴിൽ കൊണ്ടുവരേണ്ട വിഷയങ്ങളും രൂപീകരിക്കേണ്ടതായ അത്തരം പഠനബോർഡുകളുടെ എണ്ണവും നിശ്ചയിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിലെ പഠനബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത വകുപ്പ് തലവൻ, അയാൾക്ക് പി. എച്ച്. ഡി. ഉണ്ടെങ്കിൽ, ആ ബോർഡ് ഓഫ് സ്റ്റഡീസിന്റെ വിഷയങ്ങളിൽ ഉൾപ്പെട്ടുവരുന്ന വിഷയങ്ങളിലുള്ള വകുപ്പുതലവൻമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ്:

എന്നാൽ, അത്തരം ഒരു വകുപ്പ് തലവന്റെ അഭാവത്തിൽ ആ പഠനബോർഡിലുൾപ്പെടുന്ന വിഷയത്തൽ പി.എച്ച്.ഡി.യുള്ള, അസ്സോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും, സർക്കാർ കോളേജുകളുടെ കാര്യത്തിൽ സർക്കാരും മറ്റു കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ, ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് :

എന്നുമാത്രമല്ല, സർക്കാരോ അല്ലെങ്കിൽ പ്രിൻസിപ്പാളോ, അതത് സംഗതിപോലെ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങളുടെ മികവിന് പ്രധാന പരിഗണന നൽകേണ്ടതാണ്.

(ബി) പഠനബോർഡിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ വിവിധ വൈദഗ്ധ്യ മേഖലകളിൽ നിന്ന്, പ്രിൻസിപ്പാൾ കണ്ടെത്തുന്ന ആ പഠന ബോർഡിലുൾപ്പെട്ടു വരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ തലവനുമായി കൂടിയാലോചിച്ച്, പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന പി.എച്ച്.ഡി. ഉള്ള ആറിൽ കൂടാത്ത അദ്ധ്യാപകരും:

എന്നാൽ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ, അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളുമുൾപ്പെടെയുള്ള അക്കാദമിക മികവിന് പ്രിൻസിപ്പാൾ പ്രധാന പരിഗണന നൽകേണ്ടതാണ് ;

(സി) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിന് പുറത്തുനിന്നുമുള്ള ആ വിഷയത്തിലെ രണ്ട് വിദഗ്ധർ;

(ഡി) പ്രിൻസിപ്പാൾ ശിപാർശ ചെയ്ത ആറ് വിദഗ്ധരുടെ പാനലിൽനിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ധൻ ;

(ഇ) വ്യവസായം, കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖല എന്നിവയിൽ നിന്നുള്ള ഒരു പ്രതിനിധി വീതം ;

(എഫ്) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു സ്തുത്യർഹനായ പൂർവ്വ വിദ്യാർത്ഥി ;

(ജി) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാന്, കോളേജിലെ പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടുകൂടി, അതാത് സമയങ്ങളിൽ, അക്കാദമിക കൂടിയാലോചനയുടെ ആവശ്യത്തിനുവേണ്ടി, സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ യോഗങ്ങളിലേക്ക് താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും, പ്രത്യേക ക്ഷണിതാക്കളായി തെരഞ്ഞെടുക്കാവുന്നതാണ്, അതായത് :—

(i) പ്രത്യേക പഠന കോഴ്സുകൾ ആസൂത്രണം ചെയ്യേണ്ടി വരുമ്പോഴെല്ലാം കോളേജിന് പുറത്തുനിന്നുള്ള വിദഗ്ദ്ധർ ;

(ii) ബന്ധപ്പെട്ട വിജ്ഞാന ശാഖയിൽ വിദഗ്ദ്ധരായിട്ടുള്ള, കോളേജിലെ മറ്റ് അദ്ധ്യാപകർ.

(3) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി രണ്ട് അക്കാദമിക വർഷമായിരിക്കുന്നതാണ്:

എന്നാൽ, ഒരേ ആൾ തന്നെ നാല് അക്കാദമിക വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

(4) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ വ്യത്യസ്ത വകുപ്പുകളുടെ യോഗത്തിനുള്ള സമയവിവര പട്ടിക കോളേജിന്റെ പ്രിൻസിപ്പാൾ തയ്യാറാക്കേണ്ടതാണ്.

(5) ആവശ്യമുള്ളപ്പോഴെല്ലാം യോഗം നടത്താവുന്നതും, എന്നാൽ, വർഷത്തിൽ കുറഞ്ഞത് അങ്ങനെയുള്ള രണ്ടു യോഗങ്ങളെങ്കിലും നടത്തേണ്ടതുമാണ്.

(6) ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ക്വാറം തികയുന്നതിനായി മൂന്നിലൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(7) ചെയർമാന്റെ താൽക്കാലിക അഭാവത്തിൽ സീനിയോറിറ്റിയിൽ തൊട്ടടുത്ത അദ്ധ്യാപകൻ ചെയർമാനായി പ്രവർത്തിക്കേണ്ടതും പ്രിൻസിപ്പാളിന്റെ അഭ്യർത്ഥനയിൻമേൽ യോഗം വിളിച്ചുകൂട്ടേണ്ടതുമാണ്.

(8) ഒന്നിൽ കൂടുതൽ ബോർഡുകളെ ബാധിക്കുന്ന ഏതെങ്കിലും അക്കാദമിക കാര്യം കൈകാര്യം ചെയ്യേണ്ടുന്ന സംഗതിയിൽ, ആവശ്യമാണെന്ന് പ്രിൻസിപ്പാൾ കരുതുന്നപക്ഷം സ്വയംഭരണ കോളേജിന്റെ രണ്ടോ അതിലധികമോ പഠന ബോർഡുകളുടെ ഒരു കൂട്ടായ യോഗം വിളിച്ചുകൂട്ടാവുന്നതും, അങ്ങനെയുള്ള കൂട്ടായ യോഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ചെയർമാൻ അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

110. <u>ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ അധികാരങ്ങളും</u>

ചുമതലകളും.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അംഗീകാരത്തോടുകൂടി, കോളേജിന്റെ ലക്ഷ്യങ്ങളും, ഗുണഭോക്താക്കളുടെ താൽപ്പര്യവും ദേശീയ ആവശ്യവും കണക്കിലെടുത്തുകൊണ്ട് വിവിധ അക്കാദമിക കാര്യങ്ങൾക്കുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കുക :

എന്നാൽ, അക്കാദമിക കാര്യങ്ങൾക്കുള്ള നിർദ്ദേശം, അക്കാദമിക കാര്യപരിപാടികൾക്കായി സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള കാലാവധി, ക്രെഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡ് സമ്പ്രദായം ഏതെങ്കിലുമുണ്ടെങ്കിൽ, അതുമായി വേണ്ടവിധത്തിൽ യോജിക്കുന്നുണ്ടെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, ആ നിർദ്ദേശം, സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരം താഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പുവരുത്തേണ്ടതാണ്:

എന്നുതന്നെയുമല്ല, അങ്ങനെയുള്ള നിർദ്ദേശം രാജ്യതാത്പര്യത്തിന് എതിരാകാൻ പാടില്ലാത്തതാണ്.

** ** ** **

(iv) സ്വയംഭരണ കോളേജിന്റെ പരീക്ഷാമേൽനോട്ടക്കാരുടെ നിയമനത്തിനു വേണ്ടിയുള്ള പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക അക്കാദമിക കൗൺസിലിന് നിർദ്ദേശിക്കുകയും ; കൂടാതെ

(v) വകുപ്പിലോ കോളേജിലോ ഉള്ള ഗവേഷണം, അദ്ധ്യയനം, വിപുലീകരണം, മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

111. ഗവേണിംഗ് കൗൺസിലിന്റെ രൂപീകരണം.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന് ഓരോ സർക്കാർ സ്വയംഭരണ കോളേജിനുവേണ്ടിയും സർക്കാർ ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സർക്കാർ സ്വയംഭരണ കോളേജിലെ ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ കാര്യമായ അനുഭവജ്ഞാനമുള്ള പ്രശസ്തനായ ഒരു ശ്രേഷ്ഠ വ്യക്തി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്:

എന്നാൽ, ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്തപക്ഷം സർക്കാരിന് (ബി) ഇനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ ഗവേണിംഗ് കൗൺസിലിന്റെ ആ യോഗത്തിന്റെ ചെയർമാനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്;

(ബി) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെയോ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(സി) കോളേജിലെ വ്യത്യസ്ത വകുപ്പുകളിൽ നിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് രണ്ട് വർഷക്കാലയളവിലേക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്. ഡി. ഉള്ള മൂന്ന് അദ്ധ്യാപകർ ;

(ഡി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്നതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്- ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന്, ഒരു സർക്കാർ കോളേജല്ലാത്ത സ്വയംഭരണ കോളേജിന്റെ മാനേജിംഗ് കൗൺസിൽ അതിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓരോ സ്വയംഭരണ കോളേജിന് വേണ്ടിയും ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(4) സർക്കാർ കോളേജല്ലാത്ത ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) മാനേജരോ, മാനേജർ നാമനിർദ്ദേശം ചെയ്ത ഒരാളോ, അദ്ദേഹം സീനിയറും അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ പ്രസിദ്ധനും മതിയായ അനുഭവജ്ഞാനമുള്ളതുമായ ഒരാൾ ആയിരിക്കേണ്ടതാണ്, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും

ഊഴമനുസരിച്ച് മാനേജർ നാമനിർദ്ദേശം ചെയ്യുന്നതുമായ ആ കോളേജിലെ വ്യത്യസ്ത വകുപ്പുകളിലെ സീനിയറായ മൂന്ന് അദ്ധ്യാപകർ ;

(സി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്നതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്ത്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

112. ഗവേണിംഗ് കൗൺസിലിന്റെ ഉദ്യോഗ കാലാവധി.—ഗവേണിംഗ് കൗൺസിലിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി രണ്ട് അക്കാദമിക വർഷക്കാലയളവിലേയ്ക്ക് ആയിരിക്കുന്നതും മറ്റൊരു രണ്ട് അക്കാദമിക വർഷ കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹരായിരിക്കുന്നതുമാണ് :

എന്നാൽ, ഒരേ ആൾ നാല് വർഷത്തിലധികം കാലയളവിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനല്ലാത്തതാകുന്നു.

113. ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) ഗവേണിംഗ് കൗൺസിൽ വർഷത്തിൽ കുറഞ്ഞത് മൂന്ന് പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(2) തുടർന്നുവരുന്ന യോഗങ്ങൾ തമ്മിലുള്ള ഇടവേള യാതൊരു കാരണവശാലും നാല് മാസത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(3) മൂന്നിലൊന്ന് അംഗങ്ങളുടെ രേഖാമൂലമുള്ള അപേക്ഷയിൻമേലോ അല്ലെങ്കിൽ സ്വയംഭരണാധികാര അംഗീകാര സമിതിയുടെ നിർദ്ദേശത്തിൻമേലോ കുറഞ്ഞത് ഏഴ് ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഗവേണിംഗ് കൗൺസിലിന് അടിയന്തിര യോഗങ്ങൾ വിളിച്ചുചേർക്കാവുന്നതാണ്.

(4) യോഗത്തിന്റെ ക്വാറം അതത് സമയത്ത് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

114. ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—അതതു സ്വയംഭരണ കോളേജുകളിലെ ബൈലോകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരും സർവ്വകലാശാലയും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഗവേണിംഗ് കൗൺസിലിന് താഴെപ്പറയുന്ന

അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(v) സ്വയംഭരണാധികാരമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ട ഫീസും മറ്റ് ചെലവുകളും സർക്കാരിന്റെ സമ്മതത്തോടെ നിശ്ചയിക്കുക:

എന്നാൽ, എയ്ഡഡ് കോഴ്സുകളുടെയും, എയ്ഡഡ് കോഴ്സുകളിൽനിന്നും പുനരാവിഷ്കരിച്ച കോഴ്സുകളുടെയും സംഗതിയിൽ ഫീസ് സർക്കാർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ് ;

** ** ** **

115. <u>സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള നടപടിക്രമം</u>.—(1) സ്വയംഭരണ അംഗീകാര സമിതി, (2)-ാം ഉപവകുപ്പിൻ കീഴിൽ അർഹതയുള്ള കോളേജുകളെന്ന് അപ്രകാരം തരംതിരിക്കപ്പെട്ട കോളേജുകളിൽനിന്ന് എല്ലാവർഷവും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുവേണ്ടി അർഹതയുള്ള കോളേജുകളായി കോളേജുകളുടെ വിഭാഗങ്ങളെ സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതും, അവ സർക്കാർ കോളേജോ, അൺഎയ്ഡഡ് അല്ലാത്ത സ്വകാര്യ കോളേജോ ആകാവുന്നതും, അങ്ങനെയുള്ള ഏത് വിഭാഗങ്ങളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അർഹതയുടെ മാനദണ്ഡം, ഏത് ഫാറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്, അപേക്ഷയുടെ കൂടെ ആവശ്യമായ രേഖകൾ എന്നിവയും കൂടാതെ, സ്വയംഭരണ അംഗീകാര സമിതി അവശ്യമെന്ന് കരുതുന്ന മറ്റ് വിവരങ്ങളും സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു മാനദണ്ഡവും സ്വയംഭരണാധികാര പദവി നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള നിലവാരം കുറയ്ക്കുന്ന തരത്തിലുള്ളതാവാൻ പാടുള്ളതല്ല.

(3) സ്വയംഭരണ അംഗീകാര സമിതി അർഹതയുള്ള കോളേജുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിറവേറ്റുന്ന കോളേജുകളിൽ നിന്നുള്ളവ സ്വീകരിക്കേണ്ടതുമാണ്.

(4) കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് പ്രസക്തമായ, കോളേജിലെ രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി സ്വയംഭരണ അംഗീകാര സമിതിക്ക് അവർക്കിടയിൽനിന്നും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദഗ്ധരായിട്ടുള്ളവരുടെ ഒരു സമിതിയോ അല്ലെങ്കിൽ അതിന് യുക്തമെന്നു കരുതുന്ന വിദഗ്ധരുടെ ഒരു സമിതിയോ രൂപീകരിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സമിതിക്ക് കോളേജിന്റെ പരിസരത്തും അതിന്റെ കെട്ടിടത്തിലും പ്രവേശിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തുകൊടുക്കാൻ കോളേജ് ബാദ്ധ്യസ്ഥമായിരിക്കുന്നതും അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖകളും സമിതിക്ക് നൽകേണ്ടതുമാണ്.

(6) ഈ വകുപ്പിൻകീഴിൽ സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച സമിതിക്ക്, സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി കോളേജിന്റെ പ്രിൻസിപ്പാളിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(7) അപേക്ഷ സമർപ്പിച്ച ഒരു കോളേജ് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുണ്ടെന്ന് സ്വയംഭരണ അംഗീകാര സമിതിക്ക് തന്നെ ബോധ്യപ്പെടുന്ന സംഗതിയിൽ അത് കോളേജിന് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അതിന്റെ ശിപാർശ വൈസ്-ചാൻസലർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ശിപാർശ ലഭിച്ചാൽ, വൈസ്-ചാൻസലർക്ക് വിവരം ലഭിച്ച് പതിനഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, കമ്മീഷൻ നിശ്ചയിച്ച പ്രകാരമുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്റെ മുദ്രയോടുകൂടി, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്.

116. <u>പരീക്ഷകളുടെ നടത്തിപ്പ്</u>.—(1) സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളറായി, ഒരു സർക്കാർ കോളേജിലോ ഒരു അൺ എയ്ഡഡ് കോളേജ് അല്ലാത്ത ഒരു കോളേജിലോ ബിരുദാനന്തര പഠനം നൽകിവരുന്ന ഒരു വകുപ്പിൽ രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉള്ള ഒരാളെ, സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും, പ്രിൻസിപ്പാളും സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ, നിയമിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ഒരാൾ സർവ്വകലാശാലയോ മറ്റേതെങ്കിലും സർവ്വകലാശാലകളോ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ഏതെങ്കിലും നടത്തിപ്പിന്റെ ലംഘനത്തിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതിനോ അയോഗ്യമാക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാവാൻ പാടില്ലാത്തതാണ്.

** ** ** **

117. ബിരുദങ്ങൾ നൽകൽ.—(1) ** **

** ** ** **

118. സ്വയംഭരണ കോളേജുകളിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ.—(1) ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും വിധേയമായി, സർവ്വകലാശാലയ്ക്ക്, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ എന്നിവ പ്രകാരം സർവ്വകലാശാലയിലെ ഏതെങ്കിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ബാധകമാകുന്ന മറ്റെല്ലാ അധികാരങ്ങളും സ്വയംഭരണ കോളേജുകളുടെമേലും ഉണ്ടായിരിക്കുന്നതാണ്.

(2) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും അക്കാദമിക പദ്ധതി അംഗീകരിക്കുകയും സർവ്വകലാശാലയിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്ന സംഗതിയിൽ, വൈസ്-ചാൻസലർ ആ നിർദ്ദേശം സർവ്വകലാശാലയുടെ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് മുമ്പാകെ അംഗീകാരത്തിനായി വയ്പിക്കേണ്ടതാണ് :

എന്നാൽ, നിർദ്ദേശിച്ച അക്കാദമിക പദ്ധതി സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലാത്തപക്ഷം, ആ ആവശ്യത്തിലേക്കായി സർവ്വകലാശാല ഒരു ബോർഡ് ഓഫ് സ്റ്റഡീസോ ഒരു വിദഗ്ദ്ധ സമിതിയോ രൂപീകരിക്കേണ്ടതാണ് :

എന്നുമാത്രമല്ല, അങ്ങനെ നിയമിക്കുന്ന വിദഗ്ദ്ധ സമിതിയിൽ സർവ്വകലാശാലയ്ക്ക് സമർപ്പിച്ച അക്കാദമിക പദ്ധതിയുടെ ന്യായവും വസ്തുനിഷ്ഠവുമായ വിലയിരുത്തൽ സാധ്യമാക്കാൻ വേണ്ടത്ര എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) നിർദ്ദേശം ലഭിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം, അതതു സംഗതിപോലെ, ബോർഡ് ഓഫ് സ്റ്റഡീസ് അല്ലെങ്കിൽ വിദഗ്ദ്ധ സമിതി,

(2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കാദമിക പദ്ധതിക്കുവേണ്ടി അത് പരിഗണിക്കേണ്ടതും ആയത് അംഗീകരിക്കുകയോ നിരസിക്കുകയോ അഭിപ്രായ സഹിതം വൈസ്-ചാൻസലർക്ക് മടക്കി അയയ്ക്കുകയോ ചെയ്യേണ്ടതുമാണ് :

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽനിന്നും ലഭിച്ച നിർദ്ദേശം സർവ്വകലാശാല നേരത്തെതന്നെ നിർണ്ണയിച്ച അക്കാദമിക പദ്ധതിക്കുവേണ്ടിയുള്ള കാലയളവ്, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡിംഗ് സമ്പ്രദായം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല എന്നോ അല്ലെങ്കിൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശം അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതാണെന്നോ അല്ലെങ്കിൽ അത് രാജ്യതാത്പര്യത്തിന് എതിരാണെന്നോ ഉള്ള എഴുതി രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ ബോർഡ് ഓഫ് സ്റ്റഡീസിനോ വിദഗ്ദ്ധ സമിതിക്കോ തോന്നുന്ന കാരണത്താൽ മാത്രമേ അങ്ങനെ നിരസിക്കാൻ പാടുള്ളു :

എന്നുമാത്രമല്ല, നിർദ്ദേശം സർവ്വകലാശാലയ്ക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ തീരുമാനം അറിയിക്കാത്തപക്ഷം, നിർദ്ദേശം രാജ്യതാത്പര്യത്തിന് എതിരാകുന്ന സംഗതിയിലൊഴികെ ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(4) ബോർഡ് ഓഫ് സ്റ്റഡീസോ വിദഗ്ദ്ധസമിതിയോ ആ നിർദ്ദേശം സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് അയയ്ക്കുന്നതിനുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അഭിപ്രായം സഹിതം ആയത് വൈസ്-ചാൻസലർക്ക് തിരിച്ചയയ്ക്കുന്ന സംഗതിയിൽ അങ്ങനെയുള്ള അഭിപ്രായം ലഭിച്ച് മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഗവേണിംഗ് കൗൺസിലിന് അതിന്റെ അഭിപ്രായം സഹിതം ആ നിർദ്ദേശം വീണ്ടും സർവ്വകലാശാലയ്ക്ക് സമർപ്പിക്കാവുന്നതാണ്.

(5) ബോർഡ് ഓഫ് സ്റ്റഡീസ്, അതിനുശേഷം മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും വൈസ്-ചാൻസലർ ആ കോളേജിന്റെ പ്രിൻസിപ്പാൾ വഴി ആയത് കോളേജിന്റെ ഗവേണിംഗ് കൗൺസിലിനെ അറിയിക്കേണ്ടതുമാണ്:

എന്നാൽ, സർവ്വകലാശാലയ്ക്ക് വീണ്ടും നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഇതുസംബന്ധിച്ച തീരുമാനം ആ നിർദ്ദേശം വീണ്ടും സമർപ്പിച്ച സ്വയംഭരണ കോളേജിനെ അറിയിക്കാത്തപക്ഷം, ആയത് രാജ്യതാത്പര്യത്തിന് എതിരാണ് എന്ന കാരണത്താൽ നിരസിച്ച സംഗതിയിൽ ഒഴികെ,

ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(6) അങ്ങനെയുള്ള എല്ലാ അംഗീകാരത്തിന്റെയും അല്ലെങ്കിൽ നിരസിക്കലിന്റെയും ഒരു പകർപ്പ് സ്വയംഭരണ അംഗീകാര സമിതിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(7) നിർദ്ദേശം അംഗീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള എല്ലാ തീരുമാനങ്ങളും സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്, അത് ആ തീരുമാനത്തോട് വിയോജിക്കുകയാണെങ്കിൽ, ആയതിന്റെ പുനഃപരിശോധനയ്ക്കായി ചാൻസലർ മുമ്പാകെ ഹർജി സമർപ്പിക്കാവുന്നതാണ്.

(8) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്, നിരസിച്ചുകൊണ്ടുള്ള ഏതൊരു ഉത്തരവിനും എതിരെ സ്വയംഭരണ അംഗീകാര സമിതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും സ്വയംഭരണ അംഗീകാര സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ, അങ്ങനെ ഫയൽ ചെയ്യുന്ന അപ്പീലുകളിന്മേൽ ഒരു തീരുമാനത്തിലെത്തിച്ചേരുന്നതിലേക്കായി സ്വയംഭരണ അംഗീകാര സമിതിയെ ഉപദേശിക്കുന്നതിനുവേണ്ടി, അത് യുക്തമാണെന്ന് സ്വയംഭരണ അംഗീകാര സമിതിക്ക് തോന്നുന്നപക്ഷം അതിന് വിദഗ്ദ്ധരുടെ ഒരു പാനലിനെ നിയമിക്കാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ ഒരു കോളേജ് അങ്ങനെ സ്വയംഭരണാധികാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉപാധികൾ ലംഘിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുവാൻ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) (9)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും മുകളിൽപ്പറഞ്ഞ പരിശോധനയുടെ ആവശ്യത്തിന് കോളേജിലെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും സിൻഡിക്കേറ്റിന്, അവരുടെ ഇടയിൽനിന്നുതന്നെ ഈ മേഖലയിൽ വിദഗ്ദ്ധരായവരുടെയോ അല്ലെങ്കിൽ അതിനു യുക്തമെന്നു തോന്നുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയെയോ രൂപീകരിക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള വിദഗ്ധരെ വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ് :

എന്നുമാത്രമല്ല, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചു വരുന്ന, സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പരാതികളിലോ സ്വയംഭരണത്തിന്റെ നിബന്ധനകളുടെ ലംഘനത്തെക്കുറിച്ചുള്ള രേഖാമൂലമുള്ള വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള അന്വേഷണം നടത്തുവാൻ പാടുള്ളൂ.

(11) സ്വയംഭരണാധികാരം ലഭിച്ച കോളേജിന്റെ പ്രതിനിധിക്ക് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവും ആയ ഒരവസരം നൽകാതെ (10)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിച്ച സമിതി യാതൊരു റിപ്പോർട്ടും അന്തിമമാക്കുവാൻ പാടുള്ളതല്ല.

(12) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, കോളേജിനു നൽകിയ സ്വയംഭരണാധികാരം സസ്പെൻഡ് ചെയ്യുവാനോ റദ്ദാക്കുവാനോ വൈസ്-ചാൻസലർ മുഖേന സ്വയംഭരണ അംഗീകാര സമിതിയോട് സിൻഡിക്കേറ്റ് ശിപാർശ ചെയ്യേണ്ടതാണ്.

(13) ഒരു സ്വയംഭരണ കോളേജിനെ സംബന്ധിച്ച് രേഖാമൂലമുള്ള ഏതെങ്കിലും പരാതിയോ വിവരമോ സർക്കാരിന് ലഭിക്കുകയാണെങ്കിൽ, പരാതിയുടെ ഉള്ളടക്കവും അതിന്റെ പ്രാധാന്യവും യഥാവിധി പരിഗണിച്ചതിനുശേഷം സർക്കാരിന്, ആയത് സ്വയംഭരണ അംഗീകാര സമിതിക്ക് റഫർ ചെയ്യാവുന്നതാണ് :

എന്നാൽ, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് രേഖാമൂലമുള്ള പരാതികളിലോ വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള റഫറൻസ് നടത്തുവാൻ പാടുള്ളൂ.

(14) (12)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശകൾ അടങ്ങിയ സർവ്വകലാശാലയുടെ ഏതെങ്കിലും റിപ്പോർട്ട് ലഭിക്കുമ്പോഴോ അല്ലെങ്കിൽ (13)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽനിന്നും ഏതെങ്കിലും റഫറൻസ് ലഭിക്കുമ്പോഴോ, സ്വയംഭരണ അംഗീകാര സമിതി, അതതു സംഗതിപോലെ ആ റിപ്പോർട്ടോ റഫറൻസോ, പരിഗണിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ അംഗീകാര സമിതിക്ക് ഒരു അന്വേഷണം നടത്താവുന്നതും, അതിലേക്കായി അതിനുയുക്തമെന്നു തോന്നുന്നപക്ഷം അവർക്കിടയിൽനിന്നുതന്നെയോ അല്ലെങ്കിൽ ആ മേഖലയിലെ വിദഗ്ദ്ധരുടെ ഇടയിൽ നിന്നോ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതി രൂപീകരിക്കാവുന്നതുമാണ്.

(15) (10)ഃാം ഉപവകുപ്പപ്രകാരം രൂപീകരിച്ച സമിതിക്ക് അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിന് കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും കോളേജിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(16) എല്ലാ സ്വയംഭരണ കോളേജുകളും അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി സമിതി ആവശ്യപ്പെടുന്ന രേഖകൾ എത്തിച്ചുകൊടുക്കേണ്ടതും വിവരങ്ങൾ നൽകേണ്ടതുമാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിനു പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവുമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു അന്വേഷണവും പൂർത്തീകരിക്കുവാൻ പാടുള്ളതല്ല.

(17) ഓരോ സ്വയംഭരണ കോളേജും അത് നടത്താൻ ഉദ്ദേശിക്കുന്ന ആദ്യ തവണ പരീക്ഷാ തീയതിക്ക് ആറുമാസത്തിന് മുമ്പായി ഒരു പരീക്ഷാമാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെ സമർപ്പിച്ച് അറുപത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, സർവ്വകലാശാല, മാന്വലിന്മേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. പരീക്ഷാ നടത്തിപ്പിന്റെ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുകയും സ്വയംഭരണ കോളേജുകൾ നടത്തുന്ന പരീക്ഷയുടെ സത്യസന്ധത ഉറപ്പുവരുത്തുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ സർവ്വകലാശാല അഭിപ്രായം നൽകേണ്ടതാണ്. സ്വയംഭരണ കോളേജ്,

സർവ്വകലാശാലയുടെ അഭിപ്രായങ്ങൾക്ക് അനുസൃതമായി ആവശ്യമായ എല്ലാ പരിഷ്കാരങ്ങളും മാന്വലിൽ ചേർക്കേണ്ടതാണ്.

119. സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ മുതലായവ ഭേദഗതി ചെയ്യുന്നതിന് സർവ്വകലാശാലയ്ക്കുള്ള അധികാരം.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി സർവ്വകലാശാലയ്ക്ക് അതിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

** ** ** **

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിനും ഗവേണിംഗ് കൗൺസിലിനും സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ് :

** ** ** **

120. സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം.—സർവ്വകലാശാലയുടെ അക്കാദമിക കൗൺസിലോ, ബോർഡ് ഓഫ് സ്റ്റഡീസോ, സ്വയംഭരണ അംഗീകാര സമിതിയോ, ഒരു സ്വയംഭരണ കോളേജുമായോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിനുകീഴിൽ സ്വയംഭരണാധികാരത്തിന് അപേക്ഷിച്ചിട്ടുള്ള കോളേജുമായോ നടത്തുന്ന എല്ലാ കത്തിടപാടുകളും അങ്ങനെയുള്ള കോളേജിന്റെ പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.

121. ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.—ഈ അദ്ധ്യായത്തിൻകീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള

ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

** ** ** **

## 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1994-ലെ 5)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(ജെ) " ഗവൺമെന്റ്" എന്നാൽ കേരള ഗവൺമെന്റ് എന്നർത്ഥമാകുന്നു;

** ** ** **

(റ്റി) "അദ്ധ്യാപകൻ" എന്നാൽ ബോധനം നൽകുന്നതിനു വേണ്ടിയോ അല്ലെങ്കിൽ ഗവേഷണം നടത്തുന്നതിനും അതിനു മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വേണ്ടിയോ സർവകലാശാല നിയമിച്ചതോ അംഗീകരിച്ചതോ ആയ ഒരു പ്രൊഫസർ, റീഡർ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റേതെങ്കിലും ആൾ എന്നർത്ഥമാകുന്നതും അതിൽ ഒരു അദ്ധ്യാപകനായിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകൾ മൂലം പ്രഖ്യാപിച്ചേക്കാവുന്ന മറ്റേതെങ്കിലും ആൾ ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

11. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ.—സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ താഴെപ്പറയുന്നവയായിരിക്കുന്നതാണ്, അതായത് :—

(i) സിൻഡിക്കേറ്റ് ;

(ii) അക്കാഡമിക് കൗൺസിൽ;

(iii) ഫാക്കൽറ്റികൾ;

(iv) പഠന ബോർഡുകൾ;

(v) ഫിനാൻസ് കമ്മിറ്റി;

(vi) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളിൽ പ്രത്യേകം പറഞ്ഞേക്കാവുന്ന അങ്ങനെയുള്ള മറ്റു നികായങ്ങൾ.

** ** ** **

15. സിൻഡിക്കേറ്റിന്റെ യോഗങ്ങൾ.—(1) ** **

** ** ** **

19. ഫാക്കൽറ്റികൾ.—(1) സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന ഫാക്കൽറ്റികൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(4) അക്കാഡമിക് വകുപ്പുകൾ സർവ്വകലാശാലയുടെ അക്കാഡമിക് പഠനങ്ങളുടെ അടിസ്ഥാന ഘടകങ്ങൾ ആയിരിക്കുന്നതും ഒരു പ്രൊഫസർ അല്ലെങ്കിൽ ഒരു പ്രൊഫസറുടെ അസാന്നിദ്ധ്യത്തിൽ ആ വകുപ്പിലെ ഒരു റീഡർ അല്ലെങ്കിൽ ഈ രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ ആ വകുപ്പിലെ സീനിയർ അദ്ധ്യാപകൻ അതിന്റെ തലവൻ ആയിരിക്കേണ്ടതുമാണ് .

** ** ** **

22 എ. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രൂപീകരണം.—(1) ഈ ആക്റ്റിന്റെ

ആവശ്യത്തിലേക്കായി സർക്കാർ ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണൽ, ഹൈക്കോടതിയുമായി ആലോചിച്ച് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത ഒരു ജുഡീഷ്യൽ ഓഫീസർ ആയിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഔദ്യോഗിക കാലാവധി, അതിനെ നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമായിരിക്കുന്നതാണ്.

(4) അപ്പലേറ്റ് ട്രൈബ്യൂണലിന് അതിന്റെ നടപടികൾ ക്രമീകരിക്കുന്നതിനും അതിന്റെ കൃത്യനിർവ്വഹണത്തിനും വേണ്ടി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) അപ്രകാരമുണ്ടാക്കുന്ന റെഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(6) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, അപ്പലേറ്റ് ട്രൈബ്യൂണലിന്റെ അധികാരപരിധിയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

** ** ** **

## 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1996-ലെ 22)

** ** ** **

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(i) "അക്കാദമിക സ്വയംഭരണം" എന്നാൽ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി

അക്കാദമിക പരിപാടികൾ നടത്തുക, ബന്ധപ്പെട്ട വിഷയങ്ങൾക്കു വേണ്ടിയുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, അദ്ധ്യയനം, പഠനം, മൂല്യനിർണ്ണയം എന്നിവയുടെ രീതികൾ ആസൂത്രണം ചെയ്യുക, സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കുള്ള പരീക്ഷകൾ നടത്തുക, ഫലം പ്രസിദ്ധീകരിക്കുക എന്നിവയ്ക്കായി ഒരു കോളേജിനോ സർവ്വകലാശാലാ വകുപ്പിനോ ഉള്ള വിശേഷാധികാരം എന്നർത്ഥമാകുന്നു;

** ** ** **

(iv എ) " സ്വയംഭരണ അംഗീകാര സമിതി" എന്നാൽ 74 എ വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട സ്വയംഭരണ അംഗീകാര സമിതി എന്നർത്ഥമാകുന്നു;

(iv ബി) " സ്വയംഭരണ കോളേജ്" എന്നാൽ ഈ ആക്റ്റിന്റെ VIII എ അദ്ധ്യായത്തിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസു കളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു;

** ** ** **

(v എ) " ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 74 ജി വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് എന്നർത്ഥമാകുന്നു;

** ** ** **

(vii) "കോളേജ്" എന്നാൽ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ, റഗുലേഷനുകളിലെയോ വ്യവസ്ഥകൾക്കനുസൃതമായി ശിക്ഷണം നൽകുന്ന, സർവ്വകലാശാല നടത്തുന്നതോ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തതോ ആയ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു ;

** ** ** **

(ix) "വിദ്യാഭ്യാസ ഏജൻസി" എന്നാൽ ഒരു സ്വകാര്യകോളേജോ ഒന്നിൽ

കൂടുതൽ സ്വകാര്യ കോളേജുകളോ സ്ഥാപിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ഒരാളോ ആളുകളുടെ നികായമോ എന്നർത്ഥമാകുന്നു ;

** ** ** **

(x എ) "ഗവേണിംഗ് കൗൺസിൽ" എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;

** ** ** **

(xii) "ഹോസ്റ്റൽ" എന്നാൽ യൂണിവേഴ്സിറ്റിയിലെയോ കോളേജുകളിലെയോ വിദ്യാർത്ഥികൾക്ക് വസിക്കുന്നതിനുള്ള ഒരു യൂണിറ്റ് എന്നർത്ഥമാകുന്നു ;

** ** ** **

(xvii) "പ്രോ-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ പ്രോ-ചാൻസലർ എന്നർത്ഥമാകുന്നു ;

** ** ** **

(xx) "അംഗീകൃത സ്ഥാപനം" എന്നാൽ സർവ്വകലാശാല ആ നിലയിൽ അംഗീകരിച്ച, അഫിലിയേറ്റ് ചെയ്ത ഒരു കോളേജ് അല്ലാത്ത, ഗവേഷണത്തിനോ പ്രത്യേക പഠനങ്ങൾക്കോ വേണ്ടിയുള്ള ഒരു സ്ഥാപനം എന്നർത്ഥമാകുന്നു ,

** ** ** **

(xxvi) "വിദ്യാർത്ഥി കൗൺസിൽ" എന്നാൽ സർവ്വകലാശാലയുടെ വിദ്യാർത്ഥി കൗൺസിൽ എന്നർത്ഥമാകുന്നു ;

** ** ** **

5. സർവ്വകലാശാലയുടെ അധികാരങ്ങൾ.—സർവ്വകലാശാലക്ക് താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(i എ) ഒരു സർവ്വകലാശാലാ വകുപ്പിന് അക്കാഡമിക സ്വയംഭരണം നൽകുക;

(i ബി) ഈ ആക്റ്റിന്റെ VIII-ാം അദ്ധ്യായത്തിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിനോ ഒരു അഫിലിയേറ്റഡ് കോളേജിന്റെ വകുപ്പിനോ അക്കാദമിക സ്വയംഭരണം നൽകുക;

** ** ** **

61. <u>കോളേജുകളുടെ അഫിലിയേഷൻ</u>.—(1) ഏതെങ്കിലും കോളേജ് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യുന്നതിനോ ഏതെങ്കിലും അഫിലിയേറ്റ് ചെയ്ത കോളേജിൽ പുതിയ കോഴ്സുകൾ അഫിലിയേറ്റ് ചെയ്യുന്നതിനോ ഉള്ള അപേക്ഷ വിദ്യാഭ്യാസ ഏജൻസി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സമയത്തിനുള്ളിലും, അങ്ങനെയുള്ള രീതിയിലും രജിസ്ട്രാർക്ക് അയയ്ക്കേണ്ടതാണ്.

(2) ഒരു കോളേജിന്റെ അഫിലിയേഷനോ അല്ലെങ്കിൽ അഫിലിയേറ്റ് ചെയ്ത ഒരു കോളേജിൽ പുതിയ കോഴ്സുകൾ അഫിലിയേറ്റ് ചെയ്യുന്നതിനോ ഉള്ള നിബന്ധനകളും ഉപാധികളും (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു അപേക്ഷ സിൻഡിക്കേറ്റ് ഏത് കാലാവധിക്കകം പരിഗണിക്കണമോ ആ കാലാവധിയും ഉൾപ്പെടെ അങ്ങനെയുള്ള അഫിലിയേഷൻ അനുവദിക്കുന്നതിൽ സിൻഡിക്കേറ്റ് അനുവർത്തിക്കേണ്ട നടപടിക്രമവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്:

എന്നാൽ, ചാൻസലർക്ക്, ഗസറ്റ് വിജ്ഞാപനം വഴി, ആ വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന കാരണങ്ങളാൽ, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഏതെങ്കിലും അപേക്ഷ സിൻഡിക്കേറ്റ് ഏത് കാലാവധിക്കുള്ളിൽ പരിഗണിക്കണമോ ആ കാലാവധി, അങ്ങനെയുള്ള കാലാവധി കഴിഞ്ഞാലും ഇല്ലെങ്കിലും അങ്ങനെയുള്ള വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന ഒരു വർഷത്തിൽ കവിയാത്ത കൂടുതൽ കാലത്തേക്ക് ദീർഘിപ്പിക്കാവുന്നതാണ്.

** ** ** **

72. <u>അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രൂപീകരണം</u>.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഗവൺമെന്റ് ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണൽ, ഹൈക്കോടതിയുമായി ആലോചിച്ച് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ആഫീസർ ആയിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഉദ്യോഗ കാലാവധി, ട്രൈബ്യൂണലിനെ

നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്നുവർഷമായിരിക്കേണ്ടതാണ്.

(4) അപ്പലേറ്റ് ട്രൈബ്യൂണലിന് അതിന്റെ നടപടിക്രമം ചിട്ടപ്പെടുത്തുന്നതിനും അതിന്റെ കൃത്യനിർവ്വഹണത്തിനുംവേണ്ടി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് സംഗതമായി, റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(5) അപ്രകാരമുണ്ടാക്കുന്ന റെഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വേതനവും മറ്റ് സേവനവ്യവസ്ഥകളും സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

** ** ** **

74 എ. <u>സ്വയംഭരണ അംഗീകാര സമിതി</u>.—(1) സർക്കാരിൽ, താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ് ;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ്-ചാൻസലർമാർ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് -ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതും

ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും, അതതുസംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് :

എന്നാൽ, സർക്കാരിന്, ഏതുസമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനംവഴി, പിൻവലിക്കാവുന്നതാണ്.

74 <u>ബി</u>. <u>സ്വയംഭരണ അംഗീകാര സമിതിയുടെ അധികാരങ്ങളും ചുമതലകളും</u>.— സ്വയംഭരണ അംഗീകാര സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അക്കാദമിക സ്വയംഭരണത്തിനുവേണ്ടി അപേക്ഷിക്കുന്നതിന് 74 <u>എം</u> വകുപ്പിൻകീഴിൽ അങ്ങനെ തരംതിരിക്കപ്പെട്ട യോഗ്യതയുള്ള കോളേജുകളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുക ;

(ii) ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന ഗുണനിലവാരം പരിരക്ഷിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുംവേണ്ടി, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ കോളേജുകൾക്കായി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചും അതിനു പുറമെയും, വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ഉപാധികളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർണ്ണയിക്കുക ;

(iii) സ്വയംഭരണ അംഗീകാര സമിതി ശിപാർശ ചെയ്ത ഒരു കോളേജിന്റെ അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചു കൊടുക്കുന്നതിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(iv) ഒരു കോളേജിന് സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളുടെയും ഉപാധികളുടെയും ലംഘനം സംബന്ധിച്ച ഏതെങ്കിലും പരാതിയിന്മേലോ ഹർജിയിന്മേലോ അന്വേഷണം നടത്തുന്നതിന് ;

(v) സ്വയംഭരണാധികാരത്തിനുവേണ്ടി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒരു കോളേജ് ലംഘിക്കുകയോ അല്ലെങ്കിൽ ദുരുപയോഗം ചെയ്യുകയോ ചെയ്തതായ ഏതെങ്കിലും വിഷയത്തിന്മേൽ സിൻഡിക്കേറ്റിന്റെയോ അക്കാദമിക കൗൺസിലിന്റെയോ റിപ്പോർട്ട് പരിഗണിക്കുക ;

(vi) ഏതെങ്കിലും കോളേജിന് നൽകപ്പെട്ട അക്കാദമിക സ്വയംഭരണാധികാരത്തിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുകയും അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും :

എന്നാൽ, സ്വയംഭരണാധികാരം നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളിനും സർക്കാർ കോളേജ് അല്ലാത്ത സ്വയംഭരണ കോളേജിന്റെ കാര്യത്തിൽ കോളേജിന്റെ മാനേജരുടെ പ്രതിനിധിക്കും പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു തീരുമാനവും കൈക്കൊള്ളുവാൻ പാടുള്ളതല്ല. ;

(vii) ഒരു സ്വയംഭരണ കോളേജിന് അക്കാദമിക സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റംവരുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(viii) സ്വയംഭരണ കോളേജുകളുടെ അപ്പീലുകൾ കേൾക്കുന്നതിന് ;

(ix) ഈ അദ്ധ്യായത്തിൻകീഴിൽ പ്രസക്തമായ ഏതെങ്കിലും വിഷയം പരിശോധിച്ചറിയുന്നതിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ഏതെങ്കിലും സ്വയംഭരണ കോളേജിന്റെയോ അക്കാദമിക സ്വയംഭരണാധികാരം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും കോളേജിന്റെയോ റിക്കാർഡുകളും പരിസരങ്ങളും പരിശോധിക്കുന്നതിനും പരിശോധിപ്പിക്കുന്നതിനും ;

(x) ഒരു സ്വാശ്രയ കോളേജിലെ അക്കാദമിക കൗൺസിലിലേക്ക് കോളേജിനു പുറത്തുനിന്നുള്ള വിദഗ്ദ്ധ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക ;

(xi) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി സർവ്വകലാശാലയ്ക്കും സ്വാശ്രയ കോളേജുകൾക്കും നിർദ്ദേശങ്ങൾ നൽകുക.

74 <u>സി. അക്കാദമിക സ്വയംഭരണാധികാരം നൽകുന്ന തീയതി പ്രാബല്യത്തിൽ</u>

വരുന്ന ദിവസം.—ഈ അദ്ധ്യായത്തിൻകീഴിൽ അക്കാദമിക സ്വയംഭരണാധികാരത്തിനുവേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അപേക്ഷ നൽകുന്നതിനായി അധികാരപ്പെടുത്തപ്പെട്ട ഒരു അഫിലിയേറ്റഡ് കോളേജ്, അതിന് ഏത് തീയതി മുതലാണോ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയത് ആ തീയതി മുതൽ സർവ്വകലാശാലയുടെ ഒരു സ്വയംഭരണ കോളേജായി കരുതപ്പെടേണ്ടതാണ്.

74 ഡി. ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ.—(1) ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ താഴെ പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(i) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസ്;

(iii) ഗവേണിംഗ് കൗൺസിൽ.

** ** ** **

74 ഇ. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ.—(1) ഓരോ സ്വയംഭരണ കോളേജിനും ഒരു അക്കാദമിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

** ** ** **

(സി) സർക്കാർ കോളേജുകളുടെ കാര്യത്തിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറും, സർക്കാർ കോളേജല്ലാത്ത ഒരു കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന, അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിവിധ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിലെ നാല് അദ്ധ്യാപകർ;

(ഡി) ഈ ആവശ്യത്തിലേയ്ക്കായി സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആറുപേരടങ്ങിയ ഒരു പാനലിൽനിന്നും സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണ നിർവ്വഹണം, ധനകാര്യം തുടങ്ങിയവ പോലുള്ള മേഖലകളെ പ്രതിനിധാനം ചെയ്യുന്ന,

കോളേജിനു പുറത്തുനിന്നുള്ള നാലിൽ കുറയാത്ത വിദഗ്ദ്ധർ ;

(ഇ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിദ്യാഭ്യാസ വിചക്ഷണരായ, സർവ്വകലാശാല നാമനിർദ്ദേശം ചെയ്ത മൂന്ന് പേർ ;

(എഫ്) കോളേജിലെ അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത അദ്ധ്യാപകർക്കിടയിൽ നിന്നും കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ് .

(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരംഗം രണ്ട് വർഷക്കാലയളവിലേക്കോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമയത്ത് അദ്ദേഹം കോളേജിലെ ഒരു അദ്ധ്യാപകനാണെങ്കിൽ അദ്ദേഹത്തിന്റെ വിരമിക്കൽ തീയതി വരെയോ, ഏതാണോ ആദ്യം, അതുവരെ, ഉദ്യോഗം വഹിക്കേണ്ടതും പുനർനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതുമാണ്.

(4) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗം ആറുമാസത്തിൽ ഒരിക്കലെങ്കിലും സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ വിളിച്ചു കൂട്ടേണ്ടതാണ്.

74 എഫ്. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(ii) സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി കോളേജിലെ വിവിധ പഠന പദ്ധതികളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച്, സർക്കാർ വിനിർദ്ദേശിച്ചതും അതതുസമയങ്ങളിൽ ഭേദഗതി വരുത്തിയ പ്രകാരമുള്ളതുമായ പ്രവേശനത്തിനുള്ള ചട്ടങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി, അക്കാദമിക റെഗുലേഷനുകൾ ഉണ്ടാക്കുക;

** ** ** **

(v) പുതിയ പാഠ്യ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഏത് നിർദ്ദേശവും ഗവേണിംഗ് കൗൺസിലിന് ശിപാർശ ചെയ്യുക;

(vi) സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ഫെലോഷിപ്പുകൾ, പാരിതോഷികങ്ങൾ, മെഡലുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവേണിംഗ് കൗൺസിലിനോട് ശിപാർശ ചെയ്യുകയും ആയത് നൽകുന്നതിനുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും ചെയ്യുക;

(vii) അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട, ഗവേണിംഗ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങളിന്മേൽ, അതിനെ ഉപദേശിക്കുക;

(viii) ഗവേണിംഗ് കൗൺസിൽ അതിന് ഏൽപ്പിച്ചുകൊടുത്തേയ്ക്കാവുന്ന അങ്ങനെയുള്ള മറ്റ് അക്കാദമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

74 ജി. <u>ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡ്</u>.—(1) ഓരോ സ്വയംഭരണ കോളേജും ആ കോളേജ് നടത്തുന്ന കോഴ്സുകളിലെയോ അല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകളിലെയോ ഓരോ പഠന വിഷയത്തിനോ അല്ലെങ്കിൽ ഒരു കൂട്ടം വിഷയങ്ങൾക്കോ വേണ്ടി അതിന്റേതായ ഒരു പഠനബോർഡ് രൂപീകരിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ, ഈ ആവശ്യത്തിലേക്കായി, സ്വയംഭരണ കോളേജിന്റെ ഒരു പഠന ബോർഡിന് കീഴിൽ കൊണ്ടുവരേണ്ട വിഷയങ്ങളും രൂപീകരിക്കേണ്ടതായ അത്തരം പഠന ബോർഡുകളുടെ എണ്ണവും നിശ്ചയിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത വകുപ്പ് തലവൻ, അയാൾക്ക് പി. എച്ച്. ഡി. ഉണ്ടെങ്കിൽ, ആ ബോർഡ് ഓഫ് സ്റ്റഡീസിന്റെ വിഷയങ്ങളിൽ ഉൾപ്പെട്ടുവരുന്ന വിഷയങ്ങളിലുള്ള വകുപ്പുതലവൻമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ്:

എന്നാൽ, അത്തരം ഒരു വകുപ്പ് തലവന്റെ അഭാവത്തിൽ ആ

പഠനബോർഡിലുൾപ്പെടുന്ന വിഷയത്തിൽ പി.എച്ച്.ഡി.യുള്ള, അസ്സോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും, സർക്കാർ കോളേജുകളുടെ കാര്യത്തിൽ സർക്കാരും മറ്റു കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ, ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് :

എന്നുമാത്രമല്ല, സർക്കാരോ അല്ലെങ്കിൽ പ്രിൻസിപ്പാളോ, അതത് സംഗതിപോലെ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങളുടെ മികവിന് പ്രധാന പരിഗണന നൽകേണ്ടതാണ്.

(ബി) പഠനബോർഡിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ വിവിധ വൈദഗ്ദ്ധ്യ മേഖലകളിൽ നിന്ന്, പ്രിൻസിപ്പാൾ കണ്ടെത്തുന്ന ആ പഠന ബോർഡിലുൾപ്പെട്ടുവരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ തലവന്മായി കൂടിയാലോചിച്ച്, പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന പി.എച്ച്.ഡി. ഉള്ള ആറിൽ കൂടാത്ത അദ്ധ്യാപകരും:

എന്നാൽ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ, അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളുമുൾപ്പെടെയുള്ള അക്കാദമിക മികവിന് പ്രിൻസിപ്പാൾ പ്രധാന പരിഗണന നൽകേണ്ടതാണ് ;

(സി) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിന് പുറത്തുനിന്നുമുള്ള ആ വിഷയത്തിലെ രണ്ട് വിദഗ്ദ്ധർ;

(ഡി) പ്രിൻസിപ്പാൾ ശിപാർശ ചെയ്ത ആറ് വിദഗ്ദ്ധരുടെ പാനലിൽനിന്നും വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ ;

(ഇ) വ്യവസായം, കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖല എന്നിവയിൽ നിന്നുള്ള ഒരു പ്രതിനിധി വീതം ;

(എഫ്) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു സ്തുത്യർഹനായ പൂർവ്വ വിദ്യാർത്ഥി ;

(ജി) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാന്, കോളേജിലെ പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടുകൂടി, അതാതു സമയങ്ങളിൽ, അക്കാദമിക കൂടിയാലോചനയുടെ ആവശ്യത്തിനുവേണ്ടി, സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ യോഗങ്ങളിലേക്ക് താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും പ്രത്യേക ക്ഷണിതാക്കളായി തെരഞ്ഞെടുക്കാവുന്നതാണ്, അതായത് :—

(i) പ്രത്യേക പഠന കോഴ്സുകൾ ആസൂത്രണം ചെയ്യേണ്ടിവരുമ്പോഴെല്ലാം

കോളേജിന് പുറത്തുനിന്നുള്ള വിദഗ്ധർ ;

(ii) ബന്ധപ്പെട്ട വിജ്ഞാന ശാഖയിൽ വിദഗ്ധരായിട്ടുള്ള കോളേജിലെ മറ്റ് അദ്ധ്യാപകർ .

(3) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി രണ്ട് അക്കാദമിക വർഷമായിരിക്കുന്നതാണ്:

എന്നാൽ, ഒരേ ആൾ തന്നെ നാല് അക്കാദമിക വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

(4) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ വ്യത്യസ്ത വകുപ്പുകളുടെ യോഗത്തിനുള്ള സമയവിവര പട്ടിക കോളേജിന്റെ പ്രിൻസിപ്പാൾ തയ്യാറാക്കേണ്ടതാണ്.

(5) ആവശ്യമുള്ളപ്പോഴെല്ലാം യോഗം നടത്താവുന്നതും, എന്നാൽ, വർഷത്തിൽ കുറഞ്ഞത് അങ്ങനെയുള്ള രണ്ടു യോഗങ്ങളെങ്കിലും നടത്തേണ്ടതുമാണ്.

(6) ഒരു സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ ക്വാറം തികയുന്നതിനായി മൂന്നിലൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(7) ചെയർമാന്റെ താൽക്കാലിക അഭാവത്തിൽ സീനിയോറിറ്റിയിൽ തൊട്ടടുത്ത അദ്ധ്യാപകൻ ചെയർമാനായി പ്രവർത്തിക്കേണ്ടതും പ്രിൻസിപ്പാളിന്റെ അഭ്യർത്ഥന യിൻമേൽ യോഗം വിളിച്ച് കൂട്ടേണ്ടതുമാണ്.

(8) ഒന്നിൽ കൂടുതൽ ബോർഡുകളെ ബാധിക്കുന്ന ഏതെങ്കിലും അക്കാദമിക കാര്യം കൈകാര്യം ചെയ്യേണ്ടുന്ന സംഗതിയിൽ, ആവശ്യമാണെന്ന് പ്രിൻസിപ്പാൾ കരുതുന്നപക്ഷം സ്വയംഭരണ കോളേജിന്റെ രണ്ടോ അതിലധികമോ പഠന ബോർഡുകളുടെ ഒരു കൂട്ടായ യോഗം വിളിച്ചുകൂട്ടാവുന്നതും, അങ്ങനെയുള്ള കൂട്ടായ യോഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ചെയർമാൻ അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

74 എച്ച്. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അംഗീകാരത്തോടുകൂടി, കോളേജിന്റെ ലക്ഷ്യങ്ങളും, ഗുണഭോക്താക്കളുടെ താൽപ്പര്യവും ദേശീയ ആവശ്യവും കണക്കിലെടുത്തുകൊണ്ട് വിവിധ അക്കാദമിക കാര്യങ്ങൾക്കുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കുക :

എന്നാൽ, അക്കാദമിക കാര്യങ്ങൾക്കുള്ള നിർദ്ദേശം അക്കാദമിക കാര്യപരിപാടികൾക്കായി സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള കാലാവധി, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡ് സമ്പ്രദായം ഏതെങ്കിലുമുണ്ടെങ്കിൽ, അതുമായി വേണ്ടവിധത്തിൽ യോജിക്കുന്നുണ്ടെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, ആ നിർദ്ദേശം, സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരംതാഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് ഉറപ്പുവരുത്തേണ്ടതാണ്:

എന്നുതന്നെയുമല്ല, അങ്ങനെയുള്ള നിർദ്ദേശം രാജ്യതാത്പര്യത്തിന് എതിരാകാൻ പാടില്ലാത്തതാണ്.

** ** ** **

(iv) സ്വയംഭരണ കോളേജിന്റെ പരീക്ഷാമേൽനോട്ടക്കാരുടെ നിയമനത്തിനു വേണ്ടിയുള്ള പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക അക്കാദമിക കൗൺസിലിന് നിർദ്ദേശിക്കുകയും ; കൂടാതെ

(v) വകുപ്പിലോ കോളേജിലോ ഉള്ള ഗവേഷണം, അദ്ധ്യയനം, വിപുലീകരണം, മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

74 ഐ. ഗവേണിംഗ് കൗൺസിലിന്റെ രൂപീകരണം.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന് ഓരോ സർക്കാർ സ്വയംഭരണ കോളേജിനുവേണ്ടിയും സർക്കാർ ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സർക്കാർ സ്വയംഭരണ കോളേജിലെ ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ കാര്യമായ അനുഭവജ്ഞാനമുള്ള പ്രശസ്തനായ ഒരു ശ്രേഷ്ഠ വ്യക്തി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്:

എന്നാൽ, ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്ത പക്ഷം സർക്കാരിന് (ബി) ഇനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ ഗവേണിംഗ് കൗൺസിലിന്റെ ആ യോഗത്തിന്റെ ചെയർമാനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്;

(ബി) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെയോ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(സി) കോളേജിലെ വ്യത്യസ്ത വകുപ്പുകളിൽ നിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് രണ്ട് വർഷക്കാലയളവിലേക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്. ഡി. ഉള്ള മൂന്ന് അദ്ധ്യാപകർ ;

(ഡി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്- ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന്, ഒരു സർക്കാർ കോളേജല്ലാത്ത സ്വയംഭരണ കോളേജിന്റെ മാനേജിംഗ് കൗൺസിൽ അതിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓരോ സ്വയംഭരണ കോളേജിന് വേണ്ടിയും ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(4) സർക്കാർ കോളേജല്ലാത്ത ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) മാനേജരോ, മാനേജർ നാമനിർദ്ദേശം ചെയ്ത ഒരാളോ, അദ്ദേഹം സീനിയറും അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ പ്രസിദ്ധനും മതിയായ അനുഭവജ്ഞാനമുള്ളതുമായ ഒരാൾ ആയിരിക്കേണ്ടതാണ്, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും ഊഴമനുസരിച്ച് മാനേജർ നാമനിർദ്ദേശം ചെയ്യുന്നതുമായ ആ കോളേജിലെ വ്യത്യസ്ത വകുപ്പുകളിലെ സീനിയറായ മൂന്ന് അദ്ധ്യാപകർ ;

(സി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്ത്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

74 ജെ. <u>ഗവേണിംഗ് കൗൺസിലിന്റെ ഉദ്യോഗ കാലാവധി</u>.—ഗവേണിംഗ് കൗൺസിലിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി രണ്ട് അക്കാദമിക വർഷക്കാലയളവിലേയ്ക്ക് ആയിരിക്കുന്നതും മറ്റൊരു രണ്ട് വർഷ കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹരായിരിക്കുന്നതുമാണ് :

എന്നാൽ, ഒരേ ആൾ നാല് വർഷത്തിലധികം കാലയളവിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനല്ലാത്തതാകുന്നു.

74 കെ. <u>ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ</u>.—(1) ഗവേണിംഗ് കൗൺസിൽ വർഷത്തിൽ കുറഞ്ഞത് മൂന്ന് പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(2) തുടർന്നുവരുന്ന യോഗങ്ങൾ തമ്മിലുള്ള ഇടവേള യാതൊരു കാരണവശാലും നാല് മാസത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(3) മൂന്നിലൊന്ന് അംഗങ്ങളുടെ രേഖാമൂലമുള്ള അപേക്ഷയിൻമേലോ അല്ലെങ്കിൽ സ്വയംഭരണാധികാര അംഗീകാര സമിതിയുടെ നിർദ്ദേശത്തിൻമേലോ കുറഞ്ഞത് ഏഴ് ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഗവേണിംഗ് കൗൺസിലിന് അടിയന്തിര യോഗങ്ങൾ വിളിച്ചുചേർക്കാവുന്നതാണ്.

(4) യോഗത്തിന്റെ ക്വാറം അതത് സമയത്ത് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

74 എൽ. <u>ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും</u>.—അതതു സ്വയംഭരണ കോളേജുകളിലെ ബൈലോകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരും സർവ്വകലാശാലയും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഗവേണിംഗ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(v) സ്വയംഭരണാധികാരമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ട ഫീസും മറ്റ് ചെലവുകളും സർക്കാരിന്റെ സമ്മതത്തോടെ നിശ്ചയിക്കുക:

എന്നാൽ, എയ്ഡഡ് കോഴ്സുകളുടെയും, എയ്ഡഡ് കോഴ്സുകളിൽനിന്നും പുനരാവിഷ്കരിച്ച കോഴ്സുകളുടെയും, സംഗതിയിൽ ഫീസ് സർക്കാർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ് ;

** ** ** **

74 എം. <u>സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള നടപടിക്രമം</u>.—(1) സ്വയംഭരണ അംഗീകാര സമിതി, (2)-ാം ഉപവകുപ്പിൻ കീഴിൽ അർഹതയുള്ള കോളേജുകളെന്ന് അപ്രകാരം തരംതിരിക്കപ്പെട്ട കോളേജുകളിൽ നിന്ന് എല്ലാവർഷവും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുവേണ്ടി അർഹതയുള്ള കോളേജുകളായി കോളേജുകളുടെ വിഭാഗങ്ങളെ സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതും, അവ സർക്കാർ കോളേജോ, അൺ എയ്ഡഡ് അല്ലാത്ത സ്വകാര്യ കോളേജോ ആകാവുന്നതും, അങ്ങനെയുള്ള ഏത് വിഭാഗങ്ങളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അർഹതയുടെ മാനദണ്ഡം, ഏത് ഫാറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്, അപേക്ഷയുടെ കൂടെ ആവശ്യമായ രേഖകൾ എന്നിവയും കൂടാതെ, സ്വയംഭരണ അംഗീകാര സമിതി അവശ്യമെന്ന് കരുതുന്ന മറ്റ് വിവരങ്ങളും സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു മാനദണ്ഡവും സ്വയംഭരണാധികാര പദവി നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള നിലവാരം കുറയ്ക്കുന്ന തരത്തിലുള്ളതാവാൻ പാടുള്ളതല്ല.

(3) സ്വയംഭരണ അംഗീകാര സമിതി അർഹതയുള്ള കോളേജുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിറവേറ്റുന്ന കോളേജുകളിൽ നിന്നുള്ളവ സ്വീകരിക്കേണ്ടതുമാണ്.

(4) കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് പ്രസക്തമായ, കോളേജിലെ രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി

സ്വയംഭരണ അംഗീകാര സമിതിക്ക് അവർക്കിടയിൽ നിന്നും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദഗ്ധരായിട്ടുള്ളവരുടെ ഒരു സമിതിയോ അല്ലെങ്കിൽ അതിന് യുക്തമെന്നു കരുതുന്ന വിദഗ്ധരുടെ ഒരു സമിതിയോ രൂപീകരിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സമിതിക്ക് കോളേജിന്റെ പരിസരത്തും അതിന്റെ കെട്ടിടത്തിലും പ്രവേശിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തുകൊടുക്കാൻ കോളേജ് ബാദ്ധ്യസ്ഥമായിരിക്കുന്നതും അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖകളും സമിതിക്ക് നൽകേണ്ടതുമാണ്.

(6) ഈ വകുപ്പിൻ കീഴിൽ സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച സമിതിക്ക്, സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനു വേണ്ടി കോളേജിന്റെ പ്രിൻസിപ്പാളിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(7) അപേക്ഷ സമർപ്പിച്ച ഒരു കോളേജ് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുണ്ടെന്ന് സ്വയംഭരണ അംഗീകാര സമിതിക്ക് തന്നെ ബോധ്യപ്പെടുന്ന സംഗതിയിൽ അത് കോളേജിന് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അതിന്റെ ശിപാർശ വൈസ്-ചാൻസലർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ശിപാർശ ലഭിച്ചാൽ, വൈസ് ചാൻസലർക്ക് വിവരം ലഭിച്ച് പതിനഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, കമ്മീഷൻ നിശ്ചയിച്ച പ്രകാരമുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്റെ മുദ്രയോടു കൂടി, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്.

74 എൻ. പരീക്ഷകളുടെ നടത്തിപ്പ്.—(1) സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളറായി, ഒരു സർക്കാർ കോളേജിലോ ഒരു അൺ എയ്ഡഡ് കോളേജ് അല്ലാത്ത ഒരു കോളേജിലോ ബിരുദാനന്തര പഠനം നൽകിവരുന്ന ഒരു വകുപ്പിൽ രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉള്ള ഒരാളെ, സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും, സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും, നിയമിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ഒരാൾ സർവ്വകലാശാലയോ മറ്റേതെങ്കിലും

സർവ്വകലാശാലകളോ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ഏതെങ്കിലും നടത്തിപ്പിന്റെ ലംഘനത്തിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതിനോ അയോഗ്യമാക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാവാൻ പാടില്ലാത്തതാണ്.

** ** ** **

74 ഒ. ബിരുദങ്ങൾ നൽകൽ.—(1) ** **

** ** ** **

74 പി. സ്വയംഭരണ കോളേജുകളിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ.—(1) ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും വിധേയമായി, സർവ്വകലാശാലയ്ക്ക്, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ എന്നിവ പ്രകാരം സർവ്വകലാശാലയിലെ ഏതെങ്കിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ബാധകമാകുന്ന മറ്റെല്ലാ അധികാരങ്ങളും സ്വയംഭരണ കോളേജുകളുടെമേലും ഉണ്ടായിരിക്കുന്നതാണ്.

(2) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും അക്കാദമിക പദ്ധതി അംഗീകരിക്കുകയും സർവ്വകലാശാലയിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്ന സംഗതിയിൽ, വൈസ്-ചാൻസലർ ആ നിർദ്ദേശം സർവ്വകലാശാലയുടെ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് മുമ്പാകെ അംഗീകാരത്തിനായി വയ്പിക്കേണ്ടതാണ് :

എന്നാൽ, നിർദ്ദേശിച്ച അക്കാദമിക പദ്ധതി സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലാത്തപക്ഷം, ആ ആവശ്യത്തിലേക്കായി സർവ്വകലാശാല ഒരു ബോർഡ് ഓഫ് സ്റ്റഡീസോ ഒരു വിദഗ്ദ്ധ സമിതിയോ രൂപീകരിക്കേണ്ടതാണ് :

എന്നുമാത്രമല്ല, അങ്ങനെ നിയമിക്കുന്ന വിദഗ്ദ്ധ സമിതിയിൽ സർവ്വകലാശാലയ്ക്ക് സമർപ്പിച്ച അക്കാദമിക പദ്ധതിയുടെ ന്യായവും വസ്തുനിഷ്ഠവുമായ വിലയിരുത്തൽ സാധ്യമാക്കാൻ വേണ്ടത്ര എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) നിർദ്ദേശം ലഭിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം, അതതു സംഗതിപോലെ, ബോർഡ് ഓഫ് സ്റ്റഡീസ് അല്ലെങ്കിൽ വിദഗ്ദ്ധ സമിതി, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കാദമിക പദ്ധതിക്കുവേണ്ടി അത് പരിഗണിക്കേണ്ടതും ആയത് അംഗീകരിക്കുകയോ നിരസിക്കുകയോ അഭിപ്രായ സഹിതം വൈസ്-ചാൻസലർക്ക് മടക്കി അയയ്ക്കുകയോ ചെയ്യേണ്ടതുമാണ് :

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽനിന്നും ലഭിച്ച നിർദ്ദേശം സർവ്വകലാശാല നേരത്തെതന്നെ നിർണ്ണയിച്ച അക്കാദമിക പദ്ധതിക്കു വേണ്ടിയുള്ള കാലയളവ്, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡിംഗ് സമ്പ്രദായം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല എന്നോ അല്ലെങ്കിൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശം അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതാണെന്നോ അല്ലെങ്കിൽ അത് രാജ്യതാത്പര്യത്തിന് എതിരാണെന്നോ ഉള്ള എഴുതി രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ ബോർഡ് ഓഫ് സ്റ്റഡീസിനോ വിദഗ്ദ്ധ സമിതിക്കോ തോന്നുന്ന കാരണത്താൽ മാത്രമേ അങ്ങനെ നിരസിക്കാൻ പാടുള്ളൂ :

എന്നുമാത്രമല്ല, നിർദ്ദേശം സർവ്വകലാശാലയ്ക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ തീരുമാനം അറിയിക്കാത്തപക്ഷം, നിർദ്ദേശം രാജ്യതാത്പര്യത്തിന് എതിരാകുന്ന സംഗതിയിലൊഴികെ ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(4) ബോർഡ് ഓഫ് സ്റ്റഡീസോ വിദഗ്ദ്ധസമിതിയോ ആ നിർദ്ദേശം സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് അയയ്ക്കുന്നതിനുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അഭിപ്രായം സഹിതം ആയത് വൈസ്-ചാൻസലർക്ക് തിരിച്ചയയ്ക്കുന്ന സംഗതിയിൽ അങ്ങനെയുള്ള അഭിപ്രായം ലഭിച്ച് മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഗവേണിംഗ് കൗൺസിലിന് അതിന്റെ അഭിപ്രായം സഹിതം ആ നിർദ്ദേശം വീണ്ടും സർവ്വകലാശാലയ്ക്ക് സമർപ്പിക്കാവുന്നതാണ്.

(5) ബോർഡ് ഓഫ് സ്റ്റഡീസ്, അതിനുശേഷം മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും വൈസ്-ചാൻസലർ ആ കോളേജിന്റെ പ്രിൻസിപ്പാൾ വഴി ആയത് കോളേജിന്റെ ഗവേണിംഗ് കൗൺസിലിനെ അറിയിക്കേണ്ടതുമാണ്:

എന്നാൽ, സർവ്വകലാശാലയ്ക്ക് വീണ്ടും നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഇതുസംബന്ധിച്ച തീരുമാനം ആ നിർദ്ദേശം വീണ്ടും സമർപ്പിച്ച സ്വയംഭരണ കോളേജിനെ അറിയിച്ചിട്ടില്ലാത്തപക്ഷം, ആയത് രാജ്യതാത്പര്യത്തിന് എതിരാണ് എന്ന കാരണത്താൽ നിരസിച്ച സംഗതിയിൽ ഒഴികെ, ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(6) അങ്ങനെയുള്ള എല്ലാ അംഗീകാരത്തിന്റെയും അല്ലെങ്കിൽ നിരസിക്കലിന്റെയും ഒരു പകർപ്പ് സ്വയംഭരണ അംഗീകാര സമിതിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(7) നിർദ്ദേശം അംഗീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള എല്ലാ തീരുമാനങ്ങളും സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്, അത് ആ തീരുമാനത്തോട് വിയോജിക്കുകയാണെങ്കിൽ, ആയതിന്റെ പുനഃപരിശോധനയ്ക്കായി ചാൻസലർ മുമ്പാകെ ഹർജി സമർപ്പിക്കാവുന്നതാണ്.

(8) ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്, നിരസിച്ചുകൊണ്ടുള്ള ഏതൊരു ഉത്തരവിനും എതിരെ സ്വയംഭരണ അംഗീകാര സമിതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും സ്വയംഭരണ അംഗീകാര സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ, അങ്ങനെ ഫയൽ ചെയ്യുന്ന അപ്പീലുകളിന്മേൽ ഒരു തീരുമാനത്തിലെത്തിച്ചേരുന്നതിലേക്കായി സ്വയംഭരണ അംഗീകാര സമിതിയെ ഉപദേശിക്കുന്നതിനുവേണ്ടി, അത് യുക്തമാണെന്ന് സ്വയംഭരണ അംഗീകാര സമിതിക്ക് തോന്നുന്നപക്ഷം അതിന് വിദഗ്ദ്ധരുടെ ഒരു പാനലിനെ നിയമിക്കാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ ഒരു കോളേജ് അങ്ങനെ സ്വയംഭരണാധികാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉപാധികൾ ലംഘിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുവാൻ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) (9)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും മുകളിൽപ്പറഞ്ഞ പരിശോധനയുടെ ആവശ്യത്തിന് കോളേജിലെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും സിൻഡിക്കേറ്റിന്, അവരുടെ ഇടയിൽനിന്നുതന്നെ ഈ മേഖലയിൽ വിദഗ്ദ്ധരായവരുടെയോ അല്ലെങ്കിൽ അതിനു യുക്തമെന്നു തോന്നുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയെയോ രൂപീകരിക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള വിദഗ്ധരെ വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ് :

എന്നുമാത്രമല്ല, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ച് വരുന്ന, സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തന രീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പരാതികളിലോ സ്വയംഭരണത്തിന്റെ നിബന്ധനകളുടെ ലംഘനത്തെക്കുറിച്ചുള്ള രേഖാമൂലമുള്ള വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള അന്വേഷണം നടത്തുവാൻ പാടുള്ളൂ.

(11) സ്വയംഭരണാധികാരം ലഭിച്ച കോളേജിന്റെ പ്രതിനിധിക്ക് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവും ആയ ഒരവസരം നൽകാതെ (10)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിച്ച സമിതി യാതൊരു റിപ്പോർട്ടും അന്തിമമാക്കുവാൻ പാടുള്ളതല്ല.

(12) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, കോളേജിനു നൽകിയ സ്വയംഭരണാധികാരം സസ്പെൻഡ് ചെയ്യുവാനോ റദ്ദാക്കുവാനോ വൈസ്-ചാൻസലർ മുഖേന സ്വയംഭരണ അംഗീകാര സമിതിയോട് സിൻഡിക്കേറ്റ് ശിപാർശ ചെയ്യേണ്ടതാണ്.

(13) ഒരു സ്വയംഭരണ കോളേജിനെ സംബന്ധിച്ച് രേഖാമൂലമുള്ള ഏതെങ്കിലും പരാതിയോ വിവരമോ സർക്കാരിന് ലഭിക്കുകയാണെങ്കിൽ, പരാതിയുടെ ഉള്ളടക്കവും അതിന്റെ പ്രാധാന്യവും യഥാവിധി പരിഗണിച്ചതിനുശേഷം സർക്കാരിന്, ആയത് സ്വയംഭരണ അംഗീകാര സമിതിക്ക് റഫർ ചെയ്യാവുന്നതാണ് :

എന്നാൽ, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് രേഖാമൂലമുള്ള പരാതികളിലോ വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള റഫറൻസ് നടത്തുവാൻ പാടുള്ളൂ.

(14) (12)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശകൾ അടങ്ങിയ സർവ്വകലാശാലയുടെ ഏതെങ്കിലും റിപ്പോർട്ട് ലഭിക്കുമ്പോഴോ അല്ലെങ്കിൽ (13)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽനിന്നും ഏതെങ്കിലും റഫറൻസ് ലഭിക്കുമ്പോഴോ, സ്വയംഭരണ അംഗീകാര സമിതി, അതതു സംഗതിപോലെ ആ റിപ്പോർട്ടോ റഫറൻസോ, പരിഗണിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ അംഗീകാര സമിതിക്ക് ഒരു അന്വേഷണം നടത്താവുന്നതും, അതിലേക്കായി അതിനുയുക്തമെന്നു തോന്നുന്നപക്ഷം അവർക്കിടയിൽനിന്നുതന്നെയോ അല്ലെങ്കിൽ ആ മേഖലയിലെ വിദഗ്ധരുടെ ഇടയിൽ നിന്നോ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതി രൂപീകരിക്കാവുന്നതുമാണ്.

(15) (10)-ാം ഉപവകുപ്പ്പ്രകാരം രൂപീകരിച്ച സമിതിക്ക് അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിന് കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും കോളേജിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(16) എല്ലാ സ്വയംഭരണ കോളേജുകളും അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി സമിതി ആവശ്യപ്പെടുന്ന രേഖകൾ എത്തിച്ചുകൊടുക്കേണ്ടതും വിവരങ്ങൾ നൽകേണ്ടതുമാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിനു പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവുമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു അന്വേഷണവും പൂർത്തീകരിക്കുവാൻ പാടുള്ളതല്ല.

(17) ഓരോ സ്വയംഭരണ കോളേജും അത് നടത്താൻ ഉദ്ദേശിക്കുന്ന ആദ്യ തവണ പരീക്ഷാ തീയതിക്ക് ആറുമാസത്തിന് മുമ്പായി ഒരു പരീക്ഷാമാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെ സമർപ്പിച്ച് അറുപത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, സർവ്വകലാശാല, മാന്വലിന്മേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. പരീക്ഷാ നടത്തിപ്പിന്റെ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുകയും സ്വയംഭരണ കോളേജുകൾ നടത്തുന്ന പരീക്ഷയുടെ സത്യസന്ധത ഉറപ്പുവരുത്തുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ സർവ്വകലാശാല അഭിപ്രായം നൽകേണ്ടതാണ്. സ്വയംഭരണ കോളേജ്, സർവ്വകലാശാലയുടെ അഭിപ്രായങ്ങൾക്ക് അനുസൃതമായി ആവശ്യമായ എല്ലാ പരിഷ്കാരങ്ങളും മാന്വലിൽ ചേർക്കേണ്ടതാണ്.

74 ക്യു. സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ മുതലായവ ഭേദഗതി ചെയ്യുന്നതിന് സർവ്വകലാശാലയ്ക്കുള്ള അധികാരം.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി സർവ്വകലാശാലയ്ക്ക് അതിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ് :

** ** ** **

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിനും ഗവേണിംഗ് കൗൺസിലിനും സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ് :

** ** ** **

74 ആർ. സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം.—സർവ്വകലാശാലയുടെ അക്കാദമിക കൗൺസിലോ, ബോർഡ് ഓഫ് സ്റ്റഡീസോ, സ്വയംഭരണ അംഗീകാര സമിതിയോ, ഒരു സ്വയംഭരണ കോളേജുമായോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിനുകീഴിൽ സ്വയംഭരണാധികാരത്തിന് അപേക്ഷിച്ചിട്ടുള്ള കോളേജുമായോ നടത്തുന്ന എല്ലാ കത്തിടപാടുകളും അങ്ങനെയുള്ള കോളേജിന്റെ പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.

74 എസ്. ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.—ഈ അദ്ധ്യായത്തിൻകീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

** ** ** **

# 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2005-ലെ 27)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(9) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

** ** ** **

11. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ.—സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ താഴെപ്പറയുന്നവയാണ്, അതായത് :—

(i) ജനറൽ കൗൺസിൽ ;

(ii) എക്സിക്യൂട്ടീവ് കൗൺസിൽ ;

(iii) അക്കാഡമിക് കൗൺസിൽ ;

(iv) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായി റെഗുലേഷനുകളിൽ പ്രഖ്യാപിക്കാവുന്ന അങ്ങനെയുള്ള മറ്റ് നികായങ്ങൾ.

** ** ** **

16. ജനറൽ കൗൺസിലിന്റെ അധികാരങ്ങൾ.—** **

** ** ** **

25. പഠന ബോർഡ്.—(1) ** **

** ** ** **